സംസ്ഥാന വിദ്യാഭ്യാസ
ഗവേഷണ പരിശീലന
സമിതി (SCERT)
കേരളം



# ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടികളുടെ വിദ്യാഭ്യാസം

## പാഠ്യപദ്ധതി

### പ്രൈമറി തലം

Experimental Version

കേരള സർക്കാർ
വിദ്യാഭ്യാസവകുപ്പ്
2014

***Prepared by:*** **State Council of Educational Research & Training (SCERT)**
Poojappura, Thiruvananthapuram -12, Kerala. E-mail:scertkerala@gmail.com

*Type setting by:* SCERT Computer Lab.
©
Government of Kerala
Education Department
2014

# ആമുഖം

എല്ലാവർക്കും വിദ്യാഭ്യാസം (Education for All) എന്നതിൽനിന്ന് ഗുണമേന്മ യുള്ള വിദ്യാഭ്യാസം എല്ലാവർക്കും (Quality Education to All) ഉറപ്പാക്കുക എന്ന ലക്ഷ്യത്തിലേക്കുള്ള പ്രയാണത്തിലാണ് നാമിപ്പോൾ. വിദ്യാഭ്യാസ അവകാശ നിയമം (Right To Education) നടപ്പായതോടെ പല കാരണങ്ങളാൽ വിദ്യാലയ ങ്ങളിൽ പ്രവേശിക്കാൻ കഴിയാത്തവരെ കണ്ടെത്തി വിദ്യാലയങ്ങളിൽ എത്തി ക്കുക എന്നത് നമ്മുടെ കടമയാണ്. ശ്രമകരമായ പ്രവർത്തനത്തിലൂടെ മാത്രമേ ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ സ്കൂളുകളിൽ എത്തി ക്കാൻ കഴിയുകയുള്ളൂ. സ്കൂളിൽ എത്തിച്ചാലും വിവിധ വെല്ലുവിളികൾ നേരി ടുന്ന ഇവർക്ക് പൊതുവായ ഒരു പാഠ്യപദ്ധതി തയാറാക്കുക എന്നത് അതി ലേറെ ശ്രമകരമാണ്. ഈ മേഖലയിൽ നടന്ന പഠനങ്ങളുടെ ഫലങ്ങളും ഇതു തന്നെയാണ് സൂചിപ്പിക്കുന്നത്.

ഇത്തരം പഠനഫലങ്ങളാണ് സർക്കാരിനെ ഈ മേഖലയിലെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തേണ്ടതാണ് എന്ന ചിന്തയിലേക്ക് നയിച്ചതും, ഇതിനായി സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതിയെ (SCERT) ചുമതലപ്പെടുത്തിയതും. നിരന്തരമായ ചർച്ചകളിലൂടെയും അഭിപ്രാ യപ്രകടനത്തിലൂടെയും ഉരുത്തിരിഞ്ഞ ആശയങ്ങൾ ഉൾപ്പെടുത്തി ആദ്യഘട്ട ത്തിൽ സമീപനരേഖ തയാറാക്കുകയും, അതിലെ ആശയങ്ങൾ രണ്ടാം ഘട്ട ത്തിൽ ശിൽപശാലകളിലൂടെ രൂപപ്പെടുത്തി തയാറാക്കുകയും ചെയ്തതാണ് ഈ പാഠ്യപദ്ധതി. ഇതിന്റെ പൂർത്തീകരണത്തിനായി പ്രവർത്തിച്ച എല്ലാവ രേയും അഭിനന്ദിക്കുന്നു.

ഈ പാഠ്യപദ്ധതി അനുസരിച്ചുള്ള ഒരു പാഠ്യക്രമം സംസ്ഥാനത്തെ ബുദ്ധിപ രമായ വെല്ലുവിളി നേരിടുന്ന കുട്ടികൾ പഠിക്കുന്ന വിദ്യാലയങ്ങളിൽ നടപ്പാ ക്കുവാൻ കൂട്ടായ ശ്രമം അനിവാര്യമാണ്. ഈ ശ്രമത്തിന്റെ മുന്നോടിയായി, തിരഞ്ഞെടുത്ത സ്കൂളുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കി അനുഭ വങ്ങളെ സ്വാംശീകരിച്ച് കൂടുതൽ സമഗ്രമാക്കേണ്ടതുണ്ട്. ഇത് യാഥാർഥ്യമാ കുമ്പോൾ ഈ മേഖലയിലെ കുട്ടികൾക്കും രക്ഷിതാക്കൾക്കും ഗുണകരമാകു മെന്ന് പ്രത്യാശിക്കാം.

ഇതുമായി ബന്ധപ്പെട്ട നിങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പ്രതീ ക്ഷിച്ചുകൊണ്ട്..

**ഡയറക്ടർ**

എസ്.സി.ഇ.ആർ.ടി., കേരളം



## കരിക്കുലം രൂപീകരണ ശിൽപശാലകളിൽ പങ്കെടുത്തവർ

**ഡോ. ബാബുക്കുട്ടൻ.പി**
സീനിയർ ലക്ചറർ, ഡയറ്റ് കൊല്ലം

**ശ്രീ. പത്മനാഭൻ.കെ.വി**
സീനിയർ ലക്ചറർ, ഡയറ്റ് കണ്ണൂർ

**ശ്രീമതി ഫാമില ഇ.ആർ.**
എച്ച്.എസ്.എസ്.ടി. ബോട്ടണി,
ജി.എച്ച്.എസ്.എസ്, കരുനാഗപ്പള്ളി, കൊല്ലം

**ശ്രീമതി സുശീല കുര്യച്ചൻ**
പ്രിൻസിപ്പാൾ, ആശാകേന്ദ്രം, കരിക്കാമുറി, കൊച്ചി

**ശ്രീമതി മോത്തി കെ ഹബീബ്**
പ്രിൻസിപ്പാൾ, റോട്ടറി ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ചിൽഡ്രൺ ഇൻ നീഡ് ഓഫ് സ്പെഷ്യൽ കെയർ, തിരുവനന്തപുരം

**ശ്രീമതി ജമീല പി.എസ്.**
പ്രിൻസിപ്പാൾ, കെ.വി.എം. കോളേജ് ഓഫ് സ്പെഷ്യൽ എഡ്യൂക്കേഷൻ, ചേർത്തല, ആലപ്പുഴ

**ശ്രീമതി രാധിക കെ.എസ്.**
ഫാക്കൽറ്റി, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദ മെന്റലി ചലഞ്ചഡ് പാങ്ങപ്പാറ, തിരുവനന്തപുരം

**ശ്രീമതി സംഗീത കെ നായർ**
പ്രിൻസിപ്പാൾ, ട്രെയിനിംഗ് സെന്റർ ഫോർ സ്പെഷ്യൽ എഡ്യൂക്കേഷൻ, ജേനി നഗർ, ഏരൂർ

**ശ്രീമതി ഷീജ വർഗീസ്**
പ്രൻസിപ്പാൾ, റീന മെമ്മോറിയൽ സംരക്ഷണ സ്പെഷ്യൽ സ്കൂൾ, സൗത്ത് ചിറ്റൂർ, കൊച്ചി

**ശ്രീമതി സ്മിത അരവിന്ദ്**
എസ്.ആർ.വി.എച്ച്.എസ്.എസ്. കരകുളം, തിരുവനന്തപുരം

**ശ്രീ. ജോസ് ഡി. സുജീവ്**
ഗവ. എച്ച്.എസ്.എസ്. കരകുളം, തിരുവനന്തപുരം

**ഡോ. പി.കെ. തിലക്**
റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി

**ശ്രീ. കെ.റ്റി. ദിനേശ്**
റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി

## വിദഗ്ധർ

**പ്രൊഫസർ പി. ജയചന്ദ്രൻ**
ഡയറക്ടർ, വിജയ് ഹ്യൂമൻ സർവീസസ്, ചെന്നൈ

**ഡോ. എ.ടി. ത്രേസ്യകുട്ടി**
പ്രൊഫസർ, എൻ.ഐ.എം.എച്ച്, സെക്കദരാബാദ്

**ഡോ. വിജയലക്ഷ്മി.ജെ**
പ്രൊഫസർ, NIEPMD, ചെന്നൈ

**ഡോ. പി. എസ്. സുകുമാരൻ**
പ്രൊഫസർ ഇൻ സ്പെഷ്യൽ എഡ്യൂക്കേഷൻ, എം ജി യൂണിവേഴ്സിറ്റി, കോട്ടയം

**ഡോ. ജയരാജ് എം.കെ.**
പ്രിൻസിപ്പാൾ, എസ്.ഐ.എം.സി, തിരുവനന്തപുരം

**ഡോ. സി. ഗോകുൽദാസൻ പിള്ള**
അസിസ്റ്റന്റ് പ്രൊഫസർ (റിട്ട.) (കരിക്കുലം), എസ്.സി.ഇ.ആർ.ടി

**ഡോ. ബി. ശ്രീകുമാരി അമ്മ**
അസിസ്റ്റന്റ് പ്രൊഫസർ (റിട്ട.) (സ്പെഷ്യൽ എഡ്യൂക്കേഷൻ), എസ്.സി.ഇ.ആർ.ടി

**ശ്രീ. സുധീർ ശക്തൻ**
ടോസ് ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡ്, നോർത്ത് പരവൂർ, എറണാകുളം

**ഡോ. സിസ്റ്റർ ഗ്ലോറി**
പ്രിൻസിപ്പാൾ, നിർമല സദൻ സെക്കണ്ടറി ട്രെയിനിംഗ് കോളേജ് ഫോർ സ്പെഷ്യൽ എഡ്യൂക്കേഷൻ, മൂവാറ്റുപുഴ.

## ചിത്രരചന

**ശ്രീ. സുധീർ. പി. വൈ**
ഡീൻ ബാഗ് ക്രീയേറ്റീവ് മീഡിയ

**ശ്രീ. രാകേഷ്**, നെയ്യാർഡാം

## അക്കാദമിക് കോഡിനേറ്റർ

**ഡോ. മീന. എസ്**, റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി., കേരളം

# ഉള്ളടക്കം


1 സാംഗത്യവും പശ്ചാത്തലവും ........................................ 7

2 വിവിധതരം ബുദ്ധിപരമായ വെല്ലുവിളികൾ .............. 31

3 ബുദ്ധിപരമായ വെല്ലുവിളിനേരിടുന്നവർക്കുള്ള ............ പാഠ്യപദ്ധതി ................................................................ 41

4 വിവിധ വിഭാഗക്കാർക്കുള്ള പാഠ്യപദ്ധതി- വിശദാംശങ്ങൾ ........................................................... 62

5 ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കൂളിലെ അധ്യാപകർ .................. 93

6 വിനിമയരീതി ............................................................. 97

7 വിലയിരുത്തൽ .......................................................... 101

8 മോണിറ്ററിംഗും പിന്തുണാസംവിധാനവും ............... 108

9 ബുദ്ധിപരമായ വെല്ലുവിളിനേരിടുന്ന കുട്ടികൾക്കുള്ള വിദ്യാലയം ....................................... 113

## Abbreviations Used

| | | |
|---|---|---|
| RTE Act | - | Right To Education Act |
| EFA | - | Education For All |
| NIMR | - | National Institute on Mental Retardation |
| UNCRPD | - | United Nations Convention on the Rights of Persons with Disability |
| PWD Act | - | Persons With Disabilities Act |
| RCI | - | Rehabilitation Council of India |
| NTA | - | National Trust Act |
| NIMH | - | National Institute for the Mentally Handicapped |
| SIMC | - | State Institute for the Mentally Challenged |
| SCERT | - | State Council of Educational Research and Training |
| Ph.D | - | Doctor of Philosophy |
| M.Ed | - | Master of Education |
| IQ | - | Intelligent Quotient |
| ADHD | - | Attention Deficit Hyperactive Disorder |
| LD | - | Learning Disorder |
| CNS | - | Central Nervous System |
| MI | - | Multiple Intelligence |
| NCF | - | National Curriculum Framework |
| KCF | - | Kerala Curriculum Framework |
| MA | - | Mental Age |
| CA | - | Chronological Age |
| SIET | - | State Institute of Educational Technology |
| SIEMAT | - | State Institute of Educational Management and Training |
| DPI | - | Director of Public Instructions |
| IEDSS | - | Integrated Education of the Disabled Students Scheme |
| SSA | - | Sarva Siksha Abhiyan |
| RMSA | - | Rashtriya Madhyamic Shiksha Abhiyan |
| DIET | - | District Institute of Education and Training |
| DDE | - | Deputy Director of Education |
| DEO | - | District Education Officer |
| AEO | - | Assistant Education Officer |
| IEP | - | Individualised Educational Programme |
| CCE | - | Continuous and Comprehensive Evaluation |
| PTA | - | Parent Teacher Association |
| LSGD | - | Local Self Government Department |
| SRG | - | State Resource Group |
| SSG | - | School Support Group |
| MR | - | Mental Retardation |
| NIVH | - | National Institute of Visually Handicapped. |
| NIRTAR | - | National Institute of Rehabilitation Training And Research |
| IPH | - | Institute for the Physically Handicapped. |
| MDPS | - | Madras Developmental Programming System. |
| BASIC MR | - | Behavioural Assessment Scale for Indian Children with Mental Retardation |
| FACP | - | Functional Assessment Checklist for Programming. |
| CWSEN | - | Children With Special Education Needs. |
| OHP | - | Over Head Projector |
| CWD | - | Children With Disabilities |
| HM | - | Head Master |
| CTE | - | Centre for Teacher Education |
| RC | - | Regional Centre. |

Experimental Version

അധ്യായം 1

# സാംഗത്യവും പശ്ചാത്തലവും

## 1.1 ആമുഖം

വിദ്യാഭ്യാസ അവകാശനിയമം (RTE Act - 2009) ഇന്ത്യൻ വിദ്യാഭ്യാസചരിത്രത്തിലെ ഒരു നാഴികക്കല്ലാണ്. വിദ്യാഭ്യാസം സാർവത്രികമായപ്പോൾ അതിന്റെ പ്രസക്തിയും പ്രാധാന്യവും സാധാരണ സമൂഹത്തിനുവരെ ബോധ്യപ്പെട്ടു. അതിൻപ്രകാരം എല്ലാവർക്കും വിദ്യാഭ്യാസം ഉറപ്പാക്കേണ്ട ഉത്തരവാദിത്വം ഭരണകർത്താക്കളുടേതാകുകയും ചെയ്തു. 6 വയസ്സ് പൂർത്തിയായ എല്ലാവർക്കും വിദ്യാഭ്യാസത്തിനുള്ള അവസരം ലഭ്യമാക്കുക, 14 വയസ്സുവരെ നിർബന്ധിതവും സൗജന്യവുമായ വിദ്യാഭ്യാസം നൽകുക എന്നിവ ഗവൺമെന്റിന്റെ ചുമതലയായി. എല്ലാവർക്കും വിദ്യാഭ്യാസം (EFA - Education For All) എന്ന ആശയം കുട്ടിയുടെ അവകാശമാകുകയാണിവിടെ. എങ്കിലും സാമൂഹികവും സാമ്പത്തികവും സാംസ്കാരികവും ഭൂമിശാസ്ത്രപരവുമായ നിരവധി പ്രതികൂലഘടകങ്ങൾ കൊണ്ട് വിദ്യാഭ്യാസം ലഭിക്കാത്തവരും വിദ്യാലയങ്ങളിൽ എത്തിച്ചേരാൻ കഴിയാത്തവരുമായി ഒരു ന്യൂനപക്ഷം ഇന്നും നമ്മുടെ കേരളത്തിലുണ്ടെന്ന യാഥാർഥ്യം നാം മറന്നുകൂടാ. അവർക്കുകൂടി വിദ്യാഭ്യാസത്തിനുള്ള അവസരം നൽകുമ്പോൾ മാത്രമേ എല്ലാവർക്കും വിദ്യാഭ്യാസം എന്ന അവകാശം പൂർണമായും സംരക്ഷിക്കപ്പെടുകയുള്ളൂ.

ഈ ന്യൂനപക്ഷത്തിൽ ശാരീരികവും മാനസികവുമായി വെല്ലുവിളി നേരിടുന്നതിൽ ഒരു വിഭാഗം കുട്ടികളെ ഒഴിച്ച് ബാക്കിയുള്ളവരെ പൊതുവിദ്യാഭ്യാസരംഗത്തേക്ക് കൊണ്ടുവരാൻ ഭരണഘടനാപരമായ ഇടപെടലുകളിലൂടെയും, ആനുകൂല്യങ്ങൾ അനുവദിക്കുന്നതിലൂടെയും, വിദ്യാലയവും ക്ലാസ്സന്തരീക്ഷവും പഠനരീതികളും ആകർഷകമാക്കുന്നതിലൂടെയുമൊക്കെ സാധ്യമാക്കാൻ കഴിയും. വിദ്യാലയവും സമൂഹവുമായിട്ടുള്ള ബന്ധം കൂടുതൽ സൗഹാർദ്ദപൂർണമാകുന്നതു വഴി ഇവരെ പൊതുവിദ്യാഭ്യാസധാരയിലേക്കെത്തിക്കാൻ നമുക്ക് കഴിയും. അതോടൊപ്പം ബോധവത്കരണപ്രവർത്തനങ്ങളും ഈ പ്രക്രിയയ്ക്ക് ആക്കം കൂട്ടും എന്നതിൽ സംശയമില്ല.

എന്നാൽ ശാരീരികമായും മാനസികമായും പരിമിതികളോ വെല്ലുവിളികളോ അനുഭവിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസകാര്യത്തിൽ മേൽപ്പറഞ്ഞസൗകര്യങ്ങളോ ബോധവത്കരണമോ ഒന്നും പര്യാപ്തമായെന്നു വരില്ല. ഈ വിഭാഗത്തിന്റെ പ്രശ്നങ്ങൾ കൂറേക്കൂടി സങ്കീർണമാണ്. ഇവരുടെ കാര്യത്തിൽ കുട്ടികൾ മാത്രമല്ല രക്ഷിതാക്കളും സമൂഹവും നേരിടുന്ന നിരവധി പ്രശ്നങ്ങളും പ്രതിസന്ധികളുമുണ്ട്.

## 1.2. സാംഗത്യം

ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടികളുടെ ആരോഗ്യം, പരിചരണം, സംരക്ഷണം, തൊഴിൽ, കുടുംബജീവിതം, പുനരധിവാസം തുടങ്ങി നിരവധി ഘടകങ്ങളെ ബന്ധപ്പെടുത്തി മാത്രമേ വിദ്യാഭ്യാസത്തെയും സമീപിക്കാനാകൂ. സമഗ്രമായ വികസനം എന്നത് പൊതുധാരയിലെ വിദ്യാർഥികളോടൊപ്പം ഈ വിഭാഗത്തിനും ഏറെ പ്രസക്തമായ കാര്യമാണ്. അതിനായി ഇവരുടെ പരിമിതികളും ആവശ്യങ്ങളും അതിന്റെ ആഴത്തിലും പരപ്പിലും മനസ്സിലാക്കേണ്ടതുണ്ട്. എങ്കിൽ മാത്രമേ ഇവർക്ക് വിദ്യാഭ്യാസപരമായ പിന്തുണ ഏതളവിൽ നൽകണമെന്നും പ്രശ്നങ്ങൾ എത്രത്തോളം പരിഹരിക്കാനാകുമെന്നുമുള്ള കാര്യത്തിൽ ശരിയായ കാഴ്ചപ്പാട് രൂപീകരിക്കാൻ കഴിയൂ. അങ്ങനെയൊരു നിലയിലേക്കെത്തിച്ചേരാൻ നമുക്ക് ഇതുവരെ കഴിഞ്ഞിട്ടില്ല. നേടിയ ധാരണകളും ലഭിച്ച ഉൾക്കാഴ്ചകളും പ്രയോഗപഥത്തിലെത്തിക്കാൻ നമുക്ക് ഏറെ മുന്നോട്ടു പോകേണ്ടതുണ്ട്. ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടികളുടെ വിദ്യാഭ്യാസം, പരിചരണം, സംരക്ഷണം, തൊഴിൽ, വ്യക്തിജീവിതം, കുടുംബജീവിതം, പുനരധിവാസം, ചികിത്സ, ആനുകൂല്യങ്ങൾ, പ്രത്യേക പാക്കേജുകൾ, പരിപാടികൾ എന്നിവയ്ക്കായി നിരവധി വകുപ്പുകളും സംവിധാനങ്ങളും ഏജൻസികളും ഇന്ന് പ്രവർത്തിക്കുന്നുണ്ട്. എങ്കിലും ഒട്ടനവധി പ്രശ്നങ്ങൾ കുട്ടികളുടേയും രക്ഷിതാക്കളുടേയും മാത്രം ഉത്കണ്ഠയായി ഇന്നും തുടരുകയാണ്.

Experimental Version

വിദ്യാഭ്യാസത്തിലും സാമൂഹികജീവിതത്തിലും ശാരീരികവെല്ലുവിളികൾ (Physically Challenged) നേരിടുന്നവർക്ക് ഒരളവോളം മുന്നേറാൻ കഴിയുന്നുണ്ട്. സഹായക ഉപകരണങ്ങളും, സംവരണവും, ആനുകൂല്യങ്ങളും, തെറാപ്പികളും ഇവരുടെ പരിമിതികൾ മറികടക്കാനോ ലഘൂകരിക്കാനോ സഹായകമാകുന്നുണ്ട്. ഇത്തരം ആളുകളുടെ കൂട്ടായ്മകളും സർക്കാർ ഇതര ഏജൻസികളും ഈ യത്നത്തിൽ സ്തുത്യർഹമായ സേവനം നൽകി വരുന്നു. ബുദ്ധിപരമായ പരിമിതികളോ പിന്നാക്കാവസ്ഥയോ അനുഭവിക്കുന്ന കുട്ടികളുടെ കാര്യത്തിൽ തികച്ചും വ്യക്തിഗതമായ തലത്തിൽ തന്നെ മേൽപ്പറഞ്ഞ ആനുകൂല്യങ്ങളും ചികിത്സകളും നൽകേണ്ടിവരുന്നു. അനുയോജ്യമായ വിദ്യാഭ്യാസം, പരിശീലനം, തെറാപ്പി, സഹായക സംവിധാനങ്ങൾ എന്നിവയിലൂടെ ഇവരുടെ നിലയും മെച്ചപ്പെടുത്താൻ സാധിക്കും. അതിന് അനുഗുണമായ വിദ്യാഭ്യാസമാണ് പ്രധാനമായും ആസൂത്രണം ചെയ്തു നടപ്പാക്കേണ്ടത്. അനുയോജ്യമായ വിദ്യാഭ്യാസകാഴ്ചപ്പാടും, സമീപനവും, പഠനരീതികളും, അധ്യാപക പരിശീലനവും ഭൗതികസാഹചര്യങ്ങളും കൈകോർക്കുമ്പോൾ മാത്രമേ ഈ ഉദ്യമം വിജയത്തിലേക്ക് എത്തുകയുള്ളൂ. ഇവർക്ക് അഭികാമ്യമായ പഠനരീതികൾ, തന്ത്രങ്ങൾ/സങ്കേതങ്ങൾ രൂപീകരിക്കേണ്ടിയിരിക്കുന്നു. ഈ വിഭാഗത്തിന്റെ വിദ്യാഭ്യാസ പുരോഗതിക്ക് അനുയോജ്യമാകും വിധം, അവരുടെ പരിമിതികളെ ലഘൂകരിക്കുന്ന, നൈസർഗിക ശേഷികളെ അതിന്റെ പാരമ്യത്തിലെത്തിക്കുന്ന, ജീവസന്ധാരണത്തിനാവശ്യമായ നൈപുണികളുടെയും പ്രായോഗിക ശേഷികളുടേയും വികാസത്തെ ത്വരിതപ്പെടുത്തുന്ന പദ്ധതികളാണ് വേണ്ടത്. സൂക്ഷ്മതലത്തിൽ ആസൂത്രണം ചെയ്തവയും

ശാസ്ത്രീയമായ അടിത്തറയുള്ളവയുമാകണം ഈ പദ്ധതികൾ. എങ്കിൽ മാത്രമേ ഇവരെ സ്വയം പര്യാപ്തതയിലെത്തിക്കാൻ ഒരളവുവരെയെങ്കിലും നമുക്ക് സാധിക്കൂ. അതിനായി പ്രത്യേകം രൂപകൽപന ചെയ്ത ഒരു പാഠ്യപദ്ധതിയും സിലബസും പരിശീലനം കിട്ടിയ അധ്യാപകരും, മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങളും അത്യന്താപേക്ഷിതമാണ്.

ശാരീരികവും മാനസികവുമായ പരിമിതി അനുഭവിക്കുന്ന കുട്ടികളിൽ ഒരു നിശ്ചിത ശതമാനം പൊതുവിദ്യാലയങ്ങളിൽ പഠനം നടത്തിവരുന്നു. കുറച്ചു കുട്ടികൾ ഏകീകൃതപഠന സമീപനമോ രീതിയോ ഇല്ലാതെ നടത്തിവരുന്ന സവിശേഷവിദ്യാലയങ്ങളിൽ ചേരുന്നു. എന്നാൽ അവിടെപ്പോലും എത്താതെ വീടിനുള്ളിൽ കഴിഞ്ഞുകൂടുന്ന കുട്ടികളും ഉണ്ട്.

ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടികൾ ആശ്രയിക്കുന്ന സവിശേഷവിദ്യാലയങ്ങൾ വ്യവസ്ഥിതിയുടെയോ, സമൂഹത്തിന്റേയോ, പിന്തുണ, നിയന്ത്രണം, ഇടപെടലുകൾ ഇവ ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ്. ഈ വിദ്യാലയങ്ങൾക്ക്, വിദ്യാഭ്യാസ ലക്ഷ്യങ്ങൾ രക്ഷകർത്താക്കളെയോ സമൂഹത്തെയോ ശരിയായ അർഥത്തിലും പ്രാധാന്യത്തിലും ബോധ്യപ്പെടുത്തുന്നതിന് കഴിയുന്നില്ല. ഈ കുട്ടികൾക്ക് അനുയോജ്യമായ പഠനാന്തരീക്ഷമോ പശ്ചാത്തലമോ ഒരുക്കുന്നതിൽ വിജയിക്കാൻ ഭൂരിപക്ഷം വിദ്യാലയങ്ങൾക്കും കഴിഞ്ഞിട്ടില്ല. ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടികളുടെ പഠനബോധന പ്രക്രിയകൾ ഏകോപിപ്പിച്ച് അധ്യാപകർക്ക് അനുയോജ്യമായ പരിശീലനം നൽകുന്നതിലും അവരെ ശാക്തീകരിക്കുന്നതിലും ഇന്നും നമുക്ക് പൂർണവിജയം നേടാൻ സാധിച്ചിട്ടില്ല. ഓരോ കുട്ടിക്കും അനുയോജ്യമായ പാഠ്യപദ്ധതിയാണ് ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കാവശ്യം. അവരുടെ പ്രത്യേകതകൾക്കനുസരിച്ചുള്ള പഠനക്രമം, പ്രക്രിയ, കാലയളവ്, തുടർപഠനസാധ്യത, വിലയിരുത്തലും മൂല്യനിർണയവും തുടങ്ങിയ മേഖലകളിൽ, നാം നേരിടുന്ന വെല്ലുവിളികൾ നിരവധിയാണ്. ഈ കുട്ടികളുടെ മാനസിക, ശാരീരിക, വൈജ്ഞാനിക കഴിവുകൾ വികസിപ്പിക്കുന്നതിന് വിവിധ വിഭാഗങ്ങളെ ഏകോപിപ്പിക്കണം. സാങ്കേതികവിദ്യാരംഗത്തുണ്ടായ നേട്ടങ്ങളെ ഇവരുടെ ഉന്നമനത്തിനനുയോജ്യമായ വിധത്തിൽ ക്രമപ്പെടുത്തണം. തികച്ചും ശാസ്ത്രീയമായി ചിട്ടപ്പെടുത്തിയ സാഹചര്യങ്ങളിലൂടെ വിവിധ ശേഷീവികാസത്തിനുള്ള അവസരം ഇവർക്കായി ഒരുക്കേണ്ടതുണ്ട്. പഠനസമീപന തന്ത്രങ്ങളിൽ വ്യക്ത്യാധിഷ്ഠിത മാർഗങ്ങൾ (Individualised Methods) ശാസ്ത്രീയമായി വികസിപ്പിക്കേണ്ടത് അടിയന്തിര പ്രാധാന്യം അർഹിക്കുന്ന വിഷയമാണ്. ഈ കുട്ടികളുടെ ശാരീരിക മാനസിക പരിമിതികൾ, സവിശേഷതകൾ എന്നിവ തിരിച്ചറിഞ്ഞ് സമഗ്രവും എന്നാൽ അയവുള്ളതുമായ ഒരു സമീപനം സ്വീകരിക്കണം. ഇപ്രകാരം അനുയോജ്യമായ വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിന് നമുക്ക് സാധിക്കും.

ഇവർക്കുള്ള വിദ്യാഭ്യാസ പരിപാടികൾ സാർഥകമാകണമെങ്കിൽ ശാസ്ത്രീയമായ പാഠ്യപദ്ധതിയോ അനുയോജ്യമായ പഠനതന്ത്രങ്ങളോ സമീപനമോ മാത്രം പോരാ.

Experimental Version

ഇവരുടെ ആരോഗ്യം, തൊഴിൽ സാധ്യതകൾ, പുനരധിവാസം, യോഗ്യതയും ഗുണ നിലവാരവും ഉള്ള അധ്യാപകരെ ഉറപ്പാക്കൽ എന്നീ ഘടകങ്ങളും പ്രാധാന്യ മർഹിക്കുന്നു. ഇവരെ പഠിപ്പിക്കുന്ന അധ്യാപകരുടെ യോഗ്യതകൾ, അവർക്കാവ ശ്യമായ തുടർപരിശീലനം, നിയമനം, സേവനവേതന വ്യവസ്ഥകൾ എന്നിവ ഏകോ പിപ്പിക്കുകയും ആകർഷകമാക്കുകയും വേണം. ഇവർക്കായുള്ള സവിശേഷ വിദ്യാ ലയങ്ങളും നിരവധി വെല്ലുവിളികൾ നേരിടുന്നുണ്ട്. ഇതിൽ പ്രധാനം കേന്ദ്രീകൃ തമായ രജിസ്ട്രേഷൻ സംവിധാനം ഈ വിദ്യാലയങ്ങൾക്കില്ല എന്നുള്ളതു തന്നെയാണ്. സവിശേഷ വിദ്യാലയങ്ങൾ ആരംഭിക്കുന്നതിനോ, നടത്തിക്കൊണ്ടു പോകുന്നതിനോ അംഗീകാരം നേടുന്നതിനോ, ഫലപ്രദമായ നിർദേശങ്ങളോ വ്യ വസ്ഥകളോ നിയമങ്ങളോ ഇന്നു നിലവിലില്ല. ഈ വിദ്യാലയങ്ങൾ പലതും നട ത്തിക്കൊണ്ടു പോകുന്നതിൽ അതിന്റെ ചുമതലപ്പെട്ടവർ കടുത്ത സാമ്പത്തിക ബാധ്യതകൾ അനുഭവിക്കുന്നുണ്ട്.

അക്കാദമികവും ഭരണപരവുമായ ഇത്തരം നിരവധി വെല്ലുവിളികൾ നമുക്ക് അതി ജീവിക്കേണ്ടതുണ്ട്. അതിനായി ചില അടിയന്തിര ഇടപെടലുകൾ നടത്തേണ്ടിയി രിക്കുന്നു. സംസ്ഥാനവിദ്യാഭ്യാസവകുപ്പും, എസ്.സി.ഇ.ആർ.ടി. യും ഈ രംഗത്ത് ഭരണപരവും അക്കാദമികവുമായ നേതൃത്വം വഹിക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. ശാസ്ത്രീയമായി രൂപകൽപന ചെയ്ത പാഠ്യപദ്ധതിയും വിവിധ മേഖലകളിലെ വിദഗ്ധരുടെ സേവനങ്ങളും ഏകോപിപ്പിച്ച് മുന്നോട്ടു പോയാൽ തീവ്രവും തീക്ഷ്ണവുമായ വെല്ലുവിളികൾ നേരിടുന്നവരിൽ പോലും ഗുണപ രവും അനുകൂലവുമായ വികാസം ഉണ്ടാക്കിയെടുക്കാൻ നമുക്കാവും. ബുദ്ധിപര മായ വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ വിദ്യാഭ്യാസവും പുനരധിവാസവും രാഷ്ട്രത്തിന്റെ ഉത്തരവാദിത്വമാണ്. ആ തിരിച്ചറിവ് നമ്മെ മുന്നോട്ടു നയിക്കുക തന്നെ ചെയ്യണം.

2012 – ലെ ഡിസെബിലിറ്റി ബിൽ വെല്ലുവിളി നേരിടുന്ന വ്യക്തികളെ സംബ ന്ധിച്ച് ഒട്ടേറെ തൊഴിൽ സാധ്യതകൾ ഉറപ്പുനൽകുന്നതാണ്. തൊഴിൽപരമായി അവർക്ക് കിട്ടാനിരിക്കുന്ന അവസരങ്ങൾ സ്വായത്തമാക്കാൻ അവശ്യം വേണ്ട അക്കാദമിക അറിവുകളും അനുയോജ്യമായ ഗ്രേഡിങ്ങും സർട്ടിഫിക്കറ്റുകളുമെല്ലാം ഇവരുടെ പുനരധിവാസത്തിനു വേണ്ട ഘടകങ്ങളാണ്. ഇങ്ങനെ നോക്കുമ്പോൾ ഗുണപരമായ ഒരു വിദ്യാഭ്യാസപ്രക്രിയ ശാസ്ത്രീയമായും സമഗ്രമായും നടപ്പാ ക്കാൻ, ആധുനിക മനുഷ്യാവകാശ സങ്കൽപങ്ങളെയും സാകല്യാധിഷ്ഠിതമായ ജീവിതകാഴ്ചപ്പാടുകളെയും സമന്വയിപ്പിച്ച് പ്രായോഗികമായി നടപ്പാക്കാൻ കഴി യുന്ന ഒരു പാഠ്യപദ്ധതി അനിവാര്യമാണ്.

## 1.3 ചരിത്രപരമായ പശ്ചാത്തലം

മനുഷ്യോൽപ്പത്തിയുടെ കാലം മുതൽ തന്നെ ബുദ്ധിപരമായ പരിമിതികൾ ഉള്ള വരും സമൂഹത്തിലുണ്ടായിരുന്നു. അർഹതയുള്ളവന്റെ അതിജീവനം (Survival of the Fittest) എന്ന പ്രകൃതി നിയമം ഇവരുടെ അതിജീവനത്തിനു പലപ്പോഴും സഹാ യകമായില്ല. ഈ വിഭാഗത്തിലുള്ള വ്യക്തികൾക്ക് ജീവിക്കാനുള്ള അവസരം ഒരു

Experimental Version

ചോദ്യച്ചിഹ്നമായി സമൂഹത്തിനു മുന്നിൽ നിന്നു. വ്യാവസായിക വിപ്ലവാനന്തരം (Industrial Revolution) ലോകത്ത് ഈ വിഭാഗത്തെക്കുറിച്ച്, അവരുടെ പ്രശ്നങ്ങളെക്കുറിച്ച് ഒരവബോധം പൊതുവിലുണർന്നുവന്നു. സമൂഹം ഈ വിഭാഗത്തെ പ്രത്യേക പരിഗണന നൽകി സമീപിക്കാനുള്ള ശ്രമങ്ങൾക്ക് തുടക്കം കുറിക്കുന്നതിവിടെയാണ്. മിഷനറി പ്രവർത്തകരുടെ ഇടപെടലുകൾ ഈ രംഗത്ത് വിപ്ലവകരമായ മുന്നേറ്റങ്ങൾക്ക് ഇടയാക്കി. കാരുണ്യപ്രവർത്തനങ്ങളുടെ ഭാഗമായി ഭക്ഷണവും വസ്ത്രവും നൽകുകയും ഇവരെ പ്രത്യേക കേന്ദ്രങ്ങളിൽ മാറ്റിപ്പാർപ്പിക്കുകയും പരിചരിക്കുകയും ചെയ്തു. ഇവർക്കും സാധാരണക്കാരെപ്പോലെയുള്ള അവകാശങ്ങൾ ഉണ്ടെന്നും അതിനുള്ള അവസരം നൽകേണ്ടതാണ് എന്നുമുള്ള ആവശ്യങ്ങൾ ഉയർന്നു വന്നു.

രണ്ട് ലോകയുദ്ധങ്ങളും അവസാനിച്ചത് ലോകത്ത് അനേകലക്ഷം അംഗവൈകല്യമുള്ളവരെ അവശേഷിപ്പിച്ചുകൊണ്ടു കൂടിയാണ്. ഭരണകൂടം അംഗവൈകല്യമുള്ളവരെ ബാധ്യതയായി കാണുകയും സൈന്യത്തിൽ നിന്നു നീക്കം ചെയ്യുകയും ചെയ്തപ്പോൾ വൈകല്യമുള്ളവരുടെ സംരക്ഷണം ഭരണകൂടത്തിന്റെ ചുമതലയാണെന്ന അഭിപ്രായം ഉയർന്നുവന്നു. അതിനെത്തുടർന്ന് ഭരണാധികാരികൾ ശാരീരിക മാനസിക വൈകല്യമുള്ളവരെ ഒരുമിച്ചുകണ്ട് നടപടികൾ സ്വീകരിച്ചു തുടങ്ങി. ലോകമെമ്പാടും ഇവർക്കായി നിയമങ്ങൾ, നയങ്ങൾ, സഹായകസംവിധാനങ്ങൾ, പുനരധിവാസപദ്ധതികൾ ഒക്കെ രൂപപ്പെടാൻ തുടങ്ങി. 20-ാം നൂറ്റാണ്ടിന്റെ അവസാനത്തോടെയാണ് വൈകല്യമുള്ളവർക്ക് വേണ്ടിയുള്ള നിയമങ്ങളും നടപടികളും ആഗോളതലത്തിൽ നിലവിൽ വന്നത്. 1970 - ൽ കാനഡക്കാരനായ വോൾഫൻസ്ബർഗർ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓൺ മെന്റൽ റിട്ടാർഡേഷൻ (NIMR) മുഖാന്തരം മുന്നോട്ടുവച്ച നോർമലൈസേഷൻ, വൈകല്യമുള്ളവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ലക്ഷ്യം വച്ച പദ്ധതികളിൽ സവിശേഷ പ്രാധാന്യം അർഹിക്കുന്ന ഒന്നായിരുന്നു. ഇതു പ്രകാരം വൈകല്യമുള്ളവരെ അവരുടെ പരിമിതികളോടെ തന്നെ പൊതുസമൂഹം സ്വീകരിക്കുകയും അവർക്ക് ഏതൊരു സാധാരണ പൗരനും അവകാശപ്പെട്ട അവസരാവകാശങ്ങൾ ലഭ്യമാക്കുകയും ചെയ്തു.

2007 - ൽ അന്താരാഷ്ട്ര മനുഷ്യാവകാശ സമിതിയുടെ ഉടമ്പടി മുഖാന്തരം വൈകല്യമനുഭവിക്കുന്നവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും അവരുടെ സമഗ്രവും വ്യാപകവുമായ അഭിവൃദ്ധിക്കുമായി രൂപം കൊണ്ടതാണ് UNCRPD (United Nations Convention on the Rights of the Persons with Disability) ഉടമ്പടി. യു.എൻ. നിർദേശങ്ങൾ അനുസരിച്ച് ഇന്ത്യയും അനുബന്ധനിയമങ്ങൾക്ക് രൂപം നൽകി. PWD Act (Persons With Disabilities Act), RCI Act (Rehabilitation Council of India Act), NTA (National Trust Act.) തുടങ്ങിയവ ഇന്ത്യയിൽ ഈ മേഖലയിൽ ഉള്ളവരുടെ അഭിവൃദ്ധിക്കും അവകാശസംരക്ഷണത്തിനുമായി രൂപംകൊണ്ടവയാണ്.

ലോകത്തെ ഇതര സാമൂഹികസംവിധാനങ്ങളിൽ നിന്നു വ്യത്യസ്തമായി ഉറച്ച കുടുംബവ്യവസ്ഥ നിലനിന്നിരുന്ന ഇന്ത്യയിൽ, വെല്ലുവിളികൾ നേരിടുന്ന വ്യക്തികൾക്ക് പ്രത്യേകിച്ചും കുട്ടികൾക്ക് കൂടുതൽ പരിഗണനയും പരിചരണവും

Experimental Version

കിട്ടിയിരുന്നതായും കാണാം. സ്വാതന്ത്ര്യത്തിനുമുമ്പ് 1931 – ൽ രാജഭരണകാലത്ത് തിരുവിതാംകൂറിൽ സ്പെഷ്യൽ സ്കൂൾ ആരംഭിച്ചിരുന്നതായി ലണ്ടൻ ആർക്കൈവ്സിലെ രേഖകൾ ഉദ്ധരിച്ചുകൊണ്ട് മൈക്ക് മൈൽസ് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവർ ഉൾപ്പെടെയുള്ള വിഭാഗത്തിന് പരിചരണവും പരിശീലനവും പുനരധിവാസവും ഭാരതത്തിൽ ആദ്യകാലങ്ങളിൽ സാധ്യമായത് മിഷനറിമാരുടെ പ്രവർത്തനങ്ങളിലൂടെയാണ്. ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവർക്ക് പ്രത്യേക സ്ഥാപനങ്ങളോടൊപ്പം പ്രത്യേക വിദ്യാഭ്യാസം എന്ന ആശയവും നടപ്പിലായിത്തുടങ്ങി. 1940 ൽ ബോംബെയിൽ ഇവർക്കായി ഒരു വിദ്യാഭ്യാസ സ്ഥാപനം ഉയർന്നു വന്നു. ഇന്ത്യയിൽ NIMH(National Institute of Mentally Handicapped) ഈ മേഖലയിലെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരുടെ വിദ്യാഭ്യാസത്തിൽ കേന്ദ്രസംസ്ഥാന ഗവൺമെന്റുകൾക്കും, തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്കും വ്യക്തികൾക്കും എൻ.ജി.ഒ.കൾക്കും അവരവരുടേതായ സംഭാവനകൾ നൽകാൻ കഴിഞ്ഞിട്ടുണ്ട്.

ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർക്ക് വിദ്യാഭ്യാസം നൽകുന്ന പ്രവർത്തനങ്ങളിൽ ഇതര ഇന്ത്യൻ സംസ്ഥാനങ്ങളെക്കാൾ ബഹുദൂരം മുന്നിലാണ് കേരളം. അവരുടെ വിദ്യാഭ്യാസപുരോഗതിക്കും പുനരധിവാസത്തിനുമായി സംസ്ഥാനഗവൺമെന്റ് നേരിട്ട് ഈ മേഖലയിൽ ഗുണകരമായ മുന്നേറ്റത്തിനു തുടക്കം കുറിച്ചു. ജയിൽ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം ജില്ലയിൽ പാങ്ങപ്പാറയിൽ പ്രവർത്തനം ആരംഭിച്ച് ഇപ്പോൾ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സി.എച്ച്.മുഹമ്മദ്കോയ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദ മെന്റലി ചലഞ്ച്ഡ് എന്ന സ്ഥാപനം (SIMC) ഈ രംഗത്തെ പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിക്കുന്നു. രക്ഷിതാക്കളുടെയും എൻ.ജി.ഒ. കളുടെയും ശ്രമഫലമായി ഇന്ന് കേരളത്തിൽ മൂന്നൂറിൽ അധികം സ്ഥാപനങ്ങൾ ഈ മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. ഇതര സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമായി കേരളം ഈ രംഗത്ത് നയരൂപീകരണത്തിനുള്ള ശ്രമങ്ങൾ ആരംഭിച്ചു. ഗവൺമെന്റിന്റെ നിർദേശാനുസരണം SIMC യുടെ പ്രിൻസിപ്പൽ ഡോ.എം.കെ.ജയരാജ് ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവരെക്കുറിച്ചും വിശിഷ്യാ അവരുടെ വിദ്യാഭ്യാസത്തെക്കുറിച്ചും സമഗ്രമായി പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചു. ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന സ്കൂളുകളുടെ അവസ്ഥാപഠനം നടത്തി എസ്.സി.ഇ.ആർ.ടിയും ഒരു പഠനറിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുകയുണ്ടായി. ഈ റിപ്പോർട്ടുകൾ സർക്കാറിന്റെ നയരൂപീകരണപ്രക്രിയയ്ക്ക് ശരിയായ ദിശാബോധം നൽകി. തുടർനടപടിയെന്ന നിലയിൽ സർക്കാർ ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് പാഠ്യപദ്ധതിയും സിലബസും രൂപീകരിക്കാൻ SCERT-യെ ചുമതലപ്പെടുത്തുകയും ചെയ്തത് ഈ രംഗത്തെ വിദ്യാഭ്യാസ വളർച്ചയുടെ നാഴികക്കല്ലാണ്.

## 1.4 ഗവേഷണങ്ങൾ

ഏതൊരു മേഖലയുടേയും പുരോഗതിയും വികാസവും ആ രംഗത്തു നടക്കുന്ന

Experimental Version

പഠനങ്ങളുടേയും ഗവേഷണങ്ങളുടേയും ഫലമായിട്ടാണ് സംഭവിക്കുന്നത്. സംയോജിതവിദ്യാഭ്യാസ മേഖലയിലും സവിശേഷവിദ്യാഭ്യാസ മേഖലയിലും ധാരാളം ഗവേഷണങ്ങളും പഠനങ്ങളും നടന്നുകൊണ്ടിരിക്കുന്നു.

**1.4.1 അന്താരാഷ്ട്രതലം**

ലോകരാജ്യങ്ങളെല്ലാം തന്നെ സവിശേഷ വിദ്യാഭ്യാസത്തെ പ്രധാനമേഖലയായി കണ്ടുകൊണ്ട് നിരവധി ഗവേഷണങ്ങൾ നടത്തി വരുന്നുണ്ട്. സർവ്വകലാശാലകളിൽ സവിശേഷ വിദ്യാഭ്യാസം പ്രത്യേക വിഭാഗമായി ഉയർന്നു വരുകയും അവിടെ നിരവധി പഠനങ്ങളും ഗവേഷണങ്ങളും നടത്തുകയും ചെയ്യുന്നുണ്ട്. ഇവയുടെ ഫലങ്ങളും കണ്ടെത്തലുകളും ശുപാർശകളും ഈ മേഖലയിലെ പുരോഗതിക്ക് വഴിതെളിച്ചിട്ടുണ്ടെന്ന് നിസ്സംശയം പറയാം. ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർ സമൂഹത്തിൽ അനുഭവിച്ചുകൊണ്ടിരുന്ന പ്രയാസങ്ങളും വേർതിരിവുകളും അവരുടെ ശാരീരികവും മാനസികവുമായ പ്രത്യേകതകളും അവരുടെ വിദ്യാഭ്യാസവും, തൊഴിൽ സാധ്യതകളും പുനരധിവാസവും തുടങ്ങി എല്ലാ മേഖലകളിലും ഗവേഷണങ്ങൾ നടക്കുന്നു. നിരവധി പഠനങ്ങൾ ഈ മേഖലയിൽ ഇപ്പോഴും നടന്നു വരുന്നുണ്ട്.

**‘മാനസികവൈകല്യം കുടുംബസംവിധാനത്തിന്റെ പ്രവർത്തനത്തിൽ ചെലുത്തുന്ന സ്വാധീനം,’** (2006) എന്ന വിഷയത്തിൽ പ്രിട്ടോറിയ യൂണിവേഴ്സിറ്റിയിലെ സാമൂഹ്യപ്രവർത്തന വകുപ്പിലെ ഫാക്കൽട്ടി ഓഫ് ഹ്യൂമാനിറ്റീസിലെ ഗോവകോവാന എമ്മ പിലുസ നടത്തിയ ഗവേഷണം ലിമ്പോവോ പ്രവിശ്യയിലെ വാട്ടർബർഗ് ജില്ലയിലെ ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന അംഗങ്ങളുള്ള കുടുംബങ്ങളെ പഠനവിധേയമാക്കി. കുടുംബത്തിലുള്ളവർക്ക് മാനസിക വൈകല്യത്തിനുള്ള കാരണങ്ങൾ, ചികിത്സകൾ, നിയന്ത്രണമാർഗങ്ങൾ എന്നിവയെ സംബന്ധിച്ച് സമഗ്രമായ ധാരണ നൽകേണ്ടതിന്റെ പ്രാധാന്യവും വൈകല്യമുള്ളവരോട് ഇടപെടേണ്ട രീതികളെക്കുറിച്ചുള്ള അവബോധം വളർത്തേണ്ടതിന്റെ പ്രാധാന്യവും ഈ പഠനം വ്യക്തമാക്കുന്നുണ്ട്. ഇത്തരത്തിലുള്ളവർക്ക് നൽകേണ്ട ശുശ്രൂഷകളും പരിചരണവും ഉൾകൊള്ളുന്ന സംവിധാനങ്ങൾ സാമൂഹ്യമായ ചുറ്റുപാടിൽ രൂപപ്പെടുത്തേണ്ടതിന്റെ ആവശ്യകതയും ഇത് വ്യക്തമാക്കുന്നു. മനശ്ശാസ്ത്രപരവും വൈദ്യശാസ്ത്രപരവുമായ സേവനങ്ങൾ, സാമൂഹ്യ പ്രവർത്തകരുടെ സഹായം, ചികിത്സാപരമായ സേവനം എന്നിവ ഈ കുടുംബങ്ങൾക്ക് ഉപയോഗിക്കാൻ സജ്ജമാക്കി നൽകേണ്ടതിന്റെ പ്രാധാന്യവും ഈ പഠനം മുന്നോട്ടുവയ്ക്കുന്നു.

ആസ്ട്രേലിയൻ കൗൺസിൽ ഫോർ എഡ്യുക്കേഷണൽ റിസർച്ച്, **‘പഠനവൈകല്യമുള്ള 4 മുതൽ 6 വയസ്സു വരെ പ്രായമുള്ള കുട്ടികളിൽ നടത്തിയ നിരീക്ഷണഫലങ്ങളെയും ഫലപ്രദമായ ഇടപെടലുകളെയും അധ്യാപനശൈലികളെയും അവലോകനം നടത്തി’**(2005). ഈ

Experimental Version

പഠനറിപ്പോർട്ടിൽ പ്രബോധനപരമായ വായനരീതികളും, സമീപനങ്ങളുടെയും തന്ത്രങ്ങളുടെയും സംയോജനവും, അധ്യാപക-വിദ്യാർഥി അനുപാതത്തിന്റെ ക്രമീകരണവും അധ്യാപക-വിദ്യാർഥി ഇടപെടലുകളും കുട്ടികളിലെ പഠനവൈകല്യം ഫലപ്രദമായി കുറയ്ക്കാൻ കഴിയുമെന്ന് നിർദേശിക്കുന്നു. പഠനവൈകല്യമുള്ള കുട്ടികളുടെ വായനാശേഷിയുടെ നിലവാരം ഉയർത്തുന്നതിൽ കേന്ദ്രീകരിച്ച പ്രബോധനപരമായ വായനരീതികൾ ഫലപ്രദമാണെന്ന് പഠനങ്ങൾ തെളിയിക്കുന്നു.

മിഷിഗ സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിലെ എമിലി സി ബൗക്, **'മൃദുബുദ്ധിവൈകല്യമുള്ള സെക്കണ്ടറി വിദ്യാർഥികളുടെ പാഠ്യപദ്ധതിയുടെ അവസ്ഥാപഠനം'** (2004) നടത്തി. നിലനിൽക്കുന്ന പാഠ്യപദ്ധതിയിൽ നിരവധി പ്രശ്നങ്ങളുണ്ടെന്നും മൃദുമാനസികവൈകല്യമുള്ള സെക്കണ്ടറി കുട്ടികളുടെ പാഠ്യപദ്ധതി ഈ വിഭാഗത്തിന് മുതിർന്നവരുടെ ലോകത്തേക്കു പ്രവേശിക്കാൻ പര്യാപ്തമായ ഒന്നല്ല എന്നും പഠനം വ്യക്തമാക്കുന്നു. പ്രായോഗിക വിജ്ഞാനത്തിനും പ്രായോഗിക ജീവിതനൈപുണികൾക്കും പ്രാമുഖ്യം നൽകുന്ന പാഠ്യപദ്ധതിയുടെ അനിവാര്യതയെ ഈ പഠനം ശരിവയ്ക്കുന്നു. മൃദുബുദ്ധിവൈകല്യമുള്ള കുട്ടികൾ മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തരാണെങ്കിലും ആ വ്യത്യസ്തത അവരുടെ ന്യൂനതയല്ലെന്ന് പഠനം വ്യക്തമാക്കുന്നു. പഠനരീതിയിലും പഠനവേഗത്തിലും വ്യത്യസ്തരായ ഇവർക്ക് പ്രായോഗികതയിൽ ഊന്നിയ പാഠ്യപദ്ധതി നടപ്പിൽ വരുത്തേണ്ടതിന്റെ ആവശ്യകത ശാസ്ത്രീയമായ അപഗ്രഥനത്തിലൂടെ മുന്നോട്ടുവയ്ക്കുകയാണ് എഡ്യുക്കേഷൻ ആന്റ് ട്രെയിനിംഗ് ഇൻ ഡെവലപ്മെന്റൽ ഡിസെബിലിറ്റീസ് 2004-ൽ പ്രസിദ്ധീകരിച്ച പ്രബന്ധം.

അമേരിക്കൻ ജേർണൽ ഓഫ് പ്രിവന്റീവ് മെഡിസിൻ വാള്യം 24 നമ്പർ 2 പ്രസിദ്ധീകരിച്ച **'പ്രാഗ്ശൈശവഘട്ടവികസന പരിപാടികൾ'** (2004)കുട്ടികളിലെ ബൗദ്ധികവികാസത്തെ ത്വരിതപ്പെടുത്തുന്നതിൽ നിർണായകപങ്കു വഹിക്കുന്നതായി ചൂണ്ടിക്കാണിക്കപ്പെടുന്നു. ഇത് പഠനസന്നദ്ധത വർധിപ്പിക്കുന്നു.

വാഷിംഗ്ടൺ ഡി.സി.യിലെ ഒഹിയോ സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ് ഓഫ് എഡ്യൂക്കേഷനിലെ ഓഫീസ് ഓഫ് സ്പെഷ്യൽ എഡ്യൂക്കേഷൻ ആന്റ് റീഹാബിലിറ്റേറ്റീവ് സർവീസസ്, **'വൈകല്യമുള്ള പഠിതാക്കളും പൊതു വിദ്യാഭ്യാസ പാഠ്യപദ്ധതിയും'** (2001) എന്ന വിഷയത്തിൽ നടത്തിയ ഗവേഷണം പൊതുപാഠ്യപദ്ധതി പരമാവധി പ്രയോജനപ്രദമാക്കാൻ അധ്യാപകർ, രക്ഷിതാക്കൾ, ബുദ്ധിമാന്ദ്യമുള്ള കുട്ടികൾ എന്നിവർക്കായി നിർദേശങ്ങൾ മുന്നോട്ട് വച്ചിട്ടുണ്ട്. വൈകല്യമുള്ള കുട്ടികൾക്ക് അനുയോജ്യമായ വിധം നിയമാനുസൃതമായിത്തന്നെ പാഠ്യപദ്ധതി പ്രയോജനപ്പെടുന്നതിനുള്ള സജ്ജീകരണം ഒരുക്കേണ്ടതിന്റെ ആവശ്യകതയാണ് ഈ പഠനം മുന്നോട്ടു വയ്ക്കുന്നത്.

യൂറോപ്പിലെ ബാത് യൂണിവേഴ്സിറ്റിയിലെ വിദ്യാഭ്യാസ വകുപ്പിലെ ഡോ.

Experimental Version

ഏലിയാസ് അവ്റാമിഡിസും ബ്രാം നോർവിച്ചും, **'സംയോജിത വിദ്യാഭ്യാസത്തോടുള്ള അധ്യാപകരുടെ മനോഭാവം'** (2001) പഠന വിധേയമാക്കുകയുണ്ടായി. സംയോജിത വിദ്യാഭ്യാസ നയം വിജയിക്കുന്നതിലെ പ്രധാനഘടകം അതിൽ പങ്കാളികളായ അധ്യാപകരുടെ മനോഭാവവുമായി വളരെ ശക്തമായി ബന്ധപ്പെട്ടിരിക്കുന്നു എന്ന് ഈ പഠനം വ്യക്തമാക്കുന്നു. അധ്യാപകരുടെ മനോഭാവത്തെ സ്വാധീനിക്കുന്ന നിരവധി ഘടകങ്ങളെ വിശകലനം ചെയ്യുന്ന പഠനത്തിൽ തങ്ങളുടെ ക്ലാസ്സ് മുറികളിൽ ഇരിക്കുന്ന വൈകല്യമുള്ള കുട്ടികളുടെ പ്രകൃതത്തെയും അവരുടെ വൈകല്യത്തിന്റെ തീവ്രതയെയും ആശ്രയിച്ചാണ് അധ്യാപകന്റെ മനോഭാവം രൂപീകരിക്കപ്പെടുന്നതെന്നും കണ്ടെത്തുന്നുണ്ട്. മനുഷ്യവിഭവപരമായ പിന്തുണ മനോഭാവ രൂപീകരണത്തെ സ്വാധീനിക്കുന്ന ഘടകമാണ് എന്ന് പഠനം സൂചിപ്പിക്കുന്നു.

**'ഫലപ്രദവും പരിവർത്തനാത്മകവുമായ പാഠ്യപദ്ധതിനിർമ്മിതിയിൽ നൈജീരിയൻ അധ്യാപകരുടെയും രക്ഷിതാക്കളുടെയും പങ്ക്'** (2001) എന്നതിനെപ്പറ്റി ഡിപ്പാർട്ടുമെന്റ് ഓഫ് സ്പെഷ്യൽ എഡ്യൂക്കേഷൻ ആന്റ് കരിക്കുലം സ്റ്റഡീസ് (ഓണ്ടോവിലെ അഡെയെമി കോളേജ്ഓഫ് എഡ്യൂക്കേഷനിൽ) നടത്തിയ പഠനത്തിൽ നൈജീരിയയിലെ അധ്യാപകരുടെ ഗുണമേന്മയിൽ കാണുന്ന കുറവുകൾക്കുള്ള കാരണങ്ങൾ, രക്ഷിതാക്കൾക്ക് കുട്ടികളുടെ വിദ്യാഭ്യാസകാര്യത്തിൽ ഉണ്ടാകേണ്ട പ്രതിബദ്ധത എന്നിവ വിശകലനം ചെയ്യുകയും പാഠ്യപദ്ധതി രൂപീകരണത്തിന്റെ വിവിധ തലങ്ങളിൽ അധ്യാപകർക്കും രക്ഷിതാക്കൾക്കുമുള്ള പങ്ക് വ്യക്തമാക്കുകയും അവ വികസിപ്പിക്കാൻ ആവശ്യമായ നിർദേശങ്ങൾ മുന്നോട്ടു വയ്ക്കുകയും ചെയ്തു.

**'എത്യോപ്യയിലെ അധ്യാപകരുടെ സംയോജിതവിദ്യാഭ്യാസപദ്ധതിയോടുള്ള മനോഭാവം'** (2000) പഠനവിധേയമാക്കുന്ന റിപ്പോർട്ടിൽ സംയോജിത വിദ്യാഭ്യാസത്തെ സ്വാധീനിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന നിരവധി ഘടകങ്ങളെ വിശകലനം ചെയ്യുന്നുണ്ട്. അധ്യാപകർക്ക് സംയോജിത വിദ്യാഭ്യാസരീതിയോട് മാതൃകാപരമായ മനോഭാവം വളർന്നു വരേണ്ടതിന്റെ ആവശ്യകത ഉന്നയിക്കുന്നുണ്ട്. അതോടൊപ്പം അനുയോജ്യമായ പരിശീലനത്തിന്റെയും അനുരൂപീകരണം ചെയ്ത പാഠ്യപദ്ധതിയുടെയും ഉത്തരവാദിത്തബോധമുള്ള അധ്യാപകരുടെയും അനുബന്ധ പഠനസഹായികളുടെയും പ്രാധാന്യവും ഈ റിപ്പോർട്ടിൽ വ്യക്തമാക്കുന്നുണ്ട്.

നൈജീരിയയിലെ നസറാവാ സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിലെ ഫാക്കൾട്ടി ഓഫ് എഡ്യൂക്കേഷനിലെ ഫുവാൻഡായ്, കോർണീലിയസ് എന്നിവർ നടത്തിയ **'പൊതു ക്ലാസ്സ്മുറികളിൽ പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾ നേരിടുന്ന വെല്ലുവിളികളും മുന്നോട്ടുള്ള പ്രയാണത്തിനായുള്ള സംവിധാനങ്ങളും'** (2000) എന്ന ഗവേഷണ പ്രബന്ധത്തിൽ നിലവിലെ ക്ലാസ്സ്റൂം സാഹചര്യങ്ങളെ വിലയിരുത്തുകയും പ്രത്യേക പരിഗണന അർഹിക്കുന്നവർക്കായുള്ള

Experimental Version

സജ്ജീകരണങ്ങൾ പരിശോധിക്കുകയും അവ എത്രകണ്ട് ഈ വിഭാഗത്തിന്റെ ആവശ്യങ്ങളെ ഉൾക്കൊള്ളുന്നു എന്ന് പഠിക്കുകയും ചെയ്തു. ബഹുവിഷയസമ്പുഷ്ടവും സഹവർത്തിതരീതിയും പാലിക്കുന്ന പ്രവർത്തനങ്ങളും നേരത്തെയുള്ള ഇടപെടലുകളും കുടുംബത്തിന്റെ വിപുലമായ പിന്തുണയും അധ്യാപകർക്കുള്ള പ്രത്യേക പരിശീലനവും ശരിയായ സാമ്പത്തിക സഹായവും നിരന്തരമായ മൂല്യനിർണയവും ബഹുമുഖമായ പാഠ്യപദ്ധതിയും ഉണ്ടായിരിക്കേണ്ടതിന്റെ പ്രാധാന്യം ശാസ്ത്രീയവും വസ്തുനിഷ്ഠവുമായ അപഗ്രഥനത്തിലൂടെ ഈ പഠനം വ്യക്തമാക്കുന്നുണ്ട്.

യൂണിവേഴ്സിറ്റി ഓഫ് സൗത്ത് ആഫ്രിക്കയിലെ വിദ്യാഭ്യാസപഠന വിഭാഗം നടത്തിയ ഗവേഷണമാണ് **'സൗത്ത് ആഫ്രിക്കയുടെ സംയോജിത വിദ്യാഭ്യാസത്തിലേക്കുള്ള പ്രയാണം'** (2000). ഈ ഗവേഷണം സൗത്ത് ആഫ്രിക്കയിലെ മുഴുവൻ പഠിതാക്കൾക്കും ഗുണമേന്മാ വിദ്യാഭ്യാസം നൽകി സമൂഹനിർമ്മിതിക്കും സാമൂഹ്യക്ഷേമത്തിലും പങ്കാളിത്തം നിർവഹിക്കാൻ പ്രാപ്തരാക്കുന്നതിന് ലക്ഷ്യമിടുന്നു. ഇതിന്റെ ഭാഗമായി ബുദ്ധിപരമായ വെല്ലുവിളികൾ ഉൾപ്പെടെയുള്ള വൈകല്യങ്ങൾ നേരിടുന്നവരുടെ ജന്മനായുള്ള പരിമിതികളെയും വിദ്യാഭ്യാസ പ്രശ്നങ്ങളെയും പാരിസ്ഥിതിക പ്രശ്നങ്ങളെയും അപഗ്രഥിച്ച് ഇവ പരിഹരിക്കുന്നതിൽ സർക്കാരിനും രക്ഷിതാക്കൾക്കും, സമൂഹത്തിനും സംയുക്തമായി നിർവഹിക്കാനുള്ള ചുമതലകൾ നിർണയിച്ചു. അധ്യാപകരെ പ്രത്യേക പരിശീലനം നൽകി സജ്ജരാക്കി ഈ വിഭാഗത്തെ വികസനത്തിലേക്കെത്തിക്കാനുള്ള തന്ത്രങ്ങൾ പ്രാവർത്തികമാക്കുന്നതിനും ഈ പഠനത്തിലൂടെ സാധിച്ചു.

Experimental Version

മിയാമി സർവ്വകലാശാലയിലെ ഡിപ്പാർട്ട്മെന്റ് ഓഫ് എഡ്യൂക്കേഷണൽ ആന്റ് സൈക്കോളജിക്കൽ സ്റ്റഡീസിലെ, സ്കൂൾ ഓഫ് എഡ്യൂക്കേഷൻ നടത്തിയ, **'സവിശേഷ വിദ്യാഭ്യാസത്തിന്റെ ഫലപ്രാപ്തിയിൽ നിയമനരീതികൾക്കുള്ള നിർണായക പങ്ക്'** (2000) എന്ന പഠനത്തിൽ വിവിധ പഠനമാതൃകകൾ സവിശേഷ വിദ്യാഭ്യാസത്തിലും പൊതു വിദ്യാഭ്യാസത്തിലും ചെലുത്തുന്ന സ്വാധീനം അപഗ്രഥിക്കുകയുണ്ടായി. പൂർണമായും സംയോജിത വിദ്യാഭ്യാസ സമ്പ്രദായത്തെ അനുകൂലിക്കാതെ സവിശേഷവിദ്യാഭ്യാസത്തിനു പ്രാമുഖ്യം നൽകുന്നതിനെ പ്രോത്സാഹിപ്പിക്കുന്ന ഈ പഠനം ആവശ്യമായ പിന്തുണാ സംവിധാനങ്ങളുടെയും പ്രവർത്തന പാക്കേജുകളുടെയും സഹായത്തോടെ പൊതുവിദ്യാഭ്യാസരംഗത്തെ സംയോജിത വിദ്യാഭ്യാസത്തെ ഫലപ്രദമാക്കാനുള്ള നിർദേശങ്ങളും മുന്നോട്ടു വയ്ക്കുന്നു.

സവിശേഷവിദ്യാഭ്യാസത്തിന്റെ സമസ്ത മേഖലയിലും വൈകല്യമുള്ളവരുടെ വിവിധ പ്രശ്നങ്ങളെക്കുറിച്ച് ലോകത്തെമ്പാടും നിരവധി പഠനങ്ങൾ ഇപ്പോഴും നടക്കുന്നുണ്ട്. ഇവയൊക്കെയും ഈ മേഖലയിലെ പ്രശ്നപരിഹാരത്തിനും കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള ശാസ്ത്രീയമായ അടിത്തറയുണ്ടാക്കുന്നതിനും സാങ്കേതികവിദ്യയുടെ ഫലപ്രദമായ ഉപയോഗത്തിനുമെല്ലാം

സഹായകമാകുമെന്ന കാര്യത്തിൽ സംശയമില്ല. ലോകരാജ്യങ്ങളിൽ വൈകല്യമുള്ളവരുടെ ക്ഷേമത്തിനായി നിലനിൽക്കുന്ന നിയമങ്ങളും സ്ഥാപനങ്ങളും സംവിധാനങ്ങളും വകുപ്പുകളുമെല്ലാം ഈ മേഖലയിലെ ഗവേഷണങ്ങൾക്ക് ആവശ്യമായ പ്രോത്സാഹനവും പിന്തുണയും നൽകിവരുന്നു.

**1.4.2. ദേശീയതലം**

ഇന്ത്യയിൽ വൈകല്യമുള്ളവരുടെ വിദ്യാഭ്യാസം, പുനരധിവാസം, തൊഴിൽ, ചികിത്സ, ജീവിതം എന്നു വേണ്ട എല്ലാ മേഖലകളുമായി ബന്ധപ്പെട്ട് നിരവധി ഗവേഷണങ്ങളും പഠനങ്ങളും നടക്കുന്നുണ്ട്. എങ്കിലും അവയിൽ പലതിന്റെയും ഫലങ്ങൾ വെളിച്ചം കാണുന്നില്ല. ഈ പഠനഫലങ്ങളെയും നിർദേശങ്ങളെയും സർക്കാരോ മറ്റു ഭരണസംവിധാനങ്ങളോ പ്രയോജനപ്പെടുത്തുന്നുമില്ല. ഇവ രേഖകളിൽ മാത്രം ഒതുങ്ങിപ്പോകുന്ന അവസ്ഥയാണ് കണ്ടുവരുന്നത്. **'അധ്യാപകവിദ്യാഭ്യാസത്തിൽ സംയോജിതവിദ്യാഭ്യാസം പരിപോഷിപ്പിക്കൽ – ഇന്ത്യൻ പശ്ചാത്തലത്തിൽ സംയോജിത വിദ്യാഭ്യാസം നടപ്പിലാക്കുമ്പോൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും ഒരുക്കേണ്ട വിഭവങ്ങളും'** (ഇന്ത്യൻ സ്ട്രീംസ് റിസർച്ച് ജർണൽ 2012 ഡിസംബർ വാല്യം 2 പതിപ്പ്-11) എന്ന വിഷയത്തിൽ നടത്തിയ പഠനത്തിൽ സംയോജിത വിദ്യാഭ്യാസ പദ്ധതിയുടെ വിജയത്തിന് അധ്യാപക വിദ്യാർഥികൾക്കും അധ്യാപകർക്കും സുപ്രധാനമായ പങ്കുണ്ടെന്നും പ്രീ-സർവീസ്, ഇൻ-സർവീസ് പരിശീലനം മെച്ചപ്പെടുത്തി ആവശ്യമായ സാമ്പത്തിക സഹായങ്ങളും ബോധവത്കരണവും പിന്തുണാസംവിധാനങ്ങളും സാമൂഹ്യപങ്കാളിത്തവും സംയോജിപ്പിച്ച് മെച്ചപ്പെടുത്തണമെന്നും നിർദേശിക്കുന്നു.

ഒറിഗ യൂണിവേഴ്സിറ്റിയിൽ അന്താരാഷ്ട്രപഠന വകുപ്പിൽ സമർപ്പിച്ച ( ഏഞ്ചല കൊഹമ,) **'ഇന്ത്യയിലെ സംയോജിത വിദ്യാഭ്യാസം : ഒരു രാജ്യത്തിന്റെ സഞ്ചാര നാൾവഴികൾ',** (2012) എന്ന ഗവേഷണ പ്രബന്ധത്തിൽ ഇന്ത്യാ ഗവൺമെന്റ് വിദ്യാഭ്യാസമേഖലയിൽ പരിഷ്കാരം വരുത്തിയത് സംയോജിത വിദ്യാഭ്യാസത്തിന്റെ വഴിയിലാണെന്നു പറയുന്നു. സംയോജിത വിദ്യാഭ്യാസം സാർവത്രികമാക്കാനുള്ള രാജ്യത്തിന്റെ യജ്ഞത്തെക്കുറിച്ച് പഠനത്തിൽ വിവരിക്കുന്നുണ്ട്. എങ്കിലും ജനസംഖ്യയിൽ ലോകത്ത് രണ്ടാം സ്ഥാനത്തു നിൽക്കുന്ന രാജ്യം ഇതു നേടിയെടുക്കാൻ എടുക്കുന്ന കാലയളവിനെക്കുറിച്ച് യഥാർഥ്യബോധത്തോടെ ചിന്തിക്കണമെന്നും പഠനം വ്യക്തമാക്കുന്നുണ്ട്. ഗവൺമെന്റ് അനുയോജ്യമായ നിയമങ്ങളും നയങ്ങളും രൂപീകരിച്ച് ഈ ലക്ഷ്യത്തിലേക്കുള്ള ഗതിവേഗം കൂട്ടേണ്ടതിന്റെ ആവശ്യകത പഠനം മുന്നോട്ടു വയ്ക്കുന്നു.

അഹമ്മദാബാദിലെ പ്രവര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിന്റെ മെഡിക്കൽ റിവ്യൂവിൽ **'മാനസിക വൈകല്യമുള്ള കുട്ടികൾക്കായുള്ള വിദ്യാലയങ്ങളിലെ ബുദ്ധിവൈകല്യമുള്ള കുട്ടികളുടെ ആരോഗ്യസ്ഥിതിയും രോഗകാരകമായ ഘടകങ്ങളും'** (2009) പഠനവിധേയമാക്കുന്ന ഗവേഷണ പ്രബന്ധത്തിൽ ബുദ്ധിമാന്ദ്യത്തിനുള്ള പ്രധാന കാരണമായി കാണുന്നത്

Experimental Version

രക്തബന്ധമുള്ളവർക്കിടയിലുള്ള വിവാഹബന്ധമാണെന്ന് സൂചിപ്പിക്കുന്നു. ജനിതക കാരണങ്ങളോടൊപ്പം അജ്ഞാതമായ കാരണങ്ങളും മാനസിക വൈകല്യത്തിനു നിദാനമാകുന്നുണ്ടെന്നും റിവ്യൂ വ്യക്തമാക്കുന്നു.

**'ഇന്ത്യയിലെ വൈകല്യമുള്ള കുട്ടികളുടെ അവകാശതുല്യതയുടെയും പ്രാപ്യതയുടെയും പരിപ്രേക്ഷ്യത്തിൽ ഡൽഹിയിലെ പ്രാഥമിക വിദ്യാലയങ്ങളെ കേന്ദ്രീകരിച്ച് ഒരു പഠനം'** (2007) നടത്തുകയുണ്ടായി. (രേണു സിംഗ് ഡിപ്പാർട്ടുമെന്റ് ഓഫ് എഡ്യുക്കേഷണൽ സ്റ്റഡീസ്, ജാമിയ മില്ലിയ ന്യൂഡൽഹി) ഡൽഹിയിൽ സർക്കാർ, സ്വകാര്യ വിദ്യാലയങ്ങൾക്ക് വൈകല്യമുള്ള കുട്ടികളുടെ അക്കാദമികവും സാമൂഹ്യവുമായ ആവശ്യങ്ങൾ നിറവേറ്റാൻ ഇനിയും കഴിഞ്ഞിട്ടില്ല എന്ന് ഈ പഠനം വ്യക്തമാക്കുന്നു. ഗവൺമെന്റിന്റെ ഐ. ഇ. ഡി. സി. പദ്ധതി പോലും ഡൽഹിയിലെ സർക്കാർ വിദ്യാലയങ്ങളിലെ 3.2% കുട്ടികൾക്കു മാത്രമാണ് പ്രയോജനപ്പെടുന്നതെന്നും പഠനം കണ്ടെത്തുന്നുണ്ട്.

**'സംയോജിത വിദ്യാഭ്യാസം നടപ്പിലാക്കുന്നതിൽ ഇന്ത്യ നേരിടുന്ന വെല്ലുവിളികളെക്കുറിച്ച്'** (2004) നടത്തിയ പഠനത്തിൽ ഭൂരിപക്ഷം വിദ്യാലയങ്ങളിലെയും (സർക്കാർ, സ്വകാര്യ) പ്രധാനാധ്യാപകർക്ക് സംയോജിത വിദ്യാഭ്യാസത്തെക്കുറിച്ച് ശരിയായ ധാരണയില്ലെന്നും ഈ പദ്ധതി തങ്ങളുടെ വിദ്യാലയങ്ങളിൽ നടപ്പാക്കുന്നതിൽ പ്രതിസന്ധികൾ നേരിടുന്നുണ്ടെന്നും വ്യക്തമാക്കുന്നു. അവർ പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾ പൊതുവിദ്യാലയങ്ങളിൽ പഠനം നടത്തുന്നതിനോട് വിയോജിപ്പ് പ്രകടിപ്പിക്കുന്നതായി പഠനറിപ്പോർട്ട് പറയുന്നു. ഇത്തരം കുട്ടികൾക്ക് പൊതുവിദ്യാലയങ്ങളിൽ വിദ്യാഭ്യാസം നേടുന്നതിന് നൽകേണ്ട പിന്തുണകളെക്കുറിച്ചും അവർക്കു വേണ്ട പഠനസഹായികളെക്കുറിച്ചും സംവിധാനങ്ങളെക്കുറിച്ചും അജ്ഞരാണെന്നും അവ തങ്ങളുടെ വിദ്യാലയത്തിൽ സജ്ജീകരിക്കാൻ കഴിഞ്ഞിട്ടില്ലെന്നും പഠനരേഖ വ്യക്തമാക്കുന്നു. ഈ മേഖലയിൽ വികസനത്തിനു രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും പങ്കാളിത്തം കൂടി ഉറപ്പാക്കേണ്ടതാണെന്നും പഠനത്തിൽ പറയുന്നു.

Experimental Version

ലണ്ടൻ സ്കൂൾ ഓഫ് ഇക്കണോമിക്സ് ഏഷ്യാഗവേഷണ കേന്ദ്രത്തിന്റെ വർക്കിംഗ് പേപ്പർ 34-ൽ **'മുംബൈയിലെ സ്വകാര്യസംയോജിത വിദ്യാലയങ്ങളിലെ കുട്ടികളുടെ അനുഭവങ്ങളും വെല്ലുവിളികളും'** (2000) എന്ന ഗവേഷണ പ്രബന്ധത്തിൽ സംയോജിത വിദ്യാഭ്യാസം ഇന്ത്യയിൽ ഇന്നും ശൈശവദശയിലാണെന്ന് വെളിപ്പെടുത്തുന്നു. മുംബൈയിലെ സ്വകാര്യ സംയോജിത വിദ്യാലയങ്ങളിലെ വൈകല്യമുള്ള കുട്ടികൾ സാധാരണ കുട്ടികളെപ്പോലെ തന്നെ ആഗ്രഹങ്ങളും അഭിലാഷങ്ങളും ലക്ഷ്യങ്ങളും ഉള്ളവരാണെന്നും പഠനം പറയുന്നു. അവരുടെ കഴിവിന്റെ പരമാവധി പ്രയോജനപ്പെടുത്താൻ അവസരങ്ങൾ ഈ വിദ്യാലയങ്ങളിൽ നൽകേണ്ടതിന്റെ ആവശ്യകത ഗവേഷണം മുന്നോട്ടു വയ്ക്കുന്നു. ഈ വിദ്യാലയങ്ങളിൽ റിസോഴ്സ് അധ്യാപകരെ നിയമിക്കൽ, ഈ കുട്ടികൾക്ക് പിന്തുണ നൽകാൻ സാധാരണ അധ്യാപകർക്ക് ആവശ്യമായ പരിശീലനം നൽകൽ, വൈകല്യമുള്ള

കുട്ടികൾക്കും അധ്യാപകർക്കും സംയോജിതമായി പരിശീലനക്കളരികൾ സംഘടിപ്പിക്കൽ, വ്യക്തമായ ആസൂത്രണത്തോടെയുള്ള പ്രവർത്തന പരിശീലന സെഷനുകൾ സംഘടിപ്പിക്കൽ, അധ്യാപക വിദ്യാഭ്യാസപാഠ്യപദ്ധതിയുടെ പരിഷ്കരണം എന്നിങ്ങനെ നിരവധി നിർദേശങ്ങൾ പഠനം മുന്നോട്ടു വയ്ക്കുന്നു.

ഇന്ത്യയിൽ സവിശേഷവിദ്യാഭ്യാസം അതിന്റെ വികസനവഴികളിലാണ്. അനുയോജ്യമായ പരിഷ്കരണവും ശാസ്ത്രീയമായ പഠനങ്ങളും അവയുടെ ഫലങ്ങളും ഉരുത്തിരിയുന്ന നിർദേശങ്ങളും ഈ രംഗത്ത് ഇനിയും മാറ്റങ്ങൾക്കു വഴിയൊരുക്കുമെന്ന് കരുതാം.

**1.4.3 സംസ്ഥാന തലം**

മാനസിക വൈകല്യമുള്ളവരുടെ വിദ്യാഭ്യാസത്തിനുവേണ്ടി നയരൂപീകരണം നടത്തുവാൻ ഒരുങ്ങുന്ന കേരളത്തിലും ഈ മേഖലയിൽ പഠനങ്ങൾ നടന്നിട്ടുണ്ട്. **'ഡോ.എം. കെ. ജയരാജ് കമ്മീഷൻ'** റിപ്പോർട്ടിൽ (2013) സംയോജിത വിദ്യാഭ്യാസ മേഖലയിലും സവിശേഷ വിദ്യാലയങ്ങളിലും വളരെ കുറച്ചു മാത്രം അവസരങ്ങളും ആനുകൂല്യങ്ങളും കിട്ടിയിട്ടുള്ള ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവരെ സംബന്ധിച്ച കേരളത്തിന്റെ പ്രശ്നങ്ങൾ സമഗ്രമായി പഠനവിധേയമാക്കുന്നുണ്ട്. കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള പ്രദേശങ്ങളിൽ വച്ച് നടത്തിയ തികച്ചും ജനകീയമായ വിവരശേഖരണ പ്രവർത്തനങ്ങളിലൂടെ ബോധ്യപ്പെട്ട യാഥാർഥ്യങ്ങളാണ് ഈ റിപ്പോർട്ടിന് അടിത്തറയായി നിൽക്കുന്നത്. ഈ റിപ്പോർട്ടിൽ ബുദ്ധിപരമായ വെല്ലുവിളികൾ എന്ന അവസ്ഥ സംബന്ധിച്ച അടിസ്ഥാനവിവരങ്ങൾ, വൈകല്യം നേരത്തെ തന്നെ കണ്ടെത്തൽ, പ്രശ്നങ്ങളിൽ ഇടപെടൽ, അവരുടെ വിദ്യാഭ്യാസം, തൊഴിൽ, ഈ വിഭാഗത്തിനായി സംസ്ഥാന തലത്തിൽ പ്രവർത്തിക്കുന്ന ഉന്നതകേന്ദ്രം, സാമൂഹ്യസുരക്ഷ, പുനരധിവാസഗ്രാമം, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എംപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗ്, എൻഡോസൾഫാൻ ബാധിത മേഖലയും വെല്ലുവിളി നേരിടുന്നവരും, ഈ വിഭാഗത്തിന്റെ പുനരധിവാസം സംബന്ധിച്ച ലോകാനുഭവങ്ങളും ഇന്ത്യൻ അവസ്ഥയും, കമ്മിഷൻ ശുപാർശകൾ എന്നിങ്ങനെ പതിനാല് അധ്യായങ്ങളിലായി ഈ മേഖലയിലുള്ളവരുടെ പ്രശ്നങ്ങളും അവയ്ക്കുള്ള പ്രായോഗിക പരിഹാരനിർദേശങ്ങളും സമഗ്രമായി പ്രതിപാദിക്കുന്നു.

റിപ്പോർട്ടിൽ ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരുടെ വിദ്യാഭ്യാസം എന്ന അധ്യായത്തിൽ, ഈ വിഭാഗത്തിൽപ്പെട്ടവരുടെ വിദ്യാഭ്യാസത്തെ സംബന്ധിച്ച സമഗ്രവും സൂക്ഷ്മവുമായ കാഴ്ച്ചപ്പാടുകളും നിർദേശങ്ങളും കമ്മിഷൻ മുന്നോട്ടുവയ്ക്കുന്നുണ്ട്. നിലവിൽ ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർക്കുള്ള വിദ്യാലയങ്ങൾ എല്ലാം തന്നെ നടത്തുന്നത് സ്വകാര്യ സന്നദ്ധസംഘടനകളാണ്. വിദ്യാഭ്യാസ ലക്ഷ്യത്തോടെ ഈ മേഖലയിൽ സർക്കാർ നടത്തുന്ന ഏക സ്ഥാപനം തിരുവനന്തപുരത്ത് പാങ്ങപ്പാറയിൽ സ്ഥിതിചെയ്യുന്ന സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി മെന്റലി ചലഞ്ച്ഡ് (SIMC) ആണ്.

Experimental Version

സംസ്ഥാനത്താകെക്കൂടി ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർക്കായി ഗവൺമെന്റ് അംഗീകാരമുള്ള 275 വിദ്യാലയങ്ങളിൽ ഇരുപതിനായിരത്തോളം കുട്ടികൾ പഠിക്കുന്നുണ്ട്. നിലവിൽ ഈ വിഭാഗത്തിൽ വിവിധ പ്രായത്തിലുള്ളവർ ഏതാണ്ട് നാലുലക്ഷത്തോളം വരും. ഇവരിൽ വളരെ ചെറിയ ശതമാനം മാത്രമാണ് പൊതുവിദ്യാലയങ്ങളിലും സ്പെഷ്യൽ സ്കൂളിലുമായി പഠിക്കുന്നത് എന്നതാണ് യാഥാർഥ്യം. കമ്മീഷൻ സംസ്ഥാനത്തുടനീളം നടത്തിയ കൂടിക്കാഴ്ച്ചകളിൽ ലഭ്യമായ പരാതികളിൽ നിലവിൽ ഇവർക്കായുള്ള വിദ്യാഭ്യാസ സാഹചര്യങ്ങളിൽ തൃപ്തികരമല്ലാത്ത നിരവധി കാര്യങ്ങളുണ്ടെന്നാണ് കണ്ടെത്തിയത്. ഈ വേദികളിലെല്ലാം തന്നെ ഉയർന്നു വന്ന ആകെ പ്രശ്നങ്ങളിൽ ഏതാണ്ട് പകുതിയോളം വിദ്യാഭ്യാസമേഖലയിൽ ഊന്നിയുള്ളതായിരുന്നു. ബുദ്ധിപരമായ വൈകല്യമുള്ളവരിൽപ്പെട്ട വിവിധ വിഭാഗങ്ങളിൽ ഉള്ളവർക്കു കൂടി പ്രയോജനപ്പെടും വിധം നിലവിൽ ഇവർക്കായുള്ള വിദ്യാഭ്യാസ സൗകര്യങ്ങൾ ഉയരുന്നില്ലെന്നും കമ്മിഷൻ കണ്ടെത്തുകയുണ്ടായി. ഇവർക്കായി അനുവദിക്കപ്പെട്ട വിദ്യാഭ്യാസ മേഖലയിലെ സൗജന്യങ്ങളോ പരിരക്ഷകളോ ഒന്നും തന്നെ ആത്യന്തികമായി ഇവർക്കു പ്രയോജനപ്പെടുന്നില്ല എന്നതാണ് കമ്മീഷന്റെ കണ്ടെത്തൽ. അവർക്കുള്ള പദ്ധതികൾ പ്രയോജനപ്രദമാകണമെങ്കിൽ ഈ വിഭാഗത്തെ സവിശേഷമായി സ്വാധീനിക്കുന്ന ഘടകങ്ങൾ തീർച്ചയായും പരിഗണിക്കണം. അങ്ങനെ നോക്കുമ്പോൾ ഇവരുടെ രക്ഷിതാക്കൾ അടങ്ങുന്ന കുടുംബത്തിനുള്ള പരിഗണനയും പരിരക്ഷയും ആണ് പ്രഥമസ്ഥാനത്തു നിൽക്കുന്ന ഘടകം എന്നു കമ്മീഷൻ അഭിപ്രായപ്പെടുന്നു.

Experimental Version

മസ്തിഷ്കത്തിന്റെ പ്രവർത്തനത്തിന് നേരിട്ട വൈകല്യങ്ങൾ ആണ് ഇവരുടെ പ്രശ്നങ്ങൾക്കുള്ള അടിസ്ഥാന കാരണം എന്നുള്ളതുകൊണ്ട് ഈ വിഭാഗത്തിന്റെ ഉന്നമനത്തിനായി ആവിഷ്കരിച്ചു നടപ്പിലാക്കുന്ന ക്ഷേമപദ്ധതികൾ ഇവർക്കു പ്രയോജനപ്പെടാറില്ല. ആസൂത്രിതമായി, സൂക്ഷ്മതയോടെ, ആർജവത്തോടെ ഗവൺമെന്റും, ഏജൻസികളും പൊതുസമൂഹവും ഈ സാമൂഹ്യബാധ്യത ഏറ്റെടുക്കുകയും സാക്ഷാത്കരിക്കുകയും വേണം. പ്രായോഗിക വിദ്യാഭ്യാസവും (Functional Education) വ്യക്ത്യധിഷ്ഠിത വിദ്യാഭ്യാസ പദ്ധതിയും (Individualised Education Plan) ഒരുമിച്ചു ചേർത്ത്, സമൂഹത്തിന്റെ മുഖ്യധാരയിൽ മറ്റാരെയും പോലെ ആത്മാഭിമാനത്തോടെ, സംതൃപ്തിയോടെ ജീവിക്കാൻ കഴിയുന്നവരായി ഇവരെ ഒരുക്കിയെടുക്കേണ്ടത് സമൂഹത്തിന്റെ ചുമതലയാണ്.

2005 മുതൽക്ക്, ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവരുടെ വിദ്യാഭ്യാസം സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലാണ്. ഇവരുടെ വിദ്യാഭ്യാസത്തിൽ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കൂടുതൽ പ്രാധാന്യവും പരിഗണനയും നൽകുന്നതുകൊണ്ടാണ് സാമൂഹ്യക്ഷേമവകുപ്പിൽ നിന്ന് ഈ ചുമതല പൊതുവിദ്യാഭ്യാസ വകുപ്പിലേക്ക് മാറ്റിയത്. എന്നാൽ ഈ നടപടിക്ക് ഒരു തുടർച്ചയുണ്ടെങ്കിൽ മാത്രമേ ഈ മാറ്റം കൊണ്ടുള്ള പ്രയോജനം വിദ്യാഭ്യാസകാര്യത്തിൽ കൂടുതൽ ഫലപ്രദമാകൂ. ഇതിന് മറ്റെല്ലാ ഘടകങ്ങളിലുമെന്നപോലെ പാഠ്യപദ്ധതി രൂപവത്കരണത്തിനും പ്രത്യേക

പ്രാധാന്യം നൽകേണ്ടിയിരിക്കുന്നു.

**'കേരളത്തിലെ ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവർക്കുള്ള സവിശേഷവിദ്യാഭ്യാസ പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ'**എന്തെന്നു കണ്ടെത്താനുള്ള ഒരു പഠനം എസ്.സി. ഇ. ആർ. ടി, കേരള 2013 ൽ നടത്തി റിപ്പോർട്ട് സമർപ്പിച്ചിരുന്നു. എസ്. സി. ഇ. ആർ. ടി-യിലെ ഡോ. മീന എസ്സ്-ന്റെ നേതൃത്വത്തിൽ നടത്തിയ അവസ്ഥാപഠനം ഈ മേഖല ശക്തിപ്പെടുത്തുന്നതിനു ലക്ഷ്യം വച്ചായിരുന്നു മുന്നേറിയത്. ഈ അവസ്ഥാപഠനം ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവർക്കായി ഒരു പാഠ്യപദ്ധതി രൂപീകരിക്കുന്നതു ലക്ഷ്യം വച്ചുകൊണ്ടു നടന്ന ഇന്ത്യയിലെ തന്നെ പ്രഥമ സംരംഭമാണ്. ബുദ്ധിപരമായ വൈകല്യം നേരിടുന്നവരുടെ വിദ്യാഭ്യാസപദ്ധതിയുടെ അവസ്ഥാപഠനത്തിൽ ഈ വിഭാഗം സ്പെഷ്യൽ സ്കൂളുകൾ നേരിടുന്ന പ്രശ്നങ്ങൾ കൂടി സമഗ്രമായി അപഗ്രഥിക്കാൻ ശ്രമിച്ചിരുന്നു. ഈ വിദ്യാലയങ്ങളിലെ ഭൗതികസാഹചര്യങ്ങൾ, പഠനോപകരണങ്ങൾ, പാഠ്യപദ്ധതി, വിനിമയരീതികൾ, പഠനപ്രക്രിയ, മൂല്യനിർണയരീതി, മനുഷ്യവിഭവശേഷിയുടെ ലഭ്യത, തൊഴിൽവിദ്യാഭ്യാസം, ലഭ്യമായ വായനസാമഗ്രികൾ, സൗകര്യങ്ങൾ, പരിഹാരബോധന സാധ്യതകൾ, വിനോദസംവിധാനങ്ങൾ എന്നീ ഘടകങ്ങളിൽ നിലവിലുള്ള സൗകര്യങ്ങളും പരിമിതികളും പഠനവിധേയമാക്കിയിരുന്നു. സ്പെഷ്യൽ സ്കൂളുകളിലെ പ്രധാനാധ്യാപകർ, അധ്യാപകർ, രക്ഷിതാക്കൾ, അനധ്യാപകർ, പൂർവവിദ്യാർഥികൾ, തുടങ്ങിയ വിഭാഗങ്ങളിൽ നിന്ന് ചോദ്യാവലികളിലൂടെയും അഭിമുഖങ്ങളിലൂടെയും ശേഖരിച്ച വിവരങ്ങൾ സമഗ്രമായി വിശകലനവിധേയമാക്കിയതിന്റെ ഫലമായി രൂപപ്പെട്ട കണ്ടെത്തലുകളെ ഇപ്രകാരം സംഗ്രഹിക്കാം.

- നിലവിലുള്ള പാഠ്യപദ്ധതി ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടികൾ സ്വയം പര്യാപ്തരായി ജീവിക്കാനുള്ള നൈപുണി വളർത്താൻ പൂർണമായും സഹായകമല്ല.
- പൊതുപാഠ്യപദ്ധതിയും പ്രായോഗിക വിദ്യാഭ്യാസവും ഉൾപ്പെടുന്ന ഒരു സംയോജിത പാഠ്യപദ്ധതി ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് ഉണ്ടാകണം.
- വ്യക്തമായും സമഗ്രമായും സൂക്ഷ്മമായും നിർവചിക്കപ്പെട്ട ഉദ്ദേശ്യാധിഷ്ഠിതപാഠ്യപദ്ധതി ആയിരിക്കണം അത്.
- പുതിയ പാഠ്യപദ്ധതിപ്രകാരം പ്രത്യേകമായി രൂപകൽപ്പന ചെയ്ത പാഠപുസ്തകങ്ങൾ ഉണ്ടാകണം.
- കാലാനുസൃതമായി നടപ്പാക്കാൻ കഴിയുന്ന അനുയോജ്യമായ നിരന്തര മൂല്യനിർണയ സമ്പ്രദായവും വാർഷിക മൂല്യനിർണയ രീതിയും ഉണ്ടാകണം.
- ഇതര മേഖലകൾക്കു കൊടുക്കുന്ന അതേ പ്രധാന്യം അക്കാദമിക

Experimental Version

വിഷയങ്ങൾക്കും ലഭിക്കണം.

- അധ്യാപകർക്ക് ലളിതവും വ്യക്തവുമായ പാഠാസൂത്രണം തയാറാക്കി പാഠ്യപദ്ധതി വിനിമയം സാധ്യമാക്കാൻ കഴിയണം.
- മൂല്യനിർണയരീതികൾ കൂടുതൽ കാര്യക്ഷമവും നടപ്പാക്കാൻ കഴിയുന്നതുമായിരിക്കണം.

ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവരുടെ പ്രശ്നങ്ങളെക്കുറിച്ച് സമഗ്രമായി പഠിച്ച രണ്ടു റിപ്പോർട്ടുകളും മുന്നോട്ടു വയ്ക്കുന്ന പൊതു നിർദേശങ്ങൾ താഴെ പറയുന്നവയാണ്.

- ബുദ്ധിപരമായ വൈകല്യമുള്ള കുട്ടികൾക്കായി ഒരു പൊതു പാഠ്യപദ്ധതി ഉണ്ടാകണം.
- പാഠ്യപദ്ധതിയുടെ വിനിമയത്തിന് അനുയോജ്യമായ പാഠപുസ്തകങ്ങൾ തയാറാക്കണം.
- അധ്യാപകർക്കായി പാഠാസൂത്രണ മാതൃകകൾ തയാറാക്കണം.
- അധ്യാപകർക്കും അനധ്യാപകർക്കും ആവശ്യമായ പ്രായോഗിക പരിശീലനങ്ങൾ നൽകണം. അതതു കാലങ്ങളിൽ തുടർപരിശീലനങ്ങളും നൽകണം.
- ഈ മേഖലയിലെ വിവിധ വിഭാഗങ്ങളിൽപ്പെട്ട കുട്ടികൾക്ക് അനുയോജ്യമായ പഠനോപകരണങ്ങൾ നൽകണം.
- സമഗ്രവും വഴക്കവുമുള്ള പാഠ്യപദ്ധതിയാകണം ഈ ഭിന്നശേഷി വിഭാഗത്തിനുണ്ടാകേണ്ടത്.

ഏകീകൃതമായ, ആവശ്യാധിഷ്ഠിതമായ പൊതുപാഠ്യപദ്ധതിയുടെ ആവശ്യകതയിലേക്കാണ് ഈ രണ്ടു പഠനറിപ്പോർട്ടുകളും വിരൽ ചൂണ്ടുന്നത്. ബുദ്ധിവൈകല്യം നേരിടുന്ന കുട്ടികൾക്കായി ഏകീകൃതമായ പാഠ്യപദ്ധതി രൂപപ്പെടുത്തുന്നതിന് സ്വീകരിക്കാവുന്ന അനുയോജ്യമായ നിരവധി സമീപനങ്ങളെക്കുറിച്ച് ഉൾക്കാഴ്ചയുണ്ടാക്കുന്നതിനും ഈ പഠനങ്ങൾ സഹായകമായി.



Experimental Version

## 1.5 നിലവിലുള്ള അവസ്ഥ

### 1.5.1 അന്തർദേശീയതലം

ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരുടെ പ്രശ്നങ്ങൾ, വിദ്യാഭ്യാസം, തൊഴിൽ, പുനരധിവാസം തുടങ്ങിയ മേഖലകളിൽ ലോകരാജ്യങ്ങളിലെല്ലാം തന്നെ നിരവധി പഠനങ്ങളും പദ്ധതികളും പ്രവർത്തനങ്ങളും നടന്നുവരുന്നുണ്ട്. ഇവരുടെ പരിരക്ഷ ലോകം പരമപ്രധാനമായി കാണുന്നു, പരിഗണിക്കുന്നു. ഐക്യരാഷ്ട്രസഭയുടെ യുണൈറ്റഡ് നേഷൻസ് കൺവെൻഷൻ ഓൺ ദി റൈറ്റ്സ് ഓഫ് പേഴ്സൺസ് വിത്ത് ഡിസെബിലിറ്റി (UNCRPD -2006) ഉടമ്പടി നിർദേശങ്ങളാണ് എല്ലാ രാജ്യങ്ങളും പിന്തുടരുന്നത്. അമേരിക്കൻ ഐക്യനാടുകളിൽ ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരുടെ വിദ്യാഭ്യാസ - പുനരധിവാസ പ്രവർത്തനങ്ങളിൽ അനുകരണീയവും പുരോഗമനപരവുമായ നിരവധി മാതൃകകൾ കാണാം. അവിടെ ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർക്കുള്ള എല്ലാ സേവനങ്ങളും സൗജന്യമാണ്. ഈ സേവനങ്ങളിലും പദ്ധതികളിലും ഇത്തരം കുട്ടികളുടെ രക്ഷിതാക്കളുടെ പൂർണപങ്കാളിത്തം അവർ ഉറപ്പുവരുത്തുന്നു. ഓരോ പദ്ധതിക്കും പരിപാടിക്കും സമഗ്രവും സമ്പൂർണവുമായ രേഖകൾ തയാറാക്കി സൂക്ഷിക്കുന്നതിലും അവർ നിഷ്ക്കർഷ പുലർത്തുന്നു. മൃദു- മിത വൈകല്യങ്ങൾ ഉള്ളവർക്ക് ജോലി ലഭ്യമാക്കുന്നതിലും മുൻഗണന നൽകുന്നതിനും ആ രാജ്യത്തെ പബ്ലിക് ലോ ആക്ട് അനുശാസിക്കുന്നു.

മലേഷ്യയിലും ദക്ഷിണകൊറിയയിലും ജപ്പാനിലും ബുദ്ധിപരമായ വൈകല്യം ഉള്ളവർക്ക് നൽകുന്ന സേവനങ്ങളും മികച്ചവ തന്നെയാണ്. കുട്ടികളിലുള്ള വൈകല്യങ്ങൾ ചെറുപ്പത്തിലേ തന്നെ കണ്ടെത്തി വിദഗ്ധരുടെ സേവനങ്ങൾ ഉറപ്പു വരുത്തുന്നതിന് ഈ രാജ്യങ്ങൾ സവിശേഷമായ പ്രാധാന്യം നൽകുന്നു. ഈ രാജ്യങ്ങളിൽ ആരോഗ്യ വകുപ്പ് ബുദ്ധിപരമായ വെല്ലുവിളികൾ ഉള്ളവരുടെ മേഖലയിൽ ചെയ്യുന്ന സേവനം അസാധാരണം തന്നെയാണ്. ബുദ്ധിപരമായ വൈകല്യം ബാധിച്ച കുട്ടികളുടെ മാതാപിതാക്കൾക്ക്, തങ്ങളുടെ മക്കൾ ഒരു ബാധ്യതയായി അനുഭവപ്പെടാതിരിക്കാനുള്ള ശ്രദ്ധയും സൂക്ഷ്മതയും ഈ രാജ്യങ്ങൾ പ്രധാന ഉത്തരവാദിത്വമായി കാണുന്നു. ഈ മേഖലയിൽ പ്രവർത്തിക്കുന്ന പരിശീലകർക്കും അധ്യാപകർക്കും വളരെ നല്ല നിലയിലുള്ള സാമൂഹിക പരിഗണനയും ഈ രാജ്യങ്ങൾ ഉറപ്പുവരുത്തുന്നു.

ഇംഗ്ലണ്ടിൽ, ബുദ്ധിപരമായ വൈകല്യം നേരിടുന്നവർക്കും അവരുടെ കുടുംബത്തിനും എല്ലാവിധ സുരക്ഷിതത്വവും നൽകുന്നതിൽ ആ രാജ്യം അതീവ ജാഗ്രത പുലർത്തുന്നു. ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന ഒരു കുട്ടിയുടെ രക്ഷിതാവിന് സാമൂഹ്യമോ സാമ്പത്തികമോ ആയ യാതൊരുവിധ സമ്മർദങ്ങൾക്കും ഇടനൽകുന്നില്ല എന്നു മാത്രമല്ല, സാമൂഹ്യമായി അധികപരിഗണനയും ബഹുമതിയും നൽകി ഉയർത്തുകയും ചെയ്യുന്നു. ബുദ്ധിപരമായി വൈകല്യമുള്ള കുട്ടികൾ ജനിക്കുന്ന കുടുംബങ്ങൾ നേരിടുന്ന

Experimental Version

മാനസിക സംഘർഷങ്ങൾ ഇല്ലാതാക്കുന്നതിന് അവർക്ക് സാമൂഹ്യസുരക്ഷിതത്വം ഉറപ്പുവരുത്തി സംതൃപ്തമായ ജീവിതത്തിലേക്ക് ഉയർത്തുകയാണ് ഈ രാജ്യങ്ങളെല്ലാം ചെയ്യുന്നത് എന്നു വ്യക്തമാണ്.

**1.5.2 ദേശീയതലം**

ഇന്ത്യയിൽ ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവരുടെ രംഗത്തെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുകയും വിലയിരുത്തുകയും ചെയ്യുന്ന പ്രധാന സ്ഥാപനം റിഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യയാണ് (Rehabilitation Council of India-RCI). ഇത് കേന്ദ്രസാമൂഹ്യനീതി മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഒരു സ്റ്റാറ്റ്യൂട്ടറി ബോഡിയാണ്. അധ്യാപക പരിശീലന കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും നിയന്ത്രിക്കുകയും ഗവേഷണങ്ങൾ പ്രോൽസാഹിപ്പിക്കുകയും റിഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യയുടെ പ്രധാനപ്പെട്ട ലക്ഷ്യങ്ങളാണ്. അധ്യാപകരുടെ അറിവുകൾ വർധിപ്പിക്കുന്നതിനും കാലോചിതമായ അറിവുകൾ നേടുന്നതിനും സഹായിക്കുന്ന പരിശീലനപരിപാടികൾ വിവിധ ഏജൻസികളുടെ സഹായത്തോടെ റിഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യ നടത്തിവരുന്നു.

മറ്റു വികലാംഗ വിഭാഗങ്ങൾക്കുള്ളതുപോലെ ഈ വിഭാഗത്തിനുവേണ്ടിയുള്ള സ്ഥാപനമാണ് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി മെന്റലി ഹാന്റീക്യാപ്ഡ്, സെക്കന്തരാബാദ് (എൻ.ഐ.എം.എച്ച്.). ഈ രംഗത്തെ പഠന ഗവേഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുകയും നൂതനമായ അറിവുകൾ മറ്റുള്ളവരിലേക്ക് എത്തിക്കുകയും ചെയ്യുന്ന ജോലിയാണ് ഈ സ്ഥാപനത്തിനുള്ളത്. കേന്ദ്ര സാമൂഹ്യനീതി മന്ത്രാലയത്തിന്റെ കീഴിലാണ് ഈ സ്ഥാപനം പ്രവർത്തിക്കുന്നത്.

പഠന പ്രവർത്തനങ്ങൾക്ക് പ്രധാനമായും മൂന്നു ചെക്കുലിസ്റ്റുകളാണ് ഉപയോഗിക്കുന്നത്.

1 മദ്രാസ് ഡെവലപ്പ്മെന്റൽ പ്രോഗ്രാമിംഗ് സിസ്റ്റം (MDPS). ഇത് ഇന്ത്യയിലെ തന്നെ ആദ്യത്തെ ചെക്ക്ലിസ്റ്റ് ആണ്.

2 ബിഹേവിയറൽ അസസ്മെന്റ് സ്കെയിൽ ഫോർ ഇന്ത്യൻ ചിൽഡ്രൺ വിത്ത് മെന്റൽ റിട്ടാർഡേഷൻ (BASIC MR).

3. ഫങ്ഷണൽ അസസ്മെന്റ് ചെക്ക്ലിസ്റ്റ് ഫോർ പ്രോഗ്രാമിംഗ് (FACP) എന്നിവയാണ് ആ ചെക്ക്ലിസ്റ്റുകൾ.

ഇന്ത്യയിൽ വിവിധ വെല്ലുവിളി നേരിടുന്നവരുടെ വിദ്യാഭ്യാസവുമായി ബന്ധപ്പെടുത്തി നിരവധി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. അവയിൽ ചിലത് ചുവടെ ചേർക്കുന്നു.

**നാഷണൽ ഇൻസ്റ്റിറ്റ്യൂട്ടുകൾ**

1. National Institute for the Visually Handicapped, Uttaranchal
2. Ali Yavar Jung National Institute for the Hearing Handicapped,Mumbai

Experimental Version

3. National Institute for the Orthopaedically Handicapped, Kolkata

4. National Institute for the Mentally Handicapped, Secundarabad, A.P

5. Swami Vivekananda National Institute of Rehabilitation Training and Research, Orissa.

6. The Institute for the Physically Handicapped, New Delhi.

7. National Institute for Empowerment of Persons with Multiple Disabilities,Tamil Nadu.

ഇവ ഓരോന്നിനെ സംബന്ധിച്ചും ചില വിശദാംശങ്ങൾ പരിശോധിക്കാം.

## 1. National Institute for the Visually Handicapped, Uttaranchal

Experimental Version

1979–ൽ ഡറാഡൂണിൽ ആരംഭിച്ച ഈ സ്ഥാപനം കാഴ്ചയിൽ വെല്ലുവിളി നേരിടുന്നവരുടെ ദേശീയ കേന്ദ്രമാണ്. ഇതൊരു സ്വയംഭരണ സ്ഥാപനമായാണ് പ്രവർത്തിക്കുന്നത്.

NIVH ന്റെ പ്രധാന ലക്ഷ്യങ്ങൾ

- കാഴ്ചവെല്ലുവിളിയുമായി ബന്ധപ്പെട്ട ഗവേഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുക.
- ഈ രംഗത്തുള്ളവർക്ക് ആവശ്യമായ പരിശീലനം നൽകുന്നതിന് നേതൃത്വം നൽകുക.
- പുനരധിവാസത്തിനോ, വിദ്യാഭ്യാസത്തിനോ, തെറാപ്പിക്കോ ആവശ്യമായ സഹായ ഉപകരണങ്ങൾ രൂപകൽപ്പന ചെയ്യുന്നത് പ്രോത്സാഹിപ്പിക്കുക.

## 2. Ali Yavar Jung National Institute for the Hearing Handicapped, Mumbai

കേന്ദ്രഗവൺമെന്റിന്റെ പ്രത്യേക താല്പര്യത്തിൽ 1983–ൽ മുംബൈയിൽ ഈ സ്ഥാപനം നിലവിൽ വന്നു. ഈ സ്ഥാപനം മുൻ ഗവർണറും മനുഷ്യസ്നേഹിയും വിദ്യാഭ്യാസ പ്രവർത്തകനുമായ അലിയാവർ ജങ്ങിന്റെ പേരിലാണ് അറിയപ്പെടുന്നത്. ഈ രംഗത്തെ ഒരു ഉന്നതതല കേന്ദ്രമായാണ് ഈ സ്ഥാപനം അറിയപ്പെടുന്നത്.

ഈ സ്ഥാപനത്തിന്റെ പ്രധാനലക്ഷ്യങ്ങൾ

- വിവിധ കോഴ്സുകളിലൂടെ മാനവവിഭവശേഷി വികസനത്തിന് പ്രാധാന്യം നൽകുക. അതിലൂടെ എല്ലാവർക്കും സേവനം ലഭിക്കുന്നതിന് അവസരം ഒരുക്കുക.
- സമൂഹത്തിന്റെ പങ്കാളിത്തത്തോടെ ഗവേഷണങ്ങൾ നടത്തുക.
- പരിശീലനത്തിനും വിദ്യാഭ്യാസത്തിനും clinical ആയ ആവശ്യങ്ങൾക്കുമുള്ള ഉപകരണങ്ങൾ വികസിപ്പിച്ചെടുക്കുന്നത് പ്രോത്സാഹിപ്പിക്കുക.

### 3. National Institute for the Orthopaedically Handicapped, Kolkata

ചലനപരമായ വെല്ലുവിളി മൂലം ചലനത്തിനും, പേശികളുടെ ഏകോപനത്തിനും പ്രയാസം അനുഭവിക്കുന്ന കുട്ടികളും മുതിർന്നവരുമായ വളരെയധികം പേരു ണ്ട്. ഇത്തരം ബുദ്ധിമുട്ടുകൾ നേരിടുന്നവരെ സഹായിക്കുന്നതിനായി 1982-ൽ കൊൽക്കത്തയിൽ സ്ഥാപിതമായ ഒരു സ്വയംഭരണസ്ഥാപനമാണ് National Institute for the Orthopaedically Handicapped.

**ഈ സ്ഥാപനത്തിന്റെ പ്രധാനലക്ഷ്യങ്ങൾ**

- ചലനപരമായ വെല്ലുവിളി നേരിടുന്നവർക്ക് വേണ്ടി പ്രത്യേകമായ സഹായ ങ്ങൾ നൽകുക.
- ചലനപരമായ വെല്ലുവിളി നേരിടുന്നവർക്ക് സഹായം ലഭ്യമാക്കുന്നതിന് വേണ്ട മാനവവിഭവശേഷി വികസിപ്പിക്കുക.
- എല്ലാത്തരത്തിലുമുള്ള ഗവേഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുക
- സർക്കാരിനും സർക്കാരിതര സ്ഥാപനങ്ങൾക്കും പുനരധിവാസത്തെസം ബന്ധിച്ച് consultancy ആയി പ്രവർത്തിക്കുക.

### 4. National Institute for the Mentally Handicapped, Secundrabad, A.P.

കേന്ദ്രസാമൂഹ്യനീതി മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഒരു സ്വയംഭ രണ സ്ഥാപനമാണ് ഇത്. 1984-ൽ ആണ് ഇത് സ്ഥാപിച്ചത്.

NIMH-ന്റെ പ്രധാന ലക്ഷ്യങ്ങൾ

- ഇന്ത്യൻ സാഹചര്യത്തിന് അനുയോജ്യമായ പുനരധിവാസസംരക്ഷണ മാതൃകകൾ നിർമ്മിക്കുക.
- ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന എല്ലാവർക്കും സേവനം ലഭിക്കു ന്നതിനാവശ്യമായ മാനവവിഭവശേഷി വികസിപ്പിക്കുക
- ഈ മേഖലയിലെ പുതിയ അറിവുകൾ മറ്റുള്ളവർക്കു ലഭ്യമാക്കുന്ന കേന്ദ്ര മായി പ്രവർത്തിക്കുക.
- രാജ്യത്തെ ബുദ്ധിപരമായ വെല്ലുവിളിയുടെ കാരണങ്ങളും അതിന്റെ സാമൂ ഹിക സാമ്പത്തിക ഘടകങ്ങളും, ഗ്രാമ-നഗര വ്യത്യാസങ്ങളും, അതിന്റെ വ്യാപ്തിയുമൊക്കെ മനസ്സിലാക്കുന്നതിന് ആവശ്യമായ വിവരം ശേഖരി ക്കുക.
- രാജ്യത്ത് ഇത്തരക്കാർക്കുവേണ്ടി ഗുണപരമായ സേവനം ലഭ്യമാക്കുന്നതിനെ പ്രോത്സാഹിപ്പിക്കുക..

### 5. Swami Vivekananda National Institute of Rehabilitiation Training and Research. (NIRTAR) (കട്ടക്), Orissa

കേന്ദ്ര സാമൂഹ്യനീതി മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഒരു സ്വയംഭ രണ സ്ഥാപനമാണ് NIRTAR.

ഈ സ്ഥാപനത്തിന്റെ പ്രവർത്തന ലക്ഷ്യങ്ങൾ താഴെപ്പറയുന്നു.

Experimental Version

- കൃത്രിമ അവയവ നിർമ്മാണം പ്രോത്സാഹിപ്പിക്കുക
- ശാരീരിക വൈകല്യമുള്ളവരെ പുനരധിവസിപ്പിക്കുന്നതിന് ആവശ്യമായ വിദഗ്ധർക്ക് (ഡോക്ടർ, എഞ്ചിനീയർ, ഫിസിയോതെറാപിസ്റ്റ് ....................) പരിശീലനം നൽകുക.
- ശാരീരിക വൈകല്യമുള്ളവർക്ക് തൊഴിൽപരിശീലനം നൽകുകയും തൊഴിൽ കണ്ടെത്തി നൽകുകയും ചെയ്യുന്നത് പ്രോത്സാഹിപ്പിക്കുക.
- ഇന്ത്യയിലും വിദേശത്തും നിന്ന് ഇതുമായി ബന്ധപ്പെട്ട അറിവുകൾ ശേഖരിക്കുകയും കൈമാറുകയും ചെയ്യുക.
- ശാരീരിക വൈകല്യമുള്ളവരുടെ പുനരധിവാസത്തിന് ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുക.

## 6. The Institute for the Physically Handicapped (IPH), New Delhi

1976-ൽ നിലവിൽ വന്ന ഈ സ്ഥാപനം ശാരീരിക വൈകല്യമുള്ളവർക്ക് സേവനം ലഭിക്കുന്നതിന് വേണ്ടി സ്ഥാപിച്ചതാണ്. ശാരീരിക വൈകല്യമുള്ളവരുടെ മനുഷ്യവിഭവശേഷി വളർത്തുന്നതിന് മുൻഗണന നൽകുന്ന ഒരു സ്ഥാപനമാണ് ഇത്.

ഈ സ്ഥാപനത്തിന്റെ പ്രധാനലക്ഷ്യങ്ങൾ

- മൂന്നരവർഷം ദൈർഘ്യമുള്ള ഫിസിയോ തെറാപ്പി, ഓക്കുപേഷണൽ തെറാപ്പി കോഴ്സുകൾ നടത്തുക
- ശാരീരിക വൈകല്യവുമായി ബന്ധപ്പെട്ട ഡിപ്ലോമ കോഴ്സുകൾ നടത്തുക.
- ശാരീരിക വൈകല്യമുള്ളവർക്ക് വേണ്ട സഹായ ഉപകരണങ്ങൾ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട വർക്ക്ഷോപ്പുകൾ നടത്തുക

## 7. National Institute for the Empowerment of Persons with Multiple Disabilities, Tamilnadu

ബഹുവൈകല്യമുള്ളവർ - അതായത് സെറിബ്രൽ പാൾസിയും ഓട്ടിസവും ഉള്ളവർ, കാഴ്ച വൈകല്യവുമുള്ളവർ, കാഴ്ചവൈകല്യവും ബുദ്ധിപരമായ വെല്ലുവിളിയും നേരിടുന്നവർ, കേൾവി തകരാറും ബുദ്ധിപരമായ വെല്ലുവിളിയും നേരിടുന്നവർ, തുടങ്ങിയുള്ളവർക്ക് സേവനം ലഭ്യമാക്കുന്ന സ്ഥാപനമാണിത്. ബുദ്ധിപരമായ വെല്ലുവിളിയും 1995-ലെ വികലാംഗനിയമത്തിൽ പറഞ്ഞിരിക്കുന്ന ഏതുതരം വൈകല്യവും ഉള്ളവർക്ക് സേവനങ്ങൾ ലഭ്യമാക്കുന്നതിന് ഈ സ്ഥാപനം പ്രതിജ്ഞാബദ്ധമാണ്.

ഈ സ്ഥാപനത്തിന്റെ പ്രധാനലക്ഷ്യങ്ങൾ

- ബഹുവൈകല്യമുള്ളവരുടെ പുനരധിവാസം, പരിശീലനം, വിദ്യാഭ്യാസം, തൊഴിൽ, സാമൂഹിക വികസനം എന്നിവയ്ക്ക് ആവശ്യമായ മാനവവിഭവശേഷി വികസിപ്പിക്കുക
- ബഹുവൈകല്യമുള്ള വ്യക്തികൾക്കും ഗ്രൂപ്പുകൾക്കും ആവശ്യമായ എല്ലാ തലത്തിലുമുള്ള ഗവേഷണങ്ങൾ പ്രോത്സാഹിപ്പിക്കുക.

Experimental Version

- സമൂഹത്തെ ശാക്തീകരിച്ച് ബഹുവൈകല്യമുള്ളവരെ മുൻനിരയിലേക്ക് കൊണ്ടുവരുക.
- ബന്ധപ്പെട്ട രംഗത്തെ അറിവുകൾ ശേഖരിക്കുകയും മറ്റുള്ളവർക്ക് പകർന്നു നൽകുകയും ചെയ്യുക.

**1.5.3 സംസ്ഥാനതലം**

വിദ്യാഭ്യാസ ഡയറക്ടറർ ഓഫീസിലെ സ്ഥിതിവിവരകണക്കുപ്രകാരം ബുദ്ധിപരമായി വെല്ലുവിളി നേരിടുന്ന കുട്ടികൾക്കായി 240 സ്പെഷ്യൽ സ്കൂളുകൾ കേരളത്തിൽ പ്രവർത്തിക്കുന്നു( 2013 ലെ കണക്ക്). എല്ലാസ്ഥാപനങ്ങളിലും കൂടി ഏകദേശം 20000 – ത്തോളം കുട്ടികൾ പഠിക്കുന്നതായി കണക്കാക്കപ്പെടുന്നു. ജില്ല തിരിച്ചുള്ള സ്കൂളുകളുടെ എണ്ണവും കുട്ടികളുടെ എണ്ണവും ചുവടെ നൽകുന്നു.

| ജില്ല | സ്കൂളുകളുടെ എണ്ണം | കുട്ടികളുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | 22 | 1429 |
| കൊല്ലം | 12 | 712 |
| പത്തനംതിട്ട | 9 | 535 |
| ആലപ്പുഴ | 15 | 866 |
| കോട്ടയം | 26 | 1865 |
| ഇടുക്കി | 8 | 679 |
| എറണാകുളം | 42 | 2676 |
| തൃശ്ശൂർ | 20 | 1748 |
| പാലക്കാട് | 7 | 559 |
| മലപ്പുറം | 22 | 1493 |
| കോഴിക്കോട് | 21 | 1480 |
| വയനാട് | 7 | 435 |
| കണ്ണൂർ | 23 | 1347 |
| കാസർഗോഡ് | 6 | 260 |
| **ആകെ** | 240 | 16084 |

ഇതിൽ അമ്പത്തിനാലോളം സ്കൂളുകൾക്ക് കേന്ദ്രധനസഹായം ലഭിക്കുന്നുണ്ട്. സംസ്ഥാന ഗവൺമെന്റിന്റെ ഒരിക്കൽ മാത്രം നൽകുന്ന ധനസഹായമായ പത്തു കോടി രൂപയുടെ വിഹിതം മാത്രമേ മറ്റു സ്കൂളുകൾക്ക് ലഭിക്കുന്നുള്ളൂ. സംസ്ഥാന ഗവൺമെന്റ് നൽകുന്ന മൂന്നരക്കോടി രൂപയുടെ പ്രത്യേക ധനസഹായവും ഈ സ്കൂളുകൾക്ക് ലഭിക്കുന്നു.

ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവരുടെ വിദ്യാഭ്യാസരംഗത്തെ ആദ്യ സർക്കാർ സ്ഥാപനമാണ് തിരുവനന്തപുരം ജില്ലയിലെ പാങ്ങപ്പാറയിലുള്ള സി.എച്ച്.മുഹമ്മദ്കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെന്റലി ചലഞ്ച്ഡ്. ഈ രംഗത്തെ വിവിധ പ്രവർത്തനങ്ങളിലൂടെ ഇത്തരം കുട്ടികളെയും അവരുടെ രക്ഷാ

കർത്താക്കളെയും കൈപിടിച്ചുയർത്താൻ ഈ സ്ഥാപനത്തിനു കഴിഞ്ഞിട്ടുണ്ട്. കേരളത്തിലുടനീളം SIMC യുടെ സാമ്പത്തിക സഹായത്തോടെയും മറ്റു NGO കളുടെ സഹകരണത്തോടെയും രക്ഷാകർതൃബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നുണ്ട്. ഈ ക്ലാസ്സുകൾ രക്ഷകർത്താക്കൾക്ക് പുതിയ ദിശാബോധം നൽകാൻ സഹായകമാകുന്നു. SIMC യുടെ നേതൃത്വത്തിൽ നടത്തുന്ന ബോധ വൽക്കരണ പരിപാടികളും, ക്യാമ്പുകളും, അംഗൻവാടി കേന്ദ്രീകരിച്ചുള്ള ബോധ വൽക്കരണ പരിപാടികളും തെറ്റായ അറിവുകൾ മാറ്റിയെടുക്കാനും സംശയങ്ങൾ ദൂരീകരിക്കാനും സഹായകരമാണ്. SIMC യുടെ നേതൃത്വത്തിൽ നടത്തുന്ന സർവെ കളിലൂടെ സേവനം വേണ്ടത്ര എത്താത്ത കേരളത്തിലെ പല സ്ഥലങ്ങളും ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെടുത്താനും സേവനങ്ങളും സൗകര്യങ്ങളും എത്തി ക്കാനും കഴിഞ്ഞിട്ടുണ്ട്.

തൊഴിൽ പരിശീലനത്തിലൂടെയും തൊഴിൽ കണ്ടെത്തി നൽകുന്നതിലൂടെയും ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരാനും സ്വന്തമായി ജീവിക്കാൻ പര്യാപ്തരായ വ്യക്തികളാക്കി മാറ്റാനും കഴിഞ്ഞു എന്നത് ശ്രദ്ധേയമായ നേട്ടമാണ്.

Experimental Version

### 1.5 .4. നിലവിലെ പഠനരീതി

കേരളത്തിൽ ഇന്ന് നിലനിൽക്കുന്ന പഠനരീതി check list അടിസ്ഥാനമാക്കി യിട്ടുള്ളതാണ്. ഒരു കുട്ടി സ്കൂളിൽ എത്തുമ്പോൾ തന്നെ check list വച്ച് ആ കുട്ടി യുടെ അപ്പോഴുള്ള കഴിവുകൾ വിലയിരുത്തുകയും കണ്ടെത്തിയ കഴിവിന്റെ അടി സ്ഥാനത്തിൽ ഇനി നേടിയെടുക്കേണ്ട കഴിവുകൾ ഏതൊക്കെ എന്ന് തീരുമാനി ക്കുകയും ചെയ്യുന്നു. ഓരോ കുട്ടിയുടെയും സാമൂഹിക സാമ്പത്തിക ചുറ്റുപാട് കൂടി കണക്കിലെടുത്താണ് കുട്ടി ആർജിക്കേണ്ട കഴിവുകൾ കണ്ടെത്തുന്നത്. അതിൽത്തന്നെ ഏറ്റവും മുൻഗണന കൊടുക്കേണ്ടവ മനസ്സിലാക്കി അവയായി രിക്കും ആദ്യം പഠിപ്പിക്കുക.. (eg. പല്ലുതേയ്ക്കാനോ, toilet-ൽ പോകാനോ അറി യാത്ത കുട്ടിയെ പേരെഴുതാൻ പഠിപ്പിക്കുകയല്ലല്ലോ പ്രധാനം) കുട്ടിയെ പഠിപ്പി ക്കാൻ തീരുമാനിക്കുന്ന കഴിവുകൾക്കനുസരിച്ച് പഠനോപകരണങ്ങളും പഠനത ന്ത്രവും, കൃത്യമായ സമയവുമൊക്കെ തീരുമാനിച്ച് ആയിരിക്കും പഠനപ്രവർത്തനം ആരംഭിക്കേണ്ടത്. വ്യക്തിഗത പഠനമാണോ, സംഘപഠനമാണോ സ്വീകരിക്കേ ണ്ടതെന്നും തീരുമാനിക്കേണ്ടതുണ്ട്. ഒരു കുട്ടി മാത്രമായി ആർജിക്കേണ്ട കഴി വാണെങ്കിലും കൂടുതൽ പരിശീലനം ആവശ്യമുള്ളതാണെങ്കിലും വ്യക്തിഗത പരി ശീലനമായിരിക്കും തിരഞ്ഞെടുക്കുന്നത്. ക്ലാസ്സിലുള്ള ഭൂരിപക്ഷം കുട്ടികളുടെ കഴിവിനനുസരിച്ചുള്ള പ്രവർത്തനമാണെങ്കിൽ ഒരുമിച്ചു പഠിപ്പിക്കുവാൻ കഴിയു ന്ന പ്രവർത്തനങ്ങൾക്ക് സംഘബോധനം ആയിരിക്കും അഭികാമ്യം.

സ്കൂളിൽ എത്തുന്ന സമയത്തും അതുകഴിഞ്ഞുള്ള ഓരോ മൂന്നുമാസവും കുട്ടി യുടെ കഴിവുകൾ വിലയിരുത്തുകയും ആർജിച്ച കഴിവുകൾക്കനുസരിച്ച് പുതിയവ ആർജിക്കുന്നതിനുള്ള പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും ചെയ്യുന്നു.

ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടികളുടെ പഠനം ഗുണമേന്മയുള്ളതാ

ക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. വികസിത രാജ്യങ്ങളിലും മറ്റും നിലവിലുള്ളതുപോലെ ശാസ്ത്രീയവും പ്രായോഗികവുമായ ഒരു പഠനസമ്പ്രദായം രൂപപ്പെടുത്തി ഈ കുട്ടികളെ സ്വന്തം കാലിൽ നിൽക്കാൻ പ്രാപ്തരാക്കേണ്ടതുണ്ട്. അതിനുള്ള കൂട്ടായ ശ്രമങ്ങൾ അത്യന്താപേക്ഷിതമാണ്.

**1.5 .5. നിലവിലെ അധ്യാപകർ, മറ്റ് ജീവനക്കാർ**

2013 – ലെ ലഭ്യമായ കണക്ക് പ്രകാരം സംസ്ഥാനത്ത് 240 – ഓളം സ്പെഷ്യൽ സ്കൂളുകൾ ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവർക്കായി പ്രവർത്തിക്കുന്നുണ്ട്. എന്നാൽ അംഗീകാരം കൂടാതെ പ്രവർത്തിക്കുന്ന ഒട്ടനവധി സ്ഥാപനങ്ങൾ വേറെയും ഉണ്ട് എന്നാണ് മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളത്. നിലവിലുള്ള അംഗീകൃത സ്ഥാപനങ്ങളിൽ ഏകദേശം 560 ഓളം അധ്യാപകരും ആയിരത്തിനടുത്ത് അനധ്യാപകരും പ്രവർത്തിക്കുന്നുണ്ട് എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

അധ്യാപകരിൽ ഭൂരിഭാഗവും ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടികളുടെ പഠനത്തിലും ബോധനത്തിലും പ്രത്യേക പരിശീലനം നേടിയവരാണ്. എന്നാൽ അവർക്ക് ആവശ്യമായ ഇൻസർവീസ് പരിശീലനങ്ങളോ പിന്തുണയോ നൽകുന്നയാതൊരു സംവിധാനവും നിലവിലില്ല. പാങ്ങപ്പാറയിൽ പ്രവർത്തിക്കുന്ന SIMC ഒഴികെയുള്ള മറ്റെല്ലാ സ്ഥാപനങ്ങളും അൺഎയിഡഡ് മേഖലയിൽ പ്രവർത്തിക്കുന്നു എന്നത് ഈ കുട്ടികളുടെ പഠനത്തെ ഗൗരവപൂർവം കണ്ടിട്ടില്ല എന്നതിന്റെ മകുടോദാഹരണമാണ്.

ആയതുകൊണ്ടു തന്നെ നിലവിലെ അധ്യാപകരുടെ സേവന വേതന വ്യവസ്ഥകൾ പരിമിതമാണ്. തുച്ഛമായ ശമ്പളം പറ്റിക്കൊണ്ട് ഈ കുട്ടികളുടെ വിദ്യാഭ്യാസം കാര്യക്ഷമമാക്കുന്നതിനുവേണ്ടിയുള്ള പരിശ്രമത്തിലാണ് നിലവിലുള്ള അധ്യാപകർ.

ഇവരുടെ ഈ അവസ്ഥയ്ക്ക് പരിഹാരം കാണേണ്ടത് അത്യന്താപേക്ഷിതമാണ്. നിലവിൽ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങളെ എയിഡഡ് പദവിയിലേക്ക് ഉയർത്തിക്കൊണ്ട് ആവശ്യമായ പിന്തുണ നൽകുന്നത് ഈ കുട്ടികൾക്ക് നൽകുന്ന ഏറ്റവും മഹത്തായ ഒരു പിന്തുണയായിരിക്കും.

അധ്യാപകർക്കു പുറമേ സഹായികളായും, ആരോഗ്യപ്രവർത്തകരായും, തെറാപ്പിസ്റ്റുകളായും ഒട്ടേറെപ്പേർ ഈ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നുണ്ട്. അവരുടെ യോഗ്യത സംബന്ധിച്ചും, സേവനവേതന വ്യവസ്ഥകൾ സംബന്ധിച്ചും പരിശീലനം സംബന്ധിച്ചും സ്ഥാപനങ്ങൾ തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നുണ്ട്. ഇക്കാര്യങ്ങൾക്കും പരിഹാരം അത്യന്താപേക്ഷിതമാണ്. തുച്ഛമായ വേതനം പറ്റുന്ന ഇക്കൂട്ടരും അസ്വസ്ഥരാണ്.

പൊതുവിൽ ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന സ്കൂളുകളിലെ ജീവനക്കാർക്ക് അർഹമായ അംഗീകാരം നൽകിയും സേവന വേതന വ്യവസ്ഥകൾ രൂപീകരിച്ചും ഇത്തരം സ്കൂളുകളിലെ പഠനം ഗുണമേന്മയുള്ളതാക്കി മാറ്റുന്നതിന് അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്.

Experimental Version

# വിവിധതരം ബുദ്ധിപരമായ വെല്ലുവിളികൾ

അധ്യായം 2

## 2.1 ആമുഖം

ഇന്ത്യൻ ഭരണഘടന പൗരന് ഉറപ്പു നൽകുന്ന മൗലികാവകാശങ്ങളിൽ പ്രധാന പ്പെട്ടതാണ് 'വിദ്യാഭ്യാസത്തിനുള്ള അവകാശം' (RTE 2009). ബുദ്ധിപരമായ വെല്ലു വിളികൾ നേരിടുന്നവർക്ക് അനുയോജ്യമായ വിദ്യാഭ്യാസ സാഹചര്യങ്ങളും അവ സരങ്ങളും ലഭ്യമാക്കുന്നതിൽ കേരളം പിന്നിലാണെന്ന് ഡോ. എം.കെ. ജയരാജ് കമ്മീഷൻ റിപ്പോർട്ട് (2012 – 13)സൂചിപ്പിക്കുന്നു. ഇതിന് കാരണമായി ചില വസ്തു തകൾ കമ്മീഷൻ ചൂണ്ടിക്കാണിക്കുന്നു.

- ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവരുടെ പ്രശ്നങ്ങളെക്കുറിച്ച് പൊതു വെയുള്ള ധാരണക്കുറവ്.
- 'ബുദ്ധിപരമായ വെല്ലുവിളി' എന്ന അവസ്ഥയ്ക്കുള്ള കാരണങ്ങളെക്കുറിച്ച് പുലർത്തിപ്പോരുന്ന അജ്ഞതയും മിഥ്യാധാരണകളും.
- നേരത്തെ തന്നെ ഇത്തരം അവസ്ഥകൾ തിരിച്ചറിഞ്ഞ് ശാസ്ത്രീയ പരിശീ ലന രീതികൾ ലഭ്യമാക്കാത്തത്.
- കുട്ടികളുടെ സമഗ്രവികസനത്തിനുതകുന്ന പാഠ്യപദ്ധതി, പഠനരീതി, പഠ നകേന്ദ്രം എന്നിവയുടെ അഭാവം.

അതുകൊണ്ട് തന്നെ ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന ഓരോ വിഭാഗത്തിനും അതിൽത്തന്നെ ഓരോ കുട്ടിക്കും അനുയോജ്യമായ സവിശേഷ പാഠ്യപദ്ധതി തയാ റാക്കി കുട്ടികളുടെ വിദ്യാഭ്യാസം, പരിശീലനം, തെറാപ്പി മറ്റ് സഹായക സംവിധാ നങ്ങൾ എന്നിവ ഉറപ്പാക്കേണ്ടത് സാമൂഹ്യ ബാധ്യതയാണെന്ന് കമ്മീഷൻ ചൂണ്ടി ക്കാണിക്കുന്നു.

## 2.2. വിവിധതരം ബുദ്ധിപരമായ വെല്ലുവിളികൾ

മസ്തിഷ്ക കോശങ്ങളായ ന്യൂറോണുകളുടെ അസാധാരണമോ അസ്വാഭാവികമോ ആയ അവസ്ഥ, ക്ഷതം ഇവ കാരണമായി സംഭവിക്കുന്ന വിവിധതരം ബുദ്ധിപ രമായ വെല്ലുവിളികൾ ചുവടെ കൊടുക്കുന്നു.

1. ബുദ്ധിമാന്ദ്യം
2. ഓട്ടിസം
3 സെറിബ്രൽപാൾസി
4. ബഹുവൈകല്യം

5. ശൈശവ മാനസിക രോഗം

6. പഠനപരമായ ക്രമഭംഗം

ഈ വിഭാഗങ്ങളെക്കുറിച്ചുള്ള സാമാന്യധാരണ ഇത്തരം കുട്ടികളുടെ പാഠ്യപദ്ധതിയെക്കുറിച്ച് ചിന്തിക്കുന്നതിന് അനിവാര്യമായ മുന്നുപാധിയാണ്. ആയതിനാൽ ഇവ ഓരോന്നും വിശദമായി പരിശോധിക്കാം.

**2.2.1 ബുദ്ധിമാന്ദ്യം**

ഓരോ കുട്ടിയുടെയും വളർച്ചയിലും വികാസത്തിലും നിശ്ചിത ഘട്ടങ്ങൾ ഉണ്ട്. ഓരോ ഘട്ടത്തിലും ആർജിക്കുന്ന പക്വത അടുത്ത ഘട്ടത്തിലെ വികാസത്തെ സ്വാധീനിക്കുകയും ചെയ്യും. വളർച്ചയിലും വികാസത്തിലും കാലയളവിനനുസരിച്ച് സാമൂഹിക ഇടപെടലിന്റെ അഭാവം, ചിന്താശേഷിയുടെ അപര്യാപ്തത, ധാരണകൾ രൂപീകരിക്കൽ, അറിവുകൾ പ്രയോഗിക്കൽ, തീരുമാനങ്ങളിലോ നിഗമനങ്ങളിലോ എത്തിച്ചേരൽ എന്നിവയിൽ അനുഭവപ്പെടുന്ന പരിമിതി തുടങ്ങിയവയാണ് ബുദ്ധിമാന്ദ്യമുള്ള കുട്ടികളുടെ സവിശേഷതകൾ.

**ബുദ്ധിമാന്ദ്യം സംഭവിക്കുന്നതിനുള്ള കാരണങ്ങൾ**

1. ക്രോമസോം, ജനിതക വൈകല്യങ്ങൾ
2. ഗർഭകാലത്ത് അമ്മയ്ക്കുണ്ടാകുന്ന പ്രമേഹം, ഉയർന്ന രക്തസമ്മർദ്ദം, തൈറോയ്ഡ്ഗ്രന്ഥികളുടെ അസ്വാഭാവികത.
3. പോഷകാഹാരക്കുറവ്, അമ്മയ്ക്ക് ഗർഭകാലത്തിന്റെ ആദ്യമൂന്നുമാസങ്ങളിലുണ്ടാകുന്ന രോഗങ്ങളായ ജർമ്മൻ മീസിൽസ്, ഹെർപ്പിസ്, സിഫിലിസ്, ട്രോക്സോ പ്ലാസ്മോസിസ് എന്നിവ.
4. രക്തത്തിലെ ആർ. എച്ച്. ഘടകത്തിന്റെ പൊരുത്തക്കേട്.
5. മയക്കുമരുന്ന്, മദ്യം, പുകയില, ചില മരുന്നുകൾ, എക്സറേ തുടങ്ങിയവ
6. പ്രസവസമയത്ത് നവജാതശിശുവിന്റെ മസ്തിഷ്കത്തിന് ഏൽക്കുന്ന ആഘാതം, സുദീർഘമായ പ്രസവപ്രക്രിയ, പൊക്കിൾക്കൊടിയുടെ കുരുങ്ങൽ, ശിശുവിനുണ്ടാകുന്ന മഞ്ഞപ്പിത്തം, പോഷകാഹാരക്കുറവ് തുടങ്ങിയവ.
7. കുഞ്ഞിനുണ്ടാകുന്ന മെനിഞ്ചൈറ്റിസ്, തലച്ചോറ് പഴുപ്പ്, മറ്റു പരുക്കുകൾ

**സ്വഭാവസവിശേഷതകൾ**

വളർച്ചാഘട്ടത്തിലുണ്ടാകുന്ന കാലതാമസം, ഭാഷാവികാസത്തിലെ വിവിധ പ്രശ്നങ്ങൾ, കായികക്ഷമതയുടെ പരിമിതി, സാമൂഹ്യ ഇടപെടലിന്റെ കുറവ്, ചിന്താശേഷിയുടേയും ധാരണാശേഷിയുടേയും പ്രശ്നങ്ങൾ, തീരുമാനങ്ങളിൽ എത്തിച്ചേരാനുള്ള പ്രയാസം, ഓർമ്മ, പഠനം എന്നിവയ്ക്കുള്ള ശേഷിക്കുറവ് തുടങ്ങിയവയാണ് പൊതുസവിശേഷതകൾ.

Experimental Version

ബുദ്ധിമാനത്തിന്റെ (IQ) അടിസ്ഥാനത്തിൽ ബുദ്ധിമാന്ദ്യത്തെ പ്രധാനമായും നാലായി തരം തിരിക്കാം. അവ ഏതൊക്കെയെന്നും അവയുടെ ബുദ്ധിമാനനിരക്കും പട്ടികയായി ചുവടെ കൊടുത്തിരിക്കുന്നു.

**വിവിധതരം ബുദ്ധിമാന്ദ്യം**

| നമ്പർ | ബുദ്ധിമാന്ദ്യം | ബുദ്ധിമാന നിരക്ക് |
|---|---|---|
| 1 | മൃദുബുദ്ധിമാന്ദ്യം (Mild retardation) | 50 -70 |
| 2 | മിതബുദ്ധിമാന്ദ്യം (Moderate retardation) | 35 - 50 |
| 3 | തീവ്ര ബുദ്ധിമാന്ദ്യം (Severe retardation) | 20 - 35 |
| 4 | തീക്ഷ്ണബുദ്ധിമാന്ദ്യം (Profound retardation) | 20 - ൽ താഴെ |

ബുദ്ധിമാന്ദ്യമെന്നത് ചികിത്സയ്ക്ക് വിധേയമാക്കാവുന്ന ഒരു രോഗമല്ല; മറിച്ച് ഒര വസ്ഥയാണ്. ബുദ്ധിപരമായ പരിമിതികൾ ഒരു പരിധിവരെ പരിഹരിച്ച് സമൂഹ ത്തിന്റെ മുഖ്യധാരയിൽ സ്വാശ്രയത്തോടെ ജീവിക്കാൻ പ്രാപ്തരാക്കുന്നതിന് ഉത കുന്നതാകണം ഇവരുടെ വിദ്യാഭ്യാസം.

Experimental Ve

### 2.2.2 ഓട്ടിസം

കുട്ടിയുടെ ജീവിതത്തിൽ 3 വയസ്സിനുമുൻപ് സംഭവിക്കുന്ന സങ്കീർണമായ ഒരു അവസ്ഥയാണ് ഓട്ടിസം. ബുദ്ധിമാന്ദ്യമുള്ളവരെന്ന് തെറ്റിദ്ധരിപ്പിക്കപ്പെടാൻ സാധ്യ തയുള്ള വിഭാഗമാണ് ഇവർ. 1943 – ൽ ലിയോകെന്നർ എന്ന ശിശുമനോരോഗ ഭിഷഗ്വരൻ ഈ പ്രശ്നം തിരിച്ചറിയുന്നതുവരെ ഇത്തരം കുട്ടികളെ മനോരോഗി കളായോ മനോദുർബലരായോ ആണ് പൊതുവെ പരിഗണിച്ചു വന്നിരുന്നത്.

**ഓട്ടിസത്തിന്റെ കാരണങ്ങൾ**

1. ക്രോമസോം (ജനിതക) ഘടകങ്ങൾ.
2. ഗർഭസമയത്തെ പ്രശ്നങ്ങൾ
3. മസ്തിഷ്കഘടനയിലെ അസാധാരണത്വം
4. പാരിസ്ഥിതിക കാരണങ്ങൾ

**സ്വഭാവസവിശേഷതകൾ**

1 മറ്റുള്ളവരുമായി ഇടപെടുന്നതിനും, ആശയവിനിമയത്തിനും പ്രയാസം.

2 ആവർത്തന സ്വഭാവങ്ങൾ കാണിക്കുക.

3 മാറ്റങ്ങളോട് പൊരുത്തപ്പെടാനാവാതിരിക്കുക

4 പ്രതിശബ്ദപ്രതികരണം

5 സചേതന വസ്തുക്കളെക്കാളും അചേതനവസ്തുക്കളോടുള്ള ആഭിമുഖ്യം.

6 ആവർത്തന പ്രവർത്തനങ്ങളിൽ അഭിരമിക്കുക

7. വൈകാരിക പ്രകടനത്തിന് പ്രാപ്തിക്കുറവ്

8 ഭാഷ ഉപയോഗിക്കുന്നതിലുള്ള പ്രശ്നങ്ങൾ.

ഓരോ കുട്ടിയുടെയും പ്രത്യേകതകൾക്കനുസരിച്ച് വ്യക്തിഗത പരിശീലന പദ്ധതികൾ രൂപീകരിച്ച് ഇത്തരം കുട്ടികളുടെ വിദ്യാഭ്യാസാവശ്യങ്ങൾ നിറവേറ്റേണ്ടതുണ്ട്.

### 2.2.3 സെറിബ്രൽ പാൾസി

മസ്തിഷ്ക കോശങ്ങളിലെ ക്ഷതമാണ് സെറിബ്രൽ പാൾസിക്ക് കാരണം. ശരീരപേശികളിൽ പ്രശ്നങ്ങളുള്ളതുകൊണ്ട് ചലനത്തെ ബാധിക്കാം. ഇത് ആഹാരം, ശ്വസനം, വിസർജനം എന്നിങ്ങനെയുള്ള സ്വാഭാവിക പ്രവർത്തനങ്ങളെയും ബാധിക്കും. കൈകാലുകൾക്ക് പൂർണമായോ, ഭാഗികമായോ ചലനപ്രശ്നങ്ങൾ, ഇതോടൊപ്പം 60% മെങ്കിലും ബുദ്ധിമാന്ദ്യവും കണ്ടു വരുന്നു.

Experimental Version

**സെറിബ്രൽ പാൾസിയുടെ കാരണങ്ങൾ**

1. ഒരു പ്രസവത്തിൽ ഒന്നിൽ കൂടുതൽ കുഞ്ഞുങ്ങൾ
2. ഭ്രൂണാവസ്ഥയിൽ ഏൽക്കുന്ന ക്ഷതം
3. പോഷകാഹാരക്കുറവ്
4. ഉയർന്ന രക്തസമ്മർദം, ഹൈപ്പർ തൈറോയ്ഡിസം, പ്രമേഹം
5. ജൈവ- രാസ-ജനിതക പ്രശ്നങ്ങൾ
6. മാസം തികയാതെയുള്ള പ്രസവം
7. മസ്തിഷ്കത്തിന് ഏൽക്കുന്ന അണുബാധ, വീഴ്ചമൂലമുള്ള ക്ഷതം

**ലക്ഷണങ്ങൾ**

1. കുഞ്ഞുങ്ങളിൽ കാണുന്ന അസാധാരണമായ ക്ഷീണം, ശ്രദ്ധക്കുറവ്, അസാധാരണമായ ഉച്ചത്തിലുള്ള കരച്ചിൽ.
2. കുഞ്ഞുങ്ങൾക്ക് പാൽ കുടിക്കുന്നതിനും ഭക്ഷണം വിഴുങ്ങുന്നതിനുമുള്ള പ്രയാസം.
3. അയഞ്ഞപേശികൾ, അസാധാരണ ശാരീരികപ്രതികരണങ്ങൾ.

അനുയോജ്യമായ ഉപകരണങ്ങളുടെ സഹായത്തോടെ വ്യക്തിഗത പരിശീലന പദ്ധതികൾ ഇത്തരക്കാർക്ക് ആവിഷ്ക്കരിക്കേണ്ടതുണ്ട്.

### 2.2.4 ബഹുവൈകല്യം

ഒന്നിലധികം വ്യത്യസ്ത വൈകല്യങ്ങൾ ഒരു വ്യക്തിയിൽ ഒരേ സമയം സംഭവിക്കുന്ന സാഹചര്യമാണ് ബഹുവൈകല്യം. ഉദാ: ചലനവൈകല്യത്തോടൊപ്പം കേൾവി ഇല്ലായ്മ.

ഒന്നിലധികം വ്യത്യസ്തവൈകല്യങ്ങൾ ഒരേസമയം അഭിമുഖീകരിക്കുന്ന വ്യക്തികൾ സാധാരണ വെല്ലുവിളികൾ നേരിടുന്നവരിൽ നിന്ന് വ്യത്യസ്തമായ വലിയ തോതിലുള്ള സങ്കീർണസാഹചര്യങ്ങൾ അഭിമുഖീകരിക്കുന്നവരാണ്. സാധാരണ പുനരധിവാസ പ്രക്രിയയിൽ നിന്ന് വ്യത്യസ്തമായി സവിശേഷ പരിഗണനയും ഇടപെടലുകളും ഇവരുടെ സാമൂഹ്യവത്ക്കരണത്തിനും വിദ്യാഭ്യാസത്തിനും അനിവാര്യമാണ്.

### 2.2.5 ശൈശവമാനസികരോഗം

പൊതുസമൂഹത്തിന്റെ ശ്രദ്ധ ഒട്ടും പതിയാത്ത ഒരു വെല്ലുവിളിയാണ് ശൈശവമാനസിക രോഗം. ഇതൊരു രോഗത്തിന്റെ ഗണത്തിലാണ് ഉൾപ്പെടുന്നതെങ്കിലും രോഗാവസ്ഥയുടെ അനന്തരഫലം ബുദ്ധിമാന്ദ്യ അവസ്ഥയാണ്. സ്കിസോഫ്രീനിയ, വിഷാദരോഗം, ആകാംക്ഷാക്രമഭംഗം (Anxiety Disorder), ശ്രദ്ധാലോപ അതിക്രിയാ ക്രമഭംഗം (Attention Deficit Hyperactive Disorder) എന്നിവ ശൈശവ മാനസികരോഗത്തിന്റെ ഭാഗമായുള്ള പ്രശ്നങ്ങളാണ്.

**സ്കിസോഫ്രീനിയ**

കുട്ടികളിൽ കാണുന്ന സ്കിസോഫ്രീനിയയാണ് ശൈശവ മാനസിക രോഗത്തിൽ പ്രധാനപ്പെട്ടത്. വ്യക്തി യാഥാർഥ്യത്തെ അംഗീകരിക്കുകയും യാഥാർഥ്യബോധമില്ലാതെ പെരുമാറുകയും ചെയ്യുന്ന ഒരവസ്ഥയാണിത്. ഈ പ്രശ്നം ചെറുപ്രായത്തിൽ കാണപ്പെടുന്നതിനാൽ വിദ്യാഭ്യാസപരമായ വളർച്ചയ്ക്കും സാമൂഹ്യ-വൈകാരിക വികാസത്തിനും വലിയ വെല്ലുവിളിയായി മാറുന്നു. നേരത്തെ കണ്ടെത്തി ചികിത്സിക്കുകയാണെങ്കിൽ പ്രശ്നങ്ങൾ കുറയ്ക്കാൻ കഴിയും.

Experimental Version

**ആകാംക്ഷാക്രമഭംഗം**

കുട്ടികളിൽ കാണുന്ന മറ്റൊരു മാനസിക പ്രശ്നമാണ്. ആകാംക്ഷാക്രമഭംഗം (Anxiety Disorder). ഈ പ്രശ്നമുള്ള കുട്ടികൾക്ക് ഏറ്റവും പ്രധാനമായി രക്ഷിതാക്കളിൽ നിന്ന് പിരിഞ്ഞിരിക്കാനുള്ള പേടിയും സ്കൂളിൽ പോകാൻ താത്പര്യമില്ലായ്മയുമാണ് കണ്ടു വരുന്നത്.

**ലക്ഷണങ്ങൾ**

1. രക്ഷാകർത്താക്കളിൽ നിന്ന് മാറി നിൽക്കുമ്പോൾ അസ്വാഭാവിക പെരുമാറ്റം കാണിക്കുക.
2. സ്കൂളിൽ പോകാൻ പേടി, അകാരണ ഭയം, നിയന്ത്രിക്കാനാവാത്ത സങ്കടം, അടങ്ങിയിരിക്കാത്ത സ്വഭാവം, മറ്റുള്ളവരെ ശല്യം ചെയ്യൽ.
3. അസാധാരണമായ തലവേദന, വയറുവേദന. ഉറക്കമില്ലായ്മ, ദുസ്വപ്നം കാണൽ.
4. ശ്രദ്ധക്കുറവ്, പഠിത്തത്തിലുള്ള പ്രശ്നങ്ങൾ, ഒറ്റപ്പെടാനുള്ള ആഗ്രഹം, വൃത്തിഹീനത, നാണം.

### വിഷാദരോഗം

വിഷാദ രോഗമാണ് കുട്ടികളിൽ കണ്ടുവരുന്ന മറ്റൊരു മാനസിക രോഗം. ഈ രോഗ ബാധ മാനസിക വെല്ലുവിളിയായി പരിണമിക്കുകയും വിദ്യാഭ്യാസത്തെയും തൊഴിലിനെയും സാമൂഹ്യജീവിതത്തെയുമൊക്കെ തെറ്റായി സ്വാധീനിക്കുകയും ചെയ്യുന്നു.

**ലക്ഷണങ്ങൾ**

1. കളിയിലും കൂട്ടുകാരിലും താത്പര്യമില്ലായ്മ.
2. ശ്രദ്ധയും ഊർജവുമില്ലാത്ത അവസ്ഥ.
3. വിശപ്പില്ലായ്മ, ഭാരക്കുറവ്, ഉറക്കമില്ലായ്മ, നിരാശാബോധം, ആത്മഹത്യാ പ്രവണത.
4. സ്വഭാവ വൈകല്യങ്ങൾ, വൈകൃതങ്ങൾ, ലഹരിയോടുള്ള അഭിവാഞ്ഛ.

**ശ്രദ്ധാലോപ അതിക്രിയാ ക്രമഭംഗം (Attention Deficit Hyperactive Disorder)**

അമേരിക്കൻ സൈക്ക്യാട്രിക്ക് അസ്സോസിയേഷൻ ആണ് ഈ അവസ്ഥയ്ക്ക് ശ്രദ്ധാലോപ അതിക്രിയാക്രമഭംഗം (Attention Deficit Hyperactive Disorder) എന്ന പേര് നൽകിയത്.

**ലക്ഷണങ്ങൾ**

1. വളരുമ്പോൾ ശ്രദ്ധശോഷിച്ച് പ്രശ്നങ്ങൾ ഉണ്ടാകുക. ഉദാഹരണത്തിന് ഒരു കാര്യവും പൂർത്തീകരിക്കാനാവാതിരിക്കുക.
2. അമിതാവേശ പ്രവണത, അതായത്, ഊഴത്തിനനുസരിച്ച് ക്ഷമയോടെ കാര്യങ്ങൾ ചെയ്യാനാവാത്ത അവസ്ഥ.
3. അതിക്രിയത അഥവാ സ്വസ്ഥമായിരിക്കാൻ കഴിയാതിരിക്കുക.

സ്കിസോഫ്രീനിയ, വിഷാദരോഗം, ആകാംക്ഷാക്രമഭംഗം, ശ്രദ്ധാലോപ അതിക്രിയാ ക്രമഭംഗം എന്നിങ്ങനെയുള്ള ശൈശവമാനസികരോഗത്തിന്റെ ഭാഗമായുള്ള പ്രശ്നങ്ങളെ നേരത്തെ കണ്ടെത്തി ശരിയായ ഇടപെടൽ നടത്തിയില്ലെങ്കിൽ സങ്കീർണ അവസ്ഥയിലേക്ക് നയിച്ചേക്കാം. പ്രത്യേക പഠന പ്രവർത്തനങ്ങൾ തയാറാക്കി സവിശേഷ പരിഗണനയോടെ ഈ വിഭാഗത്തോട് ഇടപെടേണ്ടതുണ്ട്.

### 2.2.6 പഠനപരമായ ക്രമഭംഗം (Learning Disorders)

പഠനവൈകല്യം (Learning Disability) എന്ന പദം പൊതുവെ ഇന്ന് ഉപയോഗിച്ചു കാണുന്നില്ല. പകരം പഠനപരമായ ക്രമഭംഗം (Learning Disorder) എന്നതാണ് ഈ മേഖലയിലുള്ള വിദഗ്ധരുടെ അഭിപ്രായത്തിൽ കൂടുതൽ അഭികാമ്യമായി അവതരിപ്പിച്ചു കാണുന്നത്. വായന, സംസാരം, എഴുത്ത്, കേൾവി, ഗണിതം, സമൂഹത്തിലുള്ള ഇടപെടൽ എന്നീ കാര്യങ്ങളിൽ ഏതിലെങ്കിലുമൊക്കെയുള്ള അസാധാരണത്വമാണ് പൊതുവായ ലക്ഷണം. കേന്ദ്രനാഡീവ്യൂഹത്തിന്റെ (Central Nervous System) പ്രവർത്തനത്തിലുള്ള അസാധാരണത്വമാണ് പഠനപരമായ ക്രമഭംഗ

Experimental Version

ത്തിന് പ്രധാനഹേതു. മറ്റെല്ലാ മസ്തിഷ്കവെല്ലുവിളികളുടെയും കാരണങ്ങൾ തന്നെയാണ് പൊതുവെ പഠനപരമായ ക്രമഭംഗത്തിനും കാരണമായി പരിഗണിക്കുന്നത്.

പഠനപരമായ ക്രമഭംഗം, തീക്ഷണമായ അവസ്ഥയിൽ തുടർച്ചയായി നിലനിൽക്കുകയാണെങ്കിൽ ഇത് ബുദ്ധിപരമായ സങ്കീർണ പ്രശ്നങ്ങൾക്ക് ഭാവിയിൽ ഇടയാക്കിയേക്കാം എന്നാണ് പഠനങ്ങൾ തെളിയിക്കുന്നത്. എത്രയും നേരത്തേ പ്രശ്നം തിരിച്ചറിഞ്ഞ്, വിദഗ്ധ ഇടപെടലുകൾ ഉറപ്പുവരുത്തുകയാണെങ്കിൽ വലിയതോതിലുള്ള ഗുണപരമായ മാറ്റങ്ങൾ വ്യക്തികളിൽ സൃഷ്ടിക്കാനും, സമ്പൂർണമായിത്തന്നെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഇവരെ ഉൾപ്പെടുത്താനുമാവും. പലപ്പോഴും അസാധാരണ ശേഷിയുള്ള മിടുക്കന്മാരാവാനുള്ള വൈഭവം ഇവരിലുണ്ടെന്നതാണ് യാഥാർഥ്യം.

**ലക്ഷണങ്ങൾ**

1. ശ്രദ്ധിക്കുന്നതിനും ശ്രദ്ധകേന്ദ്രീകരിക്കുന്നതിനും ഉള്ള പ്രയാസം
2. സാമൂഹ്യ ഇടപെടലിലുള്ള പ്രശ്നങ്ങൾ.
3. ക്ഷമയില്ലായ്മ.
4. ധാരണാശേഷിയിലെ പ്രശ്നങ്ങൾ.
5. ഭാഷാപ്രയോഗ, സംസാരമേഖലയിലെ ബുദ്ധിമുട്ടുകൾ.
6. സ്വസ്ഥതയില്ലായ്മ.
7. വായന, അക്ഷരങ്ങളുടെ ശരിയായ ഉപയോഗം, കണക്കുചെയ്യുക എന്നിവയിലുള്ള പ്രശ്നങ്ങൾ കൊണ്ട് പഠനപരമായ പിന്നാക്കാവസ്ഥ.
8. ശാരീരിക പ്രവർത്തനങ്ങളിലുള്ള നിയന്ത്രണമില്ലായ്മ

പഠനപരമായ ക്രമഭംഗം തീക്ഷ്ണമായ അവസ്ഥയോടെ തുടർച്ചയായി നിലനിന്നാൽ ബുദ്ധിപരമായ പ്രശ്നങ്ങൾക്ക് കാരണമായേക്കാം. കുട്ടികൾ പ്രയാസം അനുഭവിക്കുന്ന മേഖലകൾ കണ്ടെത്തി സഹായം നൽകുകയും കഴിവുള്ള മറ്റ് മേഖലകളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതാവണം ഇവർക്കുള്ള വിദ്യാഭ്യാസ പദ്ധതി.

## 2.3 കുട്ടികളുടെ പ്രകൃതം

ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ പ്രകൃതം ഒന്നിനൊന്ന് വ്യത്യസ്തമാണ്. ഓരോ കുട്ടിയുടെയും പ്രകൃതം എങ്ങനെയൊക്കെയാകാം എന്നതിനെ സംബന്ധിച്ച് അധ്യാപകന് അവബോധം ഉണ്ടാകണം. പഠനപ്രക്രിയയിൽ ഇടപെടുന്ന സമയത്ത് പഠിതാവ് തന്റെ പ്രകൃതമനുസരിച്ച് ചെയ്യാൻ സാധ്യതയുള്ള കാര്യങ്ങളെ സംബന്ധിച്ച് ടീച്ചർ അറിയേണ്ടതുണ്ട്.

കുട്ടികളുടെ പ്രകൃതം സംബന്ധിച്ച പൊതുവായ ചില പ്രവണതകൾ ചുവടെ കൊടുക്കുന്നു.

Experimental Version

- ഓർമ്മിച്ചെടുക്കൽ, തീരുമാനമെടുക്കൽ, ധാരണ കൈവരിക്കൽ, വിശകലനം ചെയ്യൽ, നിഗമനത്തിലെത്തിച്ചേരൽ തുടങ്ങിയ മാനസിക കഴിവുകളിൽ സമപ്രായക്കാരെക്കാൾ പിന്നിലാണ്.
- ശാരീരികവും മാനസികവുമായ കഴിവുകളിൽ ഒരേ പ്രായത്തിലുള്ള കുട്ടികളിൽ തന്നെ വലിയ അന്തരം കാണാവുന്നതാണ്.
- അംഗീകാരം, പരിഗണന, പ്രോത്സാഹനം എന്നിവ ഇഷ്ടപ്പെടുന്നു.
- ഓരോ കുട്ടിക്കും വ്യത്യസ്തമായ ശാരീരിക മാനസിക പിന്തുണ (സപ്പോർട്ട്) ആവശ്യമാണ്.
- കൂട്ടായ പ്രവർത്തനങ്ങൾ, കളികൾ എന്നിവ പൊതുവെ ഇഷ്ടപ്പെടുന്നവരാണ്.
- വ്യക്തിഗതവും, സവിശേഷവുമായ സ്വഭാവ, പെരുമാറ്റ പ്രത്യേകതകൾ ഉള്ളവരാണ്.
- തുടർച്ചയായി ക്ലാസിൽ ഹാജരാവാൻ പ്രയാസം അനുഭവിക്കുന്നവരാണ്.
- ചില പ്രത്യേക മേഖലകളിൽ സവിശേഷ കഴിവുകൾ പ്രകടിപ്പിക്കുന്നവരാണ്.
- ആവർത്തന സ്വഭാവമുള്ള പ്രവർത്തനങ്ങൾ/കളികൾ എന്നിവ മടുപ്പില്ലാതെ ചെയ്യാൻ തയാറാണ്.
- ശാരീരിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് അനുയോജ്യമായ സഹായക ഉപകരണങ്ങൾ ഉപയോഗിച്ച് പ്രകടനം മെച്ചപ്പെടുത്താൻ കഴിയും.

കുട്ടികളുടെ പ്രകൃതത്തെ കണക്കിലെടുത്തുകൊണ്ടുള്ള പെരുമാറ്റമാണ് രക്ഷാകർത്താവിന്റേയും അധ്യാപകരുടേയും ഭാഗത്തുനിന്നും ഉണ്ടാകേണ്ടത്.

Experimental Version

## 2.4 ബൗദ്ധിക നിലവാരം

ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടികളുടെ ബൗദ്ധികനിലവാരം സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

- നിശ്ചിത വളർച്ചാഘട്ടം പൂർത്തിയാക്കുന്നതിൽ കാലതാമസം നേരിടുന്നതിനാൽ സമപ്രായക്കാരെക്കാൾ ബൗദ്ധിക നിലവാരത്തിൽ മൂന്നോ നാലോ വർഷം പിന്നിലായിരിക്കും.
- ചില കുട്ടികൾ പഠനത്തിൽ പിന്നിലായിരിക്കുമെങ്കിലും ബുദ്ധിയുടെ മറ്റ് മേഖലകളിൽ (സംഗീതം, സ്പോർട്സ്, ചിത്രരചന, നിർമ്മാണം, തുടങ്ങിയവ) സമപ്രായക്കാരോടൊപ്പം തന്നെ കഴിവുകൾ പുലർത്തുന്നവരാണ്.
- ഓരോ കുട്ടിയുടെയും ബുദ്ധിപരമായ കഴിവുകൾ വിലയിരുത്തി ശാസ്ത്രീയവും ശരിയായതുമായ ഇടപെടലിലൂടെ ബൗദ്ധികനിലവാരം മെച്ചപ്പെടുത്താവുന്നതാണ്.

- ബഹുമുഖ ബുദ്ധിയുടെ (Multiple Intelligence - MI) വ്യത്യസ്ത മേഖലകളിൽ കഴിവുള്ളവരെ കണ്ടെത്താൻ ശരിയായ രീതിയിൽ ഇടപെടേണ്ടതുണ്ട്.
- അറിവ് ആർജിക്കൽ, പ്രയോഗിക്കൽ എന്നിവയിൽ ചെറിയ അളവിൽ നിന്ന് ആവർത്തനത്തിലൂടെ വലിയ അളവിലേക്ക് വികസിപ്പിക്കുന്ന സമീപനം (Task Analysis) പ്രായോഗികമായി സ്വീകരിക്കാവുന്നതാണ്.

## 2.5 പ്രശ്നങ്ങൾ, പ്രയാസങ്ങൾ

ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടികളുടെ വിദ്യാഭ്യാസം നേരിടുന്ന പ്രശ്നങ്ങളും വെല്ലുവിളികളും പ്രയാസങ്ങളും നിരവധിയാണ്.

- ബഹുമുഖ വെല്ലുവിളികൾ (വൈകല്യങ്ങൾ) നേരിടേണ്ടി വരുന്ന കുട്ടികളെ വ്യക്തിഗതമായി സഹായിക്കുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതുണ്ട്.
- മാനസിക പ്രശ്നങ്ങൾ, പെരുമാറ്റ പ്രശ്നങ്ങൾ ഇവ അനുഭവിക്കുന്ന കുട്ടികളെ തിരിച്ചറിഞ്ഞ് ഓരോ കുട്ടിക്കും അനുയോജ്യമായ വ്യക്തിഗത വിദ്യാഭ്യാസ പ്രവർത്തനങ്ങൾ തയാറാക്കേണ്ടതുണ്ട്.
- വിദ്യാലയത്തിലെ പഠനാനുഭവങ്ങൾക്ക് തുടർച്ചയായി രക്ഷിതാക്കളുടെ ഇടപെടൽ അനിവാര്യമാണ്. രക്ഷിതാക്കളെ ഇതിനായി ശക്തിപ്പെടുത്തേണ്ടതുണ്ട്.
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ ഏജൻസികൾ, സന്നദ്ധ സംഘടനകൾ, ഇവരെയെല്ലാം ഈ വിഭാഗം കുട്ടികളുടെ വിദ്യാഭ്യാസ സംവിധാനം മെച്ചപ്പെടുത്തേണ്ടതിന്റെ അനിവാര്യത ബോധ്യപ്പെടുത്തേണ്ടതുണ്ട്.
- നിലവിലുള്ള ആനുകൂല്യങ്ങൾ, നിയമപരിരക്ഷ, ഇവരുടെ പ്രത്യേക അവകാശങ്ങൾ എന്നീ കാര്യങ്ങളെക്കുറിച്ച് പൊതു സമൂഹം, രക്ഷിതാക്കൾ തുടങ്ങിയവർക്കെല്ലാം നിലവിൽ ശരിയായ അവബോധമില്ല. ഇത് പരിഹരിക്കേണ്ടതുണ്ട്.
- വിദ്യാഭ്യാസത്തോടൊപ്പം തന്നെ സമാന്തരമായി ഇത്തരക്കാർക്ക് നൽകേണ്ട ചികിത്സ, പുനരധിവാസം എന്നീ കാര്യങ്ങളിൽ നിലവിലുള്ള സംവിധാനം അപര്യാപ്തമാണ്. അത് മെച്ചപ്പെടുത്തേണ്ടതുണ്ട്.
- വിവിധ വകുപ്പുകൾ തമ്മിൽ ഏകോപനമില്ലാത്തത് ഇവരുടെ വിദ്യാഭ്യാസത്തെ ഏറെ ബാധിക്കുന്നുണ്ട്.
- കുട്ടികളുടെ പുരോഗതി, മറ്റ് കഴിവുകൾ എന്നിവ ശാസ്ത്രീയമായി വിലയിരുത്താനുള്ള സംവിധാനം അപര്യാപ്തമാണ്.
- വിദ്യാഭ്യാസം ഉൾപ്പെടെ ഇവർക്ക് ലഭ്യമായിട്ടുള്ള മുഴുവൻ സേവനങ്ങളെയും ഉത്തരവാദിത്തത്തോടെ വിലയിരുത്തി തുടർപ്രവർത്തനങ്ങൾ ആസൂത്രണം

Experimental Version

ചെയ്യേണ്ടുന്ന ശക്തമായ സംവിധാനം നിലവിലില്ല. അതിനുതകുന്ന തരത്തിലുള്ള സംവിധാനങ്ങൾ രൂപപ്പെടുത്തേണ്ടതുണ്ട്.

## 2.6 പ്രത്യേക കഴിവുകൾ

ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടികളുടെ പ്രത്യേക കഴിവുകൾ ചുവടെ കൊടുക്കുന്നു.

- ബുദ്ധിപരമായ പിന്നാക്കാവസ്ഥ എന്ന് പൊതുവെ വിവക്ഷിക്കുമ്പോഴും ചില മേഖലകളിൽ അസാധാരണമോ വ്യത്യസ്തമോ ആയ കഴിവുകൾ ചിലരിലെങ്കിലും കണ്ടു വരുന്നുണ്ട്.
- ഓരോ കുട്ടിയിലും ഒളിഞ്ഞിരിക്കുന്ന സവിശേഷ കഴിവുകളെ തിരിച്ചറിഞ്ഞ് വളർത്തിയെടുക്കാനുതകുന്നതാവണം ഇവർക്കുള്ള വിദ്യാഭ്യാസ പ്രവർത്തനങ്ങൾ.
- ബുദ്ധിമാപനം (I.Q test) കുട്ടികളുടെ കഴിവുകളെ പരിമിതപ്പെടുത്തുകയാണ്. ബഹുമുഖബുദ്ധിയുടെ വിവിധ മേഖലകളിൽ ഓരോ കുട്ടിയും എവിടെ നിൽക്കുന്നു എന്ന് തിരിച്ചറിയുന്ന രീതിയിൽ പരിശോധനയ്ക്ക് വിധേയമാക്കണം.

വിവിധതരം ബൗദ്ധികമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികളിലെ വെല്ലുവിളിയുടെ തോതനുസരിച്ചുള്ള പ്രവർത്തനങ്ങൾക്കാണ് ഊന്നൽ നൽകേണ്ടത്. സവിശേഷമായ കഴിവുള്ള മേഖലയിൽ പരിപോഷണം നൽകുന്നതോടൊപ്പം ഒരു വ്യക്തി എന്ന നിലയിൽ വളരുന്നതിന് ആവശ്യമായ ധാരണകളും, നൈപുണികളും നേടുന്നു എന്ന് ഉറപ്പാക്കുകയും വേണം.

Experimental Version

# ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവർക്കുള്ള പാഠ്യപദ്ധതി

അധ്യായം 3

ഇന്ത്യൻ ഭരണഘടനയുടെ 39 -ാം സെക്ഷൻ ഇന്ത്യയിലെ എല്ലാ കുട്ടികൾക്കും സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം ഉറപ്പാക്കുവാനുള്ള നിയമത്തെ കുറിച്ച് പ്രതിപാദിക്കുന്നു. എല്ലാവർക്കും വിദ്യാഭ്യാസം എന്ന ആശയത്തിന്റെ പ്രസക്തി പൊതുസമൂഹത്തിന് ബോധ്യപ്പെട്ടതോടെ കുട്ടികളുടെ വിദ്യാഭ്യാസം കുടുംബത്തിന്റെയും സമൂഹത്തിന്റെയും ഉത്തരവാദിത്വമായി മാറിക്കഴിഞ്ഞു. എല്ലാ കുട്ടികളും എന്ന ഗണത്തിൽ അടുത്തകാലം വരെ ശാരീരിക മാനസിക വൈകല്യങ്ങൾ അനുഭവിക്കുന്ന കുട്ടികൾ പൂർണമായും ഉൾപ്പെട്ടിരുന്നില്ല. എന്നാൽ വിദ്യാഭ്യാസ അവകാശ നിയമം (RTE) ഇന്ത്യൻ പാർലമെന്റ് 2009 – ൽ പാസാക്കുകയും 2010 – ൽ അത് നിയമമാവുകയും ചെയ്ത സാഹചര്യത്തിൽ ഇവരെക്കൂടി സ്കൂളിൽ എത്തിക്കേണ്ട ആവശ്യകതാബോധം പൊതുസമൂഹത്തിനുണ്ടാവുകയും അധികാരികൾക്ക് അത് ഉത്തരവാദിത്വമാവുകയും ചെയ്തു. എല്ലാവർക്കും വിദ്യാഭ്യാസം, അനുയോജ്യ വിദ്യാഭ്യാസം, ഗുണമേന്മയുള്ള വിദ്യാഭ്യാസം ഇവ ലഭിക്കുന്നു എന്ന് ഉറപ്പാക്കുവാനുള്ള കൂട്ടായ ശ്രമങ്ങൾ നടക്കുന്നത് ശുഭോദർക്കമായ കാര്യമാണ്.

ഏതൊരു രാജ്യത്തെയും വിദ്യാഭ്യാസപ്രവർത്തനങ്ങളുടെ ദിശ നിർണയിക്കുന്നത് അവിടെ നിലനിൽക്കുന്ന പാഠ്യപദ്ധതിയാണ്. ക്ലാസ്സിനകത്തും പുറത്തും വച്ച് കുട്ടികൾക്ക് ലഭിക്കുന്ന എല്ലാ പഠനപ്രവർത്തനങ്ങളുടേയും ആകെ തുകയാണ് പാഠ്യപദ്ധതി. പൊതുവിദ്യാഭ്യാസരംഗത്ത് നിയതമായ ഒരു പാഠ്യപദ്ധതിയുടെ അടിസ്ഥാനത്തിലാണ് വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ഓരോ തലത്തിലും നടന്നുവരുന്നത്. എന്നാൽ ഇതുവരെയും ഒരു പൊതു പാഠ്യപദ്ധതിയോ, ദിശാബോധമുള്ള സഹായമോ, മോണിറ്ററിംഗോ നടക്കാതെ ക്ലാസ്റൂം പ്രവർത്തനങ്ങൾ മാത്രം നടക്കുന്ന രീതിയായിരുന്നു ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടികൾ പഠിക്കുന്ന വിദ്യാലയങ്ങളിൽ നടന്നിരുന്നത്. 2005 – ലെ ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് (NCF - National Curriculum Frame work) 2007 – ലെ കേരളപാഠ്യപദ്ധതി ചട്ടക്കൂട് (KCF - Kerala Curriculum Frame work)കേരള സ്കൂൾ പാഠ്യപദ്ധതി 2013 എന്നിവ ഇവരുടെ വിദ്യാഭ്യാസത്തിന്റെ കാഴ്ചപ്പാട് വ്യക്തമായി പരാമർശിച്ചിട്ടുണ്ട്.

## 3.1. ദേശീയപാഠ്യപദ്ധതി ചട്ടക്കൂട്

എല്ലാവരെയും ഉൾപ്പെടുത്തി ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തുക എന്നതാണ് ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടിന്റെ ശുപാർശ.

**ഉൾക്കൊള്ളൽ നയം**

സ്കൂളുകൾ സമൂഹത്തിലെ എല്ലാ കുട്ടികൾക്കും പഠനം നിർവഹിക്കുന്നതിനുള്ള അവസരം ഒരുക്കുന്ന നയമാണ് സ്വീകരിക്കേണ്ടത്. ആരെയും മാറ്റിനിർത്തരുത്. കുട്ടികൾ വ്യത്യസ്ത സ്വഭാവക്കാരും വിഭിന്നങ്ങളായ ശേഷിയുള്ളവരുമായിരിക്കും. ചിലർ ദുരിതം നിറഞ്ഞ സാഹചര്യങ്ങളിൽ നിന്ന് വരുന്നവരും ചിലർ പ്രാന്തവൽക്കരിക്കപ്പെട്ട സമൂഹത്തിൽ നിന്ന് വരുന്നവരും ആയിരിക്കും. എല്ലാവർക്കും പരമാവധി നേട്ടമുണ്ടാക്കാൻ കഴിയുന്ന കേന്ദ്രമാകണം സ്കൂൾ. എല്ലാ കുട്ടികൾക്കും അവസരം ലഭ്യമാക്കുന്ന രീതിയിൽ പ്രവർത്തനങ്ങൾ രൂപവൽക്കരിക്കണം. ഓരോരുത്തരുടെയും സവിശേഷമായ കഴിവുകൾ അംഗീകരിക്കപ്പെടുകയും ആദരിക്കപ്പെടുകയും ചെയ്യണം.

ശാരീരികവും മാനസികവുമായ വെല്ലുവിളി അഭിമുഖീകരിക്കുന്ന കുട്ടികളും ഇതിൽപ്പെടുന്നു. നിർദിഷ്ടപ്രവർത്തനങ്ങൾ ചെയ്തുതീർക്കാൻ അവർക്ക് കൂടുതൽ സമയം വേണ്ടിവന്നേക്കും. പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുമ്പോൾ ക്ലാസിലെ എല്ലാ കുട്ടികളുമായി അവ ചർച്ച ചെയ്യുകയും ഓരോ കുട്ടിക്കും അതിലേക്ക് സംഭാവന നൽകാൻ അവസരം സൃഷ്ടിക്കുകയും ചെയ്യുന്നതു നന്നായിരിക്കും. എല്ലാവരുടെയും പങ്കാളിത്തം ഉറപ്പാക്കുന്നതിന് അധ്യാപകർ പ്രത്യേകം ശ്രദ്ധ നൽകണം. അധ്യാപകർ എന്ന നിലയ്ക്കുള്ള അവരുടെ മേന്മയുടെ ഒരു അളവുകോൽ ആയിരിക്കും ഇത്.

Experimental Version

- എല്ലാ പ്രീസ്കൂൾ പഠനവും പ്രത്യേക ശ്രദ്ധയർഹിക്കുന്ന കുട്ടികളെക്കൂടി പരിഗണിച്ചുകൊണ്ടുള്ളതാകണം
- ഇൻക്ലൂസീവ് എഡ്യൂക്കേഷൻ സമ്പൂർണമായി നടപ്പാക്കുകയും അയൽപക്ക സ്കൂളുകൾ എന്ന സമീപനം നടപ്പിലാക്കുകയും ചെയ്യുക
- ഇത്തരം കുട്ടികളുടെ പഠനത്തിന് തടസ്സം നിൽക്കുന്ന ഭൗതികസാഹചര്യങ്ങൾ മറികടക്കുക
- പ്രവേശനനടപടികളിലെ തടസ്സങ്ങൾ (സ്വകാര്യവിദ്യാലയങ്ങളിലേതടക്കം) ഒഴിവാക്കുക.
- കുട്ടികളുടെ പരിമിതികളെ പർവതീകരിച്ചു കാണിക്കുന്നതിനു പകരം അവരുടെ കഴിവിനെയും ശേഷിയേയും ഉയർത്തിക്കാണിക്കുക.
- പഠിതാക്കളുടെ കഴിവുകളുടെ വൈവിധ്യത്തെ അംഗീകരിക്കുകയും പഠനമാധ്യമമായി ശ്രവണവൈകല്യമുള്ളവർക്ക് ആംഗ്യഭാഷ, കാഴ്ച വൈകല്യമുള്ളവർക്ക് ബ്രെയിൽ എന്നിവ ഏർപ്പെടുത്തുക. ഒപ്പം മൂന്നാംഭാഷ ഒരു ഐച്ഛിക വിഷയമായി ബ്രയിൽ, ആംഗ്യഭാഷ എന്നിവ താത്പര്യമുള്ള കുട്ടികൾക്കും ഏർപ്പെടുത്തുക.
- ആത്മവിശ്വാസം,പൊരുത്തപ്പെടൽ, എന്നിവയ്ക്കായി കുട്ടികളിൽ സ്വതന്ത്രമായി ജീവിക്കാനുള്ള ശേഷികൾ , വിമർശനാത്മക ചിന്ത, തീരുമാനമെടുക്കൽ, പ്രശ്നപരിഹാര ശേഷികൾ എന്നിവയും അവരുടെ പ്രശ്നങ്ങൾ പ്രകടിപ്പിക്കാനുള്ള ശേഷിയും വളർത്തണം.

- സമഗ്രമായ അറിവ് കുട്ടികളിലുണ്ടാക്കാനായി അഞ്ചാം ക്ലാസ് വരെ ഏകാധ്യാപകരീതി നടപ്പാക്കാവുന്നതാണ്.
- ഒരു ഇൻക്ലൂസീവ് സമൂഹത്തെ പരിഗണിക്കുന്നതിനും, ബഹുമാനിക്കുന്നതിനും എല്ലാതലത്തിലുമുള്ള കരിക്കുലത്തിലും മനുഷ്യാവകാശം ഒരു ഘടകമായി ഉൾപ്പെടുത്തണം.
- വ്യക്തിത്വത്തിന്റെ എല്ലാ ഘടകങ്ങളെയും പ്രോത്സാഹിപ്പിക്കുന്നതിന് കളികൾ, നൃത്തം, നാടകം, കല, കരകൗശലം എന്നിവയ്ക്ക് തുല്യപരിഗണന പാഠ്യപദ്ധതിയിൽ നൽകേണ്ടതുണ്ട്.
- വ്യത്യസ്ത പഠനരീതികളുള്ള കുട്ടികൾക്കും അമൂർത്താശയങ്ങൾ ഉൾക്കൊള്ളത്തക്കവിധം അധ്യാപനത്തിൽ ആംഗ്യഭാഷ, ദൃശ്യശ്രവ്യ സാധ്യതകൾ, പ്രവർത്തനങ്ങൾ എന്നിവ ഉൾപ്പെടുത്തേണ്ടതാണ്.
- കുട്ടികളുടെ പ്രവേശനം, സ്കൂളുകളിലെ നിലനിൽപ്, വിവിധ പ്രവർത്തനങ്ങളിലെ പങ്കാളിത്തം എന്നിവയ്ക്ക് ഏതെങ്കിലും തരത്തിലുള്ള ടെസ്റ്റോ വിദഗ്ധരുടെ പരിശോധനാ റിപ്പോർട്ടോ മനശ്ശാസ്ത്ര വൈദ്യ പരിശോധനാ സർട്ടിഫിക്കറ്റോ ആവശ്യപ്പെടരുത്.
- കുട്ടികളെ തോൽപ്പിക്കുന്ന നയത്തിനു പകരം അവരുടെ പരിമിതികളെ മറികടക്കാൻ സഹായിക്കുന്ന സമീപനം സ്വീകരിക്കണം.

## 3. 2. കേരളപാഠ്യപദ്ധതി ചട്ടക്കൂട്

കേരളപാഠ്യപദ്ധതി ചട്ടക്കൂട് അധ്യായം രണ്ടിൽ സാമൂഹ്യനീതിയും വിദ്യാഭ്യാസവും എന്ന തലക്കെട്ടിനുള്ളിൽ സവിശേഷകഴിവുകളുള്ള കുട്ടികളുടെ വിദ്യാഭ്യാസത്തെക്കുറിച്ച് പരാമർശിച്ചിട്ടുണ്ട്.

പന്ത്രണ്ടാം ക്ലാസ്വരെയുള്ള വിദ്യാഭ്യാസം സാർവത്രികമാക്കുകയെന്ന ലക്ഷ്യത്തിലാണ് നാം. സമൂഹത്തിലെ എല്ലാ വിഭാഗങ്ങളെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള വിദ്യാഭ്യാസത്തിലൂടെ മാത്രമേ ഓരോ കുട്ടിയുടെയും സമ്പൂർണവികാസം അവരവരുടെ ജന്മാവകാശമെന്ന ലക്ഷ്യം സാക്ഷാത്കരിക്കാൻ കഴിയുകയുള്ളൂ.

നമ്മുടേതുപോലുള്ള ഒരു ബഹുമുഖ സമൂഹത്തിൽ വൈവിധ്യം അനിവാര്യമാണ്. ഈ വൈവിധ്യത്തിന്റെ തനിമ അംഗീകരിച്ചും പോഷിപ്പിച്ചും കൊണ്ടുള്ള ഒരു സമതുലിത വിദ്യാഭ്യാസപ്രക്രിയ നമുക്ക് ഉറപ്പുവരുത്തേണ്ടതുണ്ട്. അപ്പോൾ സവിശേഷമായി പരിഗണിക്കപ്പെടേണ്ട വിഭാഗമാണ് പ്രത്യേക പരിഗണനയർഹിക്കുന്ന കുട്ടികൾ. ഇവരാരൊക്കെയെന്നു നോക്കാം.

- കേൾവിക്കുറവുള്ളവർ
- കാഴ്ചക്കുറവുള്ളവർ
- ചലനശേഷി കുറഞ്ഞവർ
- മാനസികമായും ബുദ്ധിപരമായും വെല്ലുവിളി നേരിടുന്നവർ
- ബഹുവിധ ശാരീരികവെല്ലുവിളി അനുഭവിക്കുന്നവർ

Experimental Version

**പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസം**

ഒരു രാജ്യത്തിന്റെ വിദ്യാഭ്യാസ പരിപാടിയിലെ മുഖ്യ ഊന്നലുകളിൽ ഒന്ന് മുഴുവൻ കുട്ടികളെയും സ്കൂളിൽ എത്തിക്കുക എന്നതാണ്. ഈ ലക്ഷ്യം പൂർണമായും സാക്ഷാത്കരിക്കാൻ ശാരീരികമോ മാനസികമോ ആയ പ്രശ്നങ്ങളോ പരിമിതികളോ അനുഭവിക്കുന്ന എല്ലാ വിഭാഗം കുട്ടികളെയും സ്കൂളിലെത്തിക്കണം. ഇതിന്റെ ഭാഗമായി പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെ പൊതുധാരയിൽ എത്തിക്കാൻ "ഉൾപ്പെടുത്തിയുള്ള വിദ്യാഭ്യാസം" (Inclusive Education) കേരളത്തിലും നടപ്പാക്കേണ്ടതുണ്ട്.

കേരളപാഠ്യപദ്ധതി ചട്ടക്കൂടിൽ പ്രത്യേക പരിഗണന അർഹിക്കുന്നവരുടെ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള നിലപാടുരേഖ ഇവരുടെ വിദ്യഭ്യാസവുമായി ബന്ധപ്പെട്ട് നിരവധി നിർദേശങ്ങൾ മുന്നോട്ടുവയ്ക്കുന്നു.

Experimental Version

**നിർദേശങ്ങൾ**

- പാഠ്യപദ്ധതി സമീപനത്തിൽ ഈ കുട്ടികളുടെ പഠനശേഷിയും അഭിരുചികളും പരിഗണിക്കണം.
- പാഠപുസ്തകങ്ങൾ ലളിതമായ ഭാഷയിൽ തയാറാക്കണം.
- പാഠ്യപദ്ധതി രൂപീകരിക്കുമ്പോൾ CWSEN കുട്ടികളെക്കൂടി കണക്കിലെടുക്കണം.
- പാഠ്യപദ്ധതിക്കനുസരിച്ചുള്ള പുസ്തകങ്ങളും പഠനസാമഗ്രികളും ചിട്ടപ്പെടുത്തുമ്പോൾ കുട്ടികളുടെ നൈപുണികൾക്ക് എത്താവുന്നിടത്തോളം നേടാനുള്ള അവസരങ്ങൾ ഒരുക്കണം.
- വെല്ലുവിളികൾ നേരിട്ട് ഔന്നത്യത്തിൽ എത്തിയവരെക്കുറിച്ച് പാഠപുസ്തകത്തിൽ പ്രതിപാദിക്കണം.
- അധ്യാപക സഹായികളിൽ Task Analysis പോലുള്ള തന്ത്രങ്ങൾ പ്രയോജനപ്പെടുത്തണം.
- ഭാഷാവിഷയങ്ങളിൽ പ്രത്യേകം എഴുതി തയാറാക്കിയ പാഠപുസ്തകം നിർമിക്കണം.
- വ്യക്തിപരിഗണന പരമാവധി ലഭ്യമാകുന്ന തരത്തിലായിരിക്കണം പ്രവർത്തനങ്ങളുടെ രൂപരേഖ.
- പഠനപ്രവർത്തനങ്ങളിൽ ഐ.ടി. സാധ്യത ഉപയോഗപ്പെടുത്തണം.
- വിഷയങ്ങൾക്ക് ചോയ്സ് നൽകണം.
- സഹപാഠികൾക്കും രക്ഷിതാക്കൾക്കും ബോധവൽക്കരണം നൽകണം.
- മൂല്യനിർണയത്തിൽ അനുയോജ്യമായ മാറ്റം വരുത്തണം.
- കൂടുതൽ സമയം മൂല്യനിർണയത്തിന് നൽകണം

- Term Evaluation (T.E) നടത്തുമ്പോൾ പഠനവേഗം, ശേഷി എന്നിവ പരിഗണിച്ചുള്ള പ്രവർത്തനങ്ങൾ പ്രവർത്തന ബാങ്കിൽ നിന്ന് സ്വയം തിരഞ്ഞെടുക്കാനവസരം ഒരുക്കണം.
- ആവശ്യത്തിന് റിസോഴ്സ് അധ്യാപകരെ നിയമിക്കണം.
- ജനറൽ സ്കൂളിലെ അധ്യാപകർക്ക് റിസോഴ്സ് അധ്യാപകർക്ക് ലഭിക്കുന്ന മൂന്നുമാസത്തെ ട്രെയിനിംഗ് ലഭ്യമാക്കണം.
- എല്ലാ സ്കൂളിലും ഒരു റിസോഴ്സ് റൂം ഉണ്ടായിരിക്കണം.
- വിദഗ്ധരുടെ ശില്പശാലകൾ സംഘടിപ്പിച്ച് പ്രത്യേക പഠനബോധന ഉപകരണങ്ങൾ നിർദേശിച്ച് ലേണിംഗ് കിറ്റ് നൽകണം.
- ലീഗൽ അവയർനസ്സ്, ആനുകൂല്യങ്ങളെപ്പറ്റിയുള്ള ധാരണ എന്നിവ അധ്യാപകർക്ക് നൽകണം.
- കേരളത്തിലെ സന്നദ്ധസംഘടനകളുടെയും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്ന റിസോഴ്സ് അധ്യാപകരുടെയും സേവനപ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് ചിട്ടപ്പെടുത്തണം.
- പഠനാന്തരീക്ഷം മെച്ചപ്പെടുത്താനായി ക്ലാസ് റൂം ആകർഷകമാക്കുകയും ഇരിപ്പിടങ്ങൾ ക്രമീകരിക്കുകയും വേണം.
- എല്ലാ വിഷയങ്ങൾക്കും വർക്ക്ബുക്കുകൾ, ചിത്രങ്ങളോടുകൂടിയും പ്രവർത്തനങ്ങൾ ക്രമീകരിച്ചും ഫോണ്ടുകൾ വലുതാക്കിയും തയാറാക്കണം.
- സ്പീച്ച് ട്രെയിനർ, ഒ.എച്ച്.പി. എൽ.സി.ഡി. പ്രോജക്ടർ, കമ്പ്യൂട്ടർ എന്നിവ എല്ലാ സ്കൂളുകൾക്കും ലഭ്യമാക്കണം.
- CWSEN കുട്ടികളുടെ പഠനവുമായി ബന്ധപ്പെട്ട് വിദഗ്ധ പരിശീലനങ്ങൾ സംസ്ഥാന - ജില്ലാ - സി.ആർ.സി. തലത്തിൽ ലഭിക്കുവാൻ നടപടി വേണം.
- അധ്യാപകരിൽ അനുകൂലമായ മനോഭാവം ഉണ്ടാക്കാനുതകുന്ന തരത്തിൽ പുതിയ രീതികൾ/തന്ത്രങ്ങൾ/പ്രവർത്തനങ്ങൾ ആവിഷ്കരിക്കണം. എക്സ്പോഷർട്രിപ്പുകൾ (CWSEN കുട്ടികളെ പരിശീലിപ്പിക്കുന്ന സ്ഥാപനങ്ങളിലേക്ക്) നടത്തണം.
- എല്ലാ സ്കൂളുകളിലും റാമ്പ് & റെയിൽ, അഡാപ്റ്റഡ് ടോയ്ലറ്റ്, ഇലക്ട്രിഫിക്കേഷൻ എന്നിവ സജ്ജമാക്കണം.
- ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനും പഠനസാമഗ്രികൾ വികസിപ്പിക്കുന്നിതനും സന്നദ്ധ സംഘടനകളെ പ്രയോജനപ്പെടുത്തണം.
- സഹവാസക്യാമ്പ്, പഠനയാത്ര, കലാസാഹിത്യപരിപാടികൾ തുടങ്ങിയവയിൽ പങ്കെടുക്കുന്നതുവഴി CWSEN കുട്ടികളുടെ കഴിവുകൾ തിരിച്ചറിഞ്ഞ് പ്രോത്സാഹിപ്പിക്കാവുന്നതാണ്.

Experimental Version

- ചാർട്ടുകൾ, മോഡൽ എന്നിവ ടാക്റ്റയിൽ / എമ്പോസ്ഡ് ആയി തയാറാക്കി നൽകുക.
- 1, 2 ക്ലാസുകളിലെ പുസ്തകങ്ങൾ വീഡിയോ ഓറിയന്റ് ആയതുകൊണ്ട് ബ്രെയിൽ വായന എളുപ്പം പഠിക്കുന്നതിനുള്ള പാഠപുസ്തകങ്ങൾ തയാറാക്കി നൽകുക.
- ഓഡിയോ ലൈബ്രറികൾ രൂപവൽക്കരിക്കുകയും കാഴ്ചപരിമിതികളുള്ള കുട്ടികൾക്ക് വായനാപുസ്തകങ്ങൾ ലഭ്യമാക്കുകയും ചെയ്യുക.
- ബ്രെയിൽ പുസ്തകങ്ങൾ ഒരു സ്കൂളിൽ ഒരു കോപ്പിയെങ്കിലും ലഭ്യമാക്കുക.
- ഗണിതത്തിലെ ചിത്രങ്ങൾക്ക് തെർമോ ഫോം മെഷീൻ ഉപയോഗിക്കുക.
- എല്ലാ ആശുപത്രികളിലും (പ്രൈവറ്റ് ഉൾപ്പെടെ) നിയോ നാറ്റൽ സ്ക്രീനിംഗ് ടെസ്റ്റ് സംവിധാനം ഏർപ്പെടുത്തുക
- അഭിരുചിക്കനുസരിച്ചുള്ള തൊഴിൽ പരിശീലനം ഏർപ്പെടുത്തുക.
- C.E. പ്രവർത്തനം അഡാപ്റ്റഡ് / മോഡിഫൈഡ് ആയിരിക്കുക.
- മുഴുവൻ രക്ഷിതാക്കളെയും പരിശീലിപ്പിക്കുന്നതിന്റെ ഭാഗമായി ഡോക്കുമെന്ററികൾ, വീഡിയോ ക്ലിപ്പിംഗുകൾ (CWSENകുട്ടികളുടെ പഠനം, പരിശീലനം എന്നിവയുമായി ബന്ധപ്പെട്ടത്) എന്നിവ ഉപയോഗപ്പെടുത്തുക.
- റിസോഴ്സ് അധ്യാപകരുടെയും ജനറൽ അധ്യാപകരുടെയും പരിശീലനം സംയുക്തമായി നടത്തുക.
- മോണിറ്ററിംഗിനുള്ള സംവിധാനം പൂർണമായും പ്രവർത്തനക്ഷമമാക്കണം.
- കുട്ടികളുടെ പ്രത്യേക ആവശ്യങ്ങൾ (Special Needs) തിരിച്ചറിഞ്ഞ് കൂടുതൽ താത്പര്യത്തോടെ ഇടപെട്ടു പ്രവർത്തിക്കാനും കുട്ടികൾക്ക് അവരുടെ പ്രായത്തിനും കഴിവിനും അനുയോജ്യമായ കളികളും ഉപകരണങ്ങളും തിരഞ്ഞെടുത്തു നൽകുവാനും പ്രത്യേക പരിഗണ അർഹിക്കുന്ന കുട്ടികളുടെ രക്ഷിതാക്കളെ കൗൺസിലിംഗ് നടത്താനും കഴിയുന്ന തരത്തിലുള്ള പരിശീലനമാണ് അധ്യാപകർക്ക് നൽകേണ്ടത്.
- Inclusive Education ഉപാധികളില്ലാതെ എല്ലാ സ്കൂളുകളിലും നടപ്പിലാക്കുക
- നടപ്പാക്കുന്നതിനുള്ള പ്രായോഗിക തടസ്സങ്ങൾ ഇല്ലാതാക്കുക. ഭൗതിക സാഹചര്യങ്ങൾ അനുകൂലമാക്കുക.
- ടെസ്റ്റ്, ഇന്റർവ്യൂ തുടങ്ങി അഡ്മിഷന് തടസ്സമാകുന്ന ഔപചാരികതകൾ ഇല്ലാതാക്കുക

Experimental Version

- Inclusive setting- ൽ ഫലപ്രദമായി പ്രവർത്തിക്കാൻ പ്രാപ്തരാകത്തക്ക വിധം അധ്യാപകർക്ക് പരിശീലനം നൽകുക.
- കുട്ടികളുടെ ബൗദ്ധികവും അല്ലാത്തതുമായ കഴിവുകളുടെ ഏറ്റക്കുറച്ചിലുകൾ പരിഗണിച്ചുകൊണ്ട് പാഠ്യപദ്ധതി കൂടുതൽ അയവുള്ളതാക്കുക.
- അനുയോജ്യമായ പഠനസാമഗ്രികളുടെയും അതാതുരംഗത്തെ വിദഗ്ധരുടെയും ഐ.ടി. ഉൾപ്പെടെയുള്ള സാങ്കേതിക സൗകര്യങ്ങളുടെയും പ്രയോജനം ഉറപ്പാക്കുക.
- വിദ്യാഭ്യാസത്തിന്റെ എല്ലാ ഘട്ടങ്ങളിലും രക്ഷിതാക്കളുടെ ഇടപെടൽ ഉറപ്പാക്കുക.
- പ്രീസർവീസ് ഉൾപ്പെടെയുള്ള എല്ലാ അധ്യാപക പരിശീനലങ്ങളിലും ഉൾപ്പെടുത്തിയുള്ള വിദ്യാഭ്യാസത്തിന് ഇണങ്ങുന്ന ബോധനശാസ്ത്രത്തിന് ഊന്നൽ നൽകുക.
- അധ്യാപനരീതി എല്ലാ കുട്ടികളുടെയും പഠനരീതികളെ പരിഗണിക്കുന്നതാകണം.
- സ്പെഷ്യൽ സ്കൂളുകളെ ഉൾപ്പെടുത്തിയുള്ള വിദ്യാഭ്യാസത്തിന് ആവശ്യമായ സേവനം നൽകുന്ന റിസോർഴ്സ് സെന്ററുകളാക്കുക.
- വിദ്യാഭ്യാസത്തിന്റെ എല്ലാ മേഖലകളിലും പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ പങ്കാളിത്തം മെച്ചപ്പെടുത്തുക.
- ക്ലാസ്സിൽ അധ്യാപക-വിദ്യാർഥി അനുപാതം 1:30 ആക്കുക. ഉൾപ്പെടുത്തിയുള്ള വിദ്യാഭ്യാസത്തിൽ (Inclusive Education) ക്ലാസ്സിൽ കുട്ടികളുടെ എണ്ണം 20 എന്നു നിജപ്പെടുത്തുക.
- ക്ലാസ്സിലെ കുട്ടികളെ സംബന്ധിച്ച മുഴുവൻ ചുമതലയും അതാതു ക്ലാസ്സ് ടീച്ചർമാർക്ക് ആയിരിക്കണം. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കുവേണ്ടി എന്തെങ്കിലും പ്രത്യേക സഹായം ആവശ്യമായി വരുമ്പോൾ അതു ലഭ്യമാക്കണം.
- പാഠ്യപദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ കാഴ്ചപ്പാടുകളും പരിപാടികളും ഉൾപ്പെടുത്തിയുള്ള വിദ്യാഭ്യാസത്തെ ഫലപ്രദമായി പരിഗണിക്കുന്ന വിധമായിരിക്കണം.
- സ്കൂൾ പ്രിൻസിപ്പൽമാർ, ഹെഡ്മാസ്റ്റർമാർ, മറ്റ് അധികാരികൾ തുടങ്ങിയ വിദ്യാഭ്യാസ പരിപാടികൾ ആവിഷ്ക്കരിച്ചു നടപ്പാക്കുന്ന എല്ലാവർക്കും ഉൾപ്പെടുത്തിയുള്ള വിദ്യാഭ്യാസത്തിന്റെ ദാർശനികമായ അവബോധം ഉണ്ടാകണം.
- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ കഴിവുകേടുകൾ പ്രതിഫലിപ്പിക്കുന്നതിനു പകരം അവരുടെ സഹജമായ ശക്തിയും

Experimental Version

കഴിവുകളും കണ്ടെത്തി വികസിപ്പിക്കുന്ന പഠനരീതികൾ കണ്ടെത്തി നടപ്പിലാക്കണം.

- സ്വാശ്രയത്വബോധവും സാഹചര്യങ്ങളോട് സമരസപ്പെടുന്നതിനുള്ള കഴിവുകളും വികസിപ്പിക്കുന്നതിനുതകുന്ന പഠനാനുഭവങ്ങൾ നൽകണം.
- സ്വതന്ത്രജീവിതത്തിനും പ്രശ്നപരിഹണത്തിനും തീരുമാനങ്ങളെടുക്കുന്നതിനും വിശകലന ബുദ്ധിയോടെ കാര്യങ്ങളെ സമീപിക്കുന്നതിനുമുള്ള പരിശീലനമാണ് പഠനാനുഭവങ്ങളിലൂടെ ലഭിക്കേണ്ടത്.
- കുട്ടി നേടുന്ന അറിവ് പരസ്പരബന്ധിതവും സമഗ്രവും അർഥവത്തുമാകാൻ 4-ാം തരം വരെ ഒരു അധ്യാപിക എന്ന രീതിയാണ് സ്വീകാര്യം.
- ഉൾപ്പെടുത്തിയുള്ള വിദ്യാഭ്യാസത്തിന്റെ (Inclusive Education) പ്രയോജനം മെച്ചപ്പെടുത്തുവാൻ ഇൻസർവീസ് പ്രീസർവീസ് പരിശീലനപരിപാടികൾ പരിഷ്കരിച്ച് പുനസ്സംഘടിപ്പിക്കേണ്ടതാണ്.
- വിഭിന്നപഠനശീലങ്ങളുള്ള വിദ്യാർഥികളിലേക്ക് അമൂർത്താശയങ്ങൾ ഫലപ്രദമായി വിനിമയം ചെയ്യപ്പെടാൻ പറ്റിയ രീതിയിൽ ചിഹ്നഭാഷയും ബ്രെയ്‌ലിയും അധ്യാപകരെ പരിശീലിപ്പിക്കണം
- നമ്മുടെ സമൂഹത്തിന്റെ നാനാത്വത്തോടും ഉൾപ്പെടുത്തിയുള്ള സമൂഹമെന്ന ആശയത്തോടും ആദരവ് വളർത്തുന്നതിന് പാഠ്യപദ്ധതി ചട്ടക്കൂട്ടിലും അധ്യാപക പരിശീലന പരിപാടികളിലും മനുഷ്യാവകാശ വിദ്യാഭ്യാസം എന്ന ഘടകം കൂടി ഉൾപ്പെടുത്തേണ്ടതാണ്.
- വ്യക്തിത്വത്തിന്റെ എല്ലാ അംശങ്ങളും പരിപോഷിപ്പിക്കുന്നതിന് (ബൗദ്ധികവും വൈകാരികവും മനശ്ചാലകവുമായ) കലാപഠനത്തിനും പ്രവൃത്തി പരിചയത്തിനും തുല്യപ്രാധാന്യവും മൂല്യവും കല്പിക്കേണ്ടതാണ്.
- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ പ്രവേശനത്തിനോ, ആനുകൂല്യങ്ങൾ ലഭിക്കുന്നതിനോ ഔപചാരികതകൾ ഒരു തരത്തിലും തടസ്സമാകരുത്.
- ക്ലാസുകളിൽ കുട്ടികളെ തോൽപ്പിക്കുന്ന നയം ഒഴിവാക്കി പകരം ഓരോ കുട്ടിയെയും അവന്റെ പ്രയാസങ്ങൾ തരണം ചെയ്യുന്നതിന് സഹായിക്കേണ്ടതാണ്.
- കേൾവിക്കുറവുള്ള കുട്ടികൾക്ക് ചിഹ്നഭാഷയും (Sign language) കാഴ്ചക്കുറവുള്ളവർക്ക് ബ്രെയ്‌ലിയും പഠനമാധ്യമമാക്കണം.
- മൂന്നാംഭാഷയെന്ന നിലയിൽ ചിഹ്നഭാഷയും ഫിംഗർ ബ്രെയ്‌ലിയും എല്ലാ കുട്ടികളും പഠിക്കണം.

Experimental Version

## 3.3. കേരള സ്കൂൾ പാഠ്യപദ്ധതി 2013 – നയരേഖ

കേരള സ്കൂൾ പാഠ്യപദ്ധതി – 2013, നയരേഖയിലും 'ഉൾപ്പെടുത്തിയുള്ള വിദ്യാഭ്യാസ'ത്തെ ഏറെ പ്രാധാന്യത്തോടെ ചർച്ച ചെയ്തിട്ടുണ്ട്.

### 3.3.1 ഉൾപ്പെടുത്തിയുള്ള വിദ്യാഭ്യാസം (Inclusive Education)

'എല്ലാവർക്കും വിദ്യാഭ്യാസം' (Education for all) എന്ന ആഗോള വ്യാപക ആശയത്തിന്റെ പശ്ചാത്തലത്തിലാണ് Inclusive Education എന്ന കാഴ്ചപ്പാട് വികസിച്ചത്. സ്കൂൾ പ്രായത്തിലെത്തിയ എല്ലാ കുട്ടികൾക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം അവകാശമായി വന്ന സാഹചര്യത്തിൽ എല്ലാവരെയും ഉൾക്കൊള്ളുന്ന തരത്തിലുള്ള പാഠ്യപദ്ധതി ആവിഷ്ക്കരിച്ചു നടപ്പിലാക്കേണ്ടതുണ്ട്.

### 3.3.2 ഉൾപ്പെടുത്തിയുള്ള വിദ്യാഭ്യാസം – പ്രസക്തി

എല്ലാ വിദ്യാലയങ്ങളിലും വിദ്യാഭ്യാസ സംവിധാനത്തിൽ ആകെത്തന്നെയും എല്ലാവരെയും ഉൾക്കൊള്ളുന്ന, ആരെയും പുറന്തള്ളാത്ത നയമാണ് സ്വീകരിക്കേണ്ടത്. എല്ലാവിധ വൈവിധ്യങ്ങളെയും (diversity) അംഗീകരിക്കുന്നതും എല്ലാവരുടെയും പങ്കാളിത്തം ഉറപ്പുവരുത്തുന്നതുമായ ക്ലാസ്റൂം അന്തരീക്ഷമാണ് സ്കൂളുകളിലുണ്ടാവേണ്ടത്. നമ്മുടെ വിദ്യാലയങ്ങളിൽ പ്രധാനമായും രണ്ട് വിഭാഗക്കാർക്ക് കൂടുതൽ പരിഗണനയും ശ്രദ്ധയും നൽകി ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തേണ്ടതുണ്ട്.

ഒന്നാമതായി ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവരും പഠന പ്രയാസം നേരിടുന്നവരുമായ കുട്ടികളുടെ വിദ്യാഭ്യാസം, രണ്ടാമതായി സാമൂഹ്യവും സാംസ്കാരികവും സാമ്പത്തികവുമായ കാരണങ്ങളാൽ പുറന്തള്ളപ്പെട്ട കുട്ടികൾ – ഈ രണ്ട് വിഭാഗങ്ങളെയും പരിഗണിച്ചുകൊണ്ടുള്ള പാഠ്യപദ്ധതിയും ക്ലാസ്റൂം അന്തരീക്ഷവുമാണ് വേണ്ടത്.

### 3.3.3 ഉൾപ്പെടുത്തിയുള്ള വിദ്യാഭ്യാസത്തിന്റെ പരിധിയിൽ വരുന്ന കുട്ടികൾ

**a. ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ (Children With Disabilities - CWD)**

പ്രത്യേക ശ്രദ്ധ, സഹായം, പരിഗണന എന്നിവ ആവശ്യമുള്ള കുട്ടികളാണിവർ. ഇവരുടെ പരിരക്ഷ, വിദ്യാഭ്യാസം എന്നിവയിൽ വ്യക്തിപരമായ പ്രത്യേക ശ്രദ്ധയും ഊന്നലും അത്യന്താപേക്ഷിതമാണ്. കേൾവിക്കുറവ് (Hearing Impairment), കാഴ്ചപരിമിതി (Visual Impairment), ബുദ്ധിപരമായ പരിമിതി (Intellectually Challenged) ചലനപരമായ പരിമിതി (Locomotor Disability), പഠനവൈകല്യം (Specific learning disability), ഓട്ടിസം (Autism), സെറിബ്രൽപാൾസി (Cerebral Palsy), ബഹുമുഖ വൈകല്യങ്ങൾ (Multiple Disabilities), വൈകാരിക അസന്തുലനാവസ്ഥയിലുള്ള കുട്ടികൾ (Emotionally Disturbed Group) ശ്രദ്ധാപരമായ പരിമിതി (ADHD) എന്നിവ ഈ ഗണത്തിൽപ്പെടുന്നു.

Experimental Version

b. **സാമൂഹികവും സാമ്പത്തികവുമായ കാരണങ്ങളാൽ പുറന്തള്ളപ്പെട്ടവരുടെ കുട്ടികൾ**

വിദ്യാഭ്യാസത്തിന് അവസരം നിഷേധിക്കപ്പെട്ടവരോ, ക്ലാസിനകത്ത് വേണ്ടത്ര പങ്കാളിത്തവും, പരിഗണനയും കിട്ടാത്തവരോ ആയ കുട്ടികളാണ് പ്രധാന മായും ഈ വിഭാഗത്തിന്റെ പരിധിയിൽപ്പെടുന്നത്.

- കടുത്ത ദാരിദ്ര്യം അനുഭവിക്കുന്നവരും ബാലവേല ചെയ്യുന്നവരും
- പ്രാന്തവൽക്കരിക്കപ്പെട്ട വിഭാഗത്തിലെ കുട്ടികൾ (ദളിതർ, ആദിവാസി കൾ, ഗോത്രവർഗ കുട്ടികൾ)
- കലാപബാധിത പ്രദേശങ്ങളിലെ കുട്ടികൾ
- ജാതി, മതം, വർണം, വംശീയത എന്നിങ്ങനെയുള്ള വ്യത്യസ്തകളുടെ ഭാഗമായി ന്യൂനപക്ഷമായി പോകുന്നവരുടെ കുട്ടികൾ
- തെരുവിൽ താമസിക്കുന്നവർ
- എസ്.സി./എസ്.റ്റി വിഭാഗക്കാർ
- പ്രകൃതി ദുരന്തങ്ങളുടെ ഭാഗമായി പലായനം ചെയ്യപ്പെട്ടവർ
- പെൺകുട്ടികൾ
- അന്യദേശത്ത് നിന്ന് കുടിയേറിവരും സ്ഥിരമായി താമസ സൗകര്യം ഇല്ലാ ത്തവരും

ഈ രണ്ടു മേഖലയിലുള്ള കുട്ടികളെ കൂടാതെ സവിശേഷശ്രദ്ധയും പരിഗണ നയും വേണ്ടവരാണ് പ്രത്യേക അഭിരുചിയും കഴിവുമുള്ള കുട്ടികൾ (Gifted Children)

Experimental Version

ഉൾപ്പെടുത്തിയുള്ള വിദ്യാഭ്യാസം (Inclusive Education) ഒരു ദാർശനിക നിലപാടാ ണ്. അതേസമയം എല്ലാ വിഭാഗം കുട്ടികളെയും ഉൾക്കൊള്ളാൻ കഴിയും വിധം സ്കൂൾ പ്രവർത്തനങ്ങളെയും ഭൗതികസാഹചര്യങ്ങളെയും ക്രമീകരിക്കുന്ന ഒരു പദ്ധതിയുമാണ്.

### 3.3.4 ഉൾപ്പെടുത്തിയുള്ള വിദ്യാഭ്യാസം – സമീപനം

ഉൾപ്പെടുത്തിയുള്ള വിദ്യാഭ്യാസം (Inclusive Education) പ്രാവർത്തികമാക്കുമ്പോൾ നാം സ്വീകരിക്കേണ്ട രീതിശാസ്ത്രം എന്തായിരിക്കും? സാമൂഹികവും സാമ്പത്തി കവുമായ കാരണങ്ങളാൽ വേണ്ടത്ര ശ്രദ്ധയും പരിഗണനയും കിട്ടേണ്ട ഈ വിഭാ ഗക്കാരെ പൊതുവിദ്യാലയങ്ങളിൽ തന്നെ ചേർത്ത് പഠനാനുഭവങ്ങൾ ലഭിച്ചുവെന്ന് ഉറപ്പുവരുത്താൻ കഴിയണം. പാഠ്യപദ്ധതി രൂപകൽപന ചെയ്യുമ്പോൾ ഉള്ളടക്കം, പഠനനേട്ടം (Learning Outcome) വിനിമയരീതി, വിലയിരുത്തൽ എന്നീ മേഖല കളിൽ എല്ലാ വിഭാഗക്കാരെയും പരിഗണിക്കാൻ കഴിയുന്നു എന്ന് ഉറപ്പുവരുത്ത ണം.

ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവർക്കും പഠനപ്രയാസം അനുഭവപ്പെടുന്ന കുട്ടികൾക്കും പ്രത്യേക പഠനാവശ്യങ്ങൾ ഉണ്ട് (Special Educational Needs). പരിമിതികളെയും വ്യത്യസ്തതകളെയും തിരിച്ചറിയുകയും അംഗീ

കരിക്കുകയും ബഹുമാനിക്കുകയും ചെയ്യുക എന്നതായിരിക്കണം ഇത്തരം കുട്ടികളുടെ വിദ്യാഭ്യാസകാര്യത്തിലുള്ള നമ്മുടെ അടിസ്ഥാന സമീപനം. വൈകല്യങ്ങളുള്ള കുട്ടികളുടെ പ്രത്യേകാവശ്യങ്ങൾ ഉൾക്കൊള്ളാൻ നമ്മുടെ വിദ്യാലയങ്ങൾക്കും പാഠ്യപദ്ധതിക്കും അധ്യാപകർക്കും പൊതുസമൂഹത്തിനും സാധിക്കുന്നില്ല എന്നതാണ് യഥാർഥത്തിലുള്ള പ്രശ്നം. ഈ തിരിച്ചറിവായിരിക്കണം ഇത്തരം കുട്ടികളുടെ വിദ്യാഭ്യാസ സമീപനത്തെ രൂപപ്പെടുത്തേണ്ട മൗലികമായ ചാലകശക്തി.

1986 ദേശീയ വിദ്യാഭ്യാസ നയം 1992– ലെ ആർ.സി.ഐ ആക്ട്, 1995 ലെ Person with Disabilities Act, 2005 ലെ ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട്, 2007 ലെ കേരള പാഠ്യപദ്ധതി ചട്ടക്കൂട്, 2009 ലെ ആർ.റ്റി.ഇ. ആക്ട്, കേരള സ്കൂൾ പാഠ്യപദ്ധതി 2013 എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം വൈകല്യമുള്ള കുട്ടികളുടെ വിദ്യാഭ്യാസം.

പ്രീ–പ്രൈമറി മുതൽ ഹയർസെക്കണ്ടറി വരെ ഗുണമേന്മയുള്ള വിദ്യാഭ്യാസം അനുയോജ്യമായ രീതിയിൽ സൗജന്യമായി പരിമിതികളുള്ള എല്ലാ കുട്ടികൾക്കും ലഭ്യമാക്കുക എന്ന ലക്ഷ്യം സാക്ഷാൽക്കരിക്കുന്നതിന് ശാസ്ത്രീയമാർഗങ്ങൾ സ്വീകരിക്കേണ്ടതുണ്ട്.

വൈകല്യമുള്ള കുട്ടികളുടെ വിദ്യാഭ്യാസം ഇപ്പോൾ നടക്കുന്നത് പ്രധാനമായും രണ്ടു രീതിയിലാണ്.

(1) വൈകല്യമുള്ള കുട്ടികൾക്ക്‌വേണ്ടി മാത്രമായി നടത്തുന്ന സ്പെഷ്യൽ സ്കൂളുകൾ.

കാഴ്ചക്കുറവ്, കേൾവിക്കുറവ്, മാനസിക വെല്ലുവിളി എന്നിവയുള്ള കുട്ടികൾക്ക് വേണ്ടി നടത്തുന്ന സ്പെഷ്യൽ സ്കൂളുകൾ സംസ്ഥാനത്ത് നിലവിലുണ്ട്. മറ്റു പരിമിതികളുള്ള കുട്ടികൾക്കു വേണ്ടിക്കൂടി ഇത്തരം സ്കൂളുകൾ തുടങ്ങേണ്ടതുണ്ട്. ഏകീകൃതവും ശാസ്ത്രീയവുമായ പാഠ്യപദ്ധതി ഈ സ്കൂളുകൾക്ക് ആവശ്യമാണ്.

(2) 1974 ൽ ഇന്ത്യയിൽ ആരംഭിച്ച സംയോജിത വിദ്യാഭ്യാസ പരിപാടി.

ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ സാധാരണ കുട്ടികളോടൊപ്പം പൊതുവിദ്യാലയത്തിൽ പഠിപ്പിക്കുകയാണ് ഈ പരിപാടിയുടെ സ്വഭാവം. സർവശിക്ഷാ അഭിയാൻ പ്രോജക്ടിന്റെ ഭാഗമായുള്ള സ്കീമും വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള ഐ.ഇ.ഡി.എസ്.എസ്. സ്കീമും ഈ രംഗത്ത് നിലവിലുണ്ട്.

### 3.3.5 പാഠ്യപദ്ധതി, ഉള്ളടക്കം, വിനിമയരീതി, വിലയിരുത്തൽ എന്നിവയിൽ പരിഗണിക്കേണ്ട കാര്യങ്ങൾ

പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന പ്രത്യേക പരിഗണനയുള്ള കുട്ടികൾക്കായി പാഠ്യപദ്ധതിയിൽ അനുരൂപീകരണം നടത്തണം. പ്രധാനമായും മൂന്ന് വിധത്തിലുള്ള അനുരൂപീകരണം (Adaptations) ആവശ്യമാണ്.

Experimental Version

വിനിമയരീതിയിലും ഉള്ളടക്കത്തിലുമുള്ള അനുരൂപീകരണം, വിലയിരുത്തൽ തന്ത്രങ്ങളിലും ഉപാധിയിലുമുള്ള മാറ്റം, ഭൗതിക വൈകാരിക അന്തരീക്ഷത്തിലെ മാറ്റങ്ങൾ എന്നിവയാണവ. കൂടാതെ;

- വൈകല്യങ്ങളുള്ള കുട്ടികളുടെ പഠനവുമായി ബന്ധപ്പെട്ട അധ്യാപക ശാക്തീകരണം
- ഇത്തരം കുട്ടികളുടെ ക്ഷേമം, പരിചരണം, വിദ്യാഭ്യാസം എന്നിവയിൽ വിദഗ്ധരടങ്ങുന്ന (സൈക്കോളജിസ്റ്റ്, കൗൺസലർമാർ, സാമൂഹിക പ്രവർത്തകർ, സ്പെഷ്യൽ എഡ്യുക്കേറ്റർ, റഗുലർ ടീച്ചർ) സംഘത്തിന്റെ സംയോജിത പിന്തുണ ഉറപ്പ് വരുത്തുക.
- റിസോഴ്സ് സെന്ററുകൾ സ്ഥാപിക്കുകയും വിദഗ്ധ സേവനങ്ങൾ ഉറപ്പുവരുത്തുകയും ചെയ്യുക.
- ശൈശവകാല പരിചരണവും വിദ്യാഭ്യാസവും ഉറപ്പു വരുത്താൻ പ്രീ-പ്രൈമറി സ്കൂളുകൾ സ്ഥാപിക്കുക.
- സ്പെഷ്യൽ സ്കൂളുകൾക്കായി പ്രത്യേക പാഠ്യപദ്ധതി പരിഷ്ക്കരണം നടപ്പിലാക്കുക.
- സ്പെഷ്യൽ സ്കൂളുകൾ, റിസോഴ്സ്സെന്ററായി ഉയർത്തുകയും പൊതുവിദ്യാലയങ്ങൾക്ക് പൂരകമായി പ്രവർത്തിക്കുകയും ചെയ്യുക.
- രക്ഷാകർത്തൃ ശിശുപരിശീലന പരിപാടികൾ (Early-Parent Infant Training Programme) ആവിഷ്കരിച്ച് നടപ്പിലാക്കുക.
- താരതമ്യേന കഠിനതരത്തിലുള്ള വൈകല്യങ്ങൾക്ക് വിധേയമായ ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് ഫലപ്രദമായ വ്യക്തിഗത ബോധനം ലഭ്യമാക്കുന്നതിന് സ്പെഷ്യൽ സ്കൂളുകളാണ് അഭികാമ്യം. (എന്നാൽ നിയമപരമായി ഇത്തരം കുട്ടികൾക്കുകൂടി പൊതുവിദ്യാലയങ്ങളിൽ പഠിക്കാൻ അവകാശമുണ്ട്).
- വൈകല്യങ്ങൾ നേരത്തെ തിരിച്ചറിഞ്ഞ് ഇടപെടാൻ (Early Intervention) സംവിധാനങ്ങൾ ഒരുക്കേണ്ടതുണ്ട്.
- വിവിധ കാരണങ്ങളാൽ സ്കൂളിൽ എത്താൻ കഴിയാത്ത, സ്കൂൾ പ്രായമെത്തിയ, കിടപ്പിലായ (bed ridden) കുട്ടികൾക്കായി Home based Education നടപ്പിലാക്കണം. ഇവർക്ക് പൊതുധാരയിൽ ഇടപെടാനുള്ള അവസരങ്ങൾ സൃഷ്ടിക്കേണ്ടതുണ്ട്.
- സവിശേഷമായ രീതിയിൽ കൗമാര വിദ്യാഭ്യാസവും ജീവിതനൈപുണി (Life Skills) വിദ്യാഭ്യാസവും ഉറപ്പുവരുത്തുക.
- കുട്ടികൾ നേരിടുന്ന വെല്ലുവിളികൾ അനുഭവിച്ചറിഞ്ഞ് കൊണ്ട് പഠനപ്രക്രിയകളും ലക്ഷ്യങ്ങളും രൂപീകരിക്കുന്നതിൽ അധ്യാപകരെ പ്രാപ്തരാക്കേണ്ടതുണ്ട്.

Experimental Version

- പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർഥികളെ തയാറാക്കുന്ന അധ്യാപകർക്കായി പ്രത്യേക in-service course കൾ നടപ്പിൽ വരുത്തുന്നത് ഉചിതമായിരിക്കും.
- അന്താരാഷ്ട്ര തലത്തിലും ദേശീയ തലത്തിലും ഉണ്ടാകുന്ന നൂതനാശയങ്ങളും ആവിഷ്കാരങ്ങളും സാങ്കേതിക വിദ്യകളും സമയാസമയങ്ങളിൽ അധ്യാപകരിലെത്തിക്കണം.
- ടീച്ചർ എക്സ്ചേഞ്ച് പ്രോഗ്രാം പ്രാദേശിക തലത്തിലും സംസ്ഥാനതലത്തിലും ദേശീയ തലത്തിലും നടപ്പിലേക്കേണ്ടതാണ്.
- ഈ മേഖലയിലെ ആക്ഷൻ റിസർച്ച് പ്രവർത്തനങ്ങൾക്കായി സാമ്പത്തിക സഹായവും പ്രോത്സാഹനങ്ങളും നൽകാവുന്നതാണ്.
- കുട്ടികളുടെ വിവിധങ്ങളായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അധ്യാപകന് പിന്തുണയും നിർദേശവും നൽകുന്ന സ്ഥിരം സംവിധാനങ്ങൾ (ഉദാ: Help desk) ഏർപ്പെടുത്തണം.
- ദേശീയവും അന്തർദേശീയവുമായ വിവിധ സ്ഥാപനങ്ങൾ സന്ദർശിച്ച് അനുഭവങ്ങൾ സ്വംശീകരിക്കുവാൻ അധ്യാപകന് അവസരം നൽകണം
- വിവിധ യൂണിവേഴ്സിറ്റികളും ഗവൺമെന്റ് ഏജൻസികളും നടത്തുന്ന അംഗീകൃത പരിശീലനങ്ങൾക്ക് ശമ്പളത്തോടെയുള്ള പഠനാനുമതി പരിഗണിക്കേണ്ടതാണ്.

**3.3.6 പ്രത്യേക പരിഗണനയർഹിക്കുന്ന കുട്ടികളുടെ ഉന്നമനത്തെ സഹായിക്കുന്ന സമിതികൾ**

ഇത്തരം വിദ്യാർഥികളുടെ ഉന്നമനത്തിനായി സ്കൂൾ തലത്തിലും, ജില്ലാ തലത്തിലും സമിതികൾ രൂപീകരിക്കണം. സ്കൂൾ തല സമിതിയുടെ അധ്യക്ഷൻ വാർഡ്മെമ്പറും ഉപാധ്യക്ഷൻ പി.ടി.എ പ്രസിഡന്റും കൺവീനർ എച്ച്.എമ്മും ജോയിന്റ് കൺവീനർ എസ്.ആർ.ജി കൺവീനറുമാകണം. തിരഞ്ഞെടുക്കപ്പെടുന്ന പ്രാദേശിക സാമൂഹിക പ്രവർത്തകർ, അധ്യാപകർ എന്നിവർ സമിതിയംഗങ്ങളാകണം.

സബ്ജില്ലാതല സമിതിയുടെ അധ്യക്ഷൻ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റും കൺവീനർ എ.ഇ.ഒ. യുമാകണം. സബ്ജില്ലയിൽ ഉൾപ്പെടുന്ന പഞ്ചായത്ത് പ്രസിഡന്റുമാരുടെ പ്രതിനിധികൾ, ഡോക്ടർമാർ, കൗൺസിലർമാർ, സ്പെഷ്യൽ എഡ്യൂക്കേറ്റർമാർ എന്നിവർ ഈ സമിതികളിലുണ്ടാകണം വിദഗ്ധോപദേശങ്ങൾ നൽകാനും ഇടപെടലുകൾ നടത്താനും ഈ സമിതി പ്രാപ്തമായിരിക്കണം.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അധ്യക്ഷനും ഡി.ഡി കൺവീനറുമായ ജില്ലാതല സമിതിയിൽ ഡി.ഇ.ഒ-മാർ, ജില്ലാതല 2 ഐ.പി അംഗങ്ങൾ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ, ഈ മേഖലയിൽ വൈദഗ്ധ്യം നേടിയ ഡോക്ടർമാർ, സ്പെഷ്യൽ എഡ്യുക്കേറ്റർമാർ, കൗൺസലർമാർ തുടങ്ങിയവർ ഉണ്ടായിരിക്കണം.

Experimental Version

പരിമിതികളുള്ള നൂറിലധികം വിദ്യാർഥികളുള്ള വിദ്യാലയങ്ങളിൽ മുഴുവൻ സമയ സ്പെഷ്യൽ എഡ്യൂക്കേറ്റർമാർ, കൗൺസലർമാർ, കെയർടേക്കർമാർ എന്നിവരുടെ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്താവുന്നതാണ്.

മറ്റ് വിദ്യാലയങ്ങൾക്ക് ക്ലസ്റ്റർ അടിസ്ഥാനത്തിൽ നിയമിച്ച മേൽ പ്രസ്താവിച്ച വ്യക്തികളുടെ സേവനം ലഭ്യമാക്കേണ്ടതാണ്.

### 3.3.7 ഐ.സി.ടി – യുടെ സാധ്യത

കമ്പ്യൂട്ടറുകളിലെ സ്റ്റിൽ റീഡറുകളുടെ സഹായത്തോടെ ഇന്റർനെറ്റ്, ഈ മെയിൽ സംവിധാനങ്ങൾ ഉൾപ്പെടെ കാഴ്ചയില്ലാത്തവർക്ക് ഉപയോഗിക്കുവാൻ കഴിയും. ഇംഗ്ലീഷ് സ്കാനറിന്റെ സഹായത്തോടെ അച്ചടി പുസ്തകങ്ങൾ വായിക്കുന്നതിനും ഇന്ന് സ്വതന്ത്ര സോഫ്റ്റ് വെയർ ഉപയോഗിച്ച് സാധ്യമാണ്. സ്ക്രൈബ് സിസ്റ്റത്തെ പരിഷ്കരിക്കുന്നതിന് ഐ.റ്റി സാധ്യത പരിശോധിക്കപ്പെടണം. മലയാളം സ്പീച്ച് വികസിച്ച് വരുന്നതുകൊണ്ട്, മലയാളം വിവരസമാഹരണം (Information gathering) ഇന്റർനെറ്റ് ഉപയോഗിച്ച് സാധിക്കും. പത്ര വായനയും വിക്കിപീഡിയ സെർച്ചും ഇതേതരത്തിൽ സാധ്യമാണ്.

ശ്രവണ വൈകല്യമുള്ള കുട്ടികളുടെ ഭാഷാ വികസനത്തിന്റെ ഭാഗമായി അധരചലനങ്ങൾ മനസ്സിലാക്കുന്നതിനും ആംഗ്യഭാഷ അഭ്യസിക്കുന്നതിനും വായന പ്രോത്സാഹിപ്പിക്കുന്നതിനും ഐ.സി.ടി ഉപയോഗപ്പെടുത്താവുന്നതാണ്. സബ്ടൈറ്റിലോട് കൂടിയുള്ള ദൃശ്യങ്ങൾ ഗ്രഹണശേഷി വർധിപ്പിക്കുന്നതിന് സഹായകമാകും.

ചലന വൈകല്യമുള്ളവർക്ക് വയർലസ് കീബോർഡ്/മൗസ്, ഓൺ സ്ക്രീൻ കീബോർഡ്, റിമോട്ട് കൺട്രോൾ എന്നിവ ഉപയോഗിച്ചുള്ള ഐ.സി.ടി പഠനം അവലംബിക്കാവുന്നതാണ്.

മാനസികമായി വെല്ലുവിളികൾ നേരിടുന്നവർക്ക് തിരിച്ചറിയൽ, ക്രമീകരണം, ശബ്ദ നിർണയം, വിവേചനം, സംഖ്യാപഠനം, താരതമ്യം, ചിന്താശേഷിയുടെ വർധനവ് എന്നിവയുടെ സ്വാംശീകരണത്തിന് ഐ.സി.ടി പഠനം സഹായിക്കുന്നു.

ഇത്തരത്തിൽ പാഠ്യപദ്ധതി ഫലപ്രദമായി വിനിമയം ചെയ്യുന്നതിന് സാങ്കേതിക വിദ്യയുടെ സഹായം പരമാവധി പ്രയോജനപ്പെടുത്തണം. വ്യക്തിഗതമായിത്തന്നെ കമ്പ്യൂട്ടർ അധിഷ്ഠിതമായി പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനുള്ള സാധ്യതകൾ റിസോഴ്സ് സി.ഡി. വഴി നൽകി പഠനം കാര്യക്ഷമമാക്കാവുന്നതാണ്.

### 3.3.8 കുട്ടികളെ പിന്തുണയ്ക്കുന്നതിൽ മെന്റർ ആയി പ്രവർത്തിക്കുന്ന അധ്യാപകന്റെ റോൾ

1. **പ്രചോദകൻ** – അധ്യാപകൻ കുട്ടികളിലെ കഴിവുകളെ ഉണർത്തുന്നതിനും പ്രചോദിപ്പിക്കുന്നതിനും പ്രാപ്തനായിരിക്കണം.
2. അധ്യാപകൻ സഹാനുഭൂതിയുള്ളവനാകണം.

Experimental Version

3. അധ്യാപകന് കൈകാര്യം ചെയ്യുന്ന പരിമിതികളുള്ള വിദ്യാർഥികളെക്കുറിച്ച് സമഗ്രമായ അറിവുണ്ടാകണം.

4. **ഇന്നോവേറ്റർ** – നവപ്രവണതകൾ കണ്ടെത്തുന്നതിനും പ്രാവർത്തികമാകുന്നതിനും കഴിവുണ്ടാകണം.

5. സർഗാത്മകത – വിദ്യാർഥികൾക്ക് അനുഗുണമായ രീതിയിൽ പഠന പ്രക്രിയകൾ പാലിക്കുന്നതിനുള്ള സർഗാത്മകത ഉണ്ടാകണം.

6. ഇത്തരം പഠിതാക്കളുടെ മാനസികവും ശാരീരികവും സാമൂഹികവും വിദ്യാഭ്യാസപരവുമായ ആവശ്യങ്ങളെ കണ്ടെത്തുന്നതിനും ഏകോപിപ്പിക്കുന്നതിനും പ്രാപ്തിയുള്ള വ്യക്തിയാകണം, **മെന്റർ.**

7. അധ്യാപകൻ വിഭവ സമാഹരണത്തിലും മാനേജ്മെന്റിലും പ്രാപ്തനാകണം.

8. പരിമിതികളുള്ള കുട്ടികളുടെയും സാധാരണക്കാരായ കുട്ടികളുടേയും മധ്യെയുള്ള പാലമാകണം മെന്റർ ആയ അധ്യാപകൻ. (Peer group support)

9. പരിമിതിയുള്ള കുട്ടികൾക്കുള്ള ഉപകരണങ്ങളുടെ ഉപയോഗത്തിലും വിതരണത്തിലും ശ്രദ്ധാലുവാകണം.

Experimental Version

## 3.4. പാഠ്യപദ്ധതി – ആവശ്യകത

ഒരോ സ്ഥാപനവും വ്യത്യസ്ത പാഠ്യവസ്തുക്കൾ ഉപയോഗിച്ച് ശാരീരികമായും മാനസികമായും പരിമിതി അനുഭവിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസം തുടർന്നു വന്നതിനാൽ കുട്ടികൾക്ക് സമഗ്ര വികസനം സാധ്യമാകുന്ന പല പ്രവർത്തനങ്ങളും അറിഞ്ഞോ അറിയാതെയോ ലഭിക്കാത്ത അവസ്ഥ കേരളത്തിൽ നിലനിൽക്കുന്നുണ്ട്. കേരളത്തിൽ ഈ മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നടക്കുന്ന പ്രവർത്തനങ്ങൾക്കോ വിലയിരുത്തൽ രീതികൾക്കോ ഐകരൂപ്യമില്ല. അതുകൊണ്ട് തന്നെ പഠനം പൂർത്തിയായി പുറത്തു പോകുന്ന കുട്ടികളിൽ നിലനിൽക്കുന്ന നൈപുണികൾക്കും ഐകരൂപ്യമില്ല. ഇത് ഇത്തരം മേഖലയിലെ കുട്ടികളെ പുനരധിവസിപ്പിക്കുന്നതിനോ ജീവിതം മുന്നോട്ട് നയിക്കുന്നതിനോ സഹായകമാകുന്നില്ല. എല്ലാവർക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കണം എന്ന ദേശീയലക്ഷ്യം ഇത്തരത്തിലുള്ള കുട്ടികൾക്കു ലഭിക്കുന്നു എന്ന് ഉറപ്പാക്കണമെങ്കിൽ നിയതമായ ചട്ടക്കൂടിൽ തയാറാക്കിയ ഒരു പാഠ്യപദ്ധതിയിലൂടെ മാത്രമേ സാധ്യമാകുകയുള്ളൂ. ഒരു പാഠ്യപദ്ധതി എല്ലാ സ്ഥാപനങ്ങളിലും നടപ്പാക്കുവാനുള്ള ഭരണപരമായ ഇടപെടലുകൾ, ആനുകൂല്യങ്ങൾ, സഹായങ്ങൾ, ബോധവൽക്കരണം, എന്നിവയിലൂടെ മാത്രമേ ഈ വിഭാഗത്തെകൂടി നമുക്ക് ദേശീയ കാഴ്ചപ്പാട് മുന്നോട്ട് വയ്ക്കുന്ന ലക്ഷ്യത്തിലേക്ക് എത്തിക്കുവാൻ സാധിക്കുകയുള്ളൂ.

### 3.4.1 പാഠ്യപദ്ധതി – പൊതുസമീപനം

ശാരീരികമായും ബുദ്ധിപരമായും വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ

വിദ്യാഭ്യാസവും സംരക്ഷണവും സമൂഹത്തിന്റെ ഉത്തരവാദിത്വമായതിനാൽ ഇവർക്കു വേണ്ട പ്രത്യേക ശ്രദ്ധയും പരിഗണനയും വിദ്യാഭ്യാസവും അവസരവും നൽകുവാനുള്ള ബാദ്ധ്യതയും പൊതുസമൂഹത്തിനും ഭരണാധികാരികൾക്കുമുണ്ട്. ഇവരുടെ പരിമിതികളും സവിശേഷതകളും തിരിച്ചറിഞ്ഞുകൊണ്ട് അനുയോജ്യമായ വിദ്യാഭ്യാസം ഉറപ്പാക്കുകയാണ് അഭികാമ്യം. കുട്ടിയുടെ വ്യക്തിത്വ സവിശേഷതകൾക്കും പരിമിതികൾക്കും സാഹചര്യങ്ങൾക്കും അനുയോജ്യമായ ഒരു പാഠ്യപദ്ധതി മാത്രമേ ഇവരുടെ മുന്നോട്ടുള്ള ജീവിതത്തിന് ഗുണകരമാകുകയുള്ളൂ. അതുകൊണ്ട് ഇവയൊക്കെ ഉൾക്കൊണ്ടുകൊണ്ട് സമഗ്രവും എന്നാൽ അയവുള്ളതുമായ ഒരു സമീപനമാണ് സ്വീകാര്യമാകുക.

പൊതുവിദ്യാഭ്യാസരംഗത്ത് സ്വീകരിച്ചിട്ടുള്ള സമീപനത്തിൽ നിന്നും വ്യത്യസ്ത സമീപനമാവും ഇവിടെ യോജിക്കുക. പരമാവധി പരാശ്രയമില്ലാതെ ജീവിതസാഹചര്യങ്ങളെ നേരിടുവാൻ കുട്ടികളെ സഹായിക്കുന്ന തരത്തിലുള്ള ഒരു രീതിശാസ്ത്രമാണ് സ്വീകരിക്കേണ്ടത്. ഓരോ കുട്ടിക്കും വ്യക്തിപരമായ ശ്രദ്ധ ഉറപ്പാക്കി ജീവിതനൈപുണിവികാസത്തിലുള്ള സ്വതന്ത്രവ്യക്തിത്വം രൂപപ്പെടുത്തുവാൻ കഴിയണം. ഓരോ കുട്ടിയുടെയും മാനസിക നിലവാരത്തിനു യോജിച്ച വ്യത്യസ്ത പ്രവർത്തനങ്ങളും പഠനതന്ത്രങ്ങളും സ്വീകരിക്കണം. കുട്ടികളുടെ ആവശ്യങ്ങളെ പരമാവധി തൃപ്തിപ്പെടുത്തുന്ന സാമൂഹികാന്തരീക്ഷം ഉറപ്പ് വരുത്തി ഇവരുടെ വികാസത്തെ ത്വരിതപ്പെടുത്തണം.

Experimental Version

സ്വീകരിക്കുന്ന എല്ലാ പഠനതന്ത്രങ്ങളും പ്രവർത്തനങ്ങളും വിലയിരുത്തൽ രീതികളുമെല്ലാം അയവുള്ളതാകേണ്ടതാണ്. സ്വന്തം പ്രദേശത്തിന്റെ സവിശേഷതകൾ ഉൾക്കൊള്ളിച്ച് തയാറാക്കിയിട്ടുള്ള പ്രാദേശിക പാഠങ്ങളുടെ (Local Text) സാധ്യത പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്. കമ്പ്യൂട്ടർ ഉൾപ്പെടെയുള്ള സാങ്കേതിക സൗകര്യങ്ങൾ പഠനത്തിലും മൂല്യനിർണയത്തിലും പ്രയോജനപ്പെടുത്തുകയും കുട്ടികൾക്ക് സഹായസംവിധാനമായി സ്വീകരിക്കാനുള്ള അവസരങ്ങൾ ഒരുക്കുകയും ചെയ്യണം.. നിർദിഷ്ഠ ശേഷികളും ആശയങ്ങളും നേടിയ കുട്ടികളെ തുടർപഠനത്തിന് സഹായിക്കുന്ന തരത്തിൽ പൊതുവിദ്യാലയത്തിൽ എത്തിക്കുന്ന രീതിയും സ്വീകരിക്കാവുന്നതാണ്.

ആഗോളതലത്തിൽ ഈ വിഭാഗത്തിന്റെ പഠനത്തിൽ ധാരാളം മാറ്റങ്ങൾ ഗവേഷണഫലമായി വന്നിട്ടുണ്ട്. അത്തരത്തിൽ തയാറാക്കിയിട്ടുള്ള പ്രവർത്തനങ്ങളിൽ നമുക്ക് യോജിക്കുന്നത് നമ്മുടെ പാഠ്യപദ്ധതിയുടെ ഭാഗമായി വരേണ്ടതാണ്. ഗവേഷണ ഫലമായി കണ്ടെത്തി അവിടെ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ നാം തിരഞ്ഞെടുത്തതിന്റെ യുക്തി പൊതുസമൂഹത്തെ ബോധ്യപ്പെടുത്തുവാനുള്ള ബോധവൽക്കരണ പരിപാടികൾ ആസൂത്രണം ചെയ്യേണ്ടതുമുണ്ട്.

ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്ന ഓരോ കുട്ടിയും വ്യത്യസ്തനാണ്. അതുകൊണ്ട് തന്നെ അവർക്ക് കിട്ടേണ്ട ശ്രദ്ധയും പരിഗണനയും സഹായവും വ്യത്യസ്തമായിരിക്കണം. വ്യക്തിഗത വിദ്യാഭ്യാസപരിശീലനപരിപാടി (Individualised Education Programme) യായിരിക്കണം ഇവർക്കായി

പ്രവർത്തനങ്ങൾ ഒരുക്കുമ്പോൾ സ്വീകരിക്കേണ്ട സമീപനം. കാലിക വയസ്സും (Chronological Age) മാനസിക വയസ്സും (Mental Age) തമ്മിൽ അന്തരം പ്രകടിപ്പിക്കുന്ന ഈ കുട്ടികൾക്ക് മുഖ്യധാരാ വിദ്യാഭ്യാസത്തിലേത് പോലെ പന്ത്രണ്ടു വർഷത്തെ വിദ്യാഭ്യാസം അനുയോജ്യവും പ്രായോഗികവുമല്ല. അതിനാൽ ഇവർക്കു ലഭിക്കേണ്ട ശ്രദ്ധയും പരിഗണനയും സഹായവും പരിഗണിച്ച് പല ഘട്ടങ്ങളായി തിരിച്ച് പ്രവർത്തനങ്ങൾ തയാറാക്കി നടപ്പാക്കുന്നതാവും സ്വീകാര്യം. വിദ്യാഭ്യാസത്തിന്റെ ലക്ഷ്യങ്ങൾക്കു ചോർച്ച സംഭവിക്കാതെ പ്രവർത്തനങ്ങളിൽ ആവശ്യമായ അനുരൂപീകരണം നടത്തിക്കൊണ്ട് മുന്നേറുന്ന ഒരു സമീപനമായിരിക്കും ഉചിതം.

### 3.4.2. പാഠ്യപദ്ധതി നടപ്പിൽ വരുത്താനുള്ള സാധ്യതകൾ

Experimental version

കേരളത്തിലെ ഓരോ കുട്ടിക്കും അനുയോജ്യമായ ഒരു പാഠ്യപദ്ധതി തയാറാക്കി നടപ്പാക്കുവാൻ ഇന്നത്തെ സ്ഥിതിയിൽ സാധ്യമല്ല. കാരണം ലഭ്യമായ കണക്കനുസരിച്ച് കേരളത്തിൽ ഏകദേശം 3% കുട്ടികൾ ശാരീരികവും മാനസികവുമായ ബുദ്ധിമുട്ട് അനുഭവപ്പെടുന്നവരാണ്. അവർക്ക് ഒരിക്കലും ഒരു പൊതു പാഠ്യപദ്ധതി അനുയോജ്യമാവില്ല. ഇവർക്കായി ഒരു പ്രത്യേക പാഠ്യപദ്ധതി അനിവാര്യമാണെന്നതിന് അനുകൂലമായ ധാരാളം സാഹചര്യങ്ങൾ നിലനിൽക്കുന്നു.

- ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരുടെ അനുയോജ്യ വിദ്യാഭ്യാസത്തിനുള്ള ആസൂത്രിത പരിശ്രമങ്ങൾ ഉണ്ടാവണമെന്ന് കേരളത്തിലെ ഭരണരംഗത്തിന്റെ തലപ്പത്തുള്ളവർക്കും അക്കാദമിക നേതൃത്വങ്ങൾക്കും തിരിച്ചറിവുണ്ട്.
- ഏറെക്കുറെ വിദ്യാസമ്പന്നരും സാമൂഹ്യ പ്രതിബദ്ധതയുള്ളവരുമായ രക്ഷാകർതൃ തലമുറ, ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നകുട്ടികൾക്ക് അനുയോജ്യ വിദ്യാഭ്യാസം നൽകാൻ ആഗ്രഹിക്കുന്നുണ്ട്. അതിനായുള്ള പിന്തുണ നൽകാനും അവർ തയാറാണ്.
- ദുർബലരോടും സാമൂഹ്യമായി അവഗണിക്കപ്പെടുന്നവരോടും ഒപ്പം നിന്ന് പുരോഗമന നവോത്ഥാന സാംസ്കാരിക പാരമ്പര്യമുള്ള കേരളത്തിൽ ശരിയായ ബോധവൽക്കരണത്തിലൂടെ കൂടുതൽ വ്യക്തികളെയും സ്ഥാപനങ്ങളെയും സംഘടനകളെയും ഈ മേഖലയിലേക്ക് നയിക്കാൻ സാധിക്കും.
- ബുദ്ധിപരമായ പരിമിതി അനുഭവിക്കുന്ന കുട്ടികളുടെയും അവരുടെ രക്ഷിതാക്കളുടെയും വിദ്യാഭ്യാസ-പുനരധിവാസ-സാമൂഹ്യ ജീവിതം മെച്ചപ്പെടുത്തുന്നതിനുള്ള എല്ലാ പരിശ്രമങ്ങൾക്കും പൊതു സമൂഹത്തിന്റെയും മാധ്യമങ്ങളുടെയും പിന്തുണ ലഭിക്കുന്ന തരത്തിലുള്ള സാമൂഹ്യബോധം കേരളത്തിലുണ്ട്.
- എസ്.സി.ഇ.ആർ.ടി, എസ്.ഐ.എം.സി തുടങ്ങിയ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കേരളത്തിനകത്തും പുറത്തുമുള്ള വിദഗ്ധരുടെ സേവനം പ്രയോജനപ്പെടുത്തി പാഠ്യപദ്ധതി കാഴ്ചപ്പാടും പ്രവർത്തന പദ്ധതികളും തയാറാക്കാൻ സാധിക്കുന്ന അന്തരീക്ഷം നിലവിലുണ്ട്.

- അക്കാദമികവും ഭരണപരവുമായ കാര്യങ്ങളിൽ ദീർഘകാലമായി അവഗണിക്കപ്പെട്ടു കിടന്നിരുന്ന സ്പെഷ്യൽ സ്കൂളുകൾക്ക് വേണ്ടിയുള്ള പാഠ്യപദ്ധതി രൂപീകരണത്തെയും ബന്ധപ്പെട്ട പ്രവർത്തനങ്ങളെയും വളരെ പ്രതീക്ഷയോടെയാണ് പൊതുസമൂഹം നോക്കിക്കാണുന്നത്.
- എസ്.സി.ഇ.ആർ.ടി യുടെ നേതൃത്വത്തിൽ നടന്ന പഠനങ്ങൾ, ഇടപെടലുകൾ ഈ മേഖലയിലെ ഗവേഷണ പഠന റിപ്പോർട്ടുകൾ, ഡോ.എം.കെ ജയരാജ് കമ്മീഷൻ റിപ്പോർട്ട് എന്നിവയിലെ നിർദേശങ്ങൾ സമഗ്രമായ പാഠ്യപദ്ധതി പരിഷ്കരണത്തിനു ദിശാബോധം നൽകുന്നു.
- പൊതു വിദ്യാലയങ്ങളിൽ പഠിക്കുന്ന ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടികളുടെ വിദ്യാഭ്യാസരീതി എങ്ങനെയായിരിക്കണം എന്നതു സംബന്ധിച്ച കാഴ്ചപ്പാട് രൂപീകരിക്കാൻ ഈ പാഠ്യപദ്ധതി സഹായകമാവും.
- പൊതു വിദ്യാലയങ്ങളിലോ സ്പെഷ്യൽ സ്കൂളുകളിലോ പോകാൻ കഴിയാതെ വീടുകളിൽ കഴിയുന്ന കുട്ടികൾക്കും വിദ്യാഭ്യാസം നൽകേണ്ടതുണ്ടെന്നും അതു സമൂഹത്തിന്റെ ഉത്തരവാദിത്വമാണെന്നും ബോധ്യപ്പെടുത്താൻ ഈ പാഠ്യപദ്ധതി ചർച്ചകൾ വഴി തുറക്കും.
- സ്പെഷ്യൽ സ്കൂളുകളും പൊതുവിദ്യാലയങ്ങളും ചേർന്നുള്ള പ്രവർത്തനമാതൃകകളും അനുപൂരക സ്ഥാപനങ്ങളുടെ സാധ്യതകളും രൂപപ്പെട്ടുവരാനും ഈ പാഠ്യപദ്ധതി ചർച്ചകൾ സഹായകമായേക്കും.
- പാഠ്യപദ്ധതി രേഖ, അധ്യാപകർക്കും, രക്ഷാകർത്താക്കൾക്കും സഹായകമായ സാമഗ്രികൾ, കുട്ടികൾക്കുള്ള പഠന സാമഗ്രികൾ എന്നിവ ഊർജ്ജിതമായ പരിപാടികളിലൂടെ രൂപീകരിക്കാനാവശ്യമായ മനുഷ്യ വിഭവശേഷി കേരളത്തിൽ ലഭ്യമാണ്. അതു പ്രയോജനപ്പെടുത്താൻ സാധിക്കുന്ന അക്കാദമിക സ്ഥാപനങ്ങളും നമുക്കുണ്ട്.
- വിവരവിനിമയസാങ്കേതികവിദ്യയുടെ പ്രയോഗം സാർവത്രികമായിക്കഴിഞ്ഞ കേരളത്തിൽ ഈ സാങ്കേതിക വിദ്യയുടെ അടിത്തറയിൽ നിന്നുകൊണ്ടുള്ള പാഠ്യപദ്ധതി വിനിമയ തന്ത്രങ്ങളും മൂല്യനിർണയ സംവിധാനങ്ങളും രൂപീകരിക്കാൻ സാധിക്കും. ഇതിനായി ഈ രംഗത്തുള്ളവരുടെ അനുഭവങ്ങളും കഴിവും പ്രയോജനപ്പെടുത്താൻ എസ്.സി.ഇ.ആർ.ടി, SIMC തുടങ്ങിയ സ്ഥാപനങ്ങൾക്കു സാധിക്കും.
- വ്യക്തിഗത പഠനബോധന രീതി, വിലയിരുത്തൽ, രക്ഷാകർതൃപിന്തുണ, അക്കാദമികവും ഭരണപരവുമായ മോണിറ്ററിംഗ്, സ്ഥാപനങ്ങളുടെ പ്രവർത്തനം, വിലയിരുത്തൽ, മാർഗ നിർദേശം, പരിശീലനം, അനുബന്ധ സഹായകസാമഗ്രികൾ തുടങ്ങിയ എല്ലാ മേഖലകൾക്കും ആവശ്യമായ പ്രവർത്തനപരിപാടികളും നിയമനിർമ്മാണങ്ങളും ഏകോപിപ്പിച്ചു കൊണ്ടുപോകാൻ എസ്.ഐ.എം.സി ക്കു സാധിക്കും.

Experimental Version

- എസ്.ഐ.ഇ.റ്റി, ഐ.റ്റി.@ സ്കൂൾ, സീമാറ്റ്, തുടങ്ങിയ സംസ്ഥാന സ്ഥാപനങ്ങൾ, സ്പെഷ്യൽ വിദ്യാഭ്യാസമേഖലയിലെ പഠനപരിശീലന സ്ഥാപനങ്ങൾ, ഡി.പി.ഐ ക്കു കീഴിലുള്ള ഐ.ഇ.ഡി.എസ്.എസ്. വിഭാഗം, സർവ ശിക്ഷാ അഭിയാൻ, ആർ.എം.എസ്.എ തുടങ്ങിയ പ്രോജക്ടുകൾ, ഡയറ്റ്, സി.റ്റി.ഇ. തുടങ്ങിയ പരിശീലന സ്ഥാപനങ്ങൾ, ഈ മേഖലയിലെ സന്നദ്ധ പ്രവർത്തകർ, രാജ്യത്തിനകത്തും പുറത്തുമുള്ള സവിശേഷ വിദ്യാഭ്യാസ വിദഗ്ധർ തുടങ്ങിയവരുടെ സേവനങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ട് പാഠ്യപദ്ധതി വിനിമയത്തിനായി കാര്യക്ഷമമായ പ്രവർത്തന പരിപാടികൾ രൂപീകരിക്കാൻ സാധിക്കും.

### 3.4.3 പാഠ്യപദ്ധതി – ലക്ഷ്യങ്ങൾ

കുട്ടികളുടെ സമഗ്രവികസനം ലക്ഷ്യമാക്കിയാണ് പാഠ്യപദ്ധതികൾ നിലകൊള്ളുന്നത്. ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ പാഠ്യപദ്ധതി രൂപീകരിക്കുമ്പോൾ കൂടുതൽ ശ്രദ്ധ അനിവാര്യമാകുന്നു. കുട്ടിയുടെ പ്രകൃതം, വൈകല്യങ്ങളുടെ വൈവിധ്യം, തോത്, തുടങ്ങിയ ധാരാളം വസ്തുതകൾ പരിഗണിക്കേണ്ടി വരും. ഇവരുടെ വിദ്യാഭ്യാസാവശ്യങ്ങൾ, നിലനിൽക്കുന്ന പ്രതിസന്ധികൾ, ഭാവിയെക്കുറിച്ചുള്ള കാഴ്ചപ്പാട് എന്നിവയെല്ലാം പാഠ്യപദ്ധതി ലക്ഷ്യങ്ങളിൽ പ്രതിഫലിക്കേണ്ടതുണ്ട്. ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരുടെ വിദ്യാഭ്യാസാവശ്യങ്ങൾ, നിലനിൽക്കുന്ന പ്രതിസന്ധികൾ, ഭാവിയെക്കുറിച്ചുള്ള കാഴ്ചപ്പാട് എന്നിവയുടെ അടിസ്ഥാനത്തിലാണ് ലക്ഷ്യങ്ങൾ രൂപീകരിച്ചിട്ടുള്ളത്. സവിശേഷവ്യക്തിത്വമുള്ള ഇത്തരം കുട്ടികൾക്കായി തയാറാക്കുന്ന പാഠ്യപദ്ധതി താഴെ പറയുന്ന ലക്ഷ്യങ്ങൾ മുന്നോട്ട് വയ്ക്കുന്നു.

Experimental Version

(i) ഭരണഘടനാപരമായും വിദ്യാഭ്യാസ അവകാശ നിയമമനുസരിച്ചും എല്ലാ കുട്ടികൾക്കും ലഭിക്കേണ്ട അവകാശങ്ങളും അവസരങ്ങളും ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവർക്കും ഉറപ്പു വരുത്തുക.

(ii) പ്രത്യേകാവശ്യങ്ങളുള്ള കുട്ടികൾ അനുഭവിക്കുന്ന ബഹുതല സ്പർശിയായ പ്രശ്നങ്ങൾക്ക് സാധ്യമായ പരിഹാര പ്രവർത്തനം എന്ന രീതിയിൽ വിദ്യാഭ്യാസത്തെ സമീപിക്കുകയും തൊഴിൽ, പുനരധിവാസം, സാമൂഹ്യ സുരക്ഷ, തുടങ്ങിയ ഘടകങ്ങളുടെ പിന്തുണ വിദ്യാഭ്യാസ പ്രക്രിയയുടെ ഭാഗമാക്കുകയും ചെയ്യുക.

(iii) ഓരോ കുട്ടിക്കും തന്റേതായ രീതിയിൽ പഠിക്കാനും മുന്നേറാനും സ്വയം തിരിച്ചറിയാനും അവസരമൊരുക്കുക.

(iv) ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരുടെ വിദ്യാഭ്യാസ പ്രശ്നങ്ങളെക്കുറിച്ചും പരിഹാര രീതികളെക്കുറിച്ചും സജീവമായ ചർച്ചകൾക്കും നിർദേശങ്ങൾക്കും വഴിയൊരുക്കുകയും അനുയോജ്യമായ ഒരു വിദ്യാഭ്യാസ ക്രമം രൂപീകരിക്കുന്നതിനുള്ള ആന്തരിക സമ്മർദവും പ്രേരണയും വളർത്തുകയും ചെയ്യുക.

## 3.5 പാഠ്യവിഷയങ്ങൾ

ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള പാഠ്യവിഷയങ്ങൾ എന്താകണം? എങ്ങനെയാകണം? എന്നത് സമഗ്രമായ ചർച്ചകൾക്കും ആലോചനകൾക്കും വിധേയമാക്കേണ്ട കാര്യമാണ്. കുട്ടികൾ ഓരോരുത്തരും സ്വഭാവത്തിലും, പെരുമാറ്റത്തിലും പ്രവർത്തനരീതികളിലും വ്യത്യസ്തരാണ്. ഓരോ കുട്ടിയുടെയും ഈ വ്യത്യസ്തത അധ്യാപകന് വലിയ വെല്ലുവിളിയാണ്. ആയതിനാൽ പാഠ്യവിഷയങ്ങൾ തീരുമാനിക്കുമ്പോൾ ചുവടെ കൊടുത്തിരിക്കുന്ന കാര്യങ്ങൾ നിർബന്ധമായും പരിഗണിക്കേണ്ടതാണ്.

- ബുദ്ധിപരമായ വെല്ലുവിളിനേരിടുന്ന കുട്ടിയുടെ പൊതുവായ പ്രകൃതം.
- കുട്ടിയുടെ സാമൂഹ്യമായ പശ്ചാത്തലം
- പഠനപ്രവർത്തനങ്ങൾ നിർവഹിക്കുന്നതിനുള്ള സാധ്യതകൾ
- കുട്ടിയുടെ ആരോഗ്യപരമായ അവസ്ഥ
- മെച്ചപ്പെട്ട ജീവിതസാഹചര്യം കെട്ടിപ്പടുക്കുന്നതിനുവേണ്ടിയുള്ള ധാരണകൾ, നൈപുണികൾ

### 3.5.1 പാഠ്യവിഷയങ്ങൾ - മേഖലകൾ

സമൂഹത്തിലെ ഒരു വ്യക്തി എന്ന നിലയിൽ വളർന്ന് വികാസം പ്രാപിക്കണമെങ്കിൽ അവശ്യം നേടിയിരിക്കേണ്ട നൈപുണികൾ ഏതെല്ലാം വിഷയങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നത് ചർച്ച ചെയ്യേണ്ടതാണ്.

പഠിതാവ് ആദ്യം നേടേണ്ടത് ആശയവിനിമയവുമായി (Communication) ബന്ധപ്പെട്ട നൈപുണികളാണ്. സാമൂഹ്യജീവി എന്ന നിലയിൽ തന്റെ ആവശ്യങ്ങൾ മറ്റുള്ളവരെ ധരിപ്പിക്കാനും മറ്റുള്ളവർ പറയുന്നത് എന്താണെന്ന് മനസ്സിലാക്കാനും പരസ്പരം അറിയാനും ആശയവിനിമയത്തിലൂടെ മാത്രമേ സാധിക്കുകയുള്ളൂ. ആശയവിനിമയത്തിനുള്ള സുപ്രധാന ഉപാധിയാണ് ഭാഷ. ആയതിനാൽ പഠിതാവ് ആശയവിനിമയത്തിനായി ഉപയോഗപ്പെടുത്തുന്ന ഭാഷയിലുള്ള വിവിധങ്ങളായ നൈപുണികൾ നേടുന്നതിന് അവസരമൊരുക്കണം.

നിത്യജീവിതത്തിൽ നടത്തുന്ന കണക്കുകൂട്ടലുകൾ മനസ്സിലാക്കാനും, സമയത്തെക്കുറിച്ചും, ദിവസം - മാസം - വർഷം എന്നിവയെക്കുറിച്ചും അറിയുന്നതിനും ഗണിതത്തിൽ സാമാന്യപരിജ്ഞാനം വേണം. ഗണിതനൈപുണികളെ സംബന്ധിച്ചും പ്രായോഗിക ഗണിതത്തെ സംബന്ധിച്ചുമുള്ള ധാരണകൾ കുട്ടികൾ നേടണം.

താൻ വസിക്കുന്ന ഭൂമിയെപ്പറ്റിയും തന്റെ തൊട്ടടുത്ത പരിസരത്തെ സംബന്ധിച്ചും ജീവജാലങ്ങളെ സംബന്ധിച്ചും കുട്ടി മനസ്സിലാക്കണം. ആയതിനാൽ പരിസരപഠനം ഒരു വിഷയമായി ഉൾപ്പെടുത്തണം.

Experimental Version

മനുഷ്യൻ ഒരു സാമൂഹ്യജീവിയാണ്. സമൂഹത്തിന്റെ പ്രത്യേതകളെ സംബന്ധിച്ചും സാമൂഹ്യജീവിതത്തെ സംബന്ധിച്ചും കുട്ടി അറിയേണ്ടതുണ്ട്. നമ്മുടെ ഭരണസംവിധാനത്തെ സംബന്ധിച്ചും, ജനകീയ ഭരണനിർവഹണത്തെ സംബന്ധിച്ചും കുട്ടി അറിയേണ്ടതുണ്ട്.

ജീവിതം ആസ്വദിക്കുന്നതിനും ആഹ്ളാദകരമായ ഒരു മനസ്സിന് ഉടമയാകുന്നതിനും ശാരീരികമായ മികവുകൾ പരിപോഷിപ്പിക്കുന്നതിനും കലാ - കായിക മികവുകളുമായി ബന്ധപ്പെട്ട നൈപുണികൾ നേടേണ്ടതുണ്ട്.

ആരോഗ്യകരമായ ജീവിതം നയിക്കുന്നതിനും മൂല്യബോധം ഉൾക്കൊണ്ട് പ്രവർത്തിക്കുന്നതിനും ആവശ്യമായ നൈപുണികൾ നേടേണ്ടതും അത്യാവശ്യമാണ്. വീടിനെ അറിയുക, വീടുമായി ബന്ധപ്പെട്ട ഉപകരണങ്ങളെ അറിയുക, വീടും പരിസരവും വൃത്തിയായി സൂക്ഷിക്കുക., തൊഴിൽ സംബന്ധിച്ച പ്രാഥമിക ധാരണകൾ നേടുക എന്നിവയും ഏറെ പ്രാധാന്യമുള്ളതാണ്.

വിവരവിനിമയ സാങ്കേതികവിദ്യ ഫലപ്രദമായി ഉപയോഗിക്കുന്നതിനുവേണ്ടിയുള്ള നൈപുണികൾ നേടുന്നതിനും പരിഗണന നൽകണം.

ഇപ്രകാരം തന്റെ ജീവിതത്തെ കരുപ്പിടിപ്പിക്കുന്നതിനാവശ്യമായ എല്ലാ വിവരങ്ങളും ചർച്ച ചെയ്യാനുള്ള അവസരം വിവിധ പാഠ്യവിഷയങ്ങളിലൂടെ ലഭ്യമാകണം.

Experimental Version

# വിവിധ വിഭാഗക്കാർക്കുള്ള പാഠ്യപദ്ധതി – വിശദാംശങ്ങൾ

അധ്യായം 4

ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടികൾ കഴിവുകളിലും ശേഷികളിലും മറ്റു കുട്ടികളിൽ നിന്ന് വ്യത്യസ്തരാണ്. വ്യക്തിഗതമായ പഠനരീതിയും ശ്രദ്ധയും പരിഗണനയും ഇവർക്ക് അനിവാര്യമാകുന്നു. പല കഴിവുകളിലും പൊരുത്തക്കേടുകൾ ഉള്ള ഇവർക്ക് പൊതുവിദ്യാഭ്യാസം വിഭാവനം ചെയ്തിരിക്കുന്ന പന്ത്രണ്ട് വർഷ വിദ്യാഭ്യാസം പ്രായോഗികമല്ല. അതിനാൽ താഴെ പറയുന്ന നാല് ഘട്ടങ്ങൾ ഇവരുടെ പഠനത്തിനും ബോധനത്തിനുമായി സ്വീകരിക്കാവുന്നതാണ്.

| പ്രായം | ഘട്ടം | ക്ലാസ്സ് |
|---|---|---|
| 0- 6 | പ്രീ-പ്രൈമറി | - |
| 7 - 11 | പ്രൈമറി | 1 - 5 |
| 12 - 14 | സെക്കന്ററി | 6 - 7 |
| 15 - 17 | പ്രീ - വൊക്കേഷണൽ | 9 - 12 |
| 18 and above | വൊക്കേഷണൽ | - |

ഓരോ കുട്ടിയുടെയും ശാരീരികവും മാനസികവുമായ വളർച്ചയുടെ തോത് വ്യത്യസ്തമായിരിക്കും എന്നതിനാൽ ഓരോ കുട്ടിക്കും എത്തിച്ചേരാവുന്ന നിശ്ചിത നിലവാരത്തിലെത്തിയാൽ അടുത്ത ഘട്ടത്തിലേക്ക് സ്ഥാനക്കയറ്റം നൽകേണ്ടതാണ്. ഇവിടെ തികച്ചും അയവുള്ള സമീപനമാണ് സ്വീകരിക്കേണ്ടത്. ഓരോ ഘട്ടത്തിലും കുട്ടിയുടെ സവിശേഷസ്വഭാവവും താൽപര്യവും നിലനിർത്തി അനുയോജ്യമായ പ്രവർത്തനങ്ങൾ ആവിഷ്കരിക്കുകയാണ് വേണ്ടത്. ഓരോ തലത്തിലും കുട്ടി നേടേണ്ട നൈപുണികൾ ഉൾക്കൊള്ളിച്ചുകൊണ്ട് പാഠ്യപദ്ധതിയും അതിലെ ഉദ്ദേശ്യങ്ങൾ നേടാൻ കഴിയുന്ന പ്രവർത്തന പദ്ധതിയും തയാറാക്കേണ്ടതാണ്. ഓരോ ഘട്ടത്തിലും നൽകേണ്ട പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ നോക്കാം.

## 4.1 പ്രീപ്രൈമറി (0 – 6 വയസ്സ്)

പ്രീപ്രൈമറി ഘട്ടത്തിലെ പൂജ്യം മുതൽ 3 വയസ്സുവരെയുള്ള കാലയളവാണ് ഏറ്റവും പ്രധാനം. ജനിതക വൈകല്യത്തോടെയോ, ശാരീരിക ചലനപരമായ വൈകല്യത്തോടെയോ ജനിക്കുന്ന കുട്ടിയെ നേരത്തെ കണ്ടെത്തുക എന്നതാണ് പ്രധാനം. ജനിച്ചു വീഴുന്ന ഓരോ കുട്ടിയെയും വിദഗ്ധ പരിശോധനയ്ക്ക് വിധേയമാക്കുകയെന്നത് രാഷ്ട്രത്തിന്റെ ബാധ്യതയാണ്. ഇതിനായി താലൂക്ക് തലത്തിൽ

മെഡിക്കൽ വിദഗ്ധരെ ഉൾപ്പെടുത്തി ഒരു പാനൽ തയാറാക്കേണ്ടതാണ്. ആരോഗ്യവകുപ്പ്, സാമൂഹ്യക്ഷേമവകുപ്പ് തുടങ്ങി വിവിധ ഏജൻസികളുടെ ഏകോപനത്തിലാണ് ഈ പ്രക്രിയ നടക്കേണ്ടത്. വൈകല്യമുള്ള കുട്ടികളെ കണ്ടെത്തുന്നതിന് Child Development Centre ന്റെ സഹായവും ഉറപ്പുവരുത്തണം. ഇങ്ങനെ കണ്ടെത്തുന്ന കുട്ടികൾക്കായി Early Intensive Intervention ആണ് ആവശ്യം.

സാമൂഹിക ബോധവത്കരണവും രക്ഷാകർത്തൃവിദ്യാഭ്യാസവും ഇതിന്റെ ഭാഗമായി നൽകണം. വൈകല്യത്തിന്റെ സ്വഭാവവും നിലവാരവും പരിഗണിച്ച് ആവശ്യമായ സഹായകസംവിധാനങ്ങൾ ഉറപ്പുവരുത്തണം. ആശുപത്രി, സ്പെഷ്യൽ സ്കൂൾ കേന്ദ്രീകരിച്ച് നടത്താവുന്ന Early Development Therapic Centre എന്നിവിടങ്ങളിൽ നിന്ന് ഈ കുട്ടികൾക്ക് ആവശ്യമായ ശ്രദ്ധയും പരിചരണവും ഉറപ്പുവരുത്തണം. ഇവിടെ വിവിധ തെറാപ്പിസ്റ്റുകളുടെ സേവനവും ലഭ്യമാക്കണം. ശാസ്ത്രീയ രീതിയിലൂടെ വിലയിരുത്തലുകൾ നടത്തി, വളർച്ചയുടെയും വികാസത്തിന്റെയും തുടർപ്രക്രിയകൾക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കണം. രക്ഷിതാവിന്റെ സാന്നിധ്യം കൂടി ഉറപ്പുവരുത്തി കുട്ടിയുടെ വികാസത്തെ സൂചിപ്പിക്കുന്ന വിലയിരുത്തൽ രേഖപ്പെടുത്തുന്ന Assessment Record തയാറാക്കണം.

Experimental Version

4 – 6 വയസ്സ് ഘട്ടത്തിൽ ആവശ്യമായ ജീവിത നൈപുണികൾ ഉറപ്പുവരുത്തുകയാണ് വേണ്ടത്. IEP (Individualised Educational Programme) യുടെ സാധ്യതകളാണ് പ്രയോജനപ്പെടുത്തേണ്ടത്. പരമാവധി 4 കുട്ടികൾക്ക് ഒരു അധ്യാപകൻ/അധ്യാപിക എന്ന രീതി സ്വീകരിക്കണം Self help, Motor development, Social development തുടങ്ങിയ വികാസഘട്ടങ്ങൾക്കൊപ്പം Pre-academic അന്തരീക്ഷം ഉറപ്പുവരുത്തുകയാണ് വേണ്ടത്. നിരന്തരവിലയിരുത്തലിലൂടെ കുട്ടിയുടെ പഠനപുരോഗതി തിരിച്ചറിയണം.

Task analysis പോലുള്ള തന്ത്രങ്ങളായിരിക്കണം സ്വീകരിക്കേണ്ടത്. രക്ഷാകർത്തൃപരിശീലനവും സമാന്തരമായി നടക്കണം. വികാസഘട്ടങ്ങളിലൂടെ തൃപ്തികരമായി കടന്നുപോകുന്ന കുട്ടിയെ മുഖ്യധാരാവിദ്യാഭ്യാസത്തിലേക്ക് കൊണ്ടുപോകാൻ അവസരവും ഉറപ്പുവരുത്തണം. തെറാപ്പിസ്റ്റ്, ഡോക്ടർ, സാമൂഹ്യസേവകൻ, സ്പെഷ്യൽ എഡ്യുക്കേറ്റർ, മനശ്ശാസ്ത്രപരിശീലകൻ, രക്ഷിതാവ് എന്നിവരുടെയെല്ലാം വിശകലനത്തിനും പിന്തുണയ്ക്കും അവസരം ഈ കാലഘട്ടത്തിൽ കുട്ടിക്ക് ലഭിക്കണം.

Multi disciplinary team ലൂടെ ആയിരിക്കണം കുട്ടികൾക്ക് അനുഭവങ്ങൾ നൽകുന്നതും വിലയിരുത്തുന്നതും. ഓരോ കുട്ടിക്കും അവന്റേതായ നിലവാരത്തിൽ നേടാൻ കഴിയുന്നശേഷികളാകണം പരിഗണിക്കേണ്ടത്. പരസ്പര താരതമ്യമോ പൊതുമാനദണ്ഡങ്ങളോ സ്വീകരിക്കേണ്ടതില്ല. ഒരു ഘട്ടത്തിലും കുട്ടികൾക്ക് ക്ലാസ്സ് കയറ്റം നൽകാതിരിക്കരുത്. കുട്ടികളുടെ വികാസഘട്ടങ്ങളുടെ ശാസ്ത്രീയതയും സഹായസാഹചര്യങ്ങൾ ഒരുക്കേണ്ടതിന്റെ ആവശ്യകതയും വിശദീകരിക്കുന്ന കൈപ്പുസ്തകം രക്ഷിതാക്കൾക്കായി തയാറാക്കി നൽകേണ്ടതാണ്. പ്രീപ്രൈമറിയുമായി ബന്ധപ്പെട്ട പഠനവും വിലയിരുത്തലും വിശദാംശങ്ങളും രൂപപ്പെടുത്തേണ്ടതുണ്ട്.

## 4.2 പ്രൈമറി (7 – 11 വയസ്സ്)

ഏഴു വയസ്സു മുതൽ 11 വയസ്സുവരെ Primary group ആയി പരിഗണിക്കാം. ഇവിടെ 1 : 6 എന്ന അധ്യാപക വിദ്യാർഥി അനുപാതം സ്വീകരിക്കാവുന്നതാണ്. കുട്ടിയുടെ ബഹുമുഖ സാധ്യതകൾ പരിഗണിച്ച് പരമാവധി ഉദ്ഗ്രഥിത രീതി സ്വീകരിക്കാം. മോണ്ടിസോറി രീതിയും, പ്രവർത്തനാധിഷ്ഠിത പഠനത്തിന്റെ സാധ്യതകളും പ്രയോജനപ്പെടുത്തണം. ഫീൽഡ് ട്രിപ്പ്, പഠനയാത്ര, നൃത്തം, അഭിനയക്കളരികൾ, സാമൂഹികാഘോഷങ്ങൾ തുടങ്ങിയവയിൽ പങ്കാളികളാക്കി സാമൂഹിക ഇടപെടലിന് അവസരമൊരുക്കണം.

- വൈകല്യത്തിന്റെ തോതനുസരിച്ച് Multi level activity ഒരുക്കണം.
- ഭാഷ, അടിസ്ഥാനഗണിതം, അടിസ്ഥാനശാസ്ത്രം തുടങ്ങിയ വിഷയങ്ങൾ പഠനത്തിനായി ഉൾപ്പെടുത്തണം.
- ഇതോടൊപ്പം സംഗീതോപകരണങ്ങൾ കൈകാര്യം ചെയ്യൽ, നേതൃപാടവം ഉറപ്പ് വരുത്തുന്ന പൊതു പരിപാടികൾ, ആരോഗ്യകാര്യങ്ങൾ, വ്യായാമം തുടങ്ങിയവും പരിഗണിക്കാവുന്നതാണ്.
- ആദ്യ രണ്ടുവർഷത്തിനുള്ളിൽ രണ്ടാം ഭാഷ ഉൾപ്പെടുത്താം.

കളികളോട് താൽപര്യം, ജിജ്ഞാസ, സംഘപ്രവർത്തനത്തിൽ താൽപര്യം, സ്വയം ചെയ്യാനുള്ള കഴിവ് തുടങ്ങി ഈ കാലഘട്ടത്തിലെ കുട്ടികളുടെ എല്ലാപ്രകൃതങ്ങളും പരമാവധി ഉപയോഗപ്പെടുത്തേണ്ടതാണ്. ഈ കാലഘട്ടത്തിലെ കുട്ടികൾക്കായി തയാറാക്കാവുന്ന ഉള്ളടക്കത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

### 4.2.1. ഉള്ളടക്കം – വിശദാംശങ്ങൾ

വിദ്യാഭ്യാസത്തിന്റെ ഭാഗമായി കുട്ടികൾക്ക് ലഭിക്കേണ്ട ഉള്ളടക്കം, വിനിമയരീതി, വിലയിരുത്തൽ തുടങ്ങിയവയാണ് ഏതൊരു പാഠ്യപദ്ധതിയുടേയും മികവ് നിലനിർത്തുന്നത്. പൊതുവിദ്യാഭ്യാസ മേഖലയിൽ പഠിക്കുന്ന കുട്ടികൾക്ക് ഓരോ തലത്തിലും എന്തൊക്കെ ഉള്ളടക്കമാണ് വേണ്ടത് എന്ന് അവരുടെ നിലവാരത്തിനനുസരിച്ച് കണ്ടെത്താനോ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്താനോ പ്രയാസമില്ല. എന്നാൽ സവിശേഷസ്വഭാവമുള്ള കുട്ടികൾക്കായി തയാറാക്കുന്ന പാഠ്യപദ്ധതി മേൽപറഞ്ഞവ നിശ്ചയിക്കുമ്പോൾ രണ്ടാമതൊരു ചിന്തകൂടി വേണ്ടിവരും

ഇവിടെ പഠിക്കുന്ന കുട്ടികൾ ഓരോരുത്തരും സവിശേഷസ്വഭാവത്തിൽ പോലും വ്യത്യസ്തരാണ് എന്നതാണ് കാരണം. നിരന്തരചർച്ചകളിലൂടെയും കൂടിയിരിപ്പുകളിലൂടെയും ഇവരുടെ പാഠ്യപദ്ധതി രൂപപ്പെടുന്നു. ഇതിന്റെ ഉള്ളടക്കം അധ്യാപകരുടേയോ മറ്റ് സഹായസംവിധാനങ്ങളുടേയോ ശ്രമഫലമായ പൂർണതയോടെ കുട്ടികളിൽ എത്തിക്കാൻ കഴിയേണ്ടതുണ്ട്. പലരാജ്യങ്ങളും ഇത്തരം കുട്ടികളുടെ പാഠ്യപദ്ധതി നിശ്ചയിക്കുമ്പോഴും അത് വിനിമയം ചെയ്യുമ്പോഴും കുട്ടികളുടെ പ്രകൃതത്തെ മാനിച്ചുകൊണ്ടുള്ള കളികൾ, നിത്യജീവിതത്തിലെ പരിചിതമായ സന്ദർഭങ്ങൾ, എന്നിവ ഉപയോഗിച്ചിട്ടുള്ളതായി കാണാം. ആ രീതികൾ തന്നെയാണ് നമ്മുടെ സാഹചര്യത്തിലും അഭികാമ്യമായിട്ടുള്ളത്.

Experimental Version

#### 4.2.2. പാഠ്യപദ്ധതി രൂപീകരണ പ്രക്രിയ

പാഠ്യപദ്ധതി രൂപീകരണത്തിന്റെ ഭാഗമായി രൂപീകരണ ഗ്രൂപ്പ് ആദ്യം ചർച്ച ചെയ്തത് ഇത്തരത്തിലുള്ള കുട്ടികളുടെ പ്രകൃതമാണ്. ഇവരുടെ ഓർമിക്കാനുള്ള കഴിവ്, തീരുമാനമെടുക്കാനുള്ള ശേഷി, ധാരണനേടാനുള്ള കഴിവ്, വിശകലനം ചെയ്യാനും നിഗമനത്തിലെത്താനുമുള്ള കഴിവ് തുടങ്ങിയവയൊക്കെ വളരെ പിന്നാക്കമായിരിക്കും. ഈ കുട്ടികളുടെ പ്രകൃതം വിശദമായിത്തന്നെ അധ്യായം 2 ൽ ചർച്ച ചെയ്തിരുന്നല്ലോ. രണ്ടാമതായി പ്രാധാന്യം കൊടുത്ത് ചർച്ച ചെയ്തത് സവിശേഷ ശ്രദ്ധവേണ്ട കുട്ടികൾ കൈവരിക്കേണ്ട ശേഷികളെയും നൈപുണികളെയും സംബന്ധിച്ചാണ്.

തന്റെ ചുറ്റുപാടിനെ മനസ്സിലാക്കാനും, ഭാഷാപരമായി എഴുതുവാനും വായിക്കുവാനും പ്രതികരിക്കുവാനും അതിലെ സവിശേഷതകൾ തിരിച്ചറിയാനും, മെച്ചപ്പെട്ട ആരോഗ്യം കൈവരിക്കുവാനും, ശേഷികൈവരിക്കുവാനും, നിത്യജീവിതത്തിൽ പ്രയോഗിക്കേണ്ടിവരുന്ന അത്യാവശ്യഗണിത വസ്തുതകൾ ഉപയോഗിക്കുവാനും, സാമൂഹ്യജീവി എന്ന നിലയിൽ മറ്റുള്ളവരോട് ഇടപെടുവാനും, തനിക്ക് പറ്റാവുന്ന ചെറിയ തൊഴിലുകൾ ചെയ്യുവാനും മൂല്യം ഉൾക്കൊണ്ട് പ്രവർത്തിക്കുവാനും ഇവരെ പ്രാപ്തരാക്കേണ്ടതിന്റെ ആവശ്യകത പാഠ്യപദ്ധതിയിൽ പ്രതിഫലിക്കേണ്ടതാണ് എന്ന് ചർച്ചയിലൂടെ ധാരണയിലെത്തി.

ഈ ചർച്ചകളുടെ വെളിച്ചത്തിൽ ചുവടെ കൊടുത്തിരിക്കുന്ന 8 മേഖലകളിൽ ധാരണ കൈവരിക്കാനുള്ള അവസരമാണ് ഇത്തരം പഠിതാക്കൾക്ക് നൽകേണ്ടത് എന്ന ധാരണയിലെത്തുകയുണ്ടായി.

Experimental Version

#### 4.2.3. ഉള്ളടക്കമേഖലകൾ

1. ആരോഗ്യജീവിതനൈപുണിയും മൂല്യബോധവും
2. ഭാഷാനൈപുണി
3. ഗണിതനൈപുണി
4. പരിസര നൈപുണി
5. സാമൂഹിക നൈപുണി
6. കലാകായിക നൈപുണി
7. പ്രാഥമിക ഗാർഹിക നൈപുണി
8. സാങ്കേതിക നൈപുണി

ഈ 8 മേഖലകളിലൂടെ കടന്നുപോകുന്ന കുട്ടികൾക്ക് അക്കാദമിക അറിവുകൾ, കഴിവുകൾ, നൈപുണികൾ മനോഭാവങ്ങൾ എന്നിവ വികസിപ്പിക്കുന്നതിനുള്ള അവസരങ്ങൾ ലഭിക്കുന്നു.

ആരോഗ്യജീവിത നൈപുണികൾ ഇത്തരം കുട്ടികളിൽ വികസിപ്പിക്കേണ്ടത് അവരുടെ മുന്നോട്ടുള്ള എല്ലാ വിജയത്തിനും അനിവാര്യമാണ്. അവൻ ചെയ്യേണ്ടത്

അവൻ തന്നെ ചെയ്യാൻ പ്രാപ്തനാക്കുകയാണ് ലക്ഷ്യം. സ്വയം ആഹാരം കഴിക്കുവാനും, വസ്ത്രംധരിക്കുവാനും, ഒരുങ്ങുവാനും, പ്രാഥമിക കാര്യങ്ങൾ നിർവഹിക്കുവാനും അവനെ പ്രാപ്തനാക്കണമെങ്കിൽ അവന്റെ സൂക്ഷ്മതല പേശിവികാസം അനിവാര്യമാണ്. ഈ നൈപുണികൾ നേടുന്നതിന് അനുയോജ്യമായതും താല്പര്യമുള്ളതുമായ പ്രവർത്തനങ്ങൾ ആവർത്തിച്ച് ചെയ്യിപ്പിച്ചും ആവശ്യമായ സഹായം നൽകിയും വികസിപ്പിക്കുന്നതിനുള്ള സമീപനമാണ് ഇവിടെ സ്വീകരിക്കേണ്ടത്. ഇത്തരം പ്രവർത്തനങ്ങൾ ആരോഗ്യസംരക്ഷണത്തിന്റെ ആവശ്യകത, വ്യക്തിശുചിത്വം, പരിസരശുചിത്വം എന്നിവയിലേക്ക് നയിക്കണം.

മൂല്യങ്ങൾ ഉൾക്കൊണ്ട് പ്രവർത്തിക്കുവാനും, സ്നേഹം, സഹവർത്തിത്വം തുടങ്ങിയവയിൽ അധിഷ്ഠിതമായ പഠനം ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകേണ്ടതും അത്യാവശ്യമാണ്.

ഭാഷാനൈപുണി വികസിക്കുന്നതിലൂടെ സന്ദർഭങ്ങൾക്കനുസരിച്ച് ശബ്ദം ഉപയോഗിച്ച് സ്വന്തം പ്രതികരണങ്ങൾ അവതരിപ്പിക്കുവാനും ലളിതമായ പദങ്ങളും വാക്യങ്ങളും തിരിച്ചറിഞ്ഞ് വായിക്കുവാനും എഴുതുവാനും കുട്ടിക്ക് കഴിയണം. ഇത്തരത്തിലുള്ള ഭാഷാ നൈപുണികൾ വികസിപ്പിക്കുന്നതിന് അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ നൽകുന്നതിനും ആവശ്യമായ സഹായങ്ങൾ – നേരിട്ടും, പരസ്പരവും – നൽകുന്നതിനും അനുയോജ്യമായ ഒരു സമീപനമാവും ഇവിടെ ഉചിതം. നിത്യജീവിതത്തിൽ ഉപയോഗിക്കേണ്ടിവരുന്ന പദങ്ങൾ പ്രായോഗിക ജീവിത സന്ദർഭങ്ങൾ നൽകിയാവണം വികസിപ്പിക്കേണ്ടത്.

സ്വന്തം പരിസരത്തെ തിരിച്ചറിയാനും അതിലെ പ്രതിഭാസങ്ങൾ നിരീക്ഷിക്കാനും ധാരണ രൂപപ്പെടുത്താനും പരിസരപഠനത്തിലൂടെ കഴിയേണ്ടതുണ്ട്. ജീവികൾ, വാഹനങ്ങൾ, പച്ചക്കറികൾ, തൊഴിലുകൾ, വിവിധസ്ഥാപനങ്ങൾ തുടങ്ങിയവ നിരീക്ഷിക്കുന്നതിലൂടെ ധാരാളം ആശയങ്ങളും വസ്തുതകളും ലഭിക്കുവാൻ അവസരമുണ്ടാക്കണം. ധാരാളം നേരറിവുകൾ ലഭിക്കുവാൻവേണ്ടി പരിസരത്തെ ഉപയോഗപ്പെടുത്തണം. പരിസരബന്ധിത പഠനസമീപനമാകും ഇവിടെ അനുയോജ്യം.

സമൂഹത്തെക്കുറിച്ച് അറിയുകയും വ്യക്തിയും സമൂഹവും തമ്മിലും വ്യക്തികൾ തമ്മിലുമുള്ള പരസ്പര ബന്ധം തിരിച്ചറിയുകയും ചെയ്യുന്നതാണ് സാമൂഹിക നൈപുണി വികാസത്തിലൂടെ കുട്ടികൾക്ക് ലഭിക്കേണ്ടത്. സമൂഹ്യബന്ധങ്ങൾ വികസിപ്പിക്കുവാൻ സഹായിക്കുന്ന ആഘോഷങ്ങൾ, ആചരണങ്ങൾ, ചടങ്ങുകൾ എന്നിവയിൽ പങ്കെടുത്ത് സാമൂഹിക നൈപുണിവികാസം വളർത്തുന്ന ഒരു സമീപനമാണ് ഇവിടെ ആവശ്യം. പൊതുസമൂഹത്തിൽ നിന്നും ഒറ്റപ്പെട്ടുനിൽക്കേണ്ടവരല്ല ഇത്തരം വ്യക്തികൾ ഓരോരുത്തരും എന്ന് തിരിച്ചറിയാൻ ഇവിടെ അവസരമുണ്ടാകണം.

ഒഴിവ് സമയങ്ങൾ ഫലപ്രദമായി ഉപയോഗപ്പെടുത്താനും വിനോദങ്ങളിൽ പങ്കെടുക്കാനും കുട്ടിയെ പ്രചോദിപ്പിക്കുന്ന പ്രവർത്തനങ്ങളിലൂടെ ആവണം കലാകായിക നൈപുണികൾ വികസിപ്പിക്കേണ്ടത്. തനിക്കും സ്വതന്ത്രമായി ചില

Experimental Version

വസ്തുക്കൾ (പൂക്കൾ, ചിത്രങ്ങൾ) നിർമ്മിക്കാൻകഴിയും എന്ന ആത്മവിശ്വാസം ഓരോ കുട്ടിയിലും ഉണ്ടാകുന്ന തരത്തിലായിരിക്കണം സമീപനം.

വീടുകളിൽ ചെറിയ ജോലികൾ ചെയ്യാനുള്ള പരിശീലനം, ഓരോ ജോലിയും ചെയ്യുന്നതിനാവശ്യമായ ഉപകരണങ്ങൾ കണ്ടെത്താനുള്ള ശേഷി, ഉപയോഗിച്ച ശേഷം യഥാസ്ഥാനത്ത് തിരിച്ചുവയ്ക്കുവാനുള്ള കഴിവ്, എന്നിവയൊക്കെ നേടിക്കഴിയുമ്പോൾ ജീവിതത്തിൽ അടുക്കും ചിട്ടയും വന്നുചേരും. പ്രായോഗിക ഗാർഹിക തൊഴിൽ നൈപുണികൾ സ്വായത്തമാക്കുക വഴി തനിക്കും ചില കാര്യങ്ങൾ മറ്റുള്ളവർക്കും തനിക്കുമായി ചെയ്യാൻ കഴിയും എന്ന ആത്മവിശ്വാസം ഉണ്ടാക്കുവാൻ കഴിയും. അതിന് അനുയോജ്യമായ പ്രവർത്തനങ്ങൾ നൽകുകയാണ് വേണ്ടത്.

നിത്യജീവിതത്തിൽ ഇന്ന് ഒഴിച്ചുകൂടാനാകാത്ത ഒന്നാണ് സാങ്കേതികവിദ്യയുടെ വികസനഫലമായി രൂപപ്പെട്ടിട്ടുള്ള ഉപകരണങ്ങൾ. റേഡിയോ. ടി.വി, മൊബൈൽ ഫോൺ, കാൽക്കുലേറ്റർ തുടങ്ങിയ ഉപകരണങ്ങൾ സ്വയം ആവശ്യാനുസരണം ഉപയോഗിക്കാൻ ഇവിടെ അവസരമുണ്ടാകണം.

ഓരോ നൈപുണിയും വേറിട്ട് കുട്ടികൾക്ക് നൽകലല്ല, മറിച്ച് ഒരോ പ്രവർത്തനം നൽകുമ്പോഴും പരമാവധി മേഖലകളിലെ നൈപുണികൾ നേടാൻ സഹായിക്കും, എന്നതാവണം ടീച്ചറുടെ ലക്ഷ്യം.

ഈ മേഖലകളിൽ ഓരോ വർഷവും പഠിതാവ് നേടേണ്ട ശേഷികൾ, ധാരണകൾ, നൈപുണികൾ എന്നിവയുൾക്കൊള്ളുന്ന പാഠ്യപദ്ധതി ഉദ്ദേശ്യങ്ങളും, പഠനപ്രവർത്തനങ്ങളും രൂപപ്പെടുത്തേണ്ടതുണ്ട്. ഇത്തരത്തിൽ പാഠ്യപദ്ധതി ഉദ്ദേശ്യങ്ങളും, പഠനപ്രവർത്തനങ്ങളും രൂപപ്പെടുത്തുന്നതിനായി കുട്ടിയുടെ ജീവിത ചുറ്റുപാടുമായി ബന്ധപ്പെടുത്തി ചുവടെ കൊടുത്തിട്ടുള്ള 5 ആശയങ്ങളെ കേന്ദ്രീകരിച്ചുള്ള ഉള്ളടക്കമാണ് അത്യന്താപേക്ഷിതം എന്ന് കണ്ടെത്തുകയുണ്ടായി.



Experimental Version

**4.2.4 ആശയമേഖലകൾ**

A. - ആഹാരം

B. - പാർപ്പിടം

C. - ജീവികൾ

D. - വാഹനങ്ങൾ

E. - ആഘോഷങ്ങൾ

കുട്ടിയുടെ ജീവിത സാഹചര്യങ്ങളും, പരിസരവും, സാമൂഹ്യ സാഹചര്യങ്ങളും കണക്കിലെടുത്തുകൊണ്ടും മുമ്പ് സൂചിപ്പിച്ച 8 മേഖലകൾ അടിസ്ഥാനമാക്കിയുമാണ് ഈ ആശയമേഖലകൾ തിരഞ്ഞെടുത്തിട്ടുള്ളത്. പഠനപ്രവർത്തനങ്ങൾ രൂപപ്പെടുത്തുമ്പോൾ ഈ ആശയമേഖലകൾ ആസ്പദമാക്കി പ്രവർത്തനങ്ങൾ രൂപപ്പെടുത്താനാണ് ശ്രമിക്കേണ്ടത്. ഓരോ ഉള്ളടക്കമേഖലയിലും ഈ ആശയമേഖലയുടെ സാധ്യതകൾ പരിഗണിക്കപ്പെടണം.

Experimental Version

**4.2.5 പഠനനേട്ടങ്ങൾ**

ഉള്ളടക്കമേഖലകളെ അടിസ്ഥാനമാക്കി തയാറാക്കിയിട്ടുള്ള പാഠ്യപദ്ധതി ഉദ്ദേശ്യങ്ങൾ ചുവടെ കൊടുക്കുന്നു.

***1. ഭാഷാ നൈപുണികൾ***

**ആശയപ്രകാശനപരം (Expressive)**

1. പ്രതികരണങ്ങൾക്ക് ശബ്ദം ഉപയോഗിക്കുന്നു.
2. വാചികമായി പ്രതികരിക്കുകയോ ആംഗ്യങ്ങളിലൂടെ ആശയവിനിമയം നടത്തുകയോ ചെയ്യുന്നു.
3. കേൾക്കുന്ന വാക്കുകൾ അനുകരിച്ച് പറയുന്നു.
4. സ്വയം പരിചയപ്പെടുത്തുന്നു. (പേരു പറയുന്നു)
5. കേൾക്കുന്ന ശബ്ദങ്ങൾ അനുകരിക്കുന്നു. (ഉപകരണങ്ങളുടെയും ജീവികളുടെയും ശബ്ദം)
6. ആശയവിനിമയത്തിന് ലഘുവാക്യങ്ങൾ ഉപയോഗിക്കുന്നു.
7. പരിചിതമായ വസ്തുക്കളുടെ ഉപയോഗം പറയുന്നു. പേരു പറയുന്നു.
8. ശരീരഭാഗങ്ങൾ പരിചയപ്പെടുത്തുന്നു. /ചൂണ്ടിക്കാട്ടുന്നു
9. തന്നെ സംബന്ധിക്കുന്ന വിവരങ്ങൾ വിശദമായി പറഞ്ഞ് പരിചയപ്പെടുത്തുന്നു. (മാതാപിതാക്കൾ/രക്ഷകർത്താവിന്റെ പേര്, തൊഴിൽ, മേൽവിലാസം, ഫോൺ നമ്പർ).
10. ആവശ്യങ്ങളും വികാരങ്ങളും വാചികമായോ അംഗചലനങ്ങളിലൂടെയോ പ്രകടിപ്പിക്കുന്നു.

11. വാചികമായോ അംഗചലനങ്ങളിലൂടെയോ ലഘുചോദ്യങ്ങൾ ചോദിക്കുന്നു. (എന്താണത്? എന്തുകൊണ്ട്?.....)
12. സംഭാഷണത്തിൽ സർവനാമങ്ങൾ ഉപയോഗിക്കുന്നു.
13. സംസാരഭാഷയിൽ കാലസൂചകപദങ്ങൾ ശരിയായി ഉപയോഗിക്കുന്നു. (ഉദാ: ഞാൻ നാളെ പോകും. ഇന്നലെ പോയി...)
14. ലഘുസംഭാഷണത്തിൽ ഏർപ്പെടുന്നു.
15. ലളിതമായ പാട്ടുകൾ പാടുന്നു.
16. ഇഷ്ടപ്പെട്ട ടെലിവിഷൻ/റേഡിയോ പരിപാടികൾ സംഗ്രഹിച്ചു പറയുന്നു.
17. കഥകൾ/സംഭവങ്ങൾ ശരിയായ ക്രമം പാലിച്ച് പറയുന്നു.
18. ആനുകാലിക സംഭവങ്ങൾ വിവരിക്കുന്നു.

**ഭാഷാർജനപരമായ ശേഷികൾ**

1. ശബ്ദസ്രോതസ്സുകളോട് പ്രതികരിക്കുന്നു. (ശബ്ദം കേട്ട ഭാഗത്തേക്ക് നോക്കുന്നു....)
2. പേരു വിളി കേൾക്കുന്നതിനോട് കണ്ണുകളുടെ ചലനം/മുഖഭാവം/ശബ്ദം എന്നിവയിലൂടെ പ്രതികരിക്കുന്നു
3. ലളിതമായ നിർദേശങ്ങളോട് പ്രതികരിക്കുന്നു.
4. പരിചിത വസ്തുക്കൾ ശരീരാവയവങ്ങൾ ചിത്രങ്ങൾ എന്നിവ ചൂണ്ടിക്കാട്ടുന്നു.
5. നിർദ്ദേശാനുസൃതമായി സ്വന്തം പ്രവൃത്തികൾ ക്രമീകരിക്കുന്നു. (പ്രവൃത്തി ചെയ്യുന്നു. നിർത്തുന്നു, തുടരുന്നു)
6. വാചികപ്രതീകങ്ങൾ തിരിച്ചറിഞ്ഞ് പാലിക്കുന്നു.
7. അപകടകരമായ സന്ദർഭങ്ങളും വസ്തുക്കളും സ്വയം തിരിച്ചറിഞ്ഞ് ഒഴിവാക്കുന്നു.
8. കേട്ട കഥയ്ക്കനുസൃതമായി ചിത്രങ്ങൾ ക്രമപ്പെടുത്തുന്നു.
9. വ്യത്യസ്ത സന്ദർഭങ്ങളോട് (ഹാസ്യം/ശോകം/ക്രോധം/.........) പ്രതികരിക്കുന്നു. ഭാവ/ശബ്ദപ്രകടനം)
10. അറിയിപ്പുകൾ/വിളംബരങ്ങൾ എന്നിവയോട് ശരിയായ വിധം പ്രതികരിക്കുന്നു.

**വായന**

1. സാമ്യമുള്ള വസ്തുക്കൾ തിരിച്ചറിയുന്നു. യോജിപ്പിക്കുന്നു. പേരു പറയുന്നു
2. വസ്തുക്കളെ ചിത്രരൂപത്തിൽ അവതരിപ്പിക്കുന്നു.
3. ചിത്രങ്ങൾ/വസ്തുക്കൾ കണ്ട് അവയുടെ പേര് സൂചിപ്പിക്കുന്ന പദം തിരിച്ചറിയുന്നു. യോജിപ്പിക്കുന്നു. വായിക്കുന്നു.
4. ലഘുപദങ്ങൾ വായിക്കുന്നു. (സ്വന്തം പേര്, വസ്തുക്കളുടെ പേര്....)
5. പരിചിത വസ്തുക്കളുടെ ആകൃതി, നിറം, പേര് എന്നിവ തിരിച്ചറിയുന്നു.
6. സ്വന്തം പേരും മേൽവിലാസവും വായിക്കുന്നു.

Experimental Version

7. കുടുംബാംഗങ്ങൾ, സുഹൃത്തുക്കൾ എന്നിവരുടെ പേരുകൾ വായിക്കുന്നു.
8. കലണ്ടറിൽ നിന്ന് ദിവസങ്ങൾ, മാസങ്ങൾ എന്നിവയുടെ പേര് വായിക്കുന്നു.
9; പരിചിത പദങ്ങൾ ഉൾക്കൊള്ളുന്ന ലഘുവാക്യങ്ങൾ വായിക്കുന്നു.
10. വായിച്ചറിഞ്ഞ ഭാഗത്തെ ഉൾക്കൊള്ളുന്ന ലഘുചോദ്യങ്ങൾക്ക് ഉത്തരം പറയുന്നു.
11. പത്രമാധ്യമങ്ങളിലെ തലക്കെട്ടുകൾ വായിക്കുന്നു. അവയെ ആസ്പദമാക്കിയുള്ള ലഘു ചോദ്യങ്ങൾക്ക് ഉത്തരം പറയുന്നു.
12. ചിത്രകഥകൾ വായിക്കുന്നു. (ലഘുവിവരണങ്ങൾ ഉൾക്കൊള്ളുന്നവ)
13. ലഘുഖണ്ഡികകൾ വായിക്കുന്നു. (പത്രങ്ങളിൽ നിന്നുള്ളവയും, എഴുതി തയാറാക്കിയവും)
14. ഹോട്ടലുകളിലെ ഭക്ഷണവിവരപ്പട്ടിക വായിച്ച് ആവശ്യമായ ഭക്ഷണം ആവശ്യപ്പെടുന്നു.
15. ലളിതമായ പാട്ടുകൾ പാടുന്നു.
16. ലഘുകഥകൾ വായിച്ച് കേൾപ്പിക്കുന്നു.
17. ലഘുകഥകൾ മൗനമായി വായിച്ച് കേന്ദ്രാശയം പറയുന്നു.
18. ഒരു കൂട്ടം പുസ്തകങ്ങളിൽ നിന്ന് തനിക്കിഷ്ടപ്പെട്ടത് തിരിച്ചറിയുന്നു.
19. പാചകക്കുറിപ്പുകൾ വായിച്ച് പാചകം ചെയ്യുന്നു.
20. നിർദേശങ്ങൾ വായിച്ച് അതിനനുസൃതമായി പ്രവർത്തിക്കുന്നു. (ബിൽഡിംഗ് ബ്ലോക്കുകൾ, ജിഗ്സോപസ്സിലുകൾ....)

**എഴുത്ത്**

1. എഴുതുവാൻ അനുയോജ്യമായ വിധത്തിൽ പെൻസിലുകൾ ചോക്കുകൾ എന്നിവ പിടിക്കുകയും വരയ്ക്കുകയും ചെയ്യുന്നു.
2. മാതൃകയായി നൽകിയ ചിത്രങ്ങൾ, രൂപങ്ങൾ, അക്ഷരങ്ങൾ, പദങ്ങൾ എന്നിവയ്ക്ക് മുകളിലൂടെ വരയ്ക്കുന്നു.
3. ഔട്ട് ലൈൻ നൽകിയ ചിത്രങ്ങൾ, രൂപങ്ങൾ, അക്ഷരങ്ങൾ എന്നിവ വരച്ച് പൂർത്തിയാക്കുന്നു.
4. നിയന്ത്രിത പരിധി നൽകിയ വരകൾക്കുള്ളിൽ, രൂപങ്ങൾക്കുള്ളിൽ നിറം നൽകുന്നു.
5. നൽകപ്പെട്ട മാതൃകകൾ അനുകരിച്ച് വരയ്ക്കുന്നു/എഴുതുന്നു.
6. സ്വന്തം പേരും (പൂർണ്ണമായി) വിലാസവും എഴുതുന്നു.
7. ലഘുപദങ്ങൾ എഴുതുന്നു.
8. ലഘുവാക്യങ്ങൾ എഴുതുന്നു.
9. ചെറിയ ഖണ്ഡികകൾ ചിഹ്നങ്ങൾ ഉൾപ്പെടുത്തി എഴുതുന്നു.
10. ലഘുചോദ്യങ്ങൾക്ക് ഉത്തരം എഴുതുന്നു.
11. ലഘു കത്തുകൾ (അവധി അപേക്ഷ...) എഴുതി തയാറാക്കുന്നു.

Experimental Version

**2. *പരിസര നൈപുണികൾ***

1. പരിചിതമായ വസ്തുക്കൾ, ജീവികൾ, പച്ചക്കറികൾ, പഴങ്ങൾ, വാഹനങ്ങൾ എന്നിവ തിരിച്ചറിയുക. അവയുടെ പേരു പറയുകയോ ചൂണ്ടിക്കാണിക്കുകയോ ചെയ്യുക.
2. പലതരം ആഹാരസാധനങ്ങൾ തിരിച്ചറിയുക.
3. എല്ലാ ജീവജാലങ്ങൾക്കും ആഹാരം ആവശ്യമാണെന്ന് അറിയുക.
4. നമ്മുടെ ആഹാരത്തിൽ വൈവിധ്യം ഉണ്ടാകണം എന്നറിയുക.
5. നല്ല ആഹാരശീലങ്ങൾ, ശുചിത്വം, കളികൾ വ്യായാമം എന്നിവ ആരോഗ്യസംരക്ഷണത്തിന് ആവശ്യമാണെന്ന് അറിയുക.
6. ഭക്ഷ്യയോഗ്യവും അല്ലാത്തതുമായ വസ്തുക്കൾ തിരിച്ചറിയുക.
7. കൃഷിയാണ് ഭക്ഷ്യവിഭവങ്ങളുടെ മുഖ്യസ്രോതസ്സ് എന്നറിയുക.
8. ചുറ്റുപാടുമുള്ള സസ്യങ്ങൾ അവയുടെ ഭാഗങ്ങൾ എന്നിവ തിരിച്ചറിയുകയും പേരു പറയുകയും ചെയ്യുക.
9. പൂക്കളും പഴങ്ങളും അറിയുക, അവയുണ്ടാകുന്ന സസ്യങ്ങളും തിരിച്ചറിയുക.
10. ഒരു ആഹാരസാധനം കൊണ്ട് വിവിധ വിഭവങ്ങൾ ഉണ്ടാക്കാം എന്നറിയുക.
11. പലതരം വിനോദങ്ങൾ, വിനോദോപാധികൾ, ആഘോഷങ്ങൾ എന്നിവ പ്രചാരത്തിലുണ്ട് എന്നറിയുക.
12. ഓണം നമ്മുടെ ദേശീയോത്സവമാണ് എന്നറിയുക.
13. വിവിധ തരത്തിലുള്ള വാഹനങ്ങളുണ്ട് എന്നറിയുക. (ആകൃതി, വലുപ്പം).
14. ജലത്തിലും കരയിലും വായുവിലും സഞ്ചരിക്കുന്ന വാഹനങ്ങളുണ്ട് എന്നറിയുക.
15. വളർത്തുമൃഗങ്ങളും വന്യമൃഗങ്ങളും ഉണ്ടെന്ന് അറിയുക. പേരു പറയുക.
16. കാർഷികാവശ്യത്തിന് ജന്തുക്കളെയും വളർത്തുന്നു എന്നറിയുക.
17. കുടുംബാംഗങ്ങൾ വിവിധ തൊഴിലുകളിൽ ഏർപ്പെടുന്നു എന്നറിയുക.
18. പണിചെയ്യുതിന് ഉപകരണങ്ങൾ ആവശ്യമാണ് എന്നറിയുക.
19. ഓരോ പണിയായുധത്തിന്റെയും ഉപയോഗം പറയുക.
20. ഉപകരണങ്ങൾ ആകൃതിയിലും വലുപ്പത്തിലും വ്യത്യസ്തമാണ് എന്നറിയുക.
21. മഴ, വെയിൽ എന്നിവയിൽ നിന്ന് രക്ഷതേടാൻ പാർപ്പിടം സഹായിക്കുന്നു എന്നറിയുക.
22. നമുക്ക് ചുറ്റുമുള്ള വസ്തുക്കളിൽ ചിലവയ്ക്ക് സാമ്യമുണ്ട് എന്നറിയുക.
23. വ്യക്തികൾക്ക് ജീവിക്കുവാൻ പലരുടെയും സഹായം ആവശ്യമാണ് എന്നറിയുക.
24. കൂട്ടായ പ്രവർത്തനം തനിക്കും മറ്റുള്ളവർക്കും സഹായകമാകണം എന്നറിയുക.

Experimental Version

25. ഇന്ധനമുപയോഗിച്ചും അല്ലാതെയും പ്രവർത്തിക്കുന്ന വാഹനങ്ങളുണ്ട് എന്നറിയുക.
26. ഗതാഗതനിയമങ്ങൾ അനുസരിച്ചാൽ അപകടങ്ങൾ കുറയ്ക്കാം എന്നറിയുക.
27. ജീവനുള്ളവയ്ക്കിടയിൽ നിരവധി വൈവിധ്യങ്ങളുണ്ട് എന്നറിയുക (ജന്തുക്കൾ, സസ്യങ്ങൾ)
28. സസ്യങ്ങളും ജന്തുക്കളും പരസ്പരം ആശ്രയിക്കുന്നു എന്നറിയുക.
29. വളരുന്നവയ്ക്ക് ജീവനുണ്ട് എന്നറിയുക.
30. ജീവികളുടെ സഞ്ചാരരീതിയിൽ വൈവിധ്യമുണ്ട് എന്നറിയുക.
31. ജീവികളുടെ ആഹാരരീതിയിൽ വൈവിധ്യമുണ്ട് എന്നറിയുക.
32. ജീവികൾ ആഹാരവസ്തുക്കൾ വ്യത്യസ്ത അളവിലാണ് കഴിക്കുന്നത് എന്നറിയുക.
33. ആഹാരത്തിൽ വിവിധ ചേരുവകൾ അടങ്ങിയിട്ടുണ്ട് എന്നറിയുക.
34. ആഹാരത്തിലെ ഓരോ ചേരുവയുടെയും അളവ് വ്യത്യസ്തമാണ് എന്നറിയുക.
35. ജനങ്ങളുടെ കൂട്ടായ്മയിലാണ് ആഘോഷങ്ങൾ നടക്കുന്നത് എന്നറിയുക.
36. ഒരോരുത്തരും അവരവരുടെ കഴിവിനനുസരിച്ച് വിവിധ ജോലികൾ ചെയ്യേണ്ടതുണ്ട് എന്നറിയുക.
37. വിവിധ സേവനങ്ങൾ ചെയ്യുന്നവരെയും അവർ ചെയ്യുന്ന സേവനങ്ങളെയും തിരിച്ചറിയുക. (ഡോക്ടർ, ടീച്ചർ, നഴ്സ് പോസ്റ്റ്മാൻ, കൃഷിക്കാരൻ,.....).
38. ചുറ്റുപാടും ഉള്ള പ്രധാന സ്ഥാപനങ്ങൾ തിരിച്ചറിയുക. (പോസ്റ്റാഫീസ്, ആശുപത്രി, സ്കൂൾ, ടെലിഫോൺഎക്സ്ചേഞ്ച്, ബാങ്ക്, റെയിൽവേസ്റ്റേഷൻ, ചന്ത......).
39. വിവിധ ഉത്സവങ്ങൾ/ ആഘോഷങ്ങൾ , ദേശീയ പ്രാധാന്യമുള്ള ദിനങ്ങൾ എന്നിവ അറിയുക. അവ ആഘോഷിക്കുന്ന സമയം, ആഘോഷരീതികൾ, പ്രാധാന്യം എന്നിവ തിരിച്ചറിയുക.
40. സസ്യങ്ങളുടെ വിവിധ ഭാഗങ്ങൾ ഭക്ഷണത്തിനുപയോഗിക്കുന്നു എന്നറിയുക.
41. ആരോഗ്യകരമായ ജീവിതത്തിന് വീടിനുള്ളിൽ കാറ്റും വെളിച്ചവും ലഭിക്കണം എന്നറിയുക.
42. വിവിധതരം പാർപ്പിടങ്ങളുണ്ട് എന്നറിയുക.
43. പണ്ടുള്ള പാർപ്പിടങ്ങളിൽ നിന്ന് പുതിയ പാർപ്പിടങ്ങൾക്ക് ഘടന, നിർമ്മാണരീതി നിർമിക്കാനുപയോഗിച്ച സാമഗ്രികൾ എന്നിവയിൽ മാറ്റങ്ങളുണ്ട് എന്നറിയുക (higher level)
44. വീടുകൾ ആവശ്യങ്ങൾക്ക് ഉതകുന്നതായിരിക്കണം എന്നറിയുക. (വീട്ടിലെ മുറികൾ അവയുടെ ഉപയോഗത്തിന്റെ അടിസ്ഥാനത്തിൽ തിരിച്ചറിയുക.)
45. ഓരോ തരം ജീവിയുടെയും കൂടുകൾക്ക് സവിശേഷതകളുണ്ട് എന്നറിയുക.

Experimental Version

46. വൈദ്യുതിയും വെള്ളവും പാഴാക്കരുത് എന്നറിയുക.
47. പ്രമുഖ ദേശീയനേതാക്കളെ തിരിച്ചറിയുക, പേരു പറയുക.
48. സ്വന്തം പഞ്ചായത്ത്, പട്ടണം, ജില്ല, സംസ്ഥാനം, രാജ്യം എന്നിവയുടെ പേരു പറയുക. അവയുടെ ഭരണകർത്താക്കളുടെ പേരു പറയുക.
49. നമ്മുടെ ദേശീയ സംസ്ഥാന ചിഹ്നങ്ങൾ തിരിച്ചറിയുക. (പുഷ്പം, വൃക്ഷം, മൃഗം, ഗാനം)
50. ദേശീയ പതാകയുടെ നിറങ്ങൾ തിരിച്ചറിയുക , ഓരോ നിറവും എന്തിനെ സൂചിപ്പിക്കുന്നു എന്നറിയുക, പറയുക.
51. സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ എന്നിവയോടു ബന്ധപ്പെടുത്തി രാത്രി പകൽ ഇവ തിരിച്ചറിയുക പറയുക.
52. കാലഭേദങ്ങൾ തിരിച്ചറിയുകയും അവയുടെ പ്രത്യേകതകൾ പറയുകയും ചെയ്യുക (വർഷകാലം, വേനൽക്കാലം- ഈ സമയങ്ങളിൽ ധരിക്കുന്ന വസ്ത്രങ്ങൾ, എടുക്കേണ്ട മുൻകരുതലുകൾ).
53. വിവിധ തരം ആഹാരരീതികളും (സസ്യാഹാരം, സസ്യേതരം) ഭക്ഷ്യവസ്തുക്കളും (ധാന്യങ്ങൾ, പയറുവർഗങ്ങൾ, പലവ്യഞ്ജനങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ....) തിരിച്ചറിയുക, പറയുക.
54. വീടും വീട്ടിലെ ഉപകരണങ്ങളും തിരിച്ചറിയുകയുകയും പറയുകയും ചെയ്യുക.
55. കുടുംബവും കുടുംബബന്ധങ്ങളും തിരിച്ചറിയുകയും പറയുകയും ചെയ്യുക. (വലിയ കുടുംബം, ചെറിയ കുടുംബം, അച്ഛൻ, അമ്മ......)
56. ഗാർഹിക ഉപകരണങ്ങൾ കൈകാര്യം ചെയ്യുമ്പോൾ അറിയേണ്ട കാര്യങ്ങളും മുൻ കരുതലുകളും അറിയുക. (അടുക്കളയിലെ ഉപകരണങ്ങൾ, മേശ, കസേര വൈദ്യുതോപകരണങ്ങൾ,..........)
57. ജലസ്രോതസ്സുകൾ അറിയുകയും പറയുകയും ചെയ്യുക.
58. വിവിധ മാധ്യമങ്ങളും അവയുടെ ഉപയോഗവും തിരിച്ചറിയുക.
59. റോഡ് സുരക്ഷയുടെ പ്രാധാന്യം അറിയുകയും അവ പാലിക്കുകയും ചെയ്യുക.

### *3. ഗണിതനൈപുണികൾ*

**ഒന്നാം വർഷം**

1. സ്ഥലപരമായ അവസ്ഥകൾ വിശദീകരിക്കുന്നതിന് അനുയോജ്യമായ പദങ്ങൾ ഉപയോഗിക്കുന്നു.
   (മുകളിൽ/താഴെ, അകത്ത്/പുറത്ത്, ദൂരെ/അരികിൽ, അടുത്ത്/അകലെ, ഇടത്ത്/വലത്ത്, ആദ്യം/അവസാനം, മുന്നിൽ/പിന്നിൽ
2. താരതമ്യത്തിന് അനുയോജ്യമായ പദങ്ങൾ ഉപയോഗിക്കുന്നു.
   (വലുത്/ചെറുത്, കൂടുതൽ/കുറവ്, നീളംകൂടിയത്/കുറഞ്ഞത്
3. ഒരു കൂട്ടത്തിൽ എത്രയുണ്ട് എന്നറിയുന്നതിന് എണ്ണിനോക്കണം എന്നറിയുക.

Experimental Version

4. നിശ്ചിത എണ്ണം വസ്തുക്കൾ എണ്ണിയെടുക്കുന്നു. (1 – 2)
5. സംഖ്യകളെ 1, 2, 3, 4, 5, 6, 7, 8, 9 എന്നീ അക്കങ്ങൾ ഉപയോഗിച്ച് സൂചിപ്പിക്കുന്നു.
6. സംഖ്യകൾ വായിക്കുന്നു, എഴുതുന്നു. (1 –9)
7. സംഖ്യകൾ ക്രമീകരിക്കുന്നു. 1 – 2)
8. ഒരു സംഖ്യയോട് ഒന്ന് കൂട്ടിയാൽ അടുത്തസംഖ്യ കിട്ടും എന്ന് തിരിച്ചറിയുന്നു.
9. സംഖ്യകളിൽ വലുതും ചെറുതും കണ്ടെത്തുന്നു.
10. ഒരു കൂട്ടത്തെ വ്യത്യസ്ത തരത്തിൽ രണ്ട് കൂട്ടങ്ങളാക്കുന്നു.
11. വസ്തുക്കളെ ആകൃതിക്കനുസരിച്ച് തരം തിരിക്കുന്നു.

**രണ്ടാം വർഷം**

1. 9 നോട് 1 കൂട്ടിയാൽ 10 കിട്ടും എന്ന് മനസ്സിലാക്കുന്നു.
2. 10 നേക്കാൾ വലിയ സംഖ്യകൾ 10 – മായി ബന്ധിപ്പിച്ച് പറയുന്നു. വസ്തുക്കൾ എണ്ണിയെടുക്കുന്നു. (20 വരെ)
3. 2 പത്തിന്റെ കൂട്ടങ്ങൾ ചേർന്നാൽ 20 ആകുന്നു എന്ന് തിരിച്ചറിയുന്നു.
4. ഒരു കൂട്ടത്തെ അതിൽ താഴെയുള്ള സംഖ്യകളുടെ കൂട്ടമായി വ്യത്യസ് തതരത്തിൽ കൂട്ടങ്ങളാക്കുന്നു.
5. ഒരു കൂട്ടത്തോട് മറ്റൊരുവിധ കൂട്ടം ചേരുമ്പോൾ വലിയ ഒരു കൂട്ടമാകുന്നു. എന്ന് മനസ്സിലാക്കുന്നു.
6. രണ്ടോ അതിലധികമോ കൂട്ടങ്ങളിലെ ആകെ എണ്ണം കണ്ടെത്തുന്നതിന് സങ്കലനക്രിയ ഉപയോഗിക്കുന്നു എന്ന് തിരിച്ചറിയുന്നു.
7. രണ്ട് കൂട്ടങ്ങളെ കൂട്ടിച്ചേർക്കുന്നത് സൂചിപ്പിക്കാൻ '+' ചിഹ്നം ചേർക്കുന്നു.
8. ക്രിയയും ക്രിയാഫലവും തമ്മിലുള്ള തുല്യതയെ '=' ചിഹ്നം ചേർത്ത് സൂചിപ്പിക്കുന്നു. എന്ന് മനസ്സിലാക്കുന്നു.
9. ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടുന്നു. (ഒരക്കം + ഒരക്കം)
10. ഒരു കൂട്ടത്തിൽനിന്ന് എടുത്തുമാറ്റുമ്പോൾ കൂട്ടത്തിലെ എണ്ണം കുറയുന്നു എന്ന് മനസ്സിലാക്കുന്നു.
11. വ്യവകലനക്രിയയെ സൂചിപ്പിക്കാൻ '–' ചിഹ്നം ഉപയോഗിക്കുന്നു. എന്ന് തിരിച്ചറിയുന്നു.
12. സംഖ്യകളെ വലുപ്പത്തിനനുസരിച്ച് ക്രമീകരിക്കുന്നു.
13. ഒരു കൂട്ടത്തിലെ ചിത്രങ്ങളെ ആകൃതിക്കനുസരിച്ച് തരം തിരിക്കുന്നു.

**മൂന്നാം വർഷം**

1. കൂട്ടത്തിൽ നിന്ന് നിശ്ചിത എണ്ണം വസ്തുക്കൾ എണ്ണിയെടുക്കുന്നു.
2. ഒന്നു മുതൽ 100 വരെ സംഖ്യകൾ എഴുതുന്നു. വായിക്കുന്നു.
3. 100 വരെ സംഖ്യകളെ താരതമ്യം ചെയ്യുന്നു.
4. ഒരു കൂട്ടത്തിൽ നിന്ന് മുഴുവൻ എടുത്തുമാറ്റിയാൽ ബാക്കി ഒന്നുമുണ്ടാവില്ല എന്ന് മനസ്സിലാക്കുന്നു.

Experimental Version

5. ‘ഒന്നുമില്ല’ എന്നതിനെ സൂചിപ്പിക്കാൻ ‘0’ ഉപയോഗിക്കുന്നു.
6. ഒരു കൂട്ടത്തെ തുല്യ എണ്ണമുള്ള ഒന്നിലധികം കൂട്ടങ്ങളാക്കുന്നു.
7. ഒറ്റസംഖ്യകളും ഇരട്ട സംഖ്യകളും തിരിച്ചറിയുന്നു.
8. രണ്ടക്കസംഖ്യകളെ ഒന്നുകളും പത്തുകളുമായി പിരിച്ചു പറയുന്നു.
9. രണ്ട് സംഖ്യകളുടെ തുക കാണുന്നു. (രണ്ടക്കം + ഒരക്കം) തുക 20 – ൽ താഴെ
10. ആഴ്ചയിലെ ദിവസങ്ങളുടെ പേര് പറയുന്നു.
11. വർഷത്തിലെ മാസങ്ങളുടെ പേര് പറയുന്നു.
12. ക്രമം സൂചിപ്പിക്കുന്നതിന് സംഖ്യ ഉപയോഗിക്കുന്നു.
13. ലഘുസംഖ്യാപാറ്റേണുകളിൽ കണ്ടെത്തുന്നു.

**നാലാം വർഷം**

1. രണ്ടക്കസംഖ്യയോട് രണ്ടക്കസംഖ്യ കൂട്ടുന്നു. തുക (40 വരെ)
2. ഒറ്റ സംഖ്യയിൽ നിന്ന് മറ്റൊരു സംഖ്യ കുറയ്ക്കുന്നു. (20 ൽ താഴെ)
3. കലണ്ടർ നോക്കി ദിവസം, മാസം, തീയതി, അവധി ദിവസങ്ങൾ, വിശേഷ ദിവസങ്ങൾ പറയുന്നു.
4. 2 വസ്തുക്കളുടെ ഭാരം താരതമ്യം ചെയ്യുന്നതിന് ത്രാസ് ഉപയോഗിക്കുന്നു.
5. നോട്ടുകളും നാണയങ്ങളും തിരിച്ചറിയുന്നു.
6. വാക്കുകളുടെ സവിശേഷതകൾക്കനുസരിച്ച് വസ്തുക്കളെ തരം തിരിക്കുന്നു.
7. വിവിധ രൂപങ്ങൾ ചേർത്ത് വച്ച് മനോഹരമായ രൂപങ്ങൾ ഉണ്ടാക്കുന്നു.
8. ഉള്ളളവുകൾ താരതമ്യം ചെയ്യുന്നു.
9. നീളം താരതമ്യം ചെയ്യുന്നു.

**അഞ്ചാം വർഷം**

1. രണ്ടക്കസംഖ്യയോട് രണ്ടക്കസംഖ്യ കൂട്ടുന്നു. (തുക 99 വരെ)
2; ക്രയവിക്രയങ്ങൾക്ക് നാണയങ്ങളും നോട്ടുകളും ഉപയോഗിക്കുന്നു.
3. സ്കെയിൽ വച്ച് നേരെ വരയ്ക്കുന്നു.
4. നീളം അളക്കുന്നതിന് സ്കെയിൽ ഉപയോഗിക്കുന്നു.
5. സംഖ്യാപാറ്റേണുകളെക്കുറിച്ച് ധാരണയുണ്ടാകുന്നു.
6. കലണ്ടറിൽ നിന്ന് വിവിധപാറ്റേണുകൾ കണ്ടെത്തി എഴുതുന്നു.
7. സമയം നോക്കുന്നതിനുള്ള ഉപകരണം ക്ലോക്കാണെന്നറിയുന്നു.
8. ഒരു സംഖ്യയിൽ നിന്ന് മറ്റൊരു സംഖ്യകുറയ്ക്കുന്നു. (രണ്ടക്കം – രണ്ടക്കം)

***4. പ്രാഥമിക ഗാർഹിക തൊഴിൽ നൈപുണി***

1. നിർദേശാനുസരണം ഗാർഹിക മാലിന്യം വേസ്റ്റ് ബാസ്ക്കറ്റിൽ നിക്ഷേപിക്കുക.
2. സ്വന്തം വസ്തുക്കൾ യഥാസ്ഥാനത്ത് കൃത്യമായി വയ്ക്കുക.
3. സ്വന്തം ചുറ്റുപാടുകൾ അടുക്കും ചിട്ടയായും സൂക്ഷിക്കുക.

Experimental version

4. വസ്തുക്കൾ അവയുടെ പ്രത്യേകതകൾക്കനുസരിച്ച് തരംതിരിച്ച് അതാതിന്റെ സ്ഥലത്ത് വയ്ക്കുക.
5. ഭക്ഷണം കഴിക്കുന്നതിനാവശ്യമായ പ്ലേറ്റുകളും ഗ്ലാസ്സുകളും സ്വയം ക്രമീകരിക്കുക.
6. ഭക്ഷണശേഷം പ്ലേറ്റും ഗ്ലാസ്സും കഴുകി യഥാസ്ഥാനത്ത് വയ്ക്കുക.
7. പഴങ്ങളും പച്ചക്കറികളും തൊലികളഞ്ഞ് മുറിക്കുക.
8. ടാപ്പിൽ നിന്ന് ബക്കറ്റിൽ വെള്ളം ശേഖരിച്ച് കൊണ്ടുവരിക.
9. കുടുംബാംഗങ്ങൾക്കും അതിഥികൾക്കും വിളമ്പിയ ഭക്ഷണം കൊണ്ടുവരിക.
10. ഇലക്കറികൾ പാചകത്തിനായി ഒരുക്കുക.
11. പാചകജോലികളിൽ മുതിർന്നവരെ സഹായിക്കുക. (പച്ചക്കറികൾ, മസാലകൾ എടുത്തുകൊടുക്കുക, ചായ/കാപ്പി എന്നിവയ്ക്ക് ആവശ്യമായ വെള്ളം അളന്നുകൊടുക്കുക).
12. ഒരു പ്രവൃത്തി തടസ്സം കൂടാതെ ചെയ്യുവാൻ സാധിക്കുക.
13. വ്യത്യസ്ത ഭാഗങ്ങളുള്ള വസ്തുക്കളെ ഒരുമിച്ച് ചേർക്കുക.
14. ഒരു പ്രവൃത്തി പൂർത്തിയാക്കി കഴിയുമ്പോൾ ഉപകരണങ്ങളും വസ്തുക്കളും യഥാസ്ഥാനങ്ങളിൽ തിരിച്ചു വയ്ക്കുക.
15. ആവശ്യമെന്നു വരുമ്പോൾ ഒരു പ്രവൃത്തി അവസാനിപ്പിക്കുക.
16. ഗ്രൂപ്പിലെ മറ്റംഗങ്ങളുമായി സഹകരിച്ച് ഒരു പ്രവൃത്തി ചെയ്യുക.
17. ഒരു പ്രവൃത്തിയിൽ നിന്ന് മറ്റൊരു പ്രവൃത്തിയിലേക്ക് മാറാനാവശ്യപ്പെടുമ്പോൾ വിമുഖത കാണിക്കാതെ ചെയ്യുക.
18. മേൽനോട്ടവും വിമർശനങ്ങളും അംഗീകരിക്കുക.
19. ദൈനംദിന പ്രവൃത്തികളുടെ ഭാഗമായി നിയോഗിക്കപ്പെട്ട മറ്റൊരു സ്ഥലത്തേക്ക് ഓർമ്മപ്പെടുത്തൽ കൂടാതെ പോകുക.
20. ലഘുയന്ത്രങ്ങൾ ഉപയോഗിക്കാൻ പ്രാപ്തരാകുക (പഞ്ചിംഗ് മെഷീൻ, സ്റ്റേപ്ലർ ...).
21. വീട്ടിൽ ഉപയോഗിക്കുന്ന ആയുധങ്ങൾ കൈകാര്യം ചെയ്യാൻ പ്രാപ്തരാകുക. (കത്രിക, ആണി, ചുറ്റിക, സ്ക്രൂ ഡ്രൈവർ)
22. സമ്മാനപ്പൊതികൾ അലങ്കരിച്ച് ഒരുക്കുക.
23. വീട്ടിലെ കിടക്ക ഒരുക്കുക. കഴുകി ഉണക്കിയ വസ്ത്രങ്ങൾ മടക്കി അലമാരയിൽ വയ്ക്കുക.
24. ലളിതമായ പ്രഥമ ശുശ്രൂഷകൾ ചെയ്യുക.
25. പൂക്കൾ നൂലിൽ കോർത്ത് പൂമാല ഉണ്ടാക്കുക.

***5. സാമൂഹിക നൈപുണി***

1. തന്നെ മറ്റുള്ളവർക്ക് സ്വയം പരിചയപ്പെടുത്തുക.
2. സംഘക്കളികളിൽ കൂട്ടരോട് സഹകരിക്കുക, അവനവന്റെ ഊഴം കാത്തുനിൽക്കുക.

Experimental Version

3. സ്വന്തം ആവശ്യങ്ങൾ മറ്റുള്ളവരോട് വ്യക്തമാക്കുക.
4. പരിചയമുള്ളവരോട് അടുപ്പം കാട്ടുക.
5. മുതിർന്നവരെ അഭിവാദനം ചെയ്യുക.
6. കൂട്ടത്തിലുള്ളവരുടെ പ്രകടനങ്ങളിൽ അവരെ പ്രോത്സാഹിപ്പിക്കുക. (കൈകൊട്ടി പ്രോത്സാഹിപ്പിക്കൽ, ഷേക്ക്ഹാൻഡ് നൽകൽ)
7. സ്വന്തം വസ്തുക്കൾ മറ്റുള്ളവരുമായി പങ്കുവയ്ക്കുക.
8. തനിക്ക് ആവശ്യമുള്ളത് തിരഞ്ഞെടുക്കാനുള്ള കഴിവ്.
9. മറ്റുള്ളവരുടെ വസ്തുക്കൾ ഉപയോഗിക്കുതിന് മുൻപ് അവരുടെ അനുവാദം ചോദിക്കുക.
10. മറ്റുള്ളവരുടെ വസ്തുക്കൾ ഉപയോഗത്തിനുശേഷം കേടുകൂടാതെ തിരിച്ചുകൊടുക്കുക.
11. സ്വന്തം വസ്തുക്കൾ നഷ്ടപ്പെടാതെ സൂക്ഷിക്കാനുള്ള കഴിവ് ആർജിക്കുക.
12. ചെറിയ ജോലികളിൽ ഏർപ്പെടുക.
13. പൊതുപരിപാടികളിൽ പങ്കെടുക്കുമ്പോൾ പാലിക്കേണ്ട മര്യാദകൾ പാലിക്കുക.
14. മറ്റുള്ളവരുടെ വികാരങ്ങൾ മാനിച്ച് പെരുമാറുക.
15. ബന്ധുക്കൾ, സുഹൃത്തുക്കൾ, അപരിചിതർ, വീട്ടിൽ വിവിധ സേവനാർഥം എത്തുന്നവർ എന്നിവരെ വേർതിരിച്ചറിഞ്ഞ് പെരുമാറുക.
16. അനുയോജ്യമായ രീതിയിൽ പ്രതികരിക്കുക, പെരുമാറുക.
17. പ്രവർത്തനങ്ങളിൽ ഉത്തരവാദിത്വത്തോടുകൂടി പങ്കെടുക്കുക.
18. ആഘോഷപരിപാടികളിൽ താൽപര്യത്തോടെ പങ്കെടുക്കുക.
19. സന്ദേശങ്ങൾ (ഫോൺ) സ്വീകരിക്കുകയും മറ്റുള്ളവർക്ക് കൈമാറുകയും ചെയ്യുക.

***6. ആരോഗ്യജീവിത നൈപുണി***

1. പലതരം രോഗങ്ങളുണ്ട് എന്നറിയുക.
2. രോഗങ്ങളുണ്ടാകാൻ കാരണങ്ങൾ പലതാണ് എന്നറിയുക.
3. ശാരീരികാസ്വാസ്ഥ്യം മറ്റുള്ളവരെ അറിയിക്കുക.
4. ആരോഗ്യ സംരക്ഷണത്തിൽ വീടിനു പങ്കുണ്ട് എന്നറിയുക.
5. ആരോഗ്യകരമായ ജീവിതത്തിന് ശുദ്ധജലവും പരിസരശുചിത്വവും ആവശ്യമാണ് എന്നറിയുക.
6. അശ്രദ്ധ അപകടങ്ങൾക്കു കാരണമാകുന്നു. അപകടത്തിൽ പെട്ടവർക്ക് ചില പ്രഥമശുശ്രൂഷകൾ ചെയ്യേണ്ടതുണ്ട് എന്ന് മനസ്സിലാക്കുക.
7. വ്യക്തിശുചിത്വം പോലെ സാമൂഹിക ശുചിത്വവും പ്രധാനപ്പെട്ടതാണ് എന്ന റിയുക.
8. ദിനചര്യകൾ ക്രമമായി ചെയ്യുക.
9. മൂല്യം ഉൾക്കൊണ്ട് പെരുമാറുക.

Experimental Version

**സ്ഥൂലചലനശേഷികൾ (Gross Motor)**

1. ഒരു കൈകൊണ്ട് വസ്തുക്കൾ പിടിക്കുക, സ്വതന്ത്രമാക്കുക.
2. വസ്തുക്കൾ എറിയുക, പിടിക്കുക.
3. കൈകൾ ഉയർത്തിയും താഴ്ത്തിയും വസ്തുക്കൾ എറിയുക.
4. നടക്കുക.
5. വരയിലൂടെ നടക്കുക.
6. പടികൾ കയറുകയും ഇറങ്ങുകയും ചെയ്യുക.
7. ഓടുക.
8. കുത്തിയിരിക്കുക.
9. പെരുവിരലിൽ പൊങ്ങി നിന്ന് ഉയരത്തിലുള്ള വസ്തുക്കൾ കയ്യെത്തിച്ച് എടുക്കുക.
10. കാലുയർത്തി ചാടുക.
11. ഒറ്റക്കാലിൽ ചാടുക.
12. ദൂരേയ്ക്കു ചാടുക.
13. ഉയരത്തിലേക്കും, ഉയരത്തിൽ നിന്നും ചാടുക.
14. വശങ്ങളിലേക്ക് ചാടുക.
15. വസ്തുക്കൾ കാലുകൊണ്ട് തട്ടി എറിയുക (പന്ത്)
16. സൈക്കിൾ ചവിട്ടുക.
17. നീന്തുക.

**സൂക്ഷ്മചലനശേഷികൾ (Fine Motor)**

1. വസ്തുക്കൾ ഒരുകൈകൊണ്ട് പിടിക്കുക.
2. ദൂരെയുള്ള വസ്തുക്കൾ എത്തിപ്പിടിക്കുക, വിടുക.
3. വസ്തുക്കൾ രണ്ടുകൈയും ഉപയോഗിച്ച് പിടിക്കുക, വിടുക.
4. തള്ളവിരലും ചൂണ്ടുവിരലും ഉപയോഗിച്ച് ചെറിയ വസ്തുക്കൾ എടുക്കുക.
5. നൂലിൽ മുത്തുകോർക്കുക.
6. വസ്തുക്കൾ അടുക്കി വെയ്ക്കുക.
7. പാനീയങ്ങൾ ഇളക്കുക, കലക്കുക.
8. വാതിൽ തുറക്കുക/ ഓടാമ്പൽ പ്രവർത്തിപ്പിക്കുക/കൊളുത്തിടുക.
9. കുപ്പികളുടെ അടപ്പുകൾ തുറക്കുക.
10. ദ്രാവകം നിറഞ്ഞിരിക്കുന്ന ഗ്ലാസ്സ്, പേപ്പർകപ്പ് തുടങ്ങിയവ ചരിഞ്ഞ് പോകാതെയും തൂവിപ്പോകാതെയും എടുത്തുകൊണ്ടുപോവുക.
11. ഒരു പാത്രത്തിൽ നിന്ന് മറ്റൊരു പാത്രത്തിലേക്ക് ദ്രാവകം തൂവിപ്പോകാതെ പകരുക.
12. സേഫ്റ്റിപിൻ കരുതലോടെ ഉപയോഗിക്കാൻ കഴിയുക.
13. ചിത്രങ്ങൾ വെട്ടി ഒട്ടിക്കുക.

Experimental Version

**ആഹാരം കഴിക്കൽ (Eating)**

1. ആഹാരം നിലത്തു കളയാതെ വൃത്തിയായി കഴിക്കുക.
2. വെള്ളം നിലത്തു തൂവാതെ ശ്രദ്ധയോടെ കുടിക്കുക.
3. ആഹാരത്തിനു മുൻപും പിൻപും കൈകളും വായും വൃത്തിയായി കഴുകുക.
4. ആഹാരം ആവശ്യത്തിനു മാത്രം എടുത്തു കഴിക്കുക.
5. ബാക്കി വന്ന ഭക്ഷണമോ, എച്ചിലോ അതിനായുള്ള പാത്രത്തിൽ നിക്ഷേപിക്കുകയും പാത്രം വൃത്തിയായി കഴുകി യഥാസ്ഥാനത്തു വയ്ക്കുകയും ചെയ്യുക.
6. പഴങ്ങൾ തൊലിനീക്കി കഴിക്കുക.
7. കൂടുതൽ ഭക്ഷണം ആവശ്യമായി വന്നാൽ മര്യാദാപൂർവം ആവശ്യപ്പെടുക.
8. പൊതുസ്ഥലങ്ങളിൽ കുടിവെള്ളം ലഭിക്കുന്ന ഇടം സ്വയം കണ്ടെത്താൻ കഴിയുക.
9. എല്ലാവരും ചേർന്ന് ആഹാരം കഴിക്കുന്ന അവസരങ്ങളിൽ ആവശ്യത്തിനു മാത്രം ഭക്ഷണം എടുക്കാൻ ശ്രമിക്കുക.

**വസ്ത്രം ധരിക്കൽ**

1. പാദരക്ഷകൾ ശരിയായ രീതിയിൽ അണിയാനും അഴിച്ചു യഥാസ്ഥാനത്തു വയ്ക്കാനും കഴിയുക (ഷൂ ലെയ്സ് കെട്ടുക, ബക്കിൾ ഇടുക.......)
2. വസ്ത്രങ്ങൾ ശരിയായി അണിയാനും അഴിച്ചു മടക്കി ഇടാനും കഴിയുക.( ബട്ടൺ ഇടുക, വള്ളി കെട്ടുക, സിബ്ബ് ഇടുക.......)
3. പലതരത്തിലുള്ള വസ്ത്രങ്ങളും അണിയാൻ പഠിക്കുക.
4. അടിവസ്ത്രങ്ങൾ ശരിയായും വൃത്തിയായും ഉപയോഗിക്കാൻ കഴിയുക.

**ഗ്രൂമിങ്ങ് (Grooming)**

1. ഒരുങ്ങേണ്ട ശരിയായ രീതി അറിയുക (മുഖത്തു പൗഡർ ഉപയോഗിക്കേണ്ട രീതി, മുടി ചീകി വയ്ക്കേണ്ട വിധം...... )
2. വ്യക്തി ശുചിത്വത്തിന്റെ കാര്യത്തിൽ സ്വയം പര്യാപ്തമാകുക. (നഖം വെട്ടുക, ചെവികൾ വൃത്തിയാക്കുക, തലമുടി ചീകി വൃത്തിയാക്കുക, എണ്ണ തേയ്ക്കുക, കുളിക്കുക, കുളി കഴിഞ്ഞ് ടൗവ്വൽ ഉപയോഗിച്ച് തലയും ശരീരവും തുടയ്ക്കുക, കൈലേസ് ഉപയോഗിച്ച് മൂക്കു വൃത്തിയാക്കുക, സോപ്പ് ഉപയോഗിച്ച് കൈയും മുഖവും കഴുകുക, പല്ലുതേയ്ക്കുക,..........)
3. വാച്ചു കെട്ടുക.
4. തുമ്മുകയോ മൂക്കു ചീറ്റുകയോ കോട്ടുവായിടുകയോ ചെയ്യുമ്പോൾ കൈലേസ് ഉപയോഗിച്ചോ കൈ ഉപയോഗിച്ചോ വായും മൂക്കും മറച്ചു പിടിക്കുക.
5. ഊറിവരുന്ന ഉമിനീർ സ്വയം കൈലേസ് ഉപയോഗിച്ച് തുടച്ചു മാറ്റുക.
6. പെൺകുട്ടികളെ സംബന്ധിച്ച് മാസമുറ തിരിച്ചറിയുക, അറിയിക്കുക.
7. പെൺകുട്ടികളെ സംബന്ധിച്ച് മാസമുറ സമയത്ത് പാഡുകൾ ശരിയായി

Experimental Version

ഉപയോഗിക്കാനും മാറ്റാനും അവ ശരിയായി നിർമാർജനം ചെയ്യാനും അറിയുക.

**വിസർജനം (Toileting)**

1. ടോയ്ലറ്റുകൾ ഉപയോഗിക്കേണ്ട ശരിയായ രീതികൾ അറിയുക (വാതിലടച്ചു ഉപയോഗിക്കുക, ഉപയോഗിക്കുതിനു മുൻപും പിൻപും വെള്ളം ഒഴിക്കുക. വിസർജ്ജിച്ചതിനു ശേഷം വൃത്തിയായി കഴുകുക,.........)
2. ടോയ്ലറ്റിൽ പോകുന്നതിനു മുൻപ് അടിവസ്ത്രം അഴിച്ചുവയ്ക്കുക ശേഷം അണിയുക.
3. പരസഹായമില്ലാതെ ടോയ്ലറ്റ് ഉപയോഗിക്കാൻ കഴിയുക.
4. ടോയ്ലറ്റ് സംബന്ധിയായ പ്രശ്നങ്ങൾ വരുമ്പോൾ മറ്റുള്ളവരുടെ സഹായം തേടുക.
5. പരിചിതമല്ലാത്ത സ്ഥലത്ത് ടോയ്ലറ്റ് എവിടെയാണെന്നു അന്വേഷിച്ച് കണ്ടുപിടിച്ച് ഉപയോഗിക്കുക.
6. പൊതുസ്ഥലങ്ങളിൽ പുരുഷൻമാർക്കും സ്ത്രീകൾക്കുമുള്ള സൗകര്യങ്ങൾ അറിഞ്ഞു ഉപയോഗിക്കുക.

***7. കലാകായിക നൈപുണി***

1. പൂപ്പാത്രത്തിൽ പൂക്കൾ ക്രമീകരിക്കുന്നു.
2. പാവ നിർമ്മാണം, ആശംസാകാർഡ് നിർമ്മാണം, ഒറിഗാമി, തയ്യൽ, എംബ്രോയിഡറി, കൃത്രിമ പൂക്കൾ നിർമ്മാണം, ഇതര ലഘു കരകൗശലവസ്തുക്കളുടെ നിർമ്മാണം അറിയുക.
3. ലഘുകളികളിൽ ഏർപ്പെടുക. (ഓട്ടം, തവളച്ചാട്ടം, ഓടിത്തൊട്ടുകളി .........)
4. മണലും വെള്ളവും ഉപയോഗിച്ചുള്ള കളികളിൽ ഏർപ്പെടുക.
5. ലഘുവായ വിനോദങ്ങളിൽ പങ്കെടുക്കുക. (കസേരകളി, ഒളിച്ചുകളി, പാസ്സിംഗ് ദി പാഴ്സൽ, കുളംകര, ............)
6. പൊതുകളിസ്ഥലത്തുള്ള കളി ഉപകരണങ്ങൾ ഉപയോഗിക്കുക.( സ്ലൗകൾ, ജംഗിൾ ജിം, ഊഞ്ഞാൽ,........)
7. വാഹനയാത്ര ആസ്വദിക്കാൻ കഴിയുക (സൈക്കിൾ, സ്കൂട്ടർ, ബസ്, കാർ, തീവണ്ടി..)
8. ലക്ഷ്യസ്ഥാനത്ത് എറിഞ്ഞുകൊള്ളിക്കുന്ന തരത്തിലുള്ള കളികളിൽ ഏർപ്പെടുക.
9. കൊന്നിക്കളി/ തൊണ്ടിക്കളി, സ്ലീപ്പിംഗ് ഗെയിം തുടങ്ങിയവയിൽ ഏർപ്പെടുക.
10. കമ്പ്യൂട്ടറിന്റെ ഭാഗങ്ങളും അവയുടെ ഉപയോഗവും അറിയുക. (കീ ബോർഡ്, മൗസ്, മോണിട്ടർ, സ്വിച്ച്, യു പി എസ്, പ്രൊസസ്സർ...)
11. മുതിർന്നവരോടൊപ്പം കടകളിൽ പോയി സാധനങ്ങൾ വാങ്ങുക.
12. ഉയരമുള്ള സ്ഥലങ്ങളിൽ/ചെറിയ കുന്നുകളിൽ/ചെറിയ മരങ്ങളിൽ കയറാൻ കഴിയുക.

Experimental Version

13. മുതിർന്നവർക്കൊപ്പം ഹോട്ടൽ, തിയേറ്റർ എന്നിവിടങ്ങളിൽ പോവുക.
14. കുടുംബാംഗങ്ങൾക്കൊപ്പമോ സുഹൃത്തുക്കൾക്കൊപ്പമോ വിനോദ യാത്രകളിൽ പങ്കെടുക്കുക.
15. കുടുംബാംഗങ്ങൾക്കൊപ്പം സിനിമ കാണുക.
16. സൽക്കാരങ്ങൾ ആസൂത്രണം ചെയ്തു നടപ്പാക്കുന്നതിൽ പങ്കാളിയാകുക.
17. വാദ്യോപകരണങ്ങൾ ഉപയോഗിക്കുക.
18. പാട്ടിനു അകമ്പടിയായി വാദ്യോപകരണങ്ങൾ ഉപയോഗിക്കുക.
19. ടെലിവിഷനിൽ പരിപാടികളും പരസ്യങ്ങളും കാണുക.
20. റേഡിയോ ടി വി പരിപാടികൾ കണ്ട് കൂടെ താളമിടുകയും നൃത്തം ചെയ്യുകയും ചെയ്യുക.
21. ബ്ലോക്കുകൾ ഉപയോഗിച്ച് കളിക്കുക. (രൂപങ്ങൾ ഉണ്ടാക്കുക, അഴിക്കുക)
22. പെൻസിൽ, ക്രയോൺ എന്നിവ ഉപയോഗിച്ച് ചിത്രങ്ങൾ വരയ്ക്കുക/ നിറം കൊടുക്കുക.
23. അനുകരണ കളികളിൽ ഏർപ്പെടുക (അമ്മ/ടീച്ചർ/ഡ്രൈവർ/ കച്ചവടക്കാരൻ/പോലീസ്/.......)
24. സ്വന്തം സാധനങ്ങൾ യഥാസ്ഥാനത്ത് അടുക്കി വയ്ക്കുക.
25. മാസികകൾ കീറാതെ മറിച്ചുനോക്കുക.
26. തുടർച്ചയായി 30 മിനിട്ട് നേരം വരെ ടെലിവിഷൻ പരിപാടികൾ കാണുക.
27. കൊത്തങ്കല്ല്, ഏണിയും പാമ്പും പോലുള്ള കളികൾ രണ്ടോ മൂന്നോ പേരോടൊപ്പം മറ്റുള്ളവരുടെ സഹായത്തോടെയോ അല്ലാതെയോ കളിക്കുക.
28. മാതൃകകൾ നോക്കി തിരിക്കുന്ന ബ്ലോക്കുകൾ ഉപയോഗിച്ച് രൂപങ്ങൾ നിർമ്മിക്കുക.
29. ചിത്രങ്ങൾ വരച്ച് നിറം കൊടുക്കുക.
30. പഴയ മാസികകളിൽ നിന്ന് ചിത്രങ്ങൾ വെട്ടിയെടുത്ത് ബുക്കിൽ ഒട്ടിക്കുക.
31. ചിത്രപുസ്തകങ്ങളും കോമിക്കുകളും കാണുക.
32. മുറികളിൽ സാധനങ്ങൾ ശരിയായി ക്രമീകരിച്ച് ഒരുക്കുക.
33. വളർത്തുമൃഗങ്ങളെ പരിപാലിക്കുകയും അവയ്ക്ക് ഭക്ഷണം നൽകുകയും ചെയ്യുക.
34. ടെലിവിഷൻ പരമ്പരകൾ കണ്ട് തുടർച്ചകൾ അറിയുക.
35. ആവശ്യമായ ഉപകരണങ്ങളോ വസ്തുക്കളോ നൽകിയാൽ തുടർച്ചയായി 5 മിനിട്ട് വിനോദങ്ങളിൽ ഏർപ്പെടാൻ കഴിയുക.
36. പന്ത് പിടിക്കാനും എറിയാനും തട്ടിക്കളിക്കാനും കഴിയുക.
37. വിരൽ/ബ്രഷ് ഉപയോഗിച്ച് ചിത്രരചന നടത്താൻ കഴിയുക.
38 മറ്റുള്ളവർക്ക് ശല്യമുണ്ടാക്കാതെ ടെലിവിഷൻ പരിപാടികൾ കാണുക.

Experimental Version

39. സംഘനൃത്തഗാനഇനങ്ങളിൽ പങ്കെടുക്കുക.

40. ലഘുനിയമങ്ങൾ ഉൾക്കൊള്ളുന്ന ഗെയിമുകളിൽ പങ്കെടുക്കുക.

41. പൂന്തോട്ടനിർമ്മാണം പച്ചക്കറിത്തോട്ടനിർമ്മാണം തുടങ്ങിയവയിൽ പങ്കെടുക്കുക.

**8. സാങ്കേതികവിദ്യാ നൈപുണികൾ**

1. മൊബൈൽ ഫോൺ/ ലാൻഡ് ഫോൺ പരിചയപ്പെടുക.
2. മൊബൈൽ ഫോണിൽ/ ലാൻഡ് ഫോണിൽ സംസാരിക്കുക.
3. മൊബൈലിൽ സ്പീഡ് ഡയൽ സംവിധാനം ഉപയോഗിക്കാൻ അറിയുക.
4. എഴുതി നൽകിയ നമ്പർ ഡയൽ ചെയ്ത് കോൾ വിളിക്കുക.
5. മൊബൈലിൽ ഉള്ള കോണ്ടാക്റ്റിൽ നിന്ന് ആവശ്യമായ നമ്പർ ഡയൽ ചെയ്തു വിളിക്കുക.
6. റേഡിയോ ഓൺ ചെയ്യാനും ഓഫ് ചെയ്യാനും അറിയുക.
7. റേഡിയോയിൽ ശബ്ദം ക്രമീകരിക്കാൻ അറിയുക.
8. റേഡിയോയിൽ സ്റ്റേഷൻ ട്യൂൺ ചെയ്ത് ഇഷ്ടമുള്ള പരിപാടികൾ കേൾക്കുക.
9. ടേപ്പ് റെക്കോർഡർ/ സി.ഡി പ്ലെയർ ഓൺ ചെയ്യാനും ഓഫ് ചെയ്യാനും അറിയുക.
10. ടേപ്പ് റെക്കോർഡർ/സി.ഡി പ്ലെയറിന്റെ ശബ്ദം ക്രമീകരിക്കാൻ അറിയുക.
11. ടേപ് റെക്കോർഡർ/ സി.ഡി പ്ലെയർ ഇവയിൽ കാസറ്റ്/ സി ഡി ഇട്ട് പ്ലേ ചെയ്യാൻ അറിയുക.
12. സി ഡി പ്ലെയറിൽ സി.ഡി ലോഡ് ചെയ്ത് റിമോട്ട് ഉപയോഗിച്ച് പ്രവർത്തിപ്പിക്കാൻ അറിയുക.
13. ടെലിവിഷൻ ഓൺ ചെയ്യാനും ഓഫ് ചെയ്യാനും അറിയുക.
14. ടെലിവിഷന്റെ പ്ലഗ് സ്വിച്ച് ബോർഡിൽ ഉറപ്പിക്കുക.
15. ടി വി റിമോട്ട് പ്രവർത്തിപ്പിക്കാൻ അറിയുക.
16. കമ്പ്യൂട്ടറിന്റെ ഭാഗങ്ങളും അവയുടെ ഉപയോഗവും അറിയുക. (കി ബോർഡ്, മൗസ്,
17. കമ്പ്യൂട്ടർ ഓൺ ചെയ്യാനും ഓഫ് ചെയ്യാനും അറിയുക.
18. കമ്പ്യൂട്ടറിൽ സെറ്റ് ചെയ്ത പേജിൽ പാറ്റേണുകൾ വരച്ച് സ്പ്രേ പെയിന്റ് ചെയ്യുക.
19. കമ്പ്യൂട്ടറിൽ സ്വയം പേജ് സെറ്റ് ചെയ്ത് പാറ്റേണുകൾ വരച്ച് സ്പ്രേ പെയിന്റ് ചെയ്യുക.
20. കമ്പ്യൂട്ടറിൽ കീബോർഡ് ഉപയോഗിച്ച് അക്ഷരങ്ങൾ ടൈപ്പ് ചെയ്യുക.
21. കമ്പ്യൂട്ടറിൽ കീബോർഡ് ഉപയോഗിച്ച് സ്വന്തം പേര് ടൈപ്പ് ചെയ്യുക.

Experimental Version

22. കമ്പ്യൂട്ടറിൽ വിവരങ്ങൾ/ചിത്രങ്ങൾ സേവ് ചെയ്യുക ലഘു എഡിറ്റിംഗ് ചെയ്യുക (അപൂർണ ചിത്രങ്ങൾ വീണ്ടും തുറന്ന് പൂർത്തിയാക്കുക)
23. കാൽക്കുലേറ്റർ ഓൺ ചെയ്യാനും ഓഫ് ചെയ്യാനും അറിയുക.
24. കാൽക്കുലേറ്ററിൽ ഉപയോഗിച്ചിരിക്കുന്ന നമ്പറുകളും ചിഹ്നങ്ങളും അറിയുക.
25. കാൽക്കുലേറ്ററിൽ ലഘു ക്രിയകൾ ചെയ്യാൻ അറിയുക. (ഒരക്ക സംഖ്യകളുടെ സങ്കലനം, വ്യവകലനം ഗുണനം).

## 4.3. മാതൃകാപഠനപ്രവർത്തനങ്ങൾ

പാഠ്യപദ്ധതി ഉദ്ദേശ്യങ്ങൾ നേടുന്നതിനുവേണ്ടിയുള്ള ചില മാതൃകാ പഠനപ്രവർത്തനങ്ങൾ ചുവടെ കൊടുക്കുന്നു.

Experimental Version

### പ്രവർത്തനം 1

## കൂടുതേടാം

**പഠനനേട്ടങ്ങൾ**

- വ്യത്യസ്ത ജീവികളുടെ വാസസ്ഥലങ്ങൾ വേർതിരിച്ചറിയുന്നു.
- പാർപ്പിടം സുരക്ഷയും സംരക്ഷണവും നൽകുന്നു എന്ന് തിരിച്ചറിയുന്നു.

**ഘട്ടം-1**

*സാമഗ്രികൾ*

തൊഴുത്ത്, കോഴിക്കൂട്, പട്ടിക്കൂട്, ഗുഹ, കിളിക്കൂട് എന്നിവയുടെ കാർഡ് ബോർഡിൽ നിർമ്മിച്ച മാതൃകകൾ/ഭിത്തിയിൽ ഒട്ടിക്കാവുന്ന വലിയ ചിത്രങ്ങൾ, മേൽപ്പറഞ്ഞ കൂടുകളിൽ വസിക്കുന്ന ജീവികളുടെ മുഖംമൂടികൾ, ജീവികളുടെ ചെറിയ ചിത്രങ്ങൾ, പശ്ചാത്തലസംഗീതം, മഴ, ഇടിവെട്ട്, കാറ്റ് എന്നിവയുടെ ശബ്ദം.

*പ്രവർത്തനക്രമം*

- കളിസ്ഥലത്ത് പാർപ്പിടങ്ങളുടെ മാതൃകകൾ/ചിത്രങ്ങൾ വെക്കുന്നു.
- സൂചനക്കായി കൂടിനുസമീപം അതിൽ പാർക്കുന്ന ജീവിയുടെ ചിത്രം വെക്കുന്നു.
- കുട്ടികൾ ഇഷ്ടമുള്ള മുഖംമൂടികൾ അണിഞ്ഞ്, സ്വന്തം കൂടുകളിൽ ചെന്ന് നിൽക്കുന്നു.
- ഓരോ കുട്ടിയും താൻ ആരാണെന്നും സ്വന്തം പാർപ്പിടത്തിന്റെ പേര് എന്താണെന്നും പറയുന്നു.
  ഉദാ: "ഞാൻ പശു. എന്റെ വീട് തൊഴുത്ത്"



Experimental Vers

പശ്ചാത്തലസംഗീതം തുടങ്ങുമ്പോൾ ജീവികൾ കൂട്ടിൽ നിന്ന് ഇറങ്ങിവന്ന് മൈതാനത്ത് കളിക്കുന്നു.

കുറച്ചു കഴിയുമ്പോൾ ഇടിയും മഴയും വരുന്നു. (ശബ്ദം)

“ഇടി വരുന്നേ, മഴ വരുന്നേ” അദ്ധ്യാപിക വിളിച്ചു കൂവുന്നു.

ഓരോ ജീവിയും സ്വന്തം കൂടുകളിലേക്ക് ഓടിക്കയറുന്നു.

തെറ്റു വരുത്തുന്ന കുട്ടികളെ അദ്ധ്യാപിക സഹായിക്കുന്നു.

എല്ലാവരും ചേർന്ന് പാടുന്നു.

“മഴയും വെയിലും കൊള്ളാതെ
ഇടിയും മിന്നലുമേൽക്കാതെ
വീടിന്നുള്ളിലിരിക്കാലോ
അമ്മക്കരികിലിരിക്കാലോ”

**ഘട്ടം–2**

*പ്രവർത്തനക്രമം*

താഴെപ്പറയുന്ന വ്യത്യാസങ്ങൾ ഒഴിച്ചാൽ ഘട്ടം 1 –ലേതുപോലെ.

കൂടുകൾക്കരികിലുള്ള സൂചനാ ചിത്രങ്ങൾ ടീച്ചർ എടുത്ത് മാറ്റുന്നു.

കാറ്റ്, മഴ ഇവയ്ക്കു പകരം ശത്രുക്കൾ (സിംഹം, പുലി) വരുന്നതായി കളിയിൽ മാറ്റം വരുത്തുന്നു.



**ഘട്ടം–3**

*സാമഗ്രികൾ*

കടലാസ്, പെൻസിൽ, നിറങ്ങൾ

***പ്രവർത്തനക്രമം***

ടീച്ചറുടെ സഹായത്തോടെ ഓരോ കുട്ടിയും സ്വന്തം വീടിന്റെ ചിത്രം വരക്കുന്നു.

പൂർത്തിയായ ചിത്രം ടീച്ചറും കുട്ടിയും ചേർന്ന് ചുവരിൽ ഒട്ടിക്കുന്നു.

വീടിനരികിൽ ഒരു കുട്ടിയുടെ ചിത്രം വരച്ചുചേർത്ത് ടീച്ചർ അതിനടിയിൽ കുട്ടിയുടെ പേരെഴുതുന്നു. (ഉദാ: അപ്പു)

വീടിന്റെ ചിത്രത്തിനു താഴെ “ഇത് അപ്പുവിന്റെ വീട്” എന്നുമെഴുതിവെക്കുന്നു.

ചിത്രത്തിനരികിൽ നിന്ന് കുട്ടി പറയുന്നു. “ഞാൻ അപ്പു. ഇത് എന്റെ വീട്“

എല്ലാ ചിത്രങ്ങളും ഒട്ടിച്ചുകഴിഞ്ഞ് ടീച്ചറും കുട്ടികളും കൈകോർത്തുനിന്ന് പാടുന്നു.

> വീട് നല്ല വീട്
> ഞാൻ വരച്ച വീട്
> എന്തു നല്ല വീട്
> എന്റെ സ്വന്തം വീട്

Experimental Version

**വിലയിരുത്തൽ സൂചകങ്ങൾ**

- വിവിധ ജീവികളുടെ പാർപ്പിടങ്ങൾ തിരിച്ചറിയുന്നു.
- പാർപ്പിടം സുരക്ഷയും സംരക്ഷണവും നൽകുന്നു എന്ന് മനസ്സിലാക്കുന്നു.

**പ്രബലനപ്രവർത്തനങ്ങൾ**

- പരിശീലന സോഫ്റ്റ്‌വെയറിൽ ഈ പ്രവർത്തനത്തിന് അനുബന്ധമായി കൊടുത്തിട്ടുള്ള അഭ്യാസങ്ങൾ ഓരോ കുട്ടിയും പരിശീലിക്കുന്നു.
- റിസോഴ്സ് സി.ഡി യിൽ നൽകിയിട്ടുള്ള വർക്ക്ഷീറ്റുകൾ ഓരോ കുട്ടിയും പൂർത്തീകരിക്കുന്നു.

**തുടർപ്രവർത്തനങ്ങൾ**

വിവിധ ജീവികളുടെ വാസസ്ഥലങ്ങളുടെ ഫോട്ടോകൾ, വിഡിയോ എന്നിവ കുട്ടികളെ കാണിക്കുന്നു.

പ്രവർത്തനം 2

# പച്ചക്കറിക്കാരൻ

**പഠനനേട്ടങ്ങൾ**

- വിവിധയിനം പച്ചക്കറികൾ തിരിച്ചറിഞ്ഞ് അവയുടെ പേരുകൾ പറയുന്നതിനുള്ള കഴിവ് നേടുന്നു.
- നിശ്ചിത തുകയ്ക്ക് പച്ചക്കറി വാങ്ങുന്നതിനുള്ള കഴിവ് ആർജിക്കുന്നു.

**ഘട്ടം–1**

***സാമഗ്രികൾ***

സാധാരണയായി ഉപയോഗിക്കുന്ന വിവിധതരം പച്ചക്കറികൾ, പച്ചക്കറിക്കാരനുടുക്കാൻ ചെറിയ മുണ്ട്, തോളിലിടാൻ തോർത്ത്, പച്ചക്കറികൾ ഇട്ടുകൊടുക്കാൻ പേപ്പർബാഗുകൾ, എളുപ്പത്തിൽ തള്ളിനീക്കാവുന്ന നാലുചക്രമുള്ള സ്റ്റാൻഡ്.

***പ്രവർത്തനക്രമം***

- ഒരു കുട്ടി പച്ചക്കറിക്കാരനായി വേഷമിടുന്നു.
- ടീച്ചറുടെ സഹായത്തോടെ പച്ചക്കറികൾ വണ്ടിയിൽ അടുക്കി വെക്കുന്നു.
- മറ്റുകുട്ടികൾ വരിയായി കസേരകളിൽ ഇരിക്കുന്നു.
- പച്ചക്കറിക്കാരനും ടീച്ചറും പാട്ട് പാടി വണ്ടിയും തള്ളി വരുന്നു.

വരുവിൻ വരുവിൻ വാങ്ങിക്കോളൂ
തുടുതുടെയുള്ളൊരു പച്ചക്കറികൾ
ചൊകചൊക ചോന്നൊരു തക്കാളി
നീണ്ടു മെലിഞ്ഞൊരു വെണ്ടക്ക
ആർക്കുവേണം, ആർക്കുവേണം
മിനുമിനെയുള്ളൊരു കത്രിക്ക
നനുനനെ അരിയാൻ ചീരയില
മുള്ളുകളുള്ളൊരു പാവക്ക
വരുവിൻ വരുവിൻ വാങ്ങിക്കോളൂ
തുടുതുടെയുള്ളൊരു പച്ചക്കറികൾ



Experimental Version

ഓരോ കുട്ടിയുടെയും അരികിലെത്തി പച്ചക്കറിക്കാരൻ ചോദിക്കുന്നു. “എന്ത് വേണം?”

കുട്ടി ആവശ്യപ്പെടുന്ന പച്ചക്കറികൾ പച്ചക്കറിക്കാരൻ ഒരു ബാഗിലിട്ട് നൽകുന്നു.

എല്ലാവരും വാങ്ങിക്കഴിഞ്ഞാൽ അടുത്തകുട്ടി വില്പനക്കാരനാകുന്നു.

എല്ലാ കുട്ടികൾക്കും പച്ചക്കറിക്കാരനാകനുള്ള അവസരം നൽകുന്നു.

**ഘട്ടം-2**

***സാമഗ്രികൾ***

പച്ചക്കറികൾ, പേപ്പർ ബാഗ്, കളിനോട്ടുകൾ, തോർത്ത്, മുണ്ട്




***പ്രവർത്തനക്രമം***

- ക്ലാസ്സ്മുറിയിൽ ഒരിടത്ത് ഒരു പച്ചക്കറിക്കട സജ്ജീകരിക്കുന്നു.
- പച്ചക്കറിക്കാരൻ വില്പനക്കായി നിൽക്കുന്നു.
- കുട്ടികൾ ഓരോരുത്തരോടും ഓരോ പച്ചക്കറി, നിശ്ചിത എണ്ണം വാങ്ങി വരുവാൻ അദ്ധ്യാപിക നിർദ്ദേശിക്കുന്നു.
- ഓരോ കുട്ടിക്കും പച്ചക്കറി വങ്ങാനുള്ള പണം (കളിനോട്ടുകൾ) നൽകുന്നു.
- പച്ചക്കറിക്കാരൻ ഓരോ കുട്ടിയും ആവശ്യപ്പെടുന്നപ്രകാരം പച്ചക്കറി നൽകി പണം വാങ്ങുന്നു. (തുക കൃത്യമാകണമെന്നില്ല)
- തെറ്റു കൂടാതെ സാധനങ്ങൾ വാങ്ങി വരുന്നവരെ ടീച്ചർ അനുമോദിക്കുന്നു.

**ഘട്ടം-3**

***പ്രവർത്തനക്രമം***

ഘട്ടം-2 ലേതു പോലെ കളിക്കുന്നു.

ഇത്തവണ പച്ചക്കറിക്കാരൻ ആവശ്യപ്പെടുന്ന തുകയും കുട്ടി നൽകുന്ന തുകയും തുല്യമായിരിക്കണം.

***വിലയിരുത്തൽ സൂചകങ്ങൾ***

പച്ചക്കറികൾ തിരിച്ചറിയുന്നു. (ഘട്ടം 1,2,3)
പച്ചക്കറികൾ തരം തിരിക്കുന്നു (ഘട്ടം 1,2,3)

സന്ദർഭോചിതമായി പ്രതികരിക്കുന്നു. (ഘട്ടം 1,2,3)
നാണയങ്ങൾ/നോട്ടുകൾ തിരിച്ചറിയുന്നു (ഘട്ടം 2,3)
പണം കൃത്യമായി എണ്ണിയെടുക്കുന്നു (ഘട്ടം 3)

**പ്രബലനപ്രവർത്തനങ്ങൾ**

- പരിശീലന സോഫ്റ്റ്‌വെയറിൽ ഈ പ്രവർത്തനത്തിന് അനുബന്ധമായി കൊടുത്തിട്ടുള്ള അഭ്യാസങ്ങൾ ഓരോ കുട്ടിയും പരിശീലിക്കുന്നു.
- റിസോഴ്സ് സി.ഡി യിൽ നൽകിയിട്ടുള്ള വർക്ക്ഷീറ്റുകൾ ഓരോ കുട്ടിയും പൂർത്തീകരിക്കുന്നു.

**തുടർപ്രവർത്തനങ്ങൾ**

- ലിസ്റ്റ് പ്രകാരമുള്ള പച്ചക്കറികൾ വാങ്ങുന്നു.
- തൂക്കം അനുസരിച്ച് വാങ്ങുന്നു

## 4.4. പഠനരീതി

Experimental Version

ഏതൊരു പാഠ്യപദ്ധതിയുടേയും ഉള്ളടക്കം വിനിമയം ചെയ്യുന്നതിനനുസരിച്ചാവും അതിന്റെ ഫലപ്രാപ്തി. പഠനം എന്നത് അനുഭവങ്ങളുടേയും പരിശീലനങ്ങളുടേയും ഫലമായി പഠിതാവിൽ/കുട്ടിയിൽ ഉണ്ടാകുന്ന മാറ്റമാണ്. ശാരീരികവും മാനസികവുമായി പരിമിതികളുള്ള കുട്ടികളിൽ ഇത്തരം മാറ്റം വരുത്തുക ശ്രമകരമാണ്. ഇത്തരം കുട്ടികളുടെ സവിശേഷതകൾ തിരിച്ചറിഞ്ഞ് അനുയോജ്യമായ പഠനരീതി നിശ്ചയിക്കുകയാണ് അഭികാമ്യം. വിവിധ രാജ്യങ്ങളിൽ നിലനിൽക്കുന്ന പഠനരീതികൾ പരിശോധിച്ചാൽ കളികൾക്കും പരിസരത്തിനും പ്രാധാന്യം നൽകികൊണ്ടുള്ള ഒരു പഠനരീതിയാണ് നിലനിൽക്കുന്നത് എന്ന് കാണാം. ആ രീതിതന്നെയാണ് നമുക്കും അഭികാമ്യം. 5 ആശയമേഖലകളെ അടിസ്ഥാനമാക്കി ധാരാളം കളികളിലൂടെയും പ്രവർത്തനങ്ങളിലൂടെയും കുട്ടികൾ കടന്നുപോകുക വഴി നിശ്ചയിക്കപ്പെട്ട എട്ട് ശേഷി മേഖലകളിലെ നൈപുണികൾ നേടാനാകും.

അധ്യാപിക നിരന്തരമായ നിരീക്ഷണത്തിലൂടെയും വിലയിരുത്തലിലൂടെയും ആയിരിക്കണം ഓരോ കുട്ടിക്കും അനുയോജ്യമായ രീതി തിരഞ്ഞെടുക്കേണ്ടത്. വ്യക്തിപരമായ രീതികളിലൂടെ പഠനം മുന്നേറി ഗ്രൂപ്പുകളിൽ പ്രവർത്തിക്കുന്ന തരത്തിലേക്ക് കുട്ടിയെ കൊണ്ട് പോകേണ്ടതുണ്ട്. അപ്പോഴും ചില കുട്ടികൾക്കെങ്കിലും വ്യക്തിഗത ബോധനം ആവശ്യമായി വരും. കുട്ടികളുടെ അഭിരുചിക്കും താൽപര്യങ്ങൾക്കും അനുസൃതമായി 5 തീമുകളിൽ നൽകിയിട്ടുള്ള പ്രവർത്തനങ്ങൾ അനുരൂപീകരണത്തിലൂടെ നടത്തുവാൻ അധ്യാപികയ്ക്ക് കഴിയേണ്ടതുണ്ട്. നിശ്ചിതമായ ഒരു പഠനരീതി സ്വീകരിക്കണം എന്ന് ഇവിടെ ഇവർക്കായി നിർദേശിക്കാൻ കഴിയില്ല. മറിച്ച് തന്റെ കുട്ടിക്ക് അനുയോജ്യമായ പഠനരീതി തിരഞ്ഞെടുക്കാനുള്ള പ്രാപ്തി അധ്യാപിക നേടുകയാണ് പ്രധാനം. കൂടുതൽ വിശദാംശങ്ങൾ അധ്യായം 6- ൽ നൽകിയിട്ടുണ്ട്.

## 4.5. വിലയിരുത്തൽ

ഓരോ പ്രവർത്തനത്തിലും കുട്ടികൾ ഏർപ്പെടുമ്പോൾ നിർദേശിക്കപ്പെട്ട നൈപുണികൾ എത്രമാത്രം നേടി എന്ന് കണ്ടെത്തി രേഖപ്പെടുത്തേണ്ടതുണ്ട്. ഇതിന് സഹായകമായി ഓരോ പ്രവർത്തനത്തിന്റെയും അവസാനം ചില സൂചകങ്ങൾ നൽകിയിട്ടുണ്ട്. ഇത് മാതൃകയായി മാത്രം സ്വീകരിച്ച് കൂടുതൽ സൂചകങ്ങൾ കണ്ടെത്തി വിലയിരുത്തൽ നിർവഹിക്കാൻ നമുക്ക് കഴിയണം. നിരീക്ഷണം, ചോദ്യാവലി, പ്രവർത്തനങ്ങൾ എന്നിവയിലൂടെ ഓരോ കുട്ടിയുടെയും നിലവാര പരിശോധന നടത്തി ഓരോ കുട്ടിയും നിശ്ചിത നൈപുണി എത്രമാത്രം നേടി എന്ന് വിലയിരുത്തലിന്റെ ഭാഗമായി ടീച്ചർ രേഖപ്പെടുത്തേണ്ടതുണ്ട്. ICT സാധ്യതയുടെ പരമാവധി ഉപയോഗവും പരിഗണിക്കാവുന്നതാണ്. (വിലയിരുത്തലിന്റെ കൂടുതൽ വിശദാംശങ്ങൾ അധ്യായം 7 – ൽ നൽകിയിട്ടുണ്ട്.

## 4.6. പിന്തുണാ സംവിധാനം

വിദ്യാഭ്യാസരംഗത്തെന്നല്ല ഏത് രംഗത്തായാലും മാറ്റങ്ങൾ വരുമ്പോൾ ശ്രദ്ധയോടെയും ആസൂത്രണത്തോടേയും തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ നടപ്പാക്കുന്ന ഓരോ ഘട്ടത്തിലും അതിന്റെ ഉദ്ദേശ്യത്തെ അടിസ്ഥാനമാക്കിയ വിലയിരുത്തലും പരിമിതികൾ മറികടക്കാൻ തൽസമയ സഹായകസംവിധാനങ്ങളും അനിവാര്യമാണ്. എങ്കിൽ മാത്രമെ നാം ആഗ്രഹിക്കുന്ന ലക്ഷ്യത്തിലേക്ക് എത്തിച്ചേരാൻ കഴിയുകയുള്ളൂ. സവിശേഷ സ്വഭാവം ഉള്ള കുട്ടികൾക്കായി തയാറാക്കുന്ന ഒരു പാഠ്യപദ്ധതി നടപ്പാക്കുമ്പോൾ സ്വാഭാവികമായും പ്രശ്നങ്ങൾ ഉണ്ടാകും. അത് പരിഹരിക്കുവാൻ സഹായകസംവിധാനം ഉണ്ട് എന്ന വിശ്വാസം ഇത് നടപ്പാക്കുന്നവർക്ക് ആശ്വാസമാകും. അതിനായി SSA, RMSA തുടങ്ങിയ വിദ്യാഭ്യാസ പ്രോജക്ട് സംവിധാനങ്ങളും സംസ്ഥാനതലത്തിൽ SIEMAT, SCERT, DPI, IT@School തുടങ്ങിയ സ്ഥാപനങ്ങളും ജില്ലാതലത്തിൽ R.C, DDE, ഡയറ്റ്, DEO, AEO എന്നീ സംവിധാനങ്ങളും ഉൾച്ചേർന്ന് പ്രവർത്തിക്കുവാൻ കഴിയുന്ന ഒരു ശക്തമായ മോണിറ്ററിംഗ് സംവിധാനം പ്രവർത്തിക്കുന്നത് അഭികാമ്യമാകും. എസ്.ഐ.എം.സി.യാകണം ഇത്തരം മോണിറ്ററിംഗിന്റെ ആസൂത്രണം നിർവഹിക്കേണ്ടത്.

പഠനം ഗുണമേന്മയുള്ളതും കാര്യക്ഷമമായതുമാകുവാൻ അക്കാദമിക പിന്തുണ, തൽസമയ സഹായം, ഡോക്ടർമാരുടെ സേവനം തുടങ്ങി വിവിധമേഖലയിൽ പ്രവർത്തിക്കുന്നവരുടെ കൂട്ടായ ശ്രമം ആവശ്യമാണ്. ബുദ്ധിപരമായി പിന്നാക്കം നിൽക്കുന്നവരുടെ എല്ലാ പരിമിതികളും പരിഗണിച്ചുകൊണ്ടുള്ള ഒരു പാഠ്യപദ്ധതിക്ക് മാത്രമേ ഇവരെക്കൂടി പൊതുധാരയിൽ കൊണ്ട് വരാൻ കഴിയുകയുള്ളൂ. അപ്പോൾ മാത്രമേ RTE യുടെ അന്തസ്സത്ത നേടിയെടുക്കാൻ കഴിയുകയുള്ളൂ. (അധ്യായം 8-ൽ പിന്തുണാ സംവിധാനം സംബന്ധിച്ച കൂടുതൽ വിശദാംശങ്ങൾ നൽകിയിട്ടുണ്ട്.)

## 4.7 സെക്കണ്ടറി (12 – 14 വയസ്സ്)

സെക്കണ്ടറി ഘട്ടത്തിൽ, പ്രൈമറി ഘട്ടത്തിൽ നിർവഹിച്ചതിന് സമാനമായ

Experimental Version

പ്രവർത്തനങ്ങൾ തന്നെ ഉപയോഗിക്കാവുന്നതാണ്. എന്നാൽ പ്രവർത്തനങ്ങൾക്ക് കുട്ടികളുടെ ധാരണയ്ക്കും വികസനത്തിനും അനുസരിച്ചുള്ള വളർച്ചയ്ക്ക് അവസരം ഉണ്ടാകണം. ശാരീരികമായി വളർച്ചയിൽ എത്തിയതു കൊണ്ട് തന്നെ സാമൂഹികവും, വൈകാരികവുമായ ശേഷികളുടെ വികാസത്തിന് കൂടുതൽ ഊന്നൽ നൽകേണ്ടതുണ്ട്.

**സെക്കണ്ടറി തലത്തിലെ വിഷയമേഖലകൾ**

- ആരോഗ്യകായിക നൈപുണികൾ
- ഭാഷാനൈപുണികൾ
- കലാ നൈപുണികൾ
- ഗണിത നൈപുണികൾ
- ശാസ്ത്ര നൈപുണികൾ
- ഗാർഹിക, പരിസര നൈപുണികൾ
- സാങ്കേതിക, വിവരവിനിമയ നൈപുണികൾ

ഈ മേഖലകളുമായി ബന്ധപ്പെട്ട ഉള്ളടക്ക വിശദാംശങ്ങൾ, വിനിമയരീതി, വിലയിരുത്തൽ രീതി തുടങ്ങിയവ രൂപപ്പെടുത്തേണ്ടതുണ്ട്.

Experimental Version

## 4.8 പ്രീവൊക്കേഷണൽ (15 – 17 വയസ്സ്)

ഈ ഘട്ടം പ്രീ വൊക്കേഷണൽ പരിശീലനത്തിന്റേതാണ്. ഓരോ കുട്ടിയുടെയും കഴിവും അഭിരുചിയും കണ്ടെത്തി ഭാവി ജീവിതത്തിന് സഹായകമായ തൊഴിൽ മേഖലയിലേക്ക് നയിക്കുകയാണ് പ്രധാനം. തനിക്ക് പറ്റിയ തൊഴിൽമേഖല തിരിച്ചറിയുക എന്നതും ഈ ഘട്ടത്തിൽ പ്രാധാന്യമുള്ളതാണ്. ജീവിതചുറ്റുപാടുകളിൽ നിന്നു മാറി യാന്ത്രികമായി ഏതെങ്കിലും തൊഴിൽ നൈപുണി നേടുന്നത് ഇവർക്ക് ഭാവിജീവിതത്തിൽ സഹായകമാവണമെന്നില്ല. അതുകൊണ്ടുതന്നെ അനുയോജ്യമായ തൊഴിൽ സാധ്യതകൾ കണ്ടെത്തി, അതാത് തൊഴിലിടങ്ങളിൽ തന്നെ അവസരങ്ങൾ ഒരുക്കുകയാണ് വേണ്ടത്.

## 4.9 വൊക്കേഷണൽ (18 വയസ്സും അതിനുമുകളിലും)

18 വയസ്സു മുതലുള്ള വൊക്കേഷണൽ ഘട്ടത്തിൽ വിവിധ സർക്കാർ ഏജൻസികളുടെയും സർക്കാർ ഇതര ഏജൻസികളുടെയും ഏകോപനത്തിലൂടെ ഇവർക്ക് കിട്ടാവുന്ന അവസരങ്ങൾ കണ്ടെത്തുകയും അതിനനുയോജ്യമായ രീതിയിൽ വൊക്കേഷണൽ ഗൈഡൻസും ട്രെയിനിംഗും നൽകുകയും വേണം. ജില്ലാതലത്തിൽ ഇവർക്ക് വഴങ്ങുന്ന വ്യത്യസ്ത തൊഴിൽ നൈപുണികൾ ഉൾപ്പെടുത്തി വൊക്കേഷണൽ സെന്ററുകൾ രൂപീകരിക്കുകയും വേണം.

**കുറിപ്പ് :** ഇപ്പോൾ തയാറാക്കുന്ന പാഠ്യപദ്ധതി പ്രൈമറി (7 – 11 വയസ്സ്) ക്ലാസ്സിലെ കുട്ടികൾക്ക് വേണ്ടി തയാറാക്കിയിട്ടുള്ളതാണ്. ഇതുപോലെ പ്രത്യേകം പാഠ്യപദ്ധതി മറ്റ് വിഭാഗങ്ങൾക്കും തയാറാക്കേണ്ടതാണ്.

അധ്യായം

# 5

# ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കൂളിലെ അധ്യാപകർ

ഗുണമേന്മയുള്ള വിദ്യാഭ്യാസം പ്രദാനം ചെയ്യുന്നതിൽ അധ്യാപകന്റെ റോൾ പരമപ്രധാനമാണ്. തന്റെ വിഷയം പഠിപ്പിക്കുന്നതോടൊപ്പം വ്യക്തിവികാസത്തിനും, സാമൂഹ്യപ്രതിബദ്ധതയ്ക്കും ഊന്നൽ കൊടുത്തുകൊണ്ടുള്ള പ്രവർത്തനം അധ്യാപകന്റെ ഭാഗത്ത് നിന്ന് ഉണ്ടാകണം. ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടികളുടെ അധ്യാപകർ ഏറെ ശ്രദ്ധയും, പരിചരണവും ഉറപ്പാക്കാൻകൂടി ശ്രദ്ധിക്കേണ്ടതുണ്ട്.

## 5.1. പരിശീലനം സിദ്ധിച്ച അധ്യാപകർ

സവിശേഷവിദ്യാലയത്തിൽ പ്രവർത്തിക്കുന്ന അധ്യാപകർ പ്രത്യേക പരിശീലനം നേടിയവരാകണം. ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ പ്രത്യേകതകൾ തിരിച്ചറിയാനും, അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ ആവിഷ്കരിക്കാനും നൈപുണി സിദ്ധിച്ചവരുമാകണം. കുട്ടികളുടെ പ്രകൃതത്തിനനുസരിച്ച് പഠനബോധനരീതികൾ സ്വീകരിക്കാനും, ഓരോ കുട്ടിയുടെയും നിലവിലുള്ള അവസ്ഥ പരിഗണിച്ച് വ്യക്തിഗത പഠനക്രമം തയാറാക്കാനും അവ നടപ്പിലാക്കാനും പ്രാവീണ്യം നേടിയവരാകണം സവിശേഷവിദ്യാലയത്തിലെ അധ്യാപകർ. വിവിധങ്ങളായ പെരുമാറ്റ സ്വഭാവസവിശേഷതകൾ വച്ചു പുലർത്തുന്ന കുട്ടികൾക്ക് കൈത്താങ്ങ് നൽകുന്നതിനും, മാനേജ് ചെയ്യുന്നതിനുമുള്ള തന്ത്രങ്ങൾ സ്വായത്തമാക്കിയിട്ടുള്ളവരാകണം ഇത്തരം വിദ്യാലയങ്ങളിലെ അധ്യാപകർ.

## 5.2. അധ്യാപകൻ / അധ്യാപികയുടെ റോൾ



കുട്ടികളെ പഠനപരമായി മികവിലേക്ക് നയിക്കുക എന്നതിനപ്പുറം അധ്യാപിക ഓരോ കുട്ടിയുടെയും ശാരീരികവും മാനസികവുമായ ആവശ്യങ്ങൾക്കനുസരിച്ച് ഇടപെടേണ്ടതുണ്ട്. കുട്ടികൾക്ക് സുരക്ഷിതത്വബോധവും, ആത്മവിശ്വാസവും ജനിപ്പിക്കുക എന്നത് പരമപ്രധാനമാണ്. ഒരു കുടുംബാംഗത്തെ പോലെ രക്ഷാകർത്താക്കളുടെ വിശ്വാസം

ആർജിക്കണം. കുട്ടികൾക്കായി ഒരുക്കുന്ന പഠനപ്രക്രിയയിൽ രക്ഷാകർത്താക്കളുടെയും കുടുംബാംഗങ്ങളുടെയും അനുകൂലമായ ഇടപെടലിന് അവരെ സജ്ജരാക്കണം. കുട്ടികളുടെ നിലവിലുള്ള അവസ്ഥയിൽ നിന്ന് അവർ ആർജിക്കുന്ന നേട്ടങ്ങളും പുരോഗതിയും രക്ഷാകർത്താക്കൾക്ക് ബോധ്യപ്പെടുത്തി അവരെ പ്രതീക്ഷയും ആത്മവിശ്വാസവും ഉള്ളവരാക്കിമാറ്റാൻ അധ്യാപികയ്ക്ക് സാധിക്കണം. കുട്ടിയുടെ പഠനപുരോഗതിക്കായി ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തണം. ഇത്തരം കുട്ടികളുടെ പഠനബോധന പ്രക്രിയയിൽ കാലികമായി സംഭവിക്കുന്ന മാറ്റങ്ങൾ സ്വാംശീകരിച്ച് അവർക്കായി പ്രവർത്തനപദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യേണ്ടതാണ്.

## 5.3. കൂട്ടായ്മ – പ്രവർത്തനം

സവിശേഷ വിദ്യാലയത്തിലെ മുഴുവൻ പ്രവർത്തനങ്ങളും ഫലപ്രദായി നടപ്പാക്കണമെങ്കിൽ വിവിധ വിഭാഗങ്ങളുടെ ശക്തമായ കൂട്ടായ്മ അനിവാര്യമാണ്. മാനേജ്മെന്റ്, PTA, LSGD,. മറ്റ് സന്നദ്ധ സംഘടനകൾ എന്നിവരെയെല്ലാം വിദ്യാലയപ്രവർത്തനങ്ങളിൽ കണ്ണി ചേർക്കേണ്ടതുണ്ട്. വിദ്യാലയത്തിനകത്ത് നടക്കുന്ന വിവിധ പ്രവർത്തനങ്ങൾ (തെറാപ്പി, തൊഴിൽ പരിശീലനം, നൈപുണി വികാസം, തുടങ്ങിയവ) നിർവഹിക്കുന്നതിൽ വിവിധ മേഖലകളിൽ പ്രാവീണ്യമുള്ള അധ്യാപകരുടെ കൂട്ടായ്മ ആവശ്യമാണ്. പൊതുവിദ്യാലയങ്ങളിൽ പ്രവർത്തിക്കുന്ന സ്കൂൾ റിസോഴ്സ് ഗ്രൂപ്പ് (SRG), സ്കൂൾ സപ്പോർട്ട് ഗ്രൂപ്പ് (SSG) എന്നിവ സവിശേഷവിദ്യാലയത്തിലും സജീവമാകേണ്ടതുണ്ട്. പഠനപ്രവർത്തനങ്ങൾ, വ്യക്തിഗതപഠനപദ്ധതി, സാങ്കേതിക വിദ്യയുടെ ഉപയോഗം എന്നിങ്ങനെയുള്ള കാര്യങ്ങളിൽ അധ്യാപികയുടെ ശാക്തീകരണം (Teacher Empowerment) ഉറപ്പുവരുത്തുന്നതിന് സഹായിക്കുന്ന അധ്യാപക കൂട്ടായ്മകൾ ഉണ്ടാവണം.

## 5. 4. മനോഭാവം

സവിശേഷവിദ്യാലയങ്ങളിലെ അധ്യാപകർക്ക് കുട്ടികളെ അവരുടെ ദൗർബല്യങ്ങൾ അംഗീകരിച്ച് ഓരോ കുട്ടിയിലും മികവുകൾ (നേട്ടങ്ങൾ, കഴിവുകൾ.....) നിരീക്ഷിക്കാൻ സാധിക്കണം. സഹതാപം, സഹാനുഭൂതി എന്നിവ പ്രകടിപ്പിക്കുന്നതിന് പകരം കുട്ടിയിൽ നിക്ഷിപ്തമായ കഴിവുകളുടെ വികാസത്തിനുള്ള ഭാവനാപൂർണമായ ആലോചനയും അതിനുള്ള ആസൂത്രണവുമാണ് അധ്യാപിക നിർവഹിക്കേണ്ടത്. കുട്ടികളുടെ രക്ഷാകർത്താക്കളുടെയും കുടുംബാംഗങ്ങളുടെയും പ്രയാസങ്ങൾ ഉൾക്കൊള്ളാൻ സാധിക്കുന്ന തരത്തിലുള്ള മനോഭാവം പുലർത്താൻ അധ്യാപികയ്ക്ക് സാധിക്കണം.

സവിശേഷ വിദ്യാലയങ്ങളോടും അവിടെ പ്രവർത്തിക്കുന്ന അധ്യാപകരടക്കമുള്ളവരോടും കുട്ടികളോടും സമൂഹത്തിന്റെയും ഭരണവിഭാഗത്തിന്റെയും നിലവിലുള്ള മനോഭാവത്തിൽ അനുകൂലമായ മാറ്റവും അനിവാര്യമാണ്.

## 5.5 അധ്യാപകരുടെ യോഗ്യത

ഈ രംഗത്ത് പ്രവർത്തിക്കുന്ന അധ്യാപകർ, RCI നിഷ്കർഷിക്കുന്ന നിശ്ചിത യോഗ്യത നേടിയവരായിരിക്കണം. കുട്ടികളുടെ സവിശേഷതകൾക്കനുസരിച്ച് (ഓട്ടിസം, സെറിബ്രൽ പാൾസി, പഠന ബഹുവൈകല്യം...) പ്രത്യേക പരിശീലനം നേടിയവരായിരിക്കണം അധ്യാപകർ. ബുദ്ധിപരമായ വെല്ലുവിളിനേരിടുന്ന കുട്ടികളുടെ സവിശേഷതകളെക്കുറച്ച് പ്രായോഗികമായി മനസ്സിലാക്കിയിട്ടുള്ളവരാകണം അവർ. അത്തരത്തിൽ യോഗ്യത നേടിയിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. വിവരവിനിമയ സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി ക്ലാസ്സുകൾ കൈകാര്യം ചെയ്യാനുള്ള കഴിവും അധ്യാപകർ ആർജിക്കേണ്ടതുണ്ട്. അധ്യാപക പരിശീലന കോഴ്സുകളുടെ സിലബസ് കാലോചിതമായി പരിഷ്കരിച്ച് അധ്യാപനത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തണം. ജനറൽ ബി.എഡ്/ ഡി.എഡ് കരസ്ഥമാക്കി വരുന്ന അധ്യാപകർക്ക് ഇത്തരം കുട്ടികളെ കൈകാര്യം ചെയ്യുന്നതിനുള്ള ബുദ്ധിമുട്ട് മനസ്സിലാക്കിക്കൊണ്ട് അത്തരത്തിലുള്ളവർക്ക് വേണ്ടി ഒരു മാസമെങ്കിലും നീണ്ടുനിൽക്കുന്ന പ്രത്യേക പരിശീലനം നൽകേണ്ടതാണ്. ജനറൽ ബി.എഡ്/ ഡി.എഡ് കരസ്ഥമാക്കിയവർക്ക് ബുദ്ധിപരമായ പരിമിതിയുള്ള കുട്ടികളെ പഠിപ്പിക്കുന്നതിനുവേണ്ടിയുള്ള അധിക പരിശീലന കോഴ്സുകൾ (ഡിപ്ലോമാപ്രോഗ്രാം) SIMC യ്ക്കോ, എസ്.സി.ഇ.ആർ.ടി.യ്ക്കോ നടത്താവുന്നതാണ്.

## 5.6 ഇൻ- സർവീസ് അധ്യാപക പരിശീലനം

സർവീസിലുള്ള മുഴുവൻ അധ്യാപകർക്കും പരിശീലനം നൽകേണ്ടതാണ്. പ്രാരംഭ പരിശീലനത്തിൽ പരിഗണിക്കാവുന്ന മേഖലകൾ ചുവടെ നൽകുന്നു.

**പരിശീലന മേഖലകൾ**

- ബുദ്ധിപരമായ സവിശേഷതയുള്ള കുട്ടികളുടെ സാമൂഹികവും വൈകാരികവുമായ വികാസം.
- പഠനം കാര്യക്ഷമമാകുന്നതിനുള്ള നൂതന അധ്യാപനതന്ത്രങ്ങൾ.
- ഐ.സി.റ്റി. ഉപയോഗം ബോധനത്തിൽ.
- മോണിറ്ററിംഗും പിന്തുണ സംവിധാനവും.
- ബുദ്ധിപരമായ സവിശേഷതയുള്ള കുട്ടികളുടെ പഠനവുമായി ബന്ധപ്പെട്ട് ഗവേഷണപരമായി കണ്ടെത്തിയിട്ടുള്ള കാര്യങ്ങൾ.
- രക്ഷാകർത്താവിന്റെയും സമൂഹത്തിന്റെയും റോൾ.
- ജീവിതനൈപുണികളും തൊഴിൽ നൈപുണികളും നേടൽ.

അതാതു മേഖലകളിൽ വിദഗ്ധരായ ആളുകളെ ഉപയോഗപ്പെടുത്തി സമഗ്രമായ അധ്യാപകപരിശീലന മൊഡ്യൂൾ തയാറാക്കുകയും പരിശീലനം നൽകുകയും വേണം. ഇത്തരം കുട്ടികളുടെ പഠനം ഉറപ്പാക്കി മെച്ചപ്പെട്ട ജീവിതസാഹചര്യങ്ങൾ ഉറപ്പാക്കാനും അനുയോജ്യമായ തൊഴിൽ മേഖല കണ്ടെത്താനും കഴിയണം.

ഓരോ വർഷവും 5 മുതൽ 10 ദിവസം വരെ നീണ്ടു നിൽക്കുന്ന പരിശീലനപരിപാടിയും സംഘടിപ്പിക്കണം. ഇതിന്റെ ഉത്തരവാദിത്വം എസ്.സി.ഇ.ആർ.ടി. ക്ക് ഏറ്റെടുക്കാവുന്നതാണ്.

## 5.7 അധ്യാപകരുടെ സേവനവേതന വ്യവസ്ഥകൾ

പൊതുവിദ്യാലയങ്ങളിൽ പഠിപ്പിക്കുന്ന അധ്യാപകരെക്കാൾ കൂടുതൽ ശ്രദ്ധയും പരിചരണവും സ്നേഹവും ഇവിടുള്ള അധ്യാപകർ കുട്ടികൾക്ക് നൽകേണ്ടതുണ്ട്. കുട്ടികൾക്ക് വ്യക്തിപരമായ ശ്രദ്ധയും പരിഗണനയും നൽകണം. സമയമോ സന്ദർഭമോ നോക്കാതെ സേവനസന്നദ്ധതയോടെ കർമ്മനിരതരായിരിക്കുന്ന അധ്യാപകരാണ് വേണ്ടത്. അതുകൊണ്ടുതന്നെ പൊതുവിദ്യാലയങ്ങളിൽ നൽകിവരുന്ന വേതനനിരക്കിനേക്കാൾ മെച്ചപ്പെട്ട വേതനം ഇത്തരം അധ്യാപകർക്ക് നൽകേണ്ടതുണ്ട്. സാധാരണയുള്ള വാർഷിക ഇൻക്രിമെന്റ്, ഗ്രേഡ് എന്നിവയ്ക്കു പുറമെ സ്പെഷ്യൻ അലവൻസ് നൽകുന്ന കാര്യവും പരിഗണിക്കേണ്ടതാണ്. സ്തുത്യർഹമായ സേവനം നിർവഹിക്കുന്നവരെ അംഗീകരിക്കുന്നതിനുള്ള നടപടിയും സ്വീകരിക്കേണ്ടതാണ്.

## 5. 8. വ്യക്തിത്വം

അധ്യാപകർ മികച്ച വ്യക്തിത്വത്തിന്റെ ഉടമകളാകണം. ചുവടെ കൊടുത്തിരിക്കുന്ന വ്യക്തിത്വ സവിശേഷതകൾ പുലർത്തുന്നതിനുള്ള മനോഭാവം അത്യന്താപേക്ഷിതമാണ്.

- സവിശേഷ വിദ്യാലയത്തിലെ അധ്യാപിക എന്ന നിലയിൽ ചിന്തയിലും മനോഭാവത്തിലും പ്രവർത്തനങ്ങളിലും കുട്ടികളെ മികവിലേക്ക് നയിക്കാനുള്ള തന്റെ ബാധ്യത നിറവേറ്റേണ്ടതുണ്ട്.
- കുട്ടികളോടും അവരുടെ കുടുംബാംഗങ്ങളോടുമുള്ള തന്റെ പ്രതിബദ്ധത അധ്യാപികയുടെ ഓരോ പ്രവർത്തനത്തിലും പ്രകടമാകണം.
- പുതിയ ആശയങ്ങളും ചിന്തകളും തുറന്ന മനസ്സോടെ സ്വീകരിക്കാനും അവ ശരിയായ രീതിയിൽ പ്രാവർത്തികമാക്കാനുമുള്ള കഴിവ് അധ്യാപിക ആർജിക്കണം.
- തന്റെ ഓരോ പ്രവർത്തനത്തെയും വിമർശനാത്മകമായി വിലയിരുത്താനും ആവശ്യമായ മാറ്റങ്ങൾ വരുത്താനുമുള്ള സന്നദ്ധത പുലർത്തണം.
- തുറന്ന മനസ്ഥിതിയും സുതാര്യമായ പ്രവർത്തനങ്ങളും പുലർത്തുന്നതോടൊപ്പം കൂട്ടായി പ്രവർത്തിക്കാനും കുട്ടികൾ, സഹപ്രവർത്തകർ, കുടുംബം, സമൂഹം എന്നിവയിലേക്ക് ഫലപ്രദമായി ആശയകൈമാറ്റം നടത്താനും അധ്യാപകർക്ക് സാധിക്കണം.

സ്കൂളിലെ കുട്ടികളുടെ മികവ് അധ്യാപകരുടെ കൂട്ടായ്മയിൽ അധിഷ്ഠിതമാണ്. ഹെഡ്ടീച്ചർ ഉൾപ്പെടെ ഒരു ടീമായി പ്രവർത്തിക്കാനുള്ള മനോഭാവം അധ്യാപകർക്കുണ്ടാകണം. അതിനായുള്ള ചർച്ചകളും, തീരുമാനങ്ങളെടുക്കലും നടപ്പാക്കലുകളുമാണ് ഒരു സ്കൂളിന്റെ മികച്ച വിജയത്തിന്റെ ആണിക്കല്ല്.

അധ്യായം

# 6

# വിനിമയരീതി

പഠനബോധന പ്രക്രിയയിൽ വിനിമയരീതിക്ക് സുപ്രധാന സ്ഥാനമാണുള്ളത്. ബൗദ്ധികമായ വെല്ലുവിളി നേരിടുന്ന കുട്ടികളുടെ ക്ലാസ് മുറിയിൽ പാഠ്യപദ്ധതിയിലെ ഉള്ളടക്കം വിനിമയം ചെയ്യുക എന്നത് ഏറെ ശ്രമകരമാണ്. കുട്ടിയുടെ ശ്രദ്ധ ആകർഷിച്ചുകൊണ്ട്, അവരുടെ ഇഷ്ടങ്ങൾക്കും മാനസിക നിലവാരത്തിനനുസരിച്ചും വേണം വിനിമയരീതി തിരഞ്ഞെടുക്കേണ്ടത്.

## 6.1 വിനിമയരീതി തിരഞ്ഞെടുക്കുമ്പോൾ

വിനിമയരീതി തിരഞ്ഞെടുക്കുമ്പോൾ ചുവടെ കൊടുത്തിരിക്കുന്ന കാര്യങ്ങൾ ശ്രദ്ധിക്കണം.

- കുട്ടിയുടെ പ്രകൃതത്തിന് ഇണങ്ങുന്നതായിരിക്കണം.
- കുട്ടിയുടെ താൽപര്യമേഖലകൾക്ക് അനുസൃതമായിരിക്കണം.
- ശേഷി/നൈപുണി ബന്ധിതമായിരിക്കണം.
- ക്ലാസ്സിലെ മൊത്തം കുട്ടികളെയും കണക്കിലെടുക്കുന്നതിനൊപ്പം വ്യക്തിഗത പരിഗണനകൾക്ക് പ്രാധാന്യം നൽകുന്നതായിരിക്കണം.
- ആഹ്ലാദകരമായിരിക്കണം.
- ഒറ്റയ്ക്കോ, കൂട്ടായോ നിർവഹിക്കാൻ സാധിക്കുന്നതായിരിക്കണം.
- കുട്ടികളുടെ സജീവ പങ്കാളിത്തത്തിനു സാധ്യതയുള്ളതാകണം.
- പഠനത്തെ പ്രചോദിപ്പിക്കുന്നതായിരിക്കണം.
- യാന്ത്രികമല്ലാത്ത വിനിമയരീതികൾ ഉപയോഗിക്കണം.

## 6.2. വിനിമയ സാധ്യതകൾ

ഇപ്രകാരം വിനിമയ രീതികൾ തിരഞ്ഞെടുക്കുമ്പോൾ പരിഗണിക്കാവുന്ന വിനിമയസാധ്യതകൾ ഏതൊക്കെയെന്ന് പരിശോധിക്കാം.

### 6.2.1. വ്യക്തിഗത വിനിമയരീതി

ക്ലാസ്മുറിയിലായാലും, പുറത്തായാലും കുട്ടിക്ക് നൽകുന്ന പ്രവർത്തനങ്ങളിൽ വ്യക്തിനിഷ്ഠത (Individualisation) അത്യന്താപേക്ഷിതമാണ്. നൽകുന്ന പ്രവർത്തനത്തിൽ സജീവ പങ്കാളിയാകാൻ സാധിക്കുന്നുണ്ടോ? എന്ത് പ്രശ്നമാണ് കുട്ടി നേരിടുന്നത്? പ്രവർത്തനത്തിൽ മറ്റുള്ളവരോടുള്ള സഹക

രണം എങ്ങനെ? തുടങ്ങിയ കാര്യങ്ങൾ മനസ്സിലാക്കാനായി നിരന്തരമായ നിരീക്ഷണം നടത്തേണ്ടതാണ്. പഠനപ്രക്രിയയിലെ വ്യക്തിഗത പരിഗണന വർധിപ്പിക്കുന്നതിന് ഒരു മെന്ററുടെ സഹായം ഉറപ്പു വരുത്തുന്നതും ഉചിതമാകും. ടീം ടീച്ചിംഗ് രീതിയും പ്രയോഗിക്കാം. ഓരോ കുട്ടിയുടെയും പഠനപുരോഗതി വ്യക്തിഗതമായി രേഖപ്പെടുത്തുകയും പുരോഗതി പ്രദർശിപ്പിക്കുന്ന ഘട്ടത്തിൽ വ്യക്തിഗതമായി അഭിനന്ദിക്കുകയും വേണം. ഏത് തരത്തിലുള്ള പഠന രീതിയായാലും വ്യക്തിഗതമായ പരിഗണന നൽകുന്നതിനുള്ള നടപടി ക്രമങ്ങൾ പാലിച്ച്കൊണ്ട് മുന്നോട്ടു പോകണം.

### 6.2.2. പ്രകടനാധിഷ്ഠിത വിനിമയരീതി

ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് ഏറ്റവും അനുയോജ്യമായ വിനിമയ രീതിയാണ് പ്രകടനാത്മക രീതി. ഓരോ ജീവിതനൈപുണിമേഖലയിലെയും പ്രകടനങ്ങൾക്ക് (Performance) സാധ്യതയുള്ള പ്രവർത്തനങ്ങൾ കൂടുതൽ കണ്ടെത്തണം. ആവർത്തന വിരസത ഉണ്ടാകാത്ത തരത്തിൽ വ്യത്യസ്തങ്ങളും, സങ്കീർണത ഇല്ലാത്തതുമായ പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്യേണ്ടത്. ഓരോ പ്രകടനത്തിലൂടെയും എന്ത് നൈപുണിയാണ് നേടാൻ ഉദ്ദേശിക്കുന്നത് എന്ന് മുൻകൂട്ടി കാണുകയും അത് നേടുന്നതിനുവേണ്ട മുന്നൊരുക്കങ്ങൾ നടത്തുകയും വേണം. പ്രകടനാത്മക പ്രവർത്തനങ്ങളിൽ പറയാനും, എഴുതാനുമുള്ള അവസരവും ഉണ്ടാകണം. വ്യക്തിഗത പ്രവർത്തനങ്ങൾക്കും, കൂട്ടായ പ്രവർത്തനങ്ങൾക്കും അവസരം ഒരുക്കണം. അതുപോലെ പ്രവർത്തനങ്ങൾ ഒരുക്കുമ്പോൾ താഴ്ന്ന നിലവാരത്തിൽ നിന്നും ഉയർന്ന തലത്തിലേക്ക് പോകാനുള്ള പ്രവർത്തനങ്ങളുടെ സാധ്യതയും കാണണം. ചില കുട്ടികൾക്ക് അടിസ്ഥാന തലത്തിൽ മാത്രമേ എത്താൻ സാധിക്കുകയുള്ളൂ. എന്നാൽ മറ്റു ചിലർക്ക് തുടർന്ന് വരുന്ന ഘട്ടങ്ങളിലേക്ക് നീങ്ങാൻ സാധിക്കും. അപ്രകാരമുള്ള സാധ്യതകൾ തുറന്നിടുന്ന പ്രവർത്തനങ്ങളാണ് രൂപപ്പെടുത്തേണ്ടത്.

### 6.2.3. ആസ്വാദനശേഷി വർധിപ്പിക്കുന്നതിനുള്ള വിനിമയരീതി

പഠനപ്രക്രിയയിൽ ഉപയോഗിക്കുന്ന വിനിമയരീതി പഠിതാവിന്റെ ആസ്വാദനശേഷി വർധിപ്പിക്കുന്നതാകണം. ആസ്വാദനത്തിന് സാധ്യമാകുന്ന തരത്തിലുള്ള രണ്ടോ, മൂന്നോ വാചകങ്ങളിലുള്ള ലഘുകഥകൾ, സംഭവങ്ങൾ കഥാകഥനരീതിയിൽ ഭാവത്തോടെ അവതരിപ്പിക്കുന്നത് ആസ്വാദനശേഷി വർധിപ്പിക്കും. ആശയ സമ്പുഷ്ടമായ കുട്ടിക്കവിതകൾ, നാടൻപാട്ടുകൾ എന്നിവ താളബോധത്തോടെ അവതരിപ്പിക്കൽ, ചെറു സംഭവങ്ങൾ നാടകമായി അവതരിപ്പിക്കൽ, പ്രയാസം ഏറെയില്ലാത്ത കളികളിലേർപ്പെടൽ തുടങ്ങിയവയിലൂടെ ആസ്വാദനശേഷി വർധിപ്പിക്കാം. പരിസരബന്ധിതമായ പഠനത്തിന്റെ ഭാഗമായി മൃഗങ്ങളെക്കുറിച്ചും മറ്റുമുള്ള പഠനം ഒരു മൃഗശാല സന്ദർശിച്ചുകൊണ്ടാകാം. പൂക്കളെക്കുറിച്ചും, ചെടികളെക്കുറിച്ചുമുള്ള പഠനം ഒരു പൂന്തോട്ടം സന്ദർശിച്ചുകൊണ്ടാകാം. കാർഷിക വിഭവങ്ങളെ സംബന്ധിച്ചുള്ള പഠനം ഒരു കൃഷിയിടം സന്ദർശിച്ചോ, ഒരു കാർഷിക വിപണന കേന്ദ്രം സന്ദർശിച്ചുകൊണ്ടോ ആകാം.

ഇത്തരത്തിലുള്ള അവസരങ്ങളിലെല്ലാം കുട്ടിയിൽ വിവിധങ്ങളായ അനുഭവങ്ങളിലൂടെ, ആസ്വാദ്യമായ പഠനം നടക്കുകയാണ് ചെയ്യുന്നത്. ഇത്തരം സന്ദർഭങ്ങൾ പഠനത്തിൽ പരമാവധി പ്രയോജനപ്പെടുത്തേണ്ടതുണ്ട്.

#### 6.2.4. ആഹ്ളാദകരമായ വിനിമയരീതി

പഠനപ്രവർത്തനങ്ങൾ ആഹ്ളാദകരമായ അനുഭവങ്ങൾ ആകണമെങ്കിൽ കൂട്ടായപ്രവർത്തനങ്ങൾക്ക് പഠനപ്രക്രിയയിൽ പരമാവധി അവസരങ്ങൾ നൽകണം. കൂട്ടായപ്രവർത്തനത്തിലൂടെ കുട്ടികളുടെ സഹകരണ മനോഭാവം വർധിക്കുന്നു. മാനസികമായ സന്തോഷം ഉണ്ടാകുന്നു. കൂട്ടായി പ്രവർത്തിക്കുമ്പോൾ പരസ്പരം സഹായിക്കാനും, ആശയങ്ങൾ കൈമാറാനും, മറ്റുള്ളവരോട് പെരുമാറാനുമുള്ള അനുഭവാധിഷ്ഠിത പഠനത്തിന് അവസരം ഒരുങ്ങുന്നു. ആഹ്ളാദകരമായ അനുഭവങ്ങൾ പ്രദാനം ചെയ്യുന്നതിനുള്ള എല്ലാ സന്ദർഭങ്ങളും അധ്യാപകർ പരമാവധി ഉപയോഗപ്പെടുത്തണം.

ആഹ്ളാദകരമായ പഠനത്തിന് ഉതകുന്ന ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

- കുറഞ്ഞസമയത്തിനുള്ളിൽ പൂർത്തീകരിക്കാവുന്ന കളികളിൽ ഏർപ്പെടൽ.
- കൂട്ടായ്മയോടെയുള്ള അസ്സംബ്ലിങ് (യോജിപ്പിക്കൽ) പ്രവർത്തനങ്ങൾ.
  കളിപ്പാട്ടങ്ങളുടെ ഭാഗം യോജിപ്പിക്കൽ, വീട് നിർമാണം, വാഹനങ്ങളുടെ മോഡൽ പൂർത്തിയാക്കൽ, തുടങ്ങിയവ.
- ചെറിയ ദൂരത്തേക്കുള്ള പഠനയാത്രകൾ സംഘടിപ്പിക്കൽ.
- ചെറുസംഭവങ്ങളുടെ നാടകീകരണം.
- ചിത്രവായന
- രസകരമായ വീഡിയോ പ്രദർശനങ്ങൾ കാണൽ.
- പ്രദർശനം കണ്ടതിനുശേഷമുള്ള അനുഭവങ്ങൾ പറയൽ.

ഇപ്രകാരമുള്ള വ്യത്യസ്തങ്ങളായ അനുഭവങ്ങളിലൂടെ ആഹ്ളാദകരമായ വിനിമയരീതി പ്രദാനം ചെയ്യാൻ സാധിക്കും.

#### 6.2.5. പ്രവർത്തനാധിഷ്ഠിത വിനിമയരീതി

പഠിതാവിന്റെ പ്രകൃതം കണക്കിലെടുക്കാതെയുള്ള അധ്യാപകന്റെ ഏകപക്ഷീയമായ സംസാരങ്ങളും അവതരണങ്ങളും ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് വളരെ പ്രയാസമുണ്ടാക്കുന്ന കാര്യങ്ങളാണ്. ആയതിനാൽ പഠിതാവിന്റെ കഴിവുകൾ പ്രയോജനപ്പെടുത്തുന്ന തരത്തിൽ, പഠിതാവിന്റെ താൽപര്യങ്ങൾ കണക്കിലെടുത്ത് കൊണ്ട് പ്രവർത്തനാത്മകമായ വിനിമയ രീതി ഉപയോഗിക്കണം. ഓരോ പഠനപ്രവർത്തനത്തിലും പഠിതാക്കൾക്ക് വാചികമായി പറയാനും, പ്രായോഗികമായി പ്രവർത്തിക്കാനും, സ്വന്തമായി രചന നിർവഹിക്കാനുമുള്ള സാഹചര്യങ്ങൾ ഉണ്ടാകണം.

പ്രവർത്തനാധിഷ്ഠിത വിനിമയരീതിയ്ക്ക് ചില ഉദാഹരണങ്ങൾ

- ലഘു ഗ്രൂപ്പ് പ്രവർത്തനങ്ങൾ ഏറ്റെടുക്കൽ.
- ഗ്രൂപ്പ് ആയുള്ള അടുക്കളത്തോട്ട നിർമാണം.
- പൂന്തോട്ട നിർമാണവും പരിപാലനവും
- കമ്പ്യൂട്ടർ ഉപയോഗിച്ചുള്ള ചിത്രരചന, നിറംകൊടുക്കൽ
- കൂട്ടിയിട്ടുള്ള വസ്തുക്കളിൽ നിന്ന് ഒരേ ഇനത്തിലുള്ളവ കണ്ടെത്തി വേർതിരിക്കൽ
- പുസ്തകത്തിലെ പേജിൽനിന്ന് ഒരേ വാക്കുകൾ കണ്ടെത്തൽ
- ഒരു ചെടിയിലെ പൂക്കളുടെ എണ്ണം, നിറം, വലിപ്പം ചെടിയുടെ പേര് എന്നിവ കണ്ടെത്തൽ.

ഇപ്രകാരം പ്രവർത്തനാത്മകമായുള്ള പഠനം സാധ്യമാകുന്നതിനുള്ള അവസരം ഒരുക്കേണ്ടതാണ്.

വിനിമയരീതി ഓരോ കുട്ടിയുടേയും കഴിവും, താൽപര്യവും കണക്കിലെടുത്തുകൊണ്ടുള്ളതാകണം. ആസ്വദിച്ച് പഠിക്കാനും, അനുഭവത്തിലൂടെ പഠിക്കാനുമുള്ള അവസരമാണ് ഒരുക്കേണ്ടത്.

അധ്യായം

7

# വിലയിരുത്തൽ

ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടികളുടെ പഠനം ആസൂത്രണം ചെയ്യുന്നതും വിലയിരുത്തുന്നതും ഏറെ ശ്രമകരമായ പ്രവൃത്തിയാണ്. ഇക്കാര്യത്തിൽ അധ്യാപകരുടെ റോൾ പരമപ്രധാനമാണ്. ആവശ്യാധിഷ്ഠിത രീതിയിൽ, കൃത്രിമത്വങ്ങളില്ലാതെ പ്രവർത്തനാത്മകമായി പഠനം നിർവഹിക്കുന്നതിനുള്ള അവസരങ്ങൾ ഒരുക്കുകയാണ് വേണ്ടത്. ഓരോ കുട്ടിക്കും പരമാവധി അവസരങ്ങൾ നൽകിക്കൊണ്ട് സ്വതന്ത്രമായി പ്രവർത്തിക്കാനുള്ള നടപടികളാണ് പഠനബോധന പ്രക്രിയയുടെ ഭാഗമായി നിർവഹിക്കേണ്ടത്. ഇത്തരത്തിലുള്ള പഠനബോധന പ്രക്രിയയുടെ അവിഭാജ്യഘടകമാണ് വിലയിരുത്തൽ. ഓരോ പഠിതാവും പഠനം എത്രത്തോളം കാര്യക്ഷമമായി നിർവഹിച്ചു? പഠനം ഭാഗികമായി നിർവഹിച്ചവർ ആരൊക്കെ? ഇനിയും പഠനം നിർവഹിക്കാത്തവർ ആരൊക്കെ? നേരിടുന്ന പ്രയാസങ്ങൾ എന്തെല്ലാം? പരിഹാരമാർഗങ്ങൾ എന്തെല്ലാം? എന്ന് തുടങ്ങി അനേകം ചിന്തകൾ വിലയിരുത്തലിന്റെ ഭാഗമായി നിർവഹിക്കേണ്ടതുണ്ട്. വിലയിരുത്തലിനെ രണ്ട് തരത്തിൽ കാണേണ്ടതുണ്ട്. ഒന്ന് നിരന്തര വിലയിരുത്തൽ. രണ്ട് നിശ്ചിത ഇടവേളകളിൽ നടക്കേണ്ട സമഗ്ര വിലയിരുത്തൽ. ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടികളുടെ വിലയിരുത്തൽ സംബന്ധിച്ച വിശദാംശങ്ങളാണ് ഈ അധ്യായത്തിൽ ചർച്ച ചെയ്യുന്നത്.

## 7.1. വിലയിരുത്തൽ എന്ത്?

പഠനപ്രക്രിയയുടെ ഭാഗമായുള്ള വിവിധങ്ങളായ പ്രവർത്തനങ്ങളിലൂടെയും, അനുഭവാധിഷ്ഠിതമായ പഠനത്തിലൂടെയും എത്രത്തോളം ജീവിതനൈപുണികൾ നേടാൻ സാധിച്ചിട്ടുണ്ട് എന്ന പരിശോധനയാണ് വിലയിരുത്തൽ. അത് പഠനത്തെ വിലയിരുത്തുന്നതാകണം. പഠനത്തെ പ്രോത്സാഹിപ്പിക്കുന്നതാകണം. പഠനം സ്വയം നിർവഹിക്കുവാൻ പ്രേരിപ്പിക്കുന്നതാകണം.

## 7.2 വിലയിരുത്തൽ എങ്ങനെ?

ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടികളിൽ ഓരോ കുട്ടിയുടെയും പ്രശ്നങ്ങൾ വ്യത്യസ്തമായിരിക്കും. ആയതിനാൽ ഇത്തരം കുട്ടികളുടെ വിലയിരുത്തൽ വ്യക്തിനിബദ്ധം (Individualised) ആകണം. ഓരോ കുട്ടിയുടെയും വ്യക്തിഗത മികവുകൾ വിലയിരുത്തുന്ന തരത്തിൽ വിലയിരുത്തൽ പ്രവർത്തനങ്ങൾക്ക് അവസരം ഒരുക്കണം. നിർദേശിക്കപ്പെട്ട ആശയമേഖലകളുമായി ബന്ധപ്പെടുത്തി വിവിധ ജീവിത നൈപുണികൾ എത്രത്തോളം നേടി എന്ന് വിലയിരു

ത്തുന്നതിനുള്ള പ്രവർത്തനങ്ങൾ രൂപപ്പെടുത്തണം. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ ഗ്രേഡഡ് ആയാണ് തയാറാക്കേണ്ടത്. ഓരോ ജീവിത നൈപുണീ വികാസ മേഖലയുമായി ബന്ധപ്പെടുത്തിയും വിവിധ ഗ്രേഡഡ് പ്രവർത്തനങ്ങൾ തയാറാക്കാവുന്നതാണ്. ഇതിൽ ഏറ്റവും താഴ്ന്ന നിലവാരം പുലർത്തുന്ന പ്രവർത്തനം ആദ്യവും തുടർന്ന് തൊട്ടുമുകളിലുള്ള ഗ്രേഡിലുള്ളത് എന്നീ ക്രമത്തിൽ നിലവാരം കൂടി വരുന്നതുമായ പ്രവർത്തനങ്ങൾ ആകണം. ഇത്തരത്തിൽ ഓരോ ക്ലാസിലേക്കും/ലെവലിലേക്കും വേണ്ടിയുള്ള വിവിധ ജീവിതനൈപുണീ മേഖലകളിലെ വിവിധ നിലവാരത്തിലുള്ള പ്രവർത്തനങ്ങൾ തയാറാക്കണം. ഓരോ വിലയിരുത്തൽ പ്രവർത്തനത്തിലും ആശയങ്ങൾ വാചികമായി പറയാനും, പ്രായോഗികമായി പ്രവർത്തിക്കാനും, എഴുതാനുമുള്ള പ്രവർത്തനങ്ങളിൽ സാധ്യമായത് ഉൾച്ചേർക്കുക. ഗ്രേഡഡ് പ്രവർത്തനങ്ങളിൽ പഠിതാവിന്റെ നിലവാരത്തിനനുസരിച്ചുള്ള പ്രവർത്തനമാണ് വിലയിരുത്തലിനായി നൽകേണ്ടത്.

## 7.3. പഠിതാവിന്റെ പ്രവേശിത നിലവാരത്തിന്റെ (Entry level) വിലയിരുത്തൽ

ഓരോ പഠിതാവിന്റേയും ഓരോ വർഷത്തെയും പ്രവേശിത നിലവാരം എന്തെന്ന് കണ്ടെത്തേണ്ടത് അത്യന്താപേക്ഷിതമാണ്. ഇത് കണ്ടെത്തുന്നതിന് ചുവടെ കൊടുത്തിട്ടുള്ള ടൂളുകൾ ഉപയോഗപ്പെടുത്താവുന്നതാണ്.

- കുട്ടിയുടെ ആരോഗ്യം സംബന്ധിച്ച മെഡിക്കൽ റിപ്പോർട്ട്
- കുട്ടിയുടെ വ്യക്തിഗതമായ വിവരങ്ങൾ - റിപ്പോർട്ട്
- ബുദ്ധിപരമായ വെല്ലുവിളിയുടെ തോത് രേഖപ്പെടുത്തിയത്.
- മുൻ ക്ലാസിലെ മികവ് സംബന്ധിച്ച വിലയിരുത്തൽ റിപ്പോർട്ട്
- ഈ ക്ലാസിൽ പഠിക്കുന്നതിന് ആവശ്യമായ മുൻധാരണകൾ സംബന്ധിച്ച പ്രീടെസ്റ്റ് - സ്കോർ.

പ്രവേശിത നിലവാരം നിശ്ചയിക്കുമ്പോൾ 'വൈജ്ഞാനികതലം', 'വൈകാരിക തലം', വ്യക്തിഗത-സാമൂഹ്യതലം' എന്നിങ്ങനെ വേർതിരിച്ച് കണ്ടുകൊണ്ടുള്ള രേഖപ്പെടുത്തലുകൾ ഉണ്ടാകണം. ഇവ ഉപയോഗപ്പെടുത്തിക്കൊണ്ട് പഠിതാവിന്റെ ഒരു ക്ലാസിലേക്കുള്ള പ്രവേശിത നിലവാരം തിട്ടപ്പെടുത്താവുന്നതാണ്. നിലവാരം തിട്ടപ്പെടുത്തുമ്പോൾ സ്കോറുകൾ നൽകുന്നതിന് പകരം നിലവാരം സംബന്ധിച്ച കുറിപ്പുകൾ വാചികമായി രേഖപ്പെടുത്തുന്നതായിരിക്കും ഉചിതം. ഇവ മൊത്തമായി പരിഗണിച്ചുകൊണ്ടുള്ള ഗ്രേഡുകൾ നൽകാവുന്നതാണ്. ഇപ്രകാരം ഒരു സ്കൂളിൽ പഠിക്കുന്ന എല്ലാ കുട്ടികളുടെയും പ്രവേശിത നിലവാരം സംബന്ധിച്ച വിശദാംശങ്ങൾ പഠിപ്പിക്കുന്ന അധ്യാപകൻ വശം ഉണ്ടാകണം. ഈ പ്രവേശിത നിലവാരത്തിൽ നിന്നുകൊണ്ടാണ് ഉയർന്ന തലത്തിലേയ്ക്ക് മുന്നേറാൻ കുട്ടിയെ ശക്തിപ്പെടുത്തേണ്ടത്. ഓരോ അധ്യയന വർഷാരംഭത്തിലും കുട്ടിയുടെ പ്രവേശിത നിലവാരം സംബന്ധിച്ച വിലയിരുത്തലുകൾ നടത്തി അവ വ്യക്തമായി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ഐ.സി.റ്റി അധിഷ്ഠിതമായി

പ്രവേശിത നിലവാരം കണ്ടെത്തുന്നതിനുള്ള നടപടികളെക്കുറിച്ച് ആലോചിക്കാവുന്നതാണ്.

## 7.4 നിരന്തര വിലയിരുത്തൽ

ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് ഏറ്റവും അഭികാമ്യമായിട്ടുള്ളത് നിരന്തര വിലയിരുത്തൽ ആണ്. ഓരോ ജീവിത നൈപുണീ മേഖലയുമായി ബന്ധപ്പെടുത്തി പഠനം നിർവഹിക്കുമ്പോഴും എത്രത്തോളം മികവുകൾ നേടാൻ സാധിച്ചു എന്ന വിലയിരുത്തലാണ് വേണ്ടത്. ഓരോ ജീവിത നൈപുണീ മേഖലയുമായി ബന്ധപ്പെടുത്തിയും നിരന്തര വിലയിരുത്തൽ ഇനങ്ങൾ കണ്ടെത്തി അവയിലെ പഠിതാവിന്റെ പ്രകടനം എത്രത്തോളമെന്നാണ് വിലയിരുത്തേണ്ടത്. ലഘുപ്രോജക്ടുകൾ ഏറ്റെടുക്കൽ, കളിയുപകരണങ്ങൾ നിർമിക്കൽ, പ്രകടനാത്മക പ്രവർത്തനങ്ങൾ ഏറ്റെടുക്കൽ, ലഘു അവതരണങ്ങൾ, തരംതിരിക്കൽ തുടങ്ങിയ വിവിധ പ്രവർത്തനങ്ങൾ നൽകാം.

## 7.5 ജീവിതനൈപുണീ വികാസത്തിന്റെ വിലയിരുത്തൽ

വിവിധ ആശയമേഖലകളുമായി ബന്ധപ്പെടുത്തി കണ്ടെത്തിയിട്ടുള്ള ജീവിത നൈപുണീ വികാസമേഖലകൾക്ക് അനുഗുണമായ വിലയിരുത്തൽ പ്രവർത്തനങ്ങൾ ഗ്രേഡഡ് ആയി രൂപപ്പെടുത്തേണ്ടതാണ്. വിവിധ മേഖലകളുമായി ബന്ധപ്പെട്ട ഈ പ്രവർത്തനങ്ങളോരോന്നിലും പഠിതാവിന്റെ മികവ് എത്രമാത്രമെന്ന് റേറ്റ് ചെയ്യുകയാണ് വേണ്ടത്. ശേഷികൾ/നൈപുണികൾ പൂർണമായി കൈവരിച്ചവർ ആരെല്ലാം? ഭാഗികമായി കൈവരിച്ചവർ ആരെല്ലാം? ഒട്ടും തന്നെ കൈവരിക്കാൻ സാധിക്കാത്തവർ ആരെല്ലാം? എന്ന രീതിയിൽ വിലയിരുത്തൽ നടത്തുകയും ഭാഗികമായി കൈവരിച്ചവർക്കും ഒട്ടും തന്നെ കൈവരിക്കാൻ സാധിക്കാത്തവർക്കുമുള്ള പരിഹാരപ്രവർത്തനങ്ങൾ നൽകി അവരെയും നൈപുണി നേടുന്ന തലത്തിലേക്ക് എത്തിക്കുകയും വേണം. എല്ലാ കുട്ടികളും ഇപ്രകാരം എല്ലാ ജീവിത നൈപുണികളും നിർദിഷ്ട നിലവാരത്തിൽ നേടി എന്ന് ഉറപ്പാക്കേണ്ട ബാധ്യത അധ്യാപകനുണ്ട്. വിലയിരുത്തലിലൂടെ പഠിതാവിന്റെ നിലവിലുള്ള അവസ്ഥ അറിയുന്നതോടൊപ്പം തുടർപ്രവർത്തനങ്ങൾ ആവിഷ്കരിക്കുന്നതിനുള്ള നടപടികളും മുൻകൂട്ടി കാണേണ്ടതാണ്. ഇത്തരത്തിൽ ജീവിത നൈപുണികൾ ആരൊക്കെ എത്രമാത്രം നേടി എന്ന വിലയിരുത്തിൽ രേഖപ്പെടുത്തുന്നതിന് ചില ഫോർമാറ്റുകൾ രൂപപ്പെടുത്തുകയും വേണം.

**പൊതുനിലവാരം അളക്കുന്നതിന് നിശ്ചിത ഇടവേളകളിൽ നടത്തേണ്ട പ്രവർത്തനങ്ങൾ**

നിരന്തരവും സമഗ്രവുമായ വിലയിരുത്തലിലൂടെ ഓരോ പഠനപ്രവർത്തനത്തിലുമുള്ള കുട്ടിയുടെ പങ്ക്, പഠനപ്രവർത്തനത്തിന്റെ ഉദ്ദേശ്യങ്ങൾ സ്വാംശീകരിക്കുന്ന തലം, അവ പ്രയോഗിക്കുന്നതലം, എന്നിവയൊക്കെ വിലയിരുത്തുന്നുണ്ട്. എന്നാൽ ഒരു പഠനപ്രവർത്തനത്തിന്റെയും പഠനനേട്ടം തുടർന്നും കുട്ടിയിൽ നിലനിൽക്കുന്നുണ്ടോ എന്നും വിലയിരുത്തപ്പെടേണ്ടതുണ്ട്.

പഠനപ്രവർത്തനത്തിൽ കുട്ടിയുടെ പങ്കാളിത്തം നിശ്ചിത ഇടവേളകളിൽ വിലയിരുത്തപ്പെടേണ്ടതാണ്. ഇത് ഒരു മാസത്തിൽ ഒരു തവണയോ മൂന്നുമാസത്തിലൊരിക്കലോ നടത്താവുന്നതാണ്. പൊതുനിലവാരം അളക്കാൻ വേണ്ടി ഉപയോഗിക്കുന്ന പ്രവർത്തനം ഒരു എഴുത്തുപരീക്ഷ ആവണമെന്നില്ല. ചിലപ്പോൾ ഒരു പ്രകടനാധിഷ്ഠിത പ്രവർത്തനമാകാം. പൊതുനിലവാരം അളക്കുന്നതിന് അധ്യാപികയ്ക്ക് ഉചിതമായ രീതി സ്വീകരിക്കാവുന്നതാണ്. ഇങ്ങനെ ഓരോ ഘട്ടത്തിലേയും വിലയിരുത്തലുകൾ ഗ്രേഡുകളാക്കി തരം തിരിച്ച് ആത്യന്തിക ഗ്രേഡ് നല്കാവുന്നതാണ്.

## 7.6 വിലയിരുത്തൽ രീതി

വിലയിരുത്തലിന് ഗ്രേഡിംഗ് സമ്പ്രദായം സ്വീകരിക്കാവുന്നതാണ്. 5 പോയിന്റ് ഗ്രേഡിംഗ് ആണ് നിർദേശിക്കുന്നത്.

ഗ്രേഡിംഗ് നിർവഹിക്കുന്നതിനുള്ള പട്ടിക ചുവടെ കൊടുക്കുന്നു.

| ഗ്രേഡ് പോയിന്റ് ശതമാനം | ഗ്രേഡ് |
|---|---|
| 75 - 100 | A |
| 60 - 74 | B |
| 45 - 59 | C |
| 33 - 44 | D |
| 33 ൽ താഴെ | E |

ഓരോ ജീവിതനൈപുണി മേഖലയിലും കുട്ടിയുടെ ഗ്രേഡ് രേഖപ്പെടുത്താവുന്നതാണ്. ഗ്രേഡ് കുറഞ്ഞവരെ സംബന്ധിച്ച് നേടിയിട്ടുള്ള ഗ്രേഡിൽ നിന്ന് ഉയർന്ന ഗ്രേഡിലേക്ക് എത്തിക്കാനുള്ള നടപടിയാണ് സ്വീകരിക്കേണ്ടത്.

## 7.7 വിലയിരുത്തൽ രേഖപ്പെടുത്തൽ

പഠിതാക്കളുടെ വിലയിരുത്തൽ കൃത്യമാക്കുന്നതിനും, സുതാര്യമാക്കുന്നതിനും, റിപ്പോർട്ടിംഗ് ഫലപ്രദമാക്കുന്നതിനും വേണ്ടിയാണ് വിലയിരുത്തൽ രേഖപ്പെടുത്തൽ നിർവഹിക്കുന്നത്.

### 7.7.1 രേഖപ്പെടുത്തൽ ആർക്കൊക്കെ ആവശ്യമാണ്?

- പഠിതാവിന് – തന്റെ ഗ്രേഡും നിലവാരവും അറിയാൻ
- രക്ഷകർത്താവിന് – തന്റെ കുട്ടിയുടെ മികവ്, വളർച്ച എന്നിവ അറിയാൻ
- ടീച്ചർക്ക് – ഒറ്റനോട്ടത്തിൽ എല്ലാ കുട്ടികളെയും അറിയാൻ
- സ്കൂൾ അധികാരികൾക്ക് – സ്കൂളിന്റെ പൊതുവായ മികവ് തിട്ടപ്പെടുത്താൻ

- തെറാപ്പിസ്റ്റ്, ക്ലിനിക്കൽ സൈക്കോളജിസ്റ്റ് എന്നിവർക്ക് – കുട്ടിയുടെ പുരോഗതി അറിയുന്നതിന്

എല്ലാ ജീവിതനൈപുണിമേഖലകളുമായി ബന്ധപ്പെടുത്തിയും രേഖപ്പെടുത്തലുകൾ ആവശ്യമായി വരും. വിലയിരുത്തലുകൾ ക്രോഡീകരിച്ച് രേഖപ്പെടുത്തുന്നതിനുള്ള ഫോർമാറ്റുകൾ വികസിപ്പിക്കുകയും അവ ഉപയോഗിച്ച് വിലയിരുത്തൽ കൃത്യതപ്പെടുത്തുകയും വേണം. ഐ.സി.റ്റി യുടെ സഹായത്താൽ വിലയിരുത്തൽ ക്രോഡീകരിച്ച് രേഖപ്പെടുത്തുന്നതിലൂടെ അധ്യാപകന്റെ ജോലിഭാരം ലഘൂകരിക്കാൻ സാധിക്കുന്നതാണ്.

## 7.8 വിലയിരുത്തൽ റിപ്പോർട്ടിംഗ്

പഠിതാവിന്റെ ഓരോ വർഷത്തെയും മികവുകൾ /നൈപുണികൾ ക്രോഡീകരിച്ച് രേഖപ്പെടുത്തുകയും അത് റിപ്പോർട്ട് രൂപത്തിൽ തയാറാക്കുകയും വേണം. ഇത്തരത്തിലുള്ള മികവിന്റെ റിപ്പോർട്ട് രൂപപ്പെടുത്തുമ്പോൾ 3 ഭാഗങ്ങൾ ഉണ്ടാകണം.

A. പഠിതാവിന്റെ വ്യക്തിപരമായ വിശദാംശങ്ങൾ

B. പഠിതാവിന്റെ ആരോഗ്യപരവും, വൈകാരികപരവുമായ വിശദാംശങ്ങൾ

C. പഠിതാവിന്റെ അക്കാദമികവും തൊഴിൽപരവുമായ മികവുകളുടെ വിശദാംശങ്ങൾ

**ഇതിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.**

A. പഠിതാവിന്റെ വ്യക്തിപരമായ വിശദാംശങ്ങളിൽ പഠിതാവിനെ സംബന്ധിച്ചുള്ളതും കുടുംബപരമായതുമായ എല്ലാ വിശദാംശങ്ങളും ഉൾപ്പെടുത്തണം.

B പഠിതാവിന്റെ ആരോഗ്യപരവും, വൈകാരികവുമായ വിശദാംശങ്ങളിൽ ആരോഗ്യപ്രശ്നങ്ങളെ സംബന്ധിച്ചും, ബുദ്ധിപരമായ വെല്ലുവിളിയുടെ തോതിനെ സംബന്ധിച്ചും, കുട്ടിയുടെ നിലവിലുള്ള വൈകാരികമായ അവസ്ഥയെ സംബന്ധിച്ചും സൂചിപ്പിക്കണം. വൈകാരികമായ അവസ്ഥ സൂചിപ്പിക്കുമ്പോൾ കുട്ടി രക്ഷാകർത്താക്കളിൽ നിന്ന് അകന്ന് കഴിയുകയാണോ? മാനസികമായ സാന്ത്വനം ലഭിക്കാനുള്ള സാധ്യതകൾ, തുടങ്ങിയവയൊക്കെ രേഖപ്പെടുത്തണം.

C അക്കാദമിക/തൊഴിൽപര മികവുകളിൽ ടെർമിനൽ ആയി നൈപുണികളുടെ മികവ് ക്രോഡീകരിക്കണം. ഒന്നാം ടേമിലെ കുട്ടിയുടെ മികവ് എപ്രകാരമാണ് എന്ന് ഗ്രേഡ് ചെയ്യുകയും പരിഹാരപ്രവർത്തനങ്ങൾ നൽകുകയും ചെയ്യണം. തുടർന്ന് 2–ാം ടേം, 3–ാം ടേം എന്നിങ്ങനെ ടെർമിനൽ ആയി മികവുകൾ റിപ്പോർട്ട് ചെയ്യത്തക്കവിധത്തിലുള്ള റിപ്പോർട്ടിംഗ് രീതി ഉണ്ടാകണം. പഠിതാവിന് എല്ലാവിധത്തിലുമുള്ള പഠന പിന്തുണ നൽകുന്ന

അധ്യാപകന്റെ പൊതു അഭിപ്രായം വിശദമായിത്തന്നെ രേഖപ്പെടുത്താനും റിപ്പോർട്ടിന്റെ ഫോർമാറ്റിൽ അവസരം ഉണ്ടാകണം. D ഗ്രേഡ് എങ്കിലും നേടാത്തവരെ അധികപ്രവർത്തനങ്ങൾ നൽകി/പരിഹാരപ്രവർത്തനങ്ങൾ നൽകി നിശ്ചിത ഗ്രേഡിൽ എത്തിക്കുന്നതിനുള്ള നടപടിയും സ്വീകരിക്കേണ്ടതാണ്.

## 7.9. പ്രമോഷനും സർട്ടിഫിക്കേഷനും

പ്രൈമറിതലത്തിൽ 7 മുതൽ 11 വയസ്സ് വരെയുള്ള കുട്ടികളെ ഒരു യൂണിറ്റ് ആയി കണ്ടുകൊണ്ടുള്ള 5 വർഷത്തെ ഒരു പഠനപാക്കേജാണ് കുട്ടികൾക്ക് നൽകുന്നത്. ഇതിൽ ഓരോ വർഷവും വിവിധ ജീവിതനൈപുണീ മേഖലകളുമായി ബന്ധപ്പെടുത്തി നേടേണ്ട ശേഷികളും/ധാരണകളും നേടുന്നതിനുള്ള പ്രവർത്തനങ്ങൾ ഗ്രേഡഡ് ആയി തയാറാക്കിയത് ബോധനശാസ്ത്ര പ്രക്രിയയുടെ ഭാഗമായി നടപ്പാക്കുന്നു. ഈ പ്രവർത്തനങ്ങളിലെ പഠിതാവിന്റെ മികവ് എത്രത്തോളമെന്ന് ഗ്രേഡ് രൂപത്തിൽ ടെർമിനൽ ആയി രേഖപ്പെടുത്താവുന്നതാണ്. ഇപ്രകാരം നേടിയ ഗ്രേഡ് വാർഷികമായി ക്രോഡീകരിക്കാവുന്നതാണ്. ഇങ്ങനെ ഗ്രേഡ് നൽകുമ്പോൾ ഓരോ മേഖലയിലും 5 പോയിന്റ് ഗ്രേഡിൽ മിനിമം D ഗ്രേഡ് (33-44%) എങ്കിലും നേടുന്നു എന്ന് ഉറപ്പാക്കണം.

ഇപ്രകാരം ഗ്രേഡ് നൽകി തയാറാക്കിയ മികവിനെ സൂചിപ്പിക്കുന്ന റിപ്പോർട്ട് കാർഡ് ഓരോ കുട്ടിക്കും നൽകേണ്ടതാണ്. സ്കൂൾ മാറുമ്പോഴോ, വിട്ടുപോകുമ്പോഴോ ഈ റിപ്പോർട്ട് കാർഡ് കൂടി വിടുതൽ സർട്ടിഫിക്കറ്റിനോടൊപ്പം നൽകേണ്ടതാണ്. ഒരു നിശ്ചിത ലെവൽ (12 വയസ്സ്/18 വയസ്സ്) കഴിയുമ്പോൾ കുട്ടിയുടെ മികവുകളെ സംബന്ധിക്കുന്ന സർട്ടിഫിക്കറ്റ് നൽകാവുന്നതാണ്. കുട്ടിയുടെ കഴിവുകൾ, പ്രത്യേക നൈപുണിമേഖലകൾ, തൊഴിൽപരമായ നൈപുണികൾ തുടങ്ങിയവ സംബന്ധിച്ച സൂചനകൾ സർട്ടിഫിക്കറ്റിൽ ഉണ്ടാകണം. ഈ സർട്ടിഫിക്കറ്റിന്റെ ഫോർമാറ്റ് രൂപപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

## 7.10. ടെക്നോളജിയിൽ അധിഷ്ഠിതമായ വിലയിരുത്തൽ:

പഠിതാക്കളുടെ വിലയിരുത്തൽ നിർവഹിക്കുന്നതിനും അവ വിലയിരുത്തി സ്കോർ/ഗ്രേഡ് നൽകുന്നതിനും ടെക്നോളജി പരമാവധി പ്രയോജനപ്പെടുത്താവുന്നതാണ്. വിലയിരുത്തൽ സംബന്ധിച്ച റിക്കാർഡിംഗ് നിർവഹിക്കുന്നതിനും, മാനദണ്ഡങ്ങൾക്കനുസരിച്ച് സർട്ടിഫിക്കറ്റുകൾ നൽകുന്നതിനും ടെക്നോളജിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്താവുന്നതാണ്.

## 7.11. സവിശേഷ വിദ്യാലയ പരീക്ഷാ ബോർഡ് (Board of Special School Examination Kerala)

വിദ്യാലയതലത്തിൽ ഓരോ കുട്ടിയുടെയും നിലവാരം നിരന്തരവും സമഗ്രവു

മായ (CCE) വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ രേഖപ്പെടുത്തണം. വിവര വിനിമയ സാങ്കേതിക വിദ്യയുടെ അടിസ്ഥാനത്തിൽ ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ഇത് കൈമാറേണ്ടതാണ്.

നിരന്തരവും സമഗ്രവുമായി വിലയിരുത്തേണ്ട പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും നിശ്ചിത ഇടവേളകളിൽ കുട്ടികളുടെ നിലവാര പരിശോധന നടത്തുന്നതിനും SIMC യുടെ ഭാഗമായി ഒരു പരീക്ഷാബോർഡ് പ്രവർത്തിക്കേണ്ടതുണ്ട്. CCE, പൊതുനിലവാര പരിശോധന എന്നിവയ്ക്ക് ആവശ്യമായ ടൂളുകൾ തയാറാക്കുക, വിലയിരുത്തൽ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുക, പ്രോഗ്രസ് റിപ്പോർട്ടുകൾ, സർട്ടിഫിക്കറ്റുകൾ എന്നിവ വിതരണം ചെയ്യുക, ക്ലാസ് കയറ്റത്തിന്റെ മാനദണ്ഡങ്ങൾ അനുസരിച്ച് പ്രമോഷൻ ലിസ്റ്റിന് അംഗീകാരം നൽകുക, തുടങ്ങിയ ചുമതലകൾ ഈ ബോർഡ് നിർവഹിക്കേണ്ടതുണ്ട്. സംസ്ഥാനതലത്തിൽ ഇത്തരം സ്കൂളുകളിലെ കുട്ടികളുടെ വിലയിരുത്തൽ ഏകീകരിക്കുന്നതിനും ബോർഡ് പ്രവർത്തനത്തിലൂടെ സാധിക്കുന്നതാണ്.

ഇപ്രകാരം ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടിയുടെ വിലയിരുത്തൽ നിരന്തരവും സമഗ്രവുമാകണം. പഠിതാവിന്റെ കഴിവുകൾ പരിപോഷിപ്പിക്കാനും, മികവുകളെ വീണ്ടും മെച്ചപ്പെടുത്തുവാനും വിലയിരുത്തലിലൂടെ സാധിക്കണം. പഠനത്തിനുശേഷം തന്റെ താൽപര്യമേഖലകൾക്കനുസരിച്ച് തൊഴിലിൽ ഏർപ്പെട്ട് ജീവിതം മുന്നോട്ട് നയിക്കാനുള്ള മനോഭാവം സൃഷ്ടിക്കാൻ പഠിതാവിന് സാധിക്കേണ്ടതുണ്ട്.

അധ്യായം 8

# മോണിറ്ററിംഗും പിന്തുണാസംവിധാനവും

## 8.1 ആസൂത്രണം

ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടികളുടെ വിദ്യാഭ്യാസം രൂപകല്പന ചെയ്യുന്നതും പ്രാവർത്തികമാക്കുന്നതും ഒരു വെല്ലുവിളിതന്നെയാണ്. കാരണം, ഓരോ കുട്ടിയും ശേഷികളിൽ ഭിന്ന നിലവാരം പുലർത്തുന്നവരും വ്യത്യസ്തരുമാണ്. അതുകൊണ്ടു തന്നെ കൃത്യമായ ആസൂത്രണം ക്ലാസ്സ് റൂം പ്രവർത്തനങ്ങളിൽ ആവശ്യമാണ്. ഭൗതിക സൗകര്യങ്ങൾ ഒരുക്കിക്കൊണ്ടും പിന്തുണാ സംവിധാനങ്ങൾ ശക്തിപ്പെടുത്തിക്കൊണ്ടുമാണ് സ്കൂളധികൃതർക്ക് ഇവരെ സഹായിക്കാൻ കഴിയുക. അധ്യാപികയാകട്ടെ ക്ലാസ്സിലെ ഓരോ കുട്ടിയെയും പ്രത്യേകം കണ്ടുകൊണ്ട് പാഠ്യപദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതുമുണ്ട്. വെല്ലുവിളി നേരിടുന്ന കുട്ടികളിൽ ഓരോ കുട്ടിയുടെയും പ്രശ്നങ്ങൾ ഭിന്നങ്ങളായിരിക്കും. ഓരോരുത്തരുടെയും മാനസികവയസ്സും വ്യത്യസ്തമായിരിക്കാം. അതുകൊണ്ടു തന്നെ ഓരോ കുട്ടിയുടെയും നിലവാരം കണക്കിലെടുത്ത് വേണം പാഠ്യപദ്ധതി ആസൂത്രണം ചെയ്യാൻ. ഭിന്നനിലവാരക്കാരെയും അവരുടെ പ്രശ്നങ്ങളെയും കണ്ടറിഞ്ഞ് ഓരോരുത്തർക്കും ചേർന്ന പാഠാസൂത്രണം നിർവഹിക്കുവാൻ അധ്യാപികയ്ക്ക് കഴിയണം. അതായത് പാഠാസൂത്രണം ഓരോ കുട്ടിക്കും പ്രത്യേകമായുള്ളതാകണം. ഇത്തരത്തിൽ വിദ്യാലയവും, അധ്യാപകരും നേരിടുന്ന പ്രയാസങ്ങളിൽ അവരെ സഹായിക്കുവാനും ആത്മവിശ്വാസം ഉണ്ടാക്കാനും ഉതകുന്ന ശക്തമായ പിന്തുണാ സംവിധാനം ഉണ്ടാകേണ്ടതാണ്.

## 8.2 മോണിറ്ററിംഗും തൽസമയ പിന്തുണയും

ഫലപ്രദമായ മോണിറ്ററിംഗ് സംവിധാനം ഉറപ്പാക്കിയാൽ മാത്രമേ പാഠ്യപദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളിൽ എത്തിച്ചേരാൻ സാധിക്കുകയുള്ളൂ. തൽസമയ സഹായകസംവിധാനവും ഇതുപോലെ പ്രധാനമാണ്. സ്കൂൾതലത്തിലും ഉയർന്ന തലത്തിലും നടത്തുന്ന ആസൂത്രണങ്ങളും പദ്ധതികളും യഥാർഥ തലത്തിൽ പരിശീലിപ്പിക്കുന്നുണ്ടോ എന്ന പരിശോധിക്കാനും പരിമിതികൾ ഉണ്ടെങ്കിൽ അത് വിലയിരുത്താനും പരിഹരിക്കാനും മോണിറ്ററിംഗിലൂടെ കഴിയും. അതിനായി ഓരോ ജില്ലയിലും മോണിറ്റിറിംഗ് സംവിധാനം രൂപീകരിക്കണം. സംസ്ഥാനതലത്തിൽ SIMC യുടേയും ജില്ലാതലത്തിൽ പ്രാദേശികകേന്ദ്രങ്ങളുടെയും നേതൃത്വത്തിൽ മോണിറ്ററിംഗ് നടക്കണം. ഇതിനായി SIMC, റീജിയണൽ

സെന്ററുകൾ എന്നിവിടങ്ങളിൽ വിദഗ്ധരെ നിയമിക്കുകയും നിലവിലുള്ള ഫാക്കൽറ്റികളെ ശാക്തീകരിക്കുകയും വേണം. രണ്ടു ജില്ലകൾക്ക് ഒരു പ്രാദേശികകേന്ദ്രം എന്ന നില ആകുന്നതുവരെ ഈ മേഖലയിൽ ലഭ്യമായ വിദഗ്ധരെ ഉൾപ്പെടുത്തി ജില്ലാ മോണിറ്ററിംഗ് സമിതികൾ രൂപീകരിക്കണം. ജില്ലാതല മോണിറ്ററിംഗ് സമിതി എല്ലാ മാസവും ചേരുകയും റിപ്പോർട്ട് തയാറാക്കുകയും വേണം. സംസ്ഥാനതലത്തിൽ ഇവ പരിശോധിക്കാനും മെച്ചപ്പെടുത്താനുള്ള നിർദേശങ്ങൾ നൽകാനുമുള്ള സംവിധാനവും വേണം.

മോണിറ്ററിംഗ് പോലെ തന്നെ പ്രധാനമാണ് തൽസമയസഹായവും. പഠനം ഗുണമേന്മയുള്ളതും കാര്യക്ഷമമാക്കാനും വേണ്ടിയുള്ള പിന്തുണാ പരിപാടികളാണ് നടപ്പാക്കേണ്ടത്. അതിനായി ഭൗതിക സാഹചര്യങ്ങൾ ഒരുക്കൽ, അക്കാദമിക പിന്തുണ, തൽസമയസഹായം, ഡോക്ടർമാരുടെ സേവനം തുടങ്ങിയവയൊക്കെ ഒരുക്കണം. പഠന പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ അധ്യാപകരെ സഹായിക്കുന്ന ഐ.സി.റ്റി സഹായ സംവിധാനങ്ങളും പ്രയോജനപ്പെടുത്തണം. തൽസമയ സഹായത്തിനായി റിസോഴ്സ് ഗ്രൂപ്പുകൾ രൂപീകരിക്കുയും ക്ലാസ് റൂമിൽ തൽസമയ അക്കാദമിക പിന്തുണ ആവശ്യമെങ്കിൽ നൽകാൻ അവരെ സജ്ജരാക്കുകയും വേണം. ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് അവരുടെ പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് പഠനപരിപാടികൾ ആസൂത്രണം ചെയ്യുന്നതിൽ മെഡിക്കൽ വിഭാഗത്തിന്റെ സഹായവും ഗുണകരമാകും.

## 8.3 അധ്യാപക പരിശീലനം

പരിശീലനങ്ങൾ അധ്യാപനശേഷിവികാസത്തിനും ശാക്തീകരണത്തിനും ഒഴിച്ചുകൂടാനാവാത്തതാണ്. പുതുതായി നിലവിൽ വരുന്ന പാഠ്യപദ്ധതിയും അതിന്റെ ലക്ഷ്യങ്ങളും പ്രക്രിയാതന്ത്രങ്ങളും പരിശീലനത്തിലൂടെമാത്രമേ അധ്യാപകരിലെത്തൂ. ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടികൾക്കായി തയാറാക്കുന്ന പുതിയ പാഠ്യക്രമവും പഠനരീതികളും അധ്യാപകരിലെത്തുന്നതും ചിട്ടയായ പരിശീലനങ്ങളിലൂടെയാണ്. പുതിയ പാഠ്യപദ്ധതി വിനിമയം ചെയ്യുന്നതിലൂടെ കുട്ടിയിൽ വളർത്തേണ്ട നൈപുണികൾ- അക്കാദമികവും അല്ലാത്തതുമായവ-എന്തൊക്കെയെന്നും അവ എങ്ങനെ കുട്ടികൾക്ക് വിനിമയം ചെയ്യാമെന്നുമുള്ള തന്ത്രങ്ങൾ പരിശീലനത്തിലൂടെ നേടാൻ കഴിയണം. ഈ മേഖലയിലെ എല്ലാ അധ്യാപകർക്കും പരിശീലനം ഉറപ്പാക്കണം. പരിശീലനങ്ങൾ തുടർച്ചയുള്ളതും നിശ്ചിത ഇടവേളകൾ വച്ച് ഉള്ളതുമാകുന്നത് അഭികാമ്യമാകും.

**പരിശീലനം എങ്ങനെ?**

ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടികൾ പഠിക്കുന്ന വിദ്യാലയങ്ങളിലെ അധ്യാപകർക്കുള്ള പരിശീലനങ്ങളുടെ ചുമതല സംസ്ഥാനതലത്തിൽ എസ്.ഐ.എം.സി., എസ്.സി.ഇ.ആർ.ടി എന്നീ സ്ഥാപനങ്ങൾക്കായിരിക്കണം. സംസ്ഥാനതലത്തിൽ റിസോഴ്സ് ഗ്രൂപ്പ് രൂപീകരിക്കണം. പരിശീലനം എങ്ങനെയാവണം എന്നത് റിസോഴ്സ് ഗ്രൂപ്പും മേഖലയിലെ വിദഗ്ധരും ചേർന്ന് ആസൂത്രണം നടത്തണം. അതനുസരിച്ച് പരിശീലനമൊഡ്യൂൾ തയാറാക്കുകയും ജില്ലാ

തലത്തിൽ സവിശേഷ വിദ്യാലയങ്ങളിലെ അധ്യാപകർ ചേർന്നുള്ള ജില്ലാതല റിസോഴ്സ് ഗ്രൂപ്പ് രൂപീകരിച്ച് അവർക്ക് പരിശീലനം നൽകുയും വേണം. താഴെ തലത്തിൽ അധ്യാപകർക്ക് പരിശീലനം നൽകുന്നത് ജില്ലാ റിസോഴ്സ് ഗ്രൂപ്പ് അംഗങ്ങളായിരിക്കണം. സംസ്ഥാനതലത്തിൽ തയാറാക്കിയ മൊഡ്യൂൾ തന്നെ യാണ് പരിശീലനത്തിനായി സംസ്ഥാനത്ത് എല്ലായിടത്തും ഉപയോഗിക്കേണ്ടത്. ജില്ലാതലത്തിൽ പരിശീലനത്തിന്റെ ചുമതല ആർ.സി./ഡയറ്റുകൾ എന്നിവരുടെ നേതൃത്വത്തിൽ വേണം. ഭരണപരവും അക്കാദമികവുമായ മോണിറ്ററിംഗ് അതതു സമയത്ത് ചുമതലപ്പെട്ടവർ നിർവഹിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തണം.

## 8.4 സാമൂഹ്യപിന്തുണ

ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടികളെ സമൂഹത്തിന്റെ ഭാഗമായി ഉൾക്കൊള്ളാനും അവരുടെ ഉന്നമനം സമൂഹത്തിന്റെ കൂടി ബാധ്യതയാണെന്ന് കാണാനുമുള്ള ചിന്ത ഒരു പരിഷ്കൃത സമൂഹത്തിൽ നിന്ന് ഉണ്ടാവേണ്ടതുണ്ട്. ദുർബലരോടുള്ള സഹാനുഭൂതിയല്ല മറിച്ച് അവരെക്കൂടി ഒപ്പം കൂട്ടി മുന്നോട്ടു പോകാനുള്ള മാനസികാവസ്ഥയാണ് സമൂഹത്തിനുണ്ടാകേണ്ടത്. ഭരണഘടനാപരമായി അവർക്ക് ലഭിക്കുന്ന അവകാശങ്ങൾ ഉറപ്പാക്കുന്നതിനും അവരുടെ കഴിവുകൾക്കനുസരിച്ച് ജീവസന്ധാരണത്തിന് സൗകര്യമൊരുക്കാനും സമൂഹത്തിലെ വിവിധ ഏജൻസികൾക്ക് പങ്കുണ്ട്.

ഇതിൽ ഒന്നാമത്തെ ചുമതല രക്ഷിതാവിന്റേത് തന്നെയാകും. കുട്ടിയുടെ സാമൂഹീകരണ പ്രക്രിയയിൽ നിർണായക പങ്ക് രക്ഷിതാവിനാണുള്ളത്. വെല്ലുവിളി നേരിടുന്ന കുട്ടിയെ പൊതു സമൂഹത്തിൽ നിന്ന് ഒരിക്കലും മാറ്റി നിർത്തരുത്. ഇത് കുട്ടിയെ ഒറ്റപ്പെടുത്താനും അകറ്റിനിർത്താനും മാത്രമേ ഇട വരുത്തൂ. രക്ഷിതാക്കൾ കുട്ടിയുടെ താൽപര്യങ്ങളും കഴിവും പരിമിതികളും തിരിച്ചറിഞ്ഞ് അവസരങ്ങൾ ഒരുക്കിക്കൊടുക്കണം. രക്ഷിതാക്കളുടെ ശ്രമങ്ങൾക്ക് സമൂഹത്തിന്റെ പിന്തുണ ഉറപ്പാക്കണം.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ ഭരണപരിധിയിലുള്ള ബുദ്ധിപരമായ വെല്ലുവിളിനേരിടുന്ന കുട്ടികളെ കണ്ടെത്തുകയും, അവരുടെ വിദ്യാഭ്യാസ -സാമൂഹ്യമായ ഉന്നമനത്തിന് വേണ്ട പദ്ധതികൾ ആവിഷ്ക്കരിക്കുകയും വേണം. പ്രാദേശിക ഭരണകൂടങ്ങളുടെ ചുമതലകളിൽപ്പെടുന്ന ഒന്നാണിത്. അതുകൊണ്ടുതന്നെ പഠനത്തിനും, തൊഴിൽ പരിശീലനത്തിനും, തൊഴിൽ ചെയ്യുന്നതിനും സൗകര്യങ്ങളൊരുക്കാനുള്ള പരിപാടികൾ അവർ ആസൂത്രണം ചെയ്യണം. അതോടൊപ്പം വൈദ്യസഹായം വേണ്ടവർക്ക് തുടർച്ചയായി മരുന്നും സഹായവും എത്തിച്ച് നൽകണം. വിവിധ ഗവൺമെന്റ് സഹായങ്ങൾ ഏകോപിപ്പിക്കാനും ഫലപ്രദമായി നടപ്പാക്കുന്നതിനുള്ള മേൽനോട്ടം വഹിക്കാനും ജനപ്രതിനിധികൾക്കും പ്രാദേശിക സർക്കാരുകൾക്കും കഴിയും. അതാതു പ്രദേശത്തെ വെല്ലുവിളി അനുഭവിക്കുന്ന വ്യക്തികളെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ ഇത്തരം ഇടപെടലിലൂടെ കഴിയും.

ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടികളുടെ സംരക്ഷണത്തെക്കുറിച്ച് സമൂഹത്തെ ബോധവൽക്കരിക്കുന്നതിനും അവരുടെ പിന്തുണ ഉറപ്പാക്കുന്നതിനും സന്നദ്ധസംഘടനകൾ, ക്ലബ്ബുകൾ, വായനശാലകൾ, കുടുംബശ്രീ, അയൽക്കൂട്ടം തുടങ്ങിയ സംവിധാനങ്ങളുടെ സഹായം ഉപയോഗപ്പെടുത്താം. ഇത്തരം സംവിധാനങ്ങൾക്ക് കുട്ടികൾക്ക് വേണ്ട മരുന്നിനും വൈദ്യസഹായത്തിനും സൗകര്യങ്ങളൊരുക്കാൻ കഴിയും.

## 8.5 കൗൺസലിംഗ്; ഗൈഡൻസ്

ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടികളെ സാധാരണ ജീവിതത്തിലേക്ക് കൊണ്ടു വരുന്നതിന് കൗൺസലിംഗ് ഏറെ സഹായകരമാണ്. ഇത്തരം സ്ഥാപനങ്ങളിൽ കൗൺസലിംഗിന് പ്രത്യേക സൗകര്യങ്ങൾ ഒരുക്കണം. കുട്ടികളിൽ പ്രകടമാകുന്ന കഴിവുകൾക്കനുസരിച്ച് ഏത് പരിശീലനം നൽകണം എന്ന ധാരണ നൽകുവാൻ കൗൺസലിംഗിലൂടെ സാധിക്കും. പൊതുജീവിതത്തിലേക്ക് കുട്ടിയെ നയിക്കുന്നതിനും ആത്മവിശ്വാസം നൽകുന്നതിനും ഇത് സഹായിക്കും. കൗൺസലിംഗിനോടൊപ്പം ഗൈഡൻസും നൽകി കുട്ടിയെ തന്റെ ശേഷിക്കനുസരിച്ച് തൊഴിലിലേക്കോ മറ്റ് പ്രവർത്തനങ്ങളിലേക്കോ നയിക്കാൻ കഴിയും.

കുട്ടിയെപ്പോലെ തന്നെ രക്ഷിതാക്കൾക്കും കൗൺസലിംഗ് ആവശ്യമാണ്. കുട്ടിയുടെ പരിമിതികളും കഴിവുകളും തിരിച്ചറിയാനും അതിനനുസരിച്ച് പ്രോത്സാഹനം നൽകാനും കൗൺസലിംഗിലൂടെ രക്ഷിതാവിന് സാധിക്കും. മുൻവിധിയോടെ കുട്ടിയുടെ പ്രശ്നങ്ങൾ കാണുന്ന രക്ഷിതാക്കളിൽ മാറ്റങ്ങളുണ്ടാക്കാനും വളർച്ചയ്ക്കനുസരിച്ച് കുട്ടിയെ പരിശീലിപ്പിക്കാനുമുള്ള അവബോധം അവരിലുണ്ടാക്കാൻ ഇതിലൂടെ സാധിക്കും.

ഫാമിലി കൗൺസലിംഗാണ് സ്വീകാര്യമായ മറ്റൊരു രീതി. കുടുംബത്തിലെ മറ്റ് അംഗങ്ങൾക്ക് ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടിയുടെ പ്രശ്നങ്ങളും, ആവശ്യങ്ങളും, അവരോടുള്ള സമീപനവും എങ്ങനെയായിരിക്കണമെന്ന് ഇത് ബോധ്യപ്പെടുത്തും. കുടുംബത്തിൽ പ്രത്യേക പരിഗണനയും സഹായവും സ്നേഹവും എത്രത്തോളം ഇത്തരം കുട്ടികൾക്കാവശ്യമാണെന്ന അവബോധം കുടുംബാംഗങ്ങളിൽ ഉണ്ടാവണം.

അധ്യാപകർക്കും കൗൺസലിംഗ് ആവശ്യമായി വരും. വിഭിന്ന നിലവാരമുള്ള കുട്ടികളെ പരിശീലിപ്പിക്കുമ്പോഴുണ്ടാകുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ അധ്യാപകർക്കുള്ള കൗൺസലിംഗ് സഹായകരമാകും.

പരിചയസമ്പന്നരും ശാസ്ത്രീയമായി കൗൺസലിംഗ് രീതികൾ പരിശീലിച്ചിട്ടുള്ളവരുമായ ഒരു കൗൺസലിംഗ് ടീം ആവണം ഇത്തരം പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകേണ്ടത്.

## 8.6 ആരോഗ്യപരിശോധന

ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടികളുടെ വിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം ഒഴിച്ചുകൂടാനാവാത്തതും പ്രഥമ പരിഗണന നൽകേണ്ടതുമായ മേഖലയാണ് ആരോഗ്യപരിശോധന. ഇത്തരം കുട്ടികൾ ആരോഗ്യപരമായി ഒട്ടേറെ പ്രശ്നങ്ങൾ നേരിടുന്നതായി കാണാം. വിദ്യാലയത്തിൽ തന്നെ അവരെ പരിശോധിക്കാനും മരുന്നുൾപ്പെടെ നൽകാനുമുള്ള സൗകര്യങ്ങളൊരുക്കണം. മാസത്തിലൊരിക്കലോ രണ്ടാഴ്ചയിലൊരിക്കലോ വിദഗ്ധരായ മെഡിക്കൽ സംഘത്തിന്റെ സഹായം ലഭ്യമാക്കി ആരോഗ്യപരിപാലനം ഉറപ്പുവരുത്താം. തുടർച്ചയായി ആരോഗ്യപ്രശ്നങ്ങൾ നേരിടുന്നു എന്നതിനാൽ പരിശീലനം ലഭിച്ച നഴ്സിന്റെ സഹായം സ്ഥിരമായി ലഭിക്കുന്നതിന് വിദ്യാലയത്തിൽ തന്നെ സൗകര്യം വേണം. അതോടൊപ്പം സമയാസമയങ്ങളിൽ സൗജന്യമായി മരുന്നുകൾ എത്തിച്ച് കൊടുക്കണം. ഈ സഹായങ്ങളെല്ലാം കൃത്യമായി ലഭിക്കുന്നുണ്ടോ എന്ന പരിശോധന മോണിറ്ററിംഗ് ടീം ചെയ്യേണ്ടതുണ്ട്. പ്രത്യേകിച്ചും അനുവദിക്കപ്പെടുന്ന സഹായങ്ങളും മരുന്നുകളും ലഭിക്കുന്നു എന്നത് ഉറപ്പു വരുത്തണം.

അധ്യായം

9

# ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള വിദ്യാലയം

സ്കൂൾ എന്നത് പഠിതാവിന്റെ രണ്ടാമത്തെ ഭവനമാണ് (Second home). ഒരു വീട് നൽകുന്ന സൗകര്യങ്ങളും, സുരക്ഷിതത്വവും, ആഹ്ളാദവും സ്കൂളിൽ നിന്നും ലഭിക്കേണ്ടതാണ്. ബുദ്ധിപരമായി വെല്ലുവിളി നേരിടുന്നവർ പഠിക്കുന്ന വിദ്യാലയങ്ങളിലെ സൗകര്യങ്ങൾ പൊതുവിദ്യാലയങ്ങളുടേതിൽ നിന്ന് മെച്ചപ്പെട്ടതാവണം എന്നതിൽ ആർക്കും രണ്ടഭിപ്രായമുണ്ടാവില്ല. ക്ലാസ്സ് മുറിയിലെ സ്വതന്ത്രമായ ചലനം, ഇരിപ്പിടം, ക്ലാസ്റൂമിന്റെ വലുപ്പം തുടങ്ങിയ സൗകര്യങ്ങൾ കുട്ടികൾക്ക് അനുയോജ്യമായ രീതിയിൽ ആയിരിക്കണം. കുട്ടിക്ക് സ്വതന്ത്രമായി സഞ്ചരിക്കുവാനും കളിക്കുവാനും വിശ്രമിക്കുവാനുമുള്ള സൗകര്യങ്ങൾ ഒരുക്കേണ്ടതാണ്.

SCERT നടത്തിയ പഠനങ്ങളിലും, ഡോ. എം.കെ.ജയരാജ് കമ്മീഷൻ റിപ്പോർട്ടിലും കേരളത്തിൽ പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങളുടെ ഭൗതികസൗകര്യം സംബന്ധിച്ച് പ്രതിപാദിച്ചിട്ടുണ്ട്. ഒരു ചെറിയ സാമ്പിൾ അടിസ്ഥാനമാക്കിയാണ് പഠനങ്ങൾ നടന്നിട്ടുള്ളത് എങ്കിലും അത് കേരളത്തിൽ പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങളുടെയെല്ലാം ഒരു പരിഛേദം തന്നെയാണ്. നിലവിലുള്ള ഭൗതികസൗകര്യങ്ങൾ പരിശോധനാ വിധേയമാക്കിയതിൽ നിന്ന് എത്തിച്ചേർന്ന നിഗമനങ്ങൾ ചുവടെ ചേർക്കുന്നു.

## 9.1. സ്പെഷ്യൽ സ്കൂളുകളുടെ ഇന്നത്തെ അവസ്ഥ

**ഭൗതിക സൗകര്യങ്ങൾ**

| അടിസ്ഥാന സൗകര്യങ്ങൾ | ഇപ്പോഴത്തെ അവസ്ഥ |
|---|---|
| • മികച്ച സൗകര്യങ്ങളുള്ള ക്ലാസ്സ് മുറികൾ | ഇല്ല |
| • പ്രവർത്തനസജ്ജമായ LC D Projector | ഇല്ല |
| • പഠനോപകരണങ്ങൾ | ഇല്ല |
| • കളി ഉപകരണങ്ങൾ | ഭാഗികം |
| • Building blocks | ഉണ്ട് |
| • കളിസ്ഥലങ്ങൾ | ഭാഗികം |
| • വിശ്രമമുറികൾ | ഭാഗികം |
| • ലാബ് | ഇല്ല |

| | |
|---|---|
| • ലൈബ്രറി | ഇല്ല |
| • കമ്പ്യൂട്ടർ റൂം | ഭാഗികം |
| • കൗൺസലിംഗ് റൂം | ഭാഗികം |
| • രക്ഷാകർത്താക്കൾക്കുള്ള മുറി | ഭാഗികം |
| • റിസോഴ്സ് റൂം | ഭാഗികം |
| • ആരോഗ്യപ്രവർത്തകർക്കുള്ള മുറി | ഇല്ല |
| • റീഹാബിലിറ്റേഷൻ സെന്റർ | ഭാഗികം |
| • പച്ചക്കറിത്തോട്ടം | ഭാഗികം |
| • തൊഴിൽ പരിശീലന കേന്ദ്രങ്ങൾ | ഭാഗികം |
| • കുട്ടികളുടെ പാർക്ക് | ഭാഗികം |

ഈ സൗകര്യങ്ങളിൽ നിന്നുകൊണ്ട് ഗുണമേന്മയുള്ള ഒരു പാഠ്യപദ്ധതി നടപ്പാക്കാൻ പ്രയാസമാണ്. പാഠ്യപദ്ധതി മുന്നോട്ട് വയ്ക്കുന്ന ലക്ഷ്യങ്ങൾ സാധ്യമാകുന്നതിന് അനുയോജ്യമായ ഭൗതിക സൗകര്യങ്ങൾ ഈ സ്ഥാപനങ്ങളിൽ ഒരുക്കേണ്ടത് അനിവാര്യമാണ്.

## 9.2. ആവശ്യമായ ഭൗതികസൗകര്യങ്ങൾ

പരിശീലനങ്ങൾ കൊണ്ടോ ആവശ്യമായ മോണിറ്ററിംഗ് കൊണ്ടോ മാത്രം പാഠ്യ പദ്ധതി യാഥാർഥ്യമാക്കുവാൻ കഴിയില്ല. അനുയോജ്യവും അത്യാവശ്യവുമായ ഭൗതികസൗകര്യങ്ങൾ ഉറപ്പാക്കുമ്പോൾ മാത്രമേ നമുക്ക് പാഠ്യപദ്ധതി കാര്യ ക്ഷമമായി നടപ്പാക്കുവാൻ കഴിയുകയുള്ളൂ. സവിശേഷസ്വഭാവം ഉള്ള കുട്ടിക ൾക്ക് ഇണങ്ങുന്ന എല്ലാ സൗകര്യങ്ങളും ഒരുക്കുക എന്നത് പ്രയാസകരമാണെ ങ്കിലും പാഠ്യപദ്ധതിലക്ഷ്യങ്ങൾ യാഥാർഥ്യമാകണമെങ്കിൽ നാം ഇത്തരം സൗക ര്യങ്ങൾ കൂടി ഒരുക്കേണ്ടതാണ്.

### 9.2.1. ശിശു സൗഹൃദക്ലാസ്സുകൾ

ബുദ്ധിപരമായും ശാരീരികവുമായ പരിമിതികൾ നേരിടുന്ന കുട്ടികൾക്ക് സ്വ തന്ത്രമായി ചലിക്കുവാനും പ്രവർത്തനങ്ങൾ ചെയ്യുന്നതിനും അനുയോജ്യമായ ക്ലാസ് മുറികൾ, ആവശ്യാനുസരണം ചലിപ്പിക്കാവുന്ന ഇരിപ്പിടങ്ങൾ, സ്വയം രൂപപ്പെടുന്ന വസ്തുതകൾ പ്രദർശിപ്പിക്കുവാനും സൂക്ഷിച്ച് വയ്ക്കാനുമുള്ള സൗകര്യങ്ങൾ, സ്വതന്ത്രമായി വരയ്ക്കാനും എഴുതാനും അനുയോജ്യമായ ബോർഡുകൾ (ഭിത്തികൾ തന്നെ ബോർഡായി ഉപയോഗിക്കുന്ന തരത്തിൽ കുട്ടി കളുടെ ഉയരത്തിൽ ക്രമീകരിച്ചത്) അവരുടെ വസ്തുക്കൾ സുരക്ഷിതമായി വയ്ക്കാവുന്ന ഷെൽഫുകൾ തുടങ്ങിയവ ചേർന്നതാവണം ശിശുസൗഹൃദക്ലാസ് മുറികൾ. കാറ്റും വെളിച്ചവും ലഭിക്കുന്നതിനുള്ള ജനലുകൾ, ഫാനുകൾ തുട ങ്ങിയ സൗകര്യങ്ങളും ഈ ക്ലാസ് റൂമിൽ ക്രമീകരിച്ചിരിക്കേണ്ടതാണ്.

### 9.2.2. മികച്ച ഉപകരണങ്ങൾ

പഠനത്തിൽ താൽപര്യം ഉണ്ടാക്കുവാൻ അനുയോജ്യമായ ഉപകരണങ്ങൾ നിർബ ന്ധമായും ഉണ്ടാകേണ്ടതാണ്. എൽ.സി.ഡി. പ്രൊജക്ടർ, കമ്പ്യൂട്ടർ, വാദ്യോപ കരണങ്ങൾ, കളി ഉപകരണങ്ങൾ, ടേപ്പ് റിക്കാർഡുകൾ, സി.ഡി പ്ലേയർ, മറ്റു പഠനോപകരണങ്ങൾ എന്നിവ ഉണ്ടായിരിക്കണം.

### 9.2.3. ലാബ്, ലൈബ്രറി, കമ്പ്യൂട്ടർ റൂമുകൾ

സ്വതന്ത്രമായി ചെറിയ പ്രവർത്തനങ്ങൾ ചെയ്യാൻ സഹായിക്കുന്ന ഉപകരണ ങ്ങൾകൊണ്ട് സജ്ജമാക്കിയിട്ടുള്ള ലാബ് റൂം, ചിത്രങ്ങൾ, ചിത്രകഥകൾ, കട്ട് ഔട്ടുകൾ തുടങ്ങി കുട്ടിക്ക് താൽപര്യം ജനിപ്പിക്കുന്ന (വായനയിലും എഴുത്തി ലും) എല്ലാ വസ്തുക്കളും ഒരുക്കിയിട്ടുള്ള ലൈബ്രറി റൂം, ആവശ്യമായ സോഫ്റ്റ് വെയർ ഇൻസ്റ്റാൾ ചെയ്തിട്ടുള്ള കമ്പ്യൂട്ടർ, കുട്ടികളുടെ എണ്ണത്തിനനുസരിച്ച് ക്രമീകരിച്ചിട്ടുള്ള കമ്പ്യൂട്ടർ റൂം എന്നിവ പഠനം കുട്ടികൾക്ക് ആയാസരഹിതമാ ക്കുവാൻ സഹായിക്കും.

### 9.2.4. കളിസ്ഥലങ്ങൾ

കുട്ടികളെ സംബന്ധിച്ചിടത്തോളം കളികൾ എല്ലായ്പ്പോഴും താൽപര്യം ഉണർത്തുന്നവയാണ്. ക്ലാസ്സ് റൂമിലെ പ്രവർത്തനങ്ങൾ കൊണ്ടുമാത്രം കുട്ടിയുടെ ശാരീരിക വികാസം സാധ്യമല്ല. ആയതിനാൽ കുട്ടികൾക്ക് സ്വതന്ത്രമായി കളി ക്കുന്നതിന് അനുയോജ്യമായ കളിസ്ഥലങ്ങൾ അനിവാര്യമാണ്. കളിസ്ഥലങ്ങ ളുടെ ചുറ്റും തണൽ വൃക്ഷങ്ങൾ വച്ച് പിടിപ്പിച്ച് ആകർഷകമാക്കുന്നതും ഗുണ കരമാണ്. വൃക്ഷങ്ങളുടെ ചുവട്ടിൽ ഇരിപ്പിടങ്ങൾ ക്രമീകരിക്കുന്നതും ഫലപ്രദ മായിരിക്കും

### 9.2.5. റിസോഴ്സ് റൂം

കുട്ടികളുടെ പരിമിതികളുടെ തീവ്രത പരമാവധി കുറയ്ക്കുന്നതിന് അനുയോ ജ്യമായ ഉപകരണങ്ങൾ കൊണ്ട് സജ്ജമാക്കിയിട്ടുള്ളതാകണം റിസോഴ്സ് റൂം. ഇവയിൽ ഏറ്റവും പ്രധാനപ്പെട്ടത് ഫിസിയോതെറാപ്പി ആണ്. അനുയോജ്യമായ ധാരാളം ഉപകരണങ്ങൾകൊണ്ട് സജ്ജമാകണമിത്. ഇതുപോലെ സ്പീച്ച് തെറാപ്പി, പ്ലേ തെറാപ്പി, മ്യൂസിക് തെറാപ്പി, ഒക്കുപ്പേഷണൽ തെറാപ്പി തുടങ്ങിയ വിവിധ തെറാപ്പികൾ നടത്തുന്നതിന് സഹായകരമായ ഉപകരണങ്ങൾ കൊണ്ട് സമ്പുഷ്ഠമായ ഒരു റിസോഴ്സ് റൂം ഈ പാഠ്യപദ്ധതിയുടെ വിനിമയത്തിന് അനിവാര്യമാണ്.

### 9.2.6. കൗൺസലിംഗ് റൂം

സ്വഭാവ രൂപീകരണത്തിന് അനുയോജ്യമായ ഒന്നാണ് കൗൺസലിംഗ്. പ്രശ്നം അനുഭവപ്പെടുന്ന കുട്ടിക്കും/വ്യക്തിക്കും പ്രശ്നം പരിഹരിക്കുവാൻ സഹായി ക്കുന്ന കൗൺസലർക്കും സൗകര്യപ്രദമായി ഇരിക്കുവാൻ വേണ്ടി സജ്ജമാക്കി

യിട്ടുള്ള മുറിയാണ് ഇത്. യാതൊരുവിധ തടസ്സങ്ങളും ഇല്ലാതിരിക്കാൻ (അധിക ശബ്ദം, വെളിച്ചം) പ്രത്യേകം ക്രമീകരണങ്ങൾ ഉണ്ടാവണം.

**9.2.7. വിശ്രമമുറികൾ**

വിശ്രമ സമയം കുട്ടികൾക്ക് ഫലപ്രദമായി ചെലവിടുന്നതിന് അനുയോജ്യമായ മുറിയാണിത്. കുട്ടികൾക്ക് കളിക്കുന്നതിനുള്ള ചെറിയ ഉപകരണങ്ങൾ/ വസ്തുക്കൾ (പന്തുകൾ, ജിക്സോ തുടങ്ങിയ ) ഈ മുറിയിൽ സജ്ജീകരിച്ചിട്ടുണ്ടായിരിക്കണം.

**9.2.8. ആരോഗ്യപ്രവർത്തകർക്കുള്ള മുറി**

ആരോഗ്യ പ്രവർത്തകരുടെ നിരന്തരസന്ദർശനവും ശ്രദ്ധയും ഇത്തരം കുട്ടികളുടെ ശാരീരിക മാനസിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അനിവാര്യമാണ്. രണ്ടാഴ്ചയിൽ ഒരിക്കലോ മാസത്തിൽ ഒരിക്കലോ ഒരു മെഡിക്കൽ ടീം ഓരോ സ്ഥാപനവും സന്ദർശിച്ച് കുട്ടികളെ പരിശോധിച്ച് ആവശ്യമായ മരുന്നുകൾ നൽകേണ്ടതാണ്. ഒരു നഴ്സിന്റെ സാന്നിധ്യം എന്നും ഉണ്ടാവുകയും വേണം. മെഡിക്കൽ ടീമിന് ഇരിക്കുന്നതിനും കുട്ടികളെ പരിശോധിക്കുന്നതിനും വേണ്ടുന്ന സൗകര്യങ്ങളോട് കൂടിയ മുറിയാകണം ഇത്. ആവശ്യമുള്ള മരുന്നുകൾ സൂക്ഷിക്കുവാനുള്ള സൗകര്യവും മുറിയിൽ ഉണ്ടാവണം.

**9.2.9. വൃത്തിയുള്ള പാചകസ്ഥലം**

കുട്ടികൾക്ക് പോഷകഘടകങ്ങൾ അടങ്ങിയ ഭക്ഷണം നൽകുന്നതിന് അനുയോജ്യമായ മുറിയാണിത്. ഭക്ഷണം പാചകം ചെയ്യുന്നതിനാവശ്യമായ പാത്രങ്ങൾ മറ്റ് സൗകര്യങ്ങൾ എന്നിവ ഉണ്ടാവേണ്ടതാണ്.

**9.2.10. ഭക്ഷണം കഴിക്കുവാനുള്ള സ്ഥലം**

തയാറാക്കുന്ന ഭക്ഷണം എല്ലാ കുട്ടികൾക്കും ഒരുമിച്ചിരുന്നു കഴിക്കുവാൻ പറ്റുന്ന ഒരു സ്ഥലം ആവശ്യമാണ്. കുട്ടികളുടെ ഉയരത്തിന് അനുയോജ്യമായ ഇരിപ്പിടങ്ങൾ, കുടിവെള്ള സംവിധാനം, കൈകഴുകുവാനുള്ള ടാപ്പുകൾ എന്നിവ ക്രമീകരിക്കണം. ഭക്ഷണം കഴിക്കുവാനുള്ള പാത്രങ്ങൾ സൂക്ഷിച്ച് വയ്ക്കുവാനുള്ള സൗകര്യങ്ങൾ ഉണ്ടാവണം.

**9.2.11. പച്ചക്കറിത്തോട്ടം**

ഭക്ഷണം തയാറാക്കുന്നതിന് വേണ്ടി പച്ചക്കറി സാധനങ്ങൾ സ്വയം ഉണ്ടാക്കുവാൻ സഹായിക്കുന്ന ഒരു പച്ചക്കറിത്തോട്ടം ഉണ്ടാകുന്നത് നല്ലതാണ്. കീടനാശിനിരഹിതമായ പച്ചക്കറി ലഭിക്കുന്നതിനപ്പുറം കുട്ടികളിൽ കൃഷിയോട് താൽപര്യം വളർത്തുക, പരിസരം ആകർഷകമാക്കുക എന്നീ ഗുണങ്ങൾ വളരുവാൻ ഇത് സഹായകമാകും.

**9.2.12. തൊഴിൽ പരിശീലന കേന്ദ്രങ്ങൾ**

ബുദ്ധിപരമായി വെല്ലുവിളികൾ നേരിടുന്നവർ അടിസ്ഥാനനൈപുണികൾ നേടി ക്കഴിഞ്ഞാൽ ഏതെങ്കിലും ഒരു തൊഴിലിലേക്ക് അവരെ നയിക്കേണ്ടതുണ്ട്. ഇതിന് സഹായിക്കുന്നതാണ് തൊഴിൽ പരിശീലനകേന്ദ്രങ്ങൾ. കുട്ടികൾക്ക് താൽപര്യമുള്ള ഏതെങ്കിലും ഒരു തൊഴിൽ പരിശീലിച്ച് അവരുടെ ജീവിതം സ്വയം മുന്നോട്ട് നയിക്കുവാൻ പ്രാപ്തരാക്കുക എന്നതാണ് ഇത്തരം കുട്ടിക ളുടെ വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യം. അത് നേടുന്നതിന് സഹായി ക്കുന്ന ഒരു തൊഴിൽ പരിശീലനകേന്ദ്രം എല്ലാ സ്ഥാപനങ്ങളിലും അനിവാര്യ മാണ്.

**9.2.13. കുട്ടികളുടെ പാർക്ക്**

കുട്ടികൾക്ക് വിശ്രമസമയം ഫലപ്രദമായി ഉപയോഗിക്കാനും പ്രകൃതിസ്നേഹം വളർത്താനും കുട്ടികളുടെ പാർക്ക് ഉപയോഗപ്പെടുത്തണം.

**9.2.14. വിവിധോദ്ദേശ്യങ്ങൾക്കുള്ള മുറി**

കുട്ടികൾക്ക് യോഗ, മെഡിറ്റേഷൻ, വ്യായാമം തുടങ്ങിയവ ചെയ്യാൻ അനുയോ ജ്യമായ മുറിയാണിത്. ഇതിന് സഹായകരമായ ക്രമീകരണങ്ങൾ ഇവിടെ ഉണ്ടാ വണം.

ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി ഒരു പാഠ്യപദ്ധതിയും പാഠ്യക്രമവും നടപ്പാക്കാൻ ശ്രമിക്കുമ്പോൾ മുകളിൽ പറഞ്ഞ ഭൗതികസൗക ര്യങ്ങൾ കൂടി കണക്കിലെടുത്തില്ലെങ്കിൽ നാം നടത്തുന്ന എല്ലാ ശ്രമങ്ങളേയും വിജയത്തിലേക്ക് നയിക്കാൻ കഴിയില്ല. ആയതിനാൽ ഇതിനും പ്രത്യേക ശ്രദ്ധ നൽകി ഈ പദ്ധതി നടപ്പാക്കുന്നതിന് മുൻപ് ഇത് എല്ലാ സ്ഥാപനത്തിലും ഉണ്ട് എന്ന് ഉറപ്പാക്കേണ്ടത് അനിവാര്യമാണ്. ഇതിനുള്ള ഇടപെടലുകൾ വിദ്യാഭ്യാസ വകുപ്പിന്റെ ഭാഗത്ത് നിന്ന് ഉണ്ടാകേണ്ടതാണ്.

ബുദ്ധിപരമായപരിമിതി അനുഭവിക്കുന്ന കുട്ടികളുടെ വിദ്യാലയം ആകർഷക മായി പരിപാലിക്കുന്നതാകണം. ആഹ്ലാദകരമായി കടന്നുവരാനുള്ള മനോഭാവം കുട്ടിക്ക് ഉണ്ടാകണം. കളിസ്ഥലങ്ങളും, കളി ഉപകരണങ്ങളും, തൊഴിൽ സ്ഥല ങ്ങളും, തൊഴിൽ ഉപകരണങ്ങളും, സ്നേഹം വിളമ്പുന്ന അധ്യാപകരും, മറ്റ് ജീവനക്കാരും തുടങ്ങി എല്ലാം കൊണ്ടും കുട്ടിയെ സ്കൂളിലേക്ക് നിത്യവും വരു വാൻ പ്രേരിപ്പിക്കുന്ന ഒരു സ്ഥാപനമായി വിദ്യാലയം വർത്തിക്കണം. ഈ കുട്ടി കൾ ആഗ്രഹിക്കുന്ന സ്നേഹവും പരിലാളനയും നൽകാൻ വിദ്യാലയത്തിന ല്ലാതെ മറ്റൊന്നിനും കഴിയുകയില്ല.